## നിയമനിർമ്മാണകാര്യം

### 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനമന്ത്രി അങ്ങേയ്ക്ക് 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 43 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ ചർച്ച ചെയ്ത് പാസ്സാക്കിയത്. 43 കോടി രൂപ അടങ്ങുന്ന രണ്ടാം ബാച്ചിന്റെ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി.എം. തോമസ് ഐസക്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞങ്ങൾ എതിർക്കുകയാണ്. കാരണം കഴിഞ്ഞ ഒന്നര വർഷക്കാലത്തെ ധന വിനിയോഗത്തിലുള്ള അപാകതകളോട് ഞങ്ങൾക്ക് യോജിക്കാൻ സാധിക്കുന്നില്ല. എക്സ്പെൻഡിച്ചർ കമ്മിറ്റി റിപ്പോർട്ട് ഇന്നാണ് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ വച്ചത്. ഡിലേ സ്റ്റേറ്റ്മെന്റ് എന്താണെന്ന് ഞാൻ കണ്ടില്ല. പക്ഷേ

എന്തുതന്നെ ആയാലും ഈ ബിൽ ഇങ്ങനെ താമസിക്കാൻ പാടില്ല. ബഡ്ജറ്റ് ചർച്ച ചെയ്യുമ്പോൾ തന്നെ ധനവിനിയോഗ ബില്ലിനെക്കുറിച്ച് ആധികാരിക രേഖ കിട്ടിയാലെ അംഗങ്ങളായ ഞങ്ങൾക്ക് ഫലപ്രദമായി ചർച്ചയിൽ പങ്കെടുക്കാൻ പറ്റുകയുള്ളു. വായിക്കാതെ തന്നെ ഒരു കാര്യം ഞാൻ ഉറപ്പിച്ചുപറയാം. കേരളത്തിലെ ധനസ്ഥിതിയെക്കുറിച്ച് അല്ലെങ്കിൽ മുൻ സർക്കാരിന്റെ കാലത്തെ സമീപനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെയാണോ ധവളപത്രത്തിലൂടെയും അല്ലാതെയും പറഞ്ഞുവന്നത്; അതിനെ തള്ളിക്കളയുന്ന ആധികാരിക ഔദ്യോഗിക രേഖയാണ് ഇന്ന് സഭയിലെ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഏതായാലും വായിക്കാതെ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇങ്ങനെയൊരു തിരുത്തൽ അങ്ങയുടെ സമീപനത്തിൽ അനിവാര്യമായി വന്നിരിക്കുകയാണ്. എന്ത് വിമർശനം പറയുമ്പോഴും അങ്ങ് അധികാരത്തിൽ വന്ന് കസേരയിൽ ഇരുന്നു ധനമെല്ലാം കുളമാക്കിയെന്ന് ഒരു വിമർശനം എന്റെ ഭാഗത്തുനിന്നില്ല. എന്റെ നിലപാട് സാമ്പത്തികനില ഭദ്രമായിക്കൊണ്ടിരിക്കുകയാണ്. എന്റെ വിമർശനം എന്താണെന്ന് അറിയാമോ? ഇത് അങ്ങ് മനസ്സിലാക്കുന്നില്ല. You are become the prisoner of your own words. ആകെപ്പാടെ വലിയ കുഴപ്പമാണ്, പ്രതിസന്ധിയാണ് എന്നുപറഞ്ഞ് ഒരു ആവശ്യവുമില്ലാതെ പിശുക്ക് കാണിക്കുകയാണ്. കോൺട്രാക്ടർമാരുടെ ബിൽ താമസിപ്പിക്കുന്നതിൽ എന്ത് ന്യായമാണുള്ളത്. കോൺട്രാക്ടർമാർ വന്ന് പരാതി പറയുന്നത് കേട്ടറിവ് മാത്രമേയുള്ളു. വേറെ അറിവൊന്നുമില്ല. പെൻഷനിപ്പോൾ കുടിശ്ശികയാക്കേണ്ട കാര്യമെന്ത്? അത് സർക്കാർ നേരിട്ട് തരുന്ന പെൻഷൻ മാത്രമല്ല, ലേബർ മിനിസ്റ്ററുടെ കീഴിൽ

വരുന്ന ക്ഷേമനിധികളും മറ്റുമൊക്കെ ഉണ്ടല്ലോ? അവയ്ക്കും സർക്കാരിന്റെ ധനസഹായം കിട്ടിയാലെ... ........

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ എം. മാണി): ഡോ. ടി.എം. തോമസ് ഐസക് ഏത് ലോകത്തിലാണെന്ന് എനിക്കറിയില്ല. ഇതൊക്കെ നവംബറിൽ മുഴുവൻ തീർത്തതാണ്. ഇന്നലത്തെ ക്യാബിനറ്റിൽ, ഇന്നലെ വരെയുള്ള മുഴുവൻ പെൻഷനുകളും കൊടുത്തു തീർത്ത ഒരു ഗവൺമെന്റാണ്. ഇതൊന്നും നോക്കാതെ ചുമ്മാ ആരോപണ മായി വന്നിരിക്കുകയാണ്.

ഡോ. ടി.എം. തോമസ് ഐസക്: ഇന്നലെ ക്യാബിനറ്റിൽ നടന്ന കാര്യം ഞാൻ എങ്ങനെ അറിയാനാണ്? ഞാൻ പറഞ്ഞത് കാര്യങ്ങൾ ഇങ്ങനെയാണ് പോകുന്നത്. ഈ തിരുത്തൽ ഇവിടെ മാത്രമല്ല ഇന്ന് കൊച്ചി മുസരീസ് ബിനാലേയെക്കുറിച്ച് സബ്മിഷൻ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പ്രതികരിച്ചു. പോസ്റ്റ്മോർട്ടം ചെയ്യുവാനൊന്നും ഞാൻ വരുന്നില്ല. ചെയ്യേണ്ട ഡാമേജ് ചെയ്ത് കഴിഞ്ഞല്ലോ? ഇപ്പോൾ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞു വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന്. എന്താണ് കാര്യം? ഇന്റർനെറ്റ് തുറന്നാൽ കേരളത്തിലെ സർക്കാർ പറയുന്നത് അഴിമതിയാണ് ഇവിടെ വിജിലൻസ് അന്വേഷണം, മൂക്ക് മുറിക്കും ചെത്തും അത് ഇത് ബഹ ളം. ഏതെങ്കിലും സ്പോൺസർ അംഗീകരിച്ചവർ തന്നെ നിൽക്കുമോ? ആകെ മുടക്കിയത് എത്രയാണ്? 5 കോടി രൂപ. ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയുന്നു, 3 കോടി ഡർബാർ ഹാൾ നന്നാക്കാനാണ്. ടൂറിസം പ്രൊമോഷന് വേണ്ടി ഒരു വർഷം ഏതാണ്ട് 30-40 കോടി രൂപ വിദേശത്ത് പരസ്യത്തിന് മാത്രം ചെലവ ഴിക്കുന്നുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): എന്റെ അഭിപ്രായമല്ല. പണം കൊടുത്തത് സംബന്ധിച്ച് നടത്തിയ ഫിനാൻസ് ഇൻസ്പെക്ഷന്റെ പരിശോധനയിൽ ഉണ്ടായ ക്രമക്കേടുകളെ പൂഴ്ത്തിവയ്ക്കാൻ എനിക്ക് സാധിക്കില്ല. രണ്ടാമത്തെ കാര്യം, കേരളത്തിലെ ഗവൺമെന്റിന്റെ ഫിനാൻഷ്യൽ റൂൾസ് ഈ പണത്തിന് ബാധകമല്ല. നിങ്ങൾക്ക് വഴിവിട്ട് ചെലവഴിക്കാം. അനുവാദം കൊടുത്ത ആളുകൾ ആരാണെന്ന് ഉത്തരം പറയേണ്ടിവരും. കാരണം നമുക്കാർക്കും പറയാൻ അവകാശമില്ല. സർക്കാരിന്റെ ഒരു പൈസ കൊടുത്താൽ അത് അക്കൗണ്ടബിളാണ്. അത് അക്കൗണ്ടബിൾ ആരാണെന്ന് പറഞ്ഞുകൊടുത്ത് അവരെ വിട്ട് ചെലവഴിച്ചത് നിങ്ങളാണ്?

ഡോ. ടി.എം. തോമസ് ഐസക്: അക്കൗണ്ട് ഉണ്ടാക്കിക്കോ. ഇതു തന്നെയാണ് പറഞ്ഞത്. എന്നാലും മാറില്ല. ഇതൊക്കെ പറഞ്ഞുനടന്ന് വിജിലൻസ് അന്വേഷണവും പ്രഖ്യാപിച്ച് കള്ളത്തരമാണെന്ന് പ്രഖ്യാപിച്ച് കഴിഞ്ഞിട്ട് ഒരു ഉളുപ്പുമില്ലല്ലോ അവിടെപോയി ഇരുന്ന് ഞെളിയാൻ. എന്നിട്ട് നിങ്ങൾ ഉത്തരം പറയണം. പറഞ്ഞുകൊള്ളാം. എന്ത് ഉത്തരം വേണമെങ്കിലും പറഞ്ഞുകൊള്ളാം. ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് ഒക്കെ നേരത്തേയും കണ്ടിട്ടുണ്ട്. ഇങ്ങനെ വേണമെന്ന് പറഞ്ഞാൽ അങ്ങനെ ചെയ്യും. അങ്ങനെ ചെയ്യിക്കുകയും ചെയ്യിക്കാതെയിരിക്കുകയും ചെയ്യാം. ഈ 5 കോടി രൂപ ഇരിക്കട്ടെ. അപ്പോൾ ഇത് തിരുത്തി. തിരുത്തിയാലും പഠിക്കില്ല. അതാണ് ഇദ്ദേഹത്തിന്റെ മുഖ്യസവിശേഷത. അതല്ലെങ്കിൽ തദ്ദേശഭരണം അല്ലെങ്കിൽ വികേന്ദ്രീകൃത ആസൂത്രണ പദ്ധതി ഇങ്ങനെ കുളമാകേണ്ട കാര്യമുണ്ടോ? എന്താ കാണിച്ചിരിക്കുന്നത്. ഞാൻ ഇന്ന് കാലത്ത് പറഞ്ഞതാണ്,

പറഞ്ഞതൊന്നും റിപ്പീറ്റ് ചെയ്യുന്നില്ല. ഇറക്കിയ ഉത്തരവിന്റെ എന്തെങ്കിലും ഇനി മാറ്റാൻ ബാക്കിയുണ്ടോ? ഇത് ഞാൻ പറഞ്ഞതല്ലല്ലോ? ഈ ഓർഡർ പരിശോധിക്കാൻ വേണ്ടി ഒരു കമ്മിറ്റിയെ വച്ചു. അതിന്റെ പ്രിയാമ്പിളിൽ എന്താണ് പറയുന്നത്? അവധാനതയില്ലാതെ സൂക്ഷ്മതയില്ലാതെ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി സർക്കാരിന്റെ താൽപ്പര്യങ്ങൾക്ക് അനുഗുണമല്ലാത്ത തീരുമാനങ്ങൾ ഓർഡറിൽ വന്നിരിക്കുന്നു. അത് പുനപരിശോധിക്കണമെന്ന് പറഞ്ഞ് ഒരു കമ്മിറ്റി വയ്ക്കേണ്ടിവന്നു. അപ്പോഴും തുറന്ന മനസ്സോടുകൂടി ചർച്ച ചെയ്യാൻ ആരെങ്കിലും തയ്യാറുകുമോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കുറച്ചുനാൾ ഈ ധവളപത്രത്തിന്റെ കൺഫ്രണ്ടേഷനുമായി നടന്നു. ഇവിടെ നിന്ന് ആരെങ്കിലും പറയുന്നില്ല അദ്ദേഹം ഇവിടെ കേരളത്തിലെ ധനകാര്യം കുളമായി പോയിയെന്ന്? ഞാൻ വന്നപ്പോൾ കുത്തിപ്പൊക്കിയെന്ന മട്ടിലാണ് അദ്ദേഹത്തിന്റെ നടപ്പ്. ഇപ്പോൾ ശ്രീ. കെ.സി.ജോസഫിന്റെ നിലപാട് കേട്ടുകഴിഞ്ഞു. എന്തെങ്കിലും മോശത്തരം അങ്ങോട്ട് പറഞ്ഞോ? 10 വ്യവസായശാലകൾ തുടങ്ങി. അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ഇരിപ്പുണ്ട്. എല്ലാം റെഡി. ഒരെണ്ണമെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? എന്റെ മണ്ഡലത്തിലുള്ള ഒരു വ്യവസായ ശാലയിൽ 46 കോടി രൂപ മുടക്കി പുതിയ മെഷീൻ കൊണ്ടുവന്ന് ഇറക്ക് ചെയ്തു. ആകെ ഉണ്ടായിരുന്ന കുറവ് വൈദ്യുതി കണക്ഷൻ എടുത്തിട്ടില്ല. അത് സെറ്റ് ചെയ്യണമായിരുന്നു. ഉദ്ഘാടനം നടന്നു. ഒന്നര വർഷമായി. ഒരു പ്രാവശ്യം ആ ചക്രമൊന്ന് തിരിച്ചിട്ടുണ്ടോ? 4 മാസം കൂടി കഴിയുമ്പോൾ വാറന്റി പിരീഡ് അവസാനിക്കും. ഇനി ആ ഫാക്ടറി എങ്ങനെ നടത്തും? എന്താണ് കാര്യം? 42 കോടി രൂപ കൊടുത്ത് കെ.എസ്.ഡി.പി. അവിടെ നവീകരിച്ചു. 25 ലക്ഷം ടേൺ ഓവർ

ഉണ്ടായ സ്ഥാനത്ത് 30 കോടി ടേൺ ഓവറാക്കി. പുതിയ ഫാക്ടറിയിലെ ഉൽപ്പാദനശേഷി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ എത്രയാണ്? 100 കോടി രൂപയുടെ ഉൽപ്പാദനശേഷിയാണ്. മരുന്നിനെക്കുറിച്ച് എന്തെല്ലാം ചർച്ചകൾ നടത്തി. ബഹുരാഷ്ട്ര കുത്തകകൾ വില നിയന്ത്രണത്തെക്കുറിച്ച് എത്ര പ്രാവശ്യം ഇവിടെ വന്നു. നമ്മുടെ നിയന്ത്രണത്തിൽ നിയന്ത്രിത വിലയ്ക്ക് മരുന്ന് ഉൽപ്പാദിപ്പിക്കാൻ ഏറ്റവും ആധുനികമായ സംവിധാനം, ആ ഫാക്ടറിയുടെ പേര് തന്നെ ആരോഗ്യ വകുപ്പിന്റെ കിച്ചൺ ഫാക്ടറിയെന്നാണ്. ഈ വർഷം അവിടെനിന്ന് ഇതുവരെ 4 കോടി രൂപയുടെ മരുന്നല്ലേ എടുത്തിട്ടുള്ളു. അവിടെ ഇടനാഴിവരെ, പാൻട്രി റൂമിൽ വരെ മരുന്ന് പെട്ടികളിൽ കെട്ടി കൂട്ടിക്കൂട്ടി വച്ചിരിക്കുകയാണ്. എന്താണ് പ്രശ്നം? അവിടെ നിമയമുണ്ടാക്കിയിരിക്കുന്നു. ടെണ്ടർ വിളിക്കണം. ടെണ്ടറിൽ പങ്കെടുക്കണം. എന്നിട്ട് എൽ.വൺ-നേക്കാൾ താഴ്ന്നയാൾക്ക് കൊടുക്കണമെന്നുള്ളതാണ്. പൊതുമേഖലയാകുമ്പോൾ കള്ളത്തരം കാണിക്കാൻ പറ്റുകയില്ലല്ലോ? കെമിക്കൽസിന്റെ വില ആർക്കാണ് അറിവില്ലാത്തത്? ആ കെമിക്കൽസ് വിലയോടുകൂടി കൺവേർഷൻ റേറ്റ് നിശ്ചയിച്ചോ? ആ കൺവെർഷൻ റേറ്റ് തെറ്റാണെങ്കിൽ കമ്പനിക്കും സർക്കാരിനും നഷ്ടം. ന്യായമായിട്ടുള്ളതാണെങ്കിൽ നഷ്ടവുമില്ല ലാഭവുമില്ല. സർക്കാരിന്റെ കമ്പനിയെല്ലാം മരുന്ന് വാങ്ങിച്ചുകൂടെ? ക്വാളിറ്റിയിൽ സംശയമില്ലല്ലോ. പൊതുമേഖല സ്ഥാപനം നമ്മളെ പറ്റിക്കാൻ വരുമോ? എന്നാൽ ടെണ്ടർ വിളിച്ച് നൽകി ഈ മരുന്ന് കമ്പനികളെല്ലാം കറക്കുകമ്പിനികളിൽ പലതും മരുന്നിന്റെ ഗുണനിലവാരമില്ലാത്തത് അടിച്ചേൽപ്പിക്കുന്നു. അത് ആശുപത്രികളിൽ കൊടുക്കുന്നു. എന്തിനാണ് ഈ തലതിരിഞ്ഞ നയം? 30 കോടി രൂപകൊണ്ട് 100 കോടിയുടെ ഉൽപ്പാദിപ്പിക്കാം. എന്നിട്ട് ഇത്രയാ

യിട്ടും ഇപ്പോൾ എന്താണ് ടെണ്ടർ വിളിച്ചതെന്ന് അറിയുമോ? ഇതിന്റെ അധിക ഉൽപ്പാദന ശേഷി ലീസ് ചെയ്ത് അവിടെ മരുന്ന് ഉൽപ്പാദിപ്പിക്കാൻ താൽപ്പര്യമുള്ളവരെ ക്ഷണിച്ചിരിക്കുകയാണ്. എന്ത് കഥയാണ്? എന്താണ് ചെയ്യുന്നത്? ഇതുപോലെ ഏത് മേഖല വേണമെങ്കിലും എടുക്കാം. ഇപ്പോൾ റവന്യൂവും കയറും വകുപ്പുമന്ത്രി ഇവിടെയില്ല. മന്ത്രി പറഞ്ഞത് പ്രതിസന്ധിയാണ്, സംഘം ശരിയല്ല എന്നൊക്കെയാണ്. സംഘങ്ങളൊക്കെ നഷ്ടത്തിലാണ്, 100 സംഘം ഇപ്പോൾ പുതുതായി ഉണ്ടാക്കേണ്ട ആവശ്യമെന്താണ്? ഇപ്പോഴുള്ള സംഘമെല്ലാം പൊളിയുന്നു. അദ്ദേഹം പറഞ്ഞത് ശരി. പൊളിയാൻ കാരണമെന്താണെന്ന് നമുക്കൊരുമിച്ച് നോക്കാം. അത് നന്നാക്കാൻ പറ്റുന്നത് എന്താണെന്ന് ചെയ്യാം. അതല്ല 100 സംഘം ഉണ്ടാക്കാൻ പോകുന്നതിൽ എന്ത് ന്യായമാണുള്ളത്? ഈ വ്യവസായം മുഴുവനും പ്രതിസന്ധിയിലാകുമ്പോൾ ആരെങ്കിലും എഴുന്നേറ്റ് നിന്ന് പറയൂ. കോന്നിയിൽ എന്ത് ഉൽപ്പാദനമാണുള്ളത്. കോന്നിയിൽ ഒരു കയർ ഫാക്ടറി സ്ഥാപിക്കുന്നതിനെക്കുറിച്ച്... ഇവിടെ തീരദേശത്തുള്ള തൊഴിലാളികൾക്ക് പണിയില്ല. തിരുവനന്തപുരത്ത് അഞ്ചുതെങ്ങിൽ 40,000 പേർ കയർ പിരിച്ചിരുന്നതാണ്. അടുത്ത കാലം വരെ അഞ്ചുതെങ്ങിലെ കയർ പായ് നെയ്യാനേ ഉപയോഗിക്കാൻ പറ്റുകയുള്ളു. പായ് നെയ്ത്ത് നിന്നു. തടുക്ക് മാത്രമെ നെയ്യുന്നുള്ളു. അഞ്ചുതെങ്ങിലെ കയർ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റില്ല. 4000 പേർക്കേ അവിടെ പണിയുള്ളു. അവിടെ ഏത് പണിക്കാണ് പോകുന്നത്? അവർ വീട്ടിലിരിക്കുകയാണ്. കൊല്ലത്തെ മങ്ങാടൻ കയർ അങ്ങനെയല്ല. അതുകൊണ്ട് അവർ കശുവണ്ടി തൊഴിലിന് പോയി. തിരുവനന്തപുരത്തുള്ള തൊഴിലാളികൾക്ക് എവിടെ പോകാൻ സാധിക്കും? കേരളത്തിലുടനീളം

ഇങ്ങനെയാണ്. മന്ത്രി പറഞ്ഞല്ലോ? ഇന്ന് രജിസ്റ്റർ ചെയ്തിട്ട് സർക്കാർ കൊടുക്കുന്ന വരുമാന ഉറപ്പുപദ്ധതിയിൽ കൂലി കൂടുതൽ വാങ്ങിക്കാൻ വേണ്ടിയാണ് 10-15,000 പേർ വരുന്നത്. അതിന്റെ അർത്ഥം 15,000 പേർക്കേ പണിയുള്ളൂവെന്നല്ല. അത്ര അസംഘിടതമായി ഈ വ്യവസായം മാറി കഴിഞ്ഞു. പണിയേയില്ല. സാമ്പത്തിക വളർച്ച കേരളം മൊത്തത്തിൽ 8-9 ശതമാനം വളരുന്നൂവെന്ന് നമുക്ക് അഭിമാനിക്കാം. അങ്ങനെ 9 ശതമാനം വള രുമ്പോഴും നമ്മുടെ പരമ്പരാഗത മേഖല മത്സ്യമേഖല, കയർ, കശുവണ്ടി, കൈത്തറി എന്നീ മേഖലകളിലെ വളർച്ച പൂജ്യമാണ്. 9 ശതമാനം വളർച്ച കേരളത്തിൽ ഉണ്ടാകുന്നതിൽ നമ്മുടെ പരമ്പരാഗത മേഖലയുടെ പങ്ക് പൂജ്യ മാണ്. അപ്പോൾ എന്താണ് സംഭവിക്കുന്നത്? കേരളം ഇന്ത്യാരാജ്യത്ത് ഏറ്റവും അസന്തുലിതമായ അസമത്വസൂചിയെടുത്തുകഴിഞ്ഞാൽ ഏറ്റവും കൂടുതൽ അസമത്വമുള്ള പ്രദേശമായി മാറുന്നു. ഇങ്ങനെയുള്ള ഒരു സാഹച ര്യത്തിൽ ഞാൻ പറയാം. സർക്കാർ ഒരു മിനിമം വരുമാനം ഇവർക്ക് ഗ്യാരന്റി ചെയ്യുക. സാമൂഹ്യമായ ഒരസ്വസ്ഥത ഒഴിവാക്കുന്നതിനുവേണ്ടി കയർ തൊഴി ലാളികൾക്ക് ഒന്നും കൊടുക്കണ്ട. ഈ സ്കീം എടുത്തുമാറ്റുക. ആകെ ചെയ്യേണ്ടത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായി ശേഖരിക്കുന്ന തൊണ്ടിന് 50 പൈസ വച്ച് സബ്സിഡിയും ട്രാൻസ്പോർട്ടേഷനും കൊടുക്കുക. വിള വെടുക്കാത്തതു കാരണം തേങ്ങകൾ ഉണങ്ങി വീഴുകയാണ്. അതുകൊണ്ട് തൊണ്ടിന്റെ നല്ലൊരു പങ്ക് കൊണ്ട് കയർ വ്യവസായത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല. നമ്മുടെ 40 ശതമാനം തേങ്ങയും അരയ്ക്കാനാണ് ഉപയോഗി ക്കുന്നത്. ഇത് ശേഖരിക്കുന്നതിന് പണ്ട് ഉണ്ടായിരുന്ന സംവിധാനങ്ങൾ ഇന്നില്ല. അതിന് പുതിയ സംവിധാനം ഉണ്ടാക്കിക്കൊടുത്തുകഴിഞ്ഞാൽ

തൊണ്ട് വെട്ടുന്ന പാവങ്ങൾ അറിയാവുന്ന പണിചെയ്ത് ജീവിച്ചുപോകും. അതിന് ഒരു സ്കീം ഉണ്ടാക്കൂ.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ബഹുമാനപ്പെട്ട ഡോ. ടി.എം. തോമസ് ഐസക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇത് കണ്ടുകൊണ്ടാണ് ഇൻകം സപ്പോർട്ട് സ്കീം എന്ന പദ്ധതി പ്രഖ്യാപിച്ചത്. പക്ഷേ നിർഭാഗ്യവശാൽ ഒരു പക്ഷേ ഇലക്ഷൻ ആയതുകൊണ്ടായിരിക്കാം. കഴിഞ്ഞ ഗവൺമെന്റിന് അത് നടപ്പിലാക്കാൻ സാധിച്ചില്ല. ഈ ഗവൺമെന്റ് കയർ മേഖലയടക്കം ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

ഡോ. ടി.എം. തോമസ് ഐസക്: ഇപ്പോൾ നടക്കുന്ന സ്കീം എങ്ങനെയാണെന്ന് അറിയുമോ? ഒരു പണിയെടുത്ത് കഴിഞ്ഞാൽ തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ടിലിടണം. അങ്ങനെ ബാങ്കിൽ ഇട്ടുകഴിഞ്ഞാൽ സർക്കാരിന്റെ വിഹിതം ബാങ്ക് അക്കൗണ്ടിൽ ചെല്ലും. അറിയാലോ? എന്ന് വരും സർക്കാരിന്റെ വിഹിതവും തുടങ്ങിയ കാര്യങ്ങളും. ഞാൻ പറയുന്നത് സഹകരണ സംഘത്തിൽ നിയമപ്രകാരം പണിയെടുക്കുന്ന തൊഴിലാളിക്ക് ആ സഹകരണ സംഘം വഴി കൊടുത്താൽ പോരെ. ഇതുപോലെ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ഏത് മേഖലയിലായാലും ഇത് തന്നെയാണ് അവസ്ഥ. ഇങ്ങനെ ഒരു വിമർശനം വയ്ക്കാൻ തയ്യാറാകാത്തത് പി. ഡബ്ള്യൂ.ഡി. വകുപ്പ് മാത്രമാണ്. മറ്റൊന്നും കൊണ്ടല്ല. തുടങ്ങിവച്ചത് ആ ഒരു നിലയിൽ തന്നെ പുതിയ വർക്കുകൾ ഞങ്ങൾക്ക് കിട്ടുന്നില്ലായെന്നുള്ള പ്രശ്നം മാത്രമേയുള്ളു. അത് ഈ സഭയിൽ പലരും ഉന്നയിക്കുകയും ചെയ്തു. എങ്കിലും ആ സെമിനാറുകളിലെല്ലാം എന്ത് സമീപനമാണോ

നേരത്തെ മുന്നോട്ടുവച്ചത് ആ സമീപനം കൊണ്ടുപോകാനുള്ള പരിശ്രമമുണ്ട്. ഞാൻ ഒറ്റ കാര്യം കൊണ്ട് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത് യാഥാസ്ഥിതികമായ സമീപനം വിട്ട് പൊതുമരാമത്തും അതുപോലെ പശ്ചാത്തല സൗകര്യത്തിനും മുതൽ മുടക്കുന്നതിനുള്ള ഇനിഷ്യേറ്റീവ് ധനവകുപ്പിൽ നിന്ന് വേണം. ഇപ്പോഴത്തെ ചട്ടം എന്താണെന്ന് അറിയാമോ? 100 രൂപ അലോക്കേഷൻ ഉണ്ടെങ്കിൽ 150 രൂപയ്ക്കുള്ള വർക്കിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കാനെ സാധിക്കുകയുള്ളൂ. ഇത്ര രൂപ കയ്യിലുണ്ടോ അതനുസരിച്ചുള്ള വർക്കിനുള്ള അലോക്കേഷൻ. പക്ഷേ ഇതിന്റെ ബിൽ എപ്പോഴാണ് വരുന്നത്. 3-4 വർഷം കഴിഞ്ഞിട്ടാണ് വരുന്നത്. അതുകൊണ്ട് ഇന്ന് എത്ര പണം ഉണ്ടെന്നല്ല നോക്കേണ്ടത്, നാളെ എത്ര പണം ഉണ്ടെന്ന് നോക്കി വേണം ഇന്ന് വർക്കുകൾക്ക് അനുപാതം നൽകാൻ? നാളത്തെ സ്ഥിതി എന്താണെന്ന് അറിയാമോ? ധന ഉത്തരവാദിത്വ നിയമം സഭ പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരം വായ്പയെടുത്ത ഒരു പൈസ പോലും ശമ്പളത്തിനോ പെൻഷനോ പലിശയ്ക്കോ അതുപോലുള്ള റവന്യൂ ചെലവിനോ ചെലവാക്കാൻ പാടില്ല. അതിന്റെ അർത്ഥമെന്താണ്? വായ്പയെടുത്തിട്ടുള്ളത് മുഴുവനും 2 വർഷം കഴിയുമ്പോൾ പന്തീരായിരം കോടി രൂപ. അത്രയും തുക പൊതുമരാമത്ത് പണിയുടെ ബില്ലിന് വേണ്ടി കൊടുക്കേണ്ടിവരും. അന്ന് ബിൽ ഇല്ലെങ്കിൽ ഈ പണം മുഴുവൻ ഇന്ത്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റിയിൽ കൊണ്ടുപോയി 4-5 ശതമാനം പലിശയ്ക്ക് ഇടേണ്ടി വരും. അതുകൊണ്ട് ഞാൻ നിറുത്തുകയാണ്. ഇത് ഇത്തരത്തിൽ ഈ ധനനയത്തെക്കുറിച്ച് തന്നെ കുറച്ചും കൂടി പ്രോ-ആക്ടീവ് ആയിട്ടുള്ള സമീപനം അത്യന്താപേക്ഷിതമാണ് എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ

വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഒരു സന്തോഷ വാർത്ത ഞാൻ സഭയെ അറിയിക്കുകയാണ്. ഹിമാചൽ പ്രദേശ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യെ പരാജയപ്പെടുത്തി കോൺഗ്രസ്സ് അധികാരം പിടിച്ചെടുത്തു. ഗുജറാത്തിൽ നരേന്ദ്ര മോഡിയുടെ 12 സീറ്റുകളോളം അധികം കോൺഗ്രസ്സിന് ലഭിച്ചു. ജയിച്ച സീറ്റുകളുടെ ഭൂരിപക്ഷം 40,000 മുതൽ 50,000 വരെയുള്ള വോട്ടുകളുടെ ഭൂരിപക്ഷമാണ് എന്നുള്ളതും സഭയെ അറിയിക്കുന്നു. ഒന്നര വർഷം പ്രായമായ ഒരു ഗവൺമെന്റിന്റെ പരിമിതമായ ധനശ്രോതസ്സിന്റെ പരിധിയിൽ ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. സാമ്പത്തിക സന്തുലനാവസ്ഥയില്ലായെന്ന ഡോ. ടി.എം. തോമസ് ഐസകിന്റെ പരാമർശങ്ങൾക്ക് ഞാൻ മറുപടി പറയുന്നില്ല. ബില്ല് തന്നെ അദ്ദേഹത്തിന് വൈകിയാണ് കിട്ടിയതെന്ന് ആമുഖമായി പറഞ്ഞു. ഈ ഗവൺമെന്റിനോടുള്ള പ്രതിപക്ഷത്തിന്റെ സമീപനം 'ഉടുത്തുനടന്നാൽ വമ്പ് ഉടുക്കാതെ നടന്നാൽ ഭ്രാന്ത്' എന്ന മട്ടിലാണ്. ഏതിനും കുറ്റമാണ്. ആ വിമർശനങ്ങൾ സാമാന്യ മര്യാദയുടെ ലക്ഷ്മണരേഖ പലപ്പോഴും ലംഘിക്കുന്നുവെന്ന് ഞങ്ങൾക്ക് തോന്നിയിട്ടുണ്ട്. 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്' എന്ന് പറഞ്ഞത് മഹാനായ ബാലഗംഗാധര തിലകനാണ്. വിമർശനം നിങ്ങളുടെ ജന്മാവകാശമാണ് ഞാൻ അത് നിഷേധിക്കുന്നില്ല. ഈ സഭയിൽ കഴിഞ്ഞ മന്ത്രിസഭയുടെ പ്രവർത്തനം നോക്കി ബഹുമാനപ്പെട്ട അംഗം ജി. സുധാകരൻ അഴിമതിയുടെ കറ പുരളാത്ത പ്രഗത്ഭനായ ഒരു അംഗമാണെന്ന് വിശ്വസി

ക്കുന്ന ഒരാളാണ് ഞാൻ. അദ്ദേഹത്തിനോട് എനിക്ക് എല്ലാ ആദരവും നിലനിർത്തിക്കൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ഏതോ ഒരു രാജേശ്വരിയുടെ ലേഖനത്തെ പരാമർശിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പരാമർശം അങ്ങേയറ്റം മോശമായിപ്പോയി വേദനയായി പോയി എന്ന് ഞാൻ പറയുകയാണ്. ഒന്നര വർഷത്തിനിടയ്ക്ക് അധികാരത്തിന്റെ ദന്തഗോപുരങ്ങളിൽ നിന്ന് പട്ടിണി പാവങ്ങൾ, അവശന്മാർ, ആർത്തൻമാർ, ആലംബഹീനന്മാർ എന്നിവരുടെ ഇടയിലേയ്ക്ക് വന്ന ഒരു മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി. സഭയിലെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഏത് എം.എൽ.എ.ക്കും ഏത് സമയത്തും സമീപിക്കുവാനും ആ എം.എൽ.എ. മാരുടെ ഹർജികളിൽ അതേ സമയത്ത് ഉത്തരവിടാനും താൽപ്പര്യം കാണിച്ച മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി. വാച്ച് നോക്കി ഉണരുകയും ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്യുന്ന രാഷ്ട്രീയനേതാക്കന്മാർക്ക് പഞ്ഞമില്ലാത്ത സമൂഹത്തിൽ സമയം നോക്കാതെ ഭക്ഷണം കഴിക്കാതെ 24 മണിക്കൂറിനിടയിൽ 20 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് ഉമ്മൻ ചാണ്ടി. മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി - സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന്റെ പ്രശ്നങ്ങളാണ് ഒരു ഭരണാധികാരി ആദ്യം നോക്കേണ്ടതെന്ന്. ഇവിടെ കാര്യങ്ങൾക്ക് വേണ്ടി ചെന്നാൽ ആട്ടുകല്ലിന് കാറ്റുപിടിച്ചതുപോലെ ഇരുന്നിരുന്ന മുഖ്യമന്ത്രിമാരേയും നമുക്കറിയാം. അതുകൊണ്ട് ഇവിടെ വികസന പ്രവർത്തനത്തിന്റെ ഗ്രാഫ് നോക്കി മാത്രമല്ല കേരളത്തിന്റെ ചരിത്രത്തിൽ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായ ഒരു ഭരണ നേതൃത്വത്തെ നേരിട്ട് കാണുവാനും അവരുടെ വിഷമതകൾ പറയുവാനുമുള്ള അത്താണിയായ ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിലെ ഏറ്റവും മോശമായ മുഖ്യമന്ത്രിയാണെന്ന്

ശ്രീ. ജി. സുധാകരൻ പറഞ്ഞതിലാണ് എനിക്ക് വേദന. എൽ.ഡി.എഫ്. ലോട്ടറി നടത്തിയത് സാന്റിയാഗോ മാർട്ടിനു വേണ്ടിയായിരുന്നുവെങ്കിൽ ഞങ്ങൾ ലോട്ടറി നടത്തിയത് പാവപ്പെട്ട ആളുകളെ ചികിത്സിക്കാനാണ്. അതിന് ശ്രീ. കെ. എം മാണിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അനേകംപേർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ നൽകുവാൻ ഞങ്ങൾക്ക് സാധിച്ചു. കാറ്റത്തും മഴയത്തും വെയിലത്തും അനേകകാല സമരം നടത്തി നിങ്ങളെ ..... മൂലംപള്ളിയിലെയും ചെങ്ങറയിലെയും അടിച്ച മർത്തപ്പെട്ട അധസ്ഥിതരോട് അനുഭാവപൂർവ്വം പെരുമാറുവാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും ഞങ്ങളാണ് തയ്യാറായത്. ആയിരക്കണക്കിന് അദ്ധ്യാപകരെ രക്ഷിക്കുന്ന അദ്ധ്യാപക പാക്കേജ് കൊണ്ടുവന്നത് ഞങ്ങളാണ്. ഇതെല്ലാം ഉൾക്കൊള്ളണമെങ്കിൽ മനുഷ്യത്വം വേണം. പാവങ്ങളോടുള്ള കാരുണ്യം വേണം. അതിനുള്ള സെൻസ് വേണം സെൻസിബിലിറ്റി വേണം സെൻസിറ്റിവിറ്റി വേണമെന്ന് മമ്മൂട്ടി സ്റ്റൈയിലിൽ ഞാൻ നിങ്ങളോട് പറയുകയാണ്. മുടന്തുള്ള ആട്ടിൻകുട്ടിയെ തെരഞ്ഞുപോയ ബൈബിളിലെ നല്ലയിടയനെ പോലെയാണ് ശ്രീ. ഉമ്മൻ ചാണ്ടിയെന്നുള്ളത് ഈ രാജ്യത്ത് നിങ്ങൾക്കറിയില്ലെങ്കിലും പാവങ്ങൾക്കറിയാം. മഹാത്മജിയെ വാർദ്ധയിലെ കള്ളസന്യാസി എന്നുവിളിക്കുകയും.....................

ശ്രീ. പി.സി. ജോർജ് : ബൈബിളിൽ മുടന്തുള്ള ആട്ടിൻകുട്ടിയെന്ന് പറഞ്ഞിട്ടില്ല. കൂട്ടംതെറ്റിയ ആടെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. സി.പി. മുഹമ്മദ് : നേതാജി സുഭാഷ് ചന്ദ്രബോസിനെ നേതാവല്ല വൻചെറ്റ, വാർദ്ധയിലെ കള്ളസന്യാസി എന്നുവിളിക്കുകയും ചെയ്തവരാണ് നിങ്ങൾ. നിങ്ങളിൽ നിന്ന് ഞങ്ങൾ അത്രയേ പ്രതീക്ഷിക്കുന്നുള്ളു. നസ്രേയത്തിൽനിന്ന് നന്മ പ്രതീക്ഷിക്കുന്നില്ലെന്നതുപോലെ. ക്രമസമാധാനം

തകർന്നെന്ന് നിങ്ങൾ പറഞ്ഞു. ഇവിടെ ഒരു ക്രമസമാധാനവും തകർന്നിട്ടില്ല. തകർന്നത് നിങ്ങളുടെ മന:സമാധാനമാണ്. ജില്ലാ ആസൂത്രണ സമിതി പോലെ എല്ലാ ജില്ലകളിലും ജില്ലാ ആക്രമണ സമിതി ഉണ്ടാക്കി ഡേറ്റ് വച്ച് സമയം നിശ്ചയിച്ച് ആളുകളെ കൊല്ലുന്ന നിങ്ങൾക്കേ ക്രമസമാധാനം തകർന്നുവെന്ന് തോന്നൂ. ശ്രീ. വി.എസ്. അച്ചുതാനന്ദനും ഡോ. ടി.എം. തോമസ് ഐസക്കിനും എതിരെ പാർട്ടി ഇലക്ഷനിൽ അശ്വമേധയാഗം നടത്തിയ ശ്രീ. ജി. സുധാകരൻ ഇക്കാര്യങ്ങൾ മനസ്സിലാക്കണമെന്ന് ബഹുമാനപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു. ആണവകരാറിനെതിരെ യു.പി.എ. വിട്ട ശ്രീ. പ്രകാശ് കാരാട്ട് കൂടംകുളം ആണവ നിലയത്തിന് പിന്തുണ പ്രഖ്യാപിച്ചതുവഴി യഥാർത്ഥ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദിയാണെന്ന് തെളിയിച്ചിരിക്കുകയാണ്. ‘എന്റുപ്പുപ്പായ്ക്കൊരാനേണ്ടാർന്നു’ എന്ന നോവലിൽ കുഞ്ഞിപാത്തുമ്മ എനിക്ക് എന്തും പറയാൻ ‘ലൈനൻസുണ്ട്’ എന്നു പറയാറുണ്ട്. അതുപോലെ നിങ്ങൾക്ക് എന്തും പറയാനുള്ള ലൈനൻസുണ്ടെന്ന് ഞാനും പറയുന്നു. തലകീഴായി തൂങ്ങിക്കിടക്കുന്ന വവ്വാൽ പോലെ നിങ്ങൾ രാഷ്ട്രീയ രംഗത്ത് തൂങ്ങിക്കിടക്കുകയാണ്. സ്വാർത്ഥമായ നിഷ്ഠൂരസ്വഭാവവും അഴിമതിയും നിങ്ങളുടെ കുലദൈവമാണ്. സേവനാവകാശ നിയമം നമ്മുടെ രാജ്യത്തിന്റെ ഒരു നാഴികക്കല്ലാണ്. ഒരു രൂപയുടെ അരി കൊടുക്കുമെന്ന് പറഞ്ഞപ്പോൾ നിങ്ങൾ കളിയാക്കി. ഇപ്പോൾ നിങ്ങൾതന്നെ അത് അംഗീകരിക്കുന്നു. ഈ സർക്കാരിന്റെ മുൻഗണന പാവപ്പെട്ടവർക്കാണ്. ഇത് സേവി മനോമാത്യുവിന്റെയോ സാന്റിയാഗോ മാർട്ടിന്റെയോ ഫാരിസ് അബൂബക്കറിന്റെയോ സർക്കാരല്ല. സായിപ്പിനെ കണ്ടാൽ കവാത്ത് മറക്കുന്നതുപോലെ കവാത്ത് മറക്കുന്നവനല്ല ഈ മുഖ്യമന്ത്രി.

മുഖ്യമന്ത്രിയും പാർട്ടിയും ഒറ്റക്കെട്ടായിട്ടാണ് മുന്നോട്ട് പോകുന്നത്. പുലിയെ കുടുക്കാൻ വനങ്ങളിൽ കൂടുവച്ച് നടക്കുന്നതുപോലെ ശ്രീ. വി.എസ്. അച്ചുതാനന്ദനെ കുടുക്കാൻ കൂടുവച്ച് നടക്കുന്ന നിങ്ങളെപ്പോലെയല്ല ഞങ്ങൾ. അവസാനം നിങ്ങൾ മയക്കുവെടിയും അതിനുമീതെ ഏറ്റവും ഒടുവിൽ വയനാട് വച്ച വെടിയും വച്ചാൽ അൽഭുതമില്ല. ഈ നിയമസഭയിൽ 1969-ൽ ഇ. എം.എസ്. നമ്പൂതിരിപ്പാട് അവതരിപ്പിച്ച അവിശ്വാസപ്രമേയത്തിന് മഹാനായ ടി.വി.തോമസ് നടത്തിയ പ്രസംഗം സി.പി.ഐ. അംഗങ്ങൾ ഒരാവർത്തി വായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സഭയിൽ സി. പി.ഐ. എല്ലാ തവണത്തെക്കാളും സി.പി.(ഐ)എം.-നെ പിന്താങ്ങിയിട്ടുണ്ട്. അതിന്റെ ലാക്ക് ഞങ്ങൾക്കറിയാം. മലബാർ സിമന്റ്സിൽ ഇപ്പോൾ സി.ഐ. ടി.യു.വിനേക്കാളും വലിയ സംഘടന എ.ഐ.ടി.യു.സി. ആണ്. ഷൊർണ്ണൂരിലെ ശ്രീ. എം.ആർ. മുരളിയും ഇപ്പോൾ സി.പി.ഐ. യിലാണ് ചെന്നുചേരുന്നത്, മാർക്സിസ്റ്റ് പാർട്ടി വേണമെങ്കിൽ സൂക്ഷിക്കുക. ഉപധനാഭ്യർത്ഥനയിൽ ശ്രീ. വി.എസ്. അച്ചുതാനന്ദൻ 3 മിനിട്ട് മാത്രമാണ് സംസാരിച്ചത്. സാധാരണ 12 മിനിട്ട് കൊടുത്താൽ അദ്ദേഹം ഒരുമണിക്കൂർ ഈ സഭയിൽ സംസാരിക്കാറുണ്ട്. പക്ഷേ, ശ്രീ. വി.എസ്. അച്ചുതാനന്ദൻ 3 മിനിട്ടിൽ ഒതുക്കിയത് മൗനം വിദ്വാന് ഭൂഷണമാണെന്നുള്ളതുകൊണ്ടാണോ; അദ്ദേഹം 3 മിനിട്ട് സംസാരിക്കുന്നത് പാർട്ടിക്ക് ഭൂഷണമാണെന്ന് ശ്രീ. പിണറായി വിജയൻ കരുതിയതുകൊണ്ടാണോയെന്ന് എനിക്കറിയില്ല. പുതിയ വികസന രൂപങ്ങൾ വിശുദ്ധ പശുക്കൾ ആണെന്നും അവയെ തൊടരുതെന്നൊന്നും ഞാൻ കരുതുന്നില്ല. ഐ.ടി. വിവരസാങ്കേതികവിദ്യ മാത്രമല്ല. ഉപോൽപ്പന്നമായി സൈബർ സെക്സും, വിനോദവും, ഡേറ്റിംഗും ചാറ്റിംഗും ജ്യോത്സ്യവും

സിനിമയും സംഗീതവും പ്രണയവും തുടങ്ങി ഒരുപാട് മേഖലകളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. ഐ.ടി.യും ബി.ടി. യും പുതിയ വികസന രൂപങ്ങളെ സൃഷ്ടിക്കുന്നുണ്ട്. ആയുർവേദത്തിലെ സുഖചികിത്സയും ഐ. ടി.യും ബി.ടി. യും കൂടുതൽ നല്ലജോലി സമ്പന്നർക്ക് നൽകുന്ന പ്രവണത യുമുണ്ട്. അതുകൊണ്ട് ഇതിലെ നല്ലതും ചീത്തയുമായ വശങ്ങളെ നല്ലതായി കാണുവാനും ചീത്തയായതിനെ ചീത്തയായി കാണുവാനും തയ്യാറാകണമെ ന്നാണ് എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്. ഈ സർക്കാർ 5 വർഷവും ഭരിക്കും. നൽകിയ വാഗ്ദാനങ്ങൾ പാലിക്കും. നിങ്ങൾ 5 കൊല്ലം മുമ്പ് നൽകിയ വാഗ്ദാനങ്ങൾ ലംഘിക്കാനുള്ള സുഖത്തിനുവേണ്ടിയാ ണെന്ന് അനുഭവത്തിലൂടെ തെളിയിച്ചവരാണെന്ന് ഈ സഭയിൽ ഉണ്ടായി രുന്ന എനിക്കറിയാം. പെൻഷൻകാർ മരിച്ചുപോയാൽ ബാങ്കുകളിൽ കോടിക്ക ണക്കിന് രൂപ കെട്ടിക്കിടക്കും ആർക്കും ലഭിക്കില്ല, അവശർക്ക് വൃദ്ധന്മാർക്ക് ബാങ്കിൽ പോകാൻ കഴിയില്ല, വൃദ്ധന്മാർക്ക് നിയമസഭയിൽ വരാൻ കഴിയു ന്നില്ലേ? പോളിറ്റ് ബ്യൂറോയിൽ 85-ഉം 90-ഉം വയസ്സായ വൃദ്ധന്മാരില്ലേ? ഈ രാജ്യത്തെ രോഗികളല്ലാത്ത ആർക്കും ബാങ്കിൽ പോകാൻ പറ്റില്ലെന്ന് പറ ഞ്ഞാൽ അതിലും ബാലിശമായ വാദം എന്താണെന്ന് നിങ്ങൾ ആലോചി ക്കണം. എമർജിംഗ് കേരളയിൽ വരുന്ന പദ്ധതികളെല്ലാം മോശമാണോ? എൽ.ഡി.എഫ്. ഭരിക്കുമ്പോൾ സ്ഥലം കൊടുത്ത പദ്ധതികളെല്ലാം വ്യത്യസ്ത മാണോ എന്നുള്ളതിന് ശ്രീ. എളമരം കരീം പോലും ഇവിടെ മറുപടി പറ ഞ്ഞില്ല. വർഗ്ഗീയ പ്രചരണമാണ് ഇന്ന് സി.പി.എം. നടത്തിക്കൊണ്ടിരിക്കു ന്നത്. ബി.ജെ.പി.-ക്ക് ഇനി കേരളത്തിൽ ശാഖ വേണ്ട, സി.പി.എം. തന്നെ ആ ജോലി ഏറ്റെടുത്തിരിക്കുന്നുവെന്നാണ് അവരുടെ പല പ്രസ്താവനകളും

കാണുമ്പോൾ മനസ്സിലാകുന്നത്. നുണപ്രചരണമാണ് സി.പി.എം. നടത്തുന്നത്. പങ്കാളിത്ത പെൻഷൻ, കുടുംബ പെൻഷൻ ലഭിക്കുമെന്ന് ശ്രീ. കെ. എം. മാണി ഇന്നലെ ഇവിടെ പറഞ്ഞു. നിങ്ങൾ ഇറങ്ങിപ്പോയി. ശ്രീ. കെ. മുരളീധരൻ തനിക്ക് ഗ്രൂപ്പില്ലെന്ന് പറഞ്ഞാൽ ഗ്രൂപ്പുണ്ടെന്ന് നിങ്ങൾ പറയും. കത്തിച്ചത് ഒന്നര ടൺ അരിയാണെന്ന് പറഞ്ഞാൽ നിങ്ങൾ പറയും 1500 ടൺ അരിയാണ് കത്തിച്ചതെന്ന്. ചുരുക്കത്തിൽ ഈ സഭയിൽ കുഴിബോംബിന് പകരം നിങ്ങൾ നുണബോംബാണ് കൊണ്ടുവന്നിരിക്കുന്നതെന്നുള്ള വ്യത്യാസം മാത്രമാണുള്ളത്. വൻ സാമ്പത്തിക സാമ്രാജ്യം സൃഷ്ടിക്കാനും ലക്ഷണമൊത്ത സ്റ്റാലിനിസ്റ്റ് സംഘടനരൂപം നിലനിർത്താനും സി.പി.(ഐ)എം.-നെ സഹായിക്കുന്നത് പ്രവർത്തനശൈലിയും തൊഴിൽ ദാതാവെന്ന പദവിയുമാണ്. മുഴുവൻ സമയ പ്രവർത്തകരുടെയും പാർട്ടിക്ക് നിയന്ത്രണമുള്ള അസംഖ്യം സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവരുടെയും എണ്ണം കൂട്ടിയാൽ, കേരള സർക്കാർ കഴിഞ്ഞാൽ അടുത്ത തൊഴിൽ ദാതാവ് സി.പി. (ഐ)എം. ആണ്.

മി. ചെയർമാൻ : യെസ്...........കൺക്ലൂഡ്..

ശ്രീ. സി.പി. മുഹമ്മദ് : അതുകൊണ്ട് നിങ്ങൾ രക്ഷപ്പെടുമെന്ന് കരുതണ്ട. 5 വർഷം കഴിയുമ്പോൾ നിങ്ങൾ ഉപ്പുവച്ച കലം പോലെയാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഒരു കാര്യം കൂടി പറയട്ടെ. മലയാള ഭാഷ ക്ലാസിക്കലാക്കാനുള്ള കേന്ദ്ര സാഹിത്യ അക്കാഡമിയുടെ ശുപാർശ വന്നുകഴിഞ്ഞു. കേരള ഗവൺമെന്റ് പഠനഭാഷ-ഒന്നാം ഭാഷ മലയാളമാക്കാമെന്ന് തീരുമാനിച്ചത് ചരിത്രത്തിലെ ഒരു വഴിത്തിരിവ് ആയിരുന്നു. നിർഭാഗ്യവശാൽ സി.ബി.എസ്.ഇ. മാനേജർമാർ ഹൈക്കോടതിയിൽ പോയി.

കേസ് വേണ്ടത്ര നല്ല രീതിയിൽ നടന്നില്ല. സി.ബി.എസ്.ഇ. മാനേജർമാർക്ക് അനുകൂലമായി ഹൈക്കോടതി വിധിച്ചു. അതിന് അപ്പീൽ കൊടുക്കുകയോ അപ്പീലിന് ഫലം കിട്ടാതെ വരികയാണെങ്കിൽ ഉടൻതന്നെ ഒരു നിയമ നിർമ്മാണം നടത്താനോ തയ്യാറായില്ലെങ്കിൽ ക്ലാസിക്കൽ പദവി കിട്ടിയതു കൊണ്ടോ ലോകമലയാളസമ്മേളനം നടന്നതുകൊണ്ടോ ഒരു പ്രയോജനവും ഇല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്..

ശ്രീ. സി. പി. മുഹമ്മദ് : പച്ചയുടെ ആളായ അങ്ങ് ചെയറിലിരിക്കുമ്പോൾ ഹരിതത്തിന്റെ കാര്യം ഞാൻ പറയുന്നില്ല. അത് ഭാവിയിൽ അങ്ങ് ഏറ്റെടുത്താൽ മതിയെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. തിലോത്തമൻ : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. 1957 മുതൽ നമ്മുടെ സംസ്ഥാനത്ത് വികസനരംഗത്ത് പുതിയ മാതൃകയായിട്ടാണ് ലോകം മുഴുവൻ പ്രകീർത്തിക്കുന്നത്. നമ്മുടെ രാജ്യവും അങ്ങനെയാണ് കാണുന്നത്. ആ വികസന മാതൃകയെ തല്ലിത്തകർക്കാനാണ് കഴിഞ്ഞ ഒന്നര വർഷക്കാലത്തെ യു.ഡി.എഫ്. ഭരണത്തിന് സാദ്ധ്യമായതെന്നുള്ള കാര്യം ഇന്ന് ഏതാണ്ട് പരക്കെ സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ആ വികസന മാതൃകയുടെ രണ്ടാം പതിപ്പ് ഇവിടെ ആരംഭിക്കണമെന്നാണ് നിയമസഭയിൽ നമ്മുടെ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിലൂടെ നമ്മളോട് അഭ്യർത്ഥിച്ചത്. ആ രണ്ടാം ഭാഗത്തെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ലെങ്കിലും നാം എന്നും ഉയർത്തിപ്പിടിക്കുന്ന നമ്മുടെ ഒന്നാം വികസന മാതൃക, കേരളത്തിന്റെ വികസനമോഡൽ കഴിഞ്ഞ ഒന്നര

വർഷം കൊണ്ട് ഈ ഗവൺമെന്റ് എത്ര ഭയങ്കരമായി പുറകോട്ട് നയിച്ചെന്ന് നമുക്ക് പരസ്യമായി ബോദ്ധ്യപ്പെടുന്നുണ്ട്, മനസ്സിലാകുന്നുണ്ട്. അത്തരം ഒരു വികസന മാതൃക ഇവിടെ പടുത്തുയർത്തിയതിൽ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്, സംഘടിത കർഷക പ്രസ്ഥാനത്തിന് അതിമഹത്തായ പങ്ക് നിർവ്വഹിക്കാൻ കഴിഞ്ഞിരുന്നു എന്നുള്ളത് എല്ലാവരും നിസ്സംശയം പറയുന്ന താണ്. എന്നാൽ ആ സംഘടിത തൊഴിലാളി പ്രസ്ഥാനത്തേയും സംഘടിത കർഷക പ്രസ്ഥാനത്തേയും തച്ചുതകർക്കാനാണ് ഈ ഗവൺമെന്റ് കഴിഞ്ഞ ഒന്നര വർഷക്കാലമായി തങ്ങളുടെ ഭരണത്തിലൂടെ ആവനാഴിയിലെ എല്ലാ അസ്ത്രവും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. എ.കെ. ആന്റണി നമ്മുടെയെല്ലാം സമുന്നതനായ നേതാവാണ്. അദ്ദേഹം തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വ്യവസായവകുപ്പു മന്ത്രിയേയും സാക്ഷ്യപ്പെടുത്തിക്കൊണ്ടു നടത്തിയ പ്രസംഗം നമ്മുടെ കാതുകളിൽ ഇപ്പോഴും മുഴങ്ങുകയാണ്. ഒന്നര വർഷക്കാലത്തെ ഭരണംകൊണ്ട് ഈ ഗവൺമെന്റ് ഒരിഞ്ചുപോലും മുന്നോട്ടുപോയില്ല, ഒന്നും ചെയ്തില്ല, എനിക്കി വിടെ കേന്ദ്രത്തിൽ നിന്നും വ്യവസായം കൊണ്ടുവരാൻ ധൈര്യമില്ല എന്നാ ണ് അദ്ദേഹം പരസ്യമായി പറഞ്ഞത്. ഇവിടെ തൊഴിൽ വകുപ്പുമന്ത്രി പറ ഞ്ഞതും നമ്മളെല്ലാവരും പത്രങ്ങളിൽ വായിച്ചു. പോലീസിന്റെ അകമ്പടി യോടെ അങ്ങോട്ടും ഇങ്ങോട്ടും പോകാനല്ലാതെ ക്രിയാത്മകമായി ഒന്നും ചെയ്യാൻ ഈ ഒന്നരവർഷംകൊണ്ട് കഴിഞ്ഞില്ല, എനിക്ക് നിരാശ മാത്രമാണ് എന്നാണ് ശ്രീ. ഷിബു ബേബി ജോൺ നടത്തിയ പ്രസംഗം പത്രങ്ങളിൽ വന്ന് നമ്മൾ വായിച്ചത്. ഇവിടെ അദ്ദേഹം പറഞ്ഞു മദ്യത്തിൽ മുങ്ങിത്താഴ്ന്ന പഴയകാലത്തെ ഗോവയുടെ അവസ്ഥയിലേയ്ക്ക് കേരളം മാറുമോ എന്ന ആശങ്കയാണ് എനിക്കുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഞാൻ അതിന്റെ

മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. കഴിവുള്ള മന്ത്രിമാരെ ഒരാളെ പ്പോലും ഇവിടെ കാണാനില്ല എന്നുപറഞ്ഞത് കേരളത്തിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനാണ്. അദ്ദേഹം ഇന്നത്തെ മിസ്സോറാം ഗവർണ്ണറാണ്. അതുമാത്രമല്ല ശ്രീ. വി. എം. സുധീരൻ പറഞ്ഞത് ഇവിടെ മാഫിയാരാജ് എന്നല്ലേ. ആരാ ഇനി പറയാത്തത്? അവർ തന്നെ പറ യുകയല്ലേ. പ്രതിപക്ഷമല്ല പറയുന്നത്, ഇടതുപക്ഷമല്ല പറയുന്നത്. ഇന്ന് ഭരണകക്ഷിയുടെ നേതൃത്വപദവിയിലിരിക്കുന്ന സമുന്നതന്മാരായ നേതാക്ക ന്മാർ, ഈ ഭരണകക്ഷിയെത്തന്നെ രൂപം കൊടുത്ത ശ്രീ. എ. കെ. ആന്റണി യെപ്പോലുള്ള ആളുകൾ തന്നെ പരസ്യമായി പറയുകയല്ലേ. അദ്ദേഹം മനഃപൂർവ്വം പറയുകയാണോ, പഴയ അദ്ദേഹത്തിന്റെ അനുഭവത്തിന് പ്രതി കാരം വീട്ടുകയാണോ. അതുമായി ബന്ധപ്പെട്ട് ധാരാളം ചർച്ചകൾ നടക്കു ന്നുണ്ട്. മന്ത്രിമാർ തന്നെ അതുസംബന്ധിച്ച് അഭിപ്രായം പറയുമ്പോൾ, മുൻനിര നേതാക്കൻമാർതന്നെ അതുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ പറയുമ്പോൾ പ്രതിപക്ഷത്തിന് വലിയ ജോലിയില്ല. ഈ ഭരണം വളരെ ദയനീയമായി കലാശിക്കുമെന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ. എങ്ങോട്ടാണ് ഈ ഗവൺമെന്റ് പോകുന്നത്? സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ കേൾക്കുന്നുണ്ട്. ഏതായാലും ഇടതുപക്ഷം അധികാരം വിട്ടൊഴിയുമ്പോൾ മിച്ചം വച്ചിട്ടാണ് ഒഴിയുന്നത്. പിന്നീട് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഒന്നര വർഷക്കാലംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എത്രയോ അധോഗതിയിലാ ക്കിയെന്നുള്ളത് ഇപ്പോൾ ആസൂത്രണ കമ്മീഷൻ തന്നെ പറയുന്നുണ്ട്. സാമ്പത്തിക രംഗത്ത് വലിയ തകർച്ചയാണ് ഈ സംസ്ഥാനം നേരിടുന്നത് എന്നാണ് ആസൂത്രണ കമ്മീഷൻ പറഞ്ഞത്. കേന്ദ്രത്തിലും സംസ്ഥാ

നത്തും ഒരേ മുന്നണിയാണ് ഭരിക്കുന്നതെങ്കിൽ ഇവിടെ തേനും പാലും ഒഴുക്കുമെന്നല്ലേ പറഞ്ഞത്. കേന്ദ്രത്തിൽ അധികാരത്തിലുള്ളവർ തന്നെ സംസ്ഥാനത്തും അധികാരത്തിൽ വന്നു. കേന്ദ്രം നികുതിയിനത്തിൽ തരേണ്ട വിഹിതം തരുന്നില്ല എന്ന് ആസൂത്രണ കമ്മീഷൻ പറയുകയാണ്. ഇവിടെ പിരിച്ചെടുക്കേണ്ട നികുതികൾ പിരിക്കുന്നില്ല. ഇവിടെ കടക്കുടുക്ക്, കുടിശ്ശിക, നികുതിയിനത്തിൽ വരുന്നവരുടെ ആദ്യനടപടികൾ, അവരോടെല്ലാം സൗമനസ്യം, അവരെ തലോടൽ ഒക്കെയാണ് നടക്കുന്നത്. ഇവിടെ ചെലവ് ചെയ്യുന്നതിനെ സംബന്ധിച്ചാണ് പിന്നെ നമുക്കുള്ള ചർച്ച. നമ്മുടെ മുൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, കഴിഞ്ഞ ഒന്നര വർഷക്കാലംകൊണ്ട് സംസ്ഥാനത്തിന്റെ 2 ബഡ്ജറ്റിലും മുന്നോട്ടുവച്ച നിർദ്ദേശങ്ങളെല്ലാം പ്രതിപക്ഷത്തെ അവഗണിച്ചുകൊണ്ട് ഏതാണ്ട് സങ്കുചിതമായ രാഷ്ട്രീയ താല്പര്യത്തോടുകൂടിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചതും കാര്യങ്ങൾ നിർവ്വഹിച്ചതുമെന്നുള്ള കാര്യത്തിൽ വല്ല സംശയവുമുണ്ടോ? ഈ രണ്ട് ബഡ്ജറ്റിലും എന്റെ മണ്ഡലത്തിനുവേണ്ടി ഒന്നുമില്ല. ഇവിടെയിരിക്കുന്ന പ്രതിപക്ഷ മെമ്പർമാർക്കെല്ലാം പരാതിയുണ്ട്. സങ്കുചിതമായ വീക്ഷണത്തോടെ അധികാര ദുർവിനിയോഗം നടത്തിയ ഈ ഗവൺമെന്റിന്റെ തകർച്ച ഭാവിയിൽ ഉറപ്പാണെന്നുള്ള കാര്യത്തിൽ വല്ല സംശയവുമുണ്ടോ. ഇങ്ങനെയാണെങ്കിൽ ഈ ജനാധിപത്യ സംവിധാനത്തിൽ എങ്ങനെയാണ് പോകാൻ കഴിയുന്നത്?

ശ്രീ. ജി. സുധാകരൻ: സർ, ഈ യു.ഡി.എഫ്. ഗവൺമെന്റിലെ ഏറ്റവും ആധികാരികമായി അറിവുള്ള ആൾ ശ്രീ. കെ. എം. മാണി ആണ്, സംശയമില്ല. പക്ഷെ അങ്ങയെക്കൊണ്ട് ഇത്ര പാപ്പരായ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മൾ പൊതുവെ ശ്രീ. കെ. എം. മാണിയെക്കുറിച്ച് വലിയ പ്രതീക്ഷയാണ് മനസ്സിൽ വച്ചുപുലർത്തിയത്. എന്നാൽ അദ്ദേഹം ഒരു ജീവിതം മുഴുവൻ ഈ നിയമസഭയിൽ മന്ത്രിയായിത്തന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തിൽ നിന്ന് ഞങ്ങളാരും ഇങ്ങനെ പ്രതീക്ഷിച്ചില്ല. എന്നാലും ആ പ്രതീക്ഷകളെല്ലാം അസ്ഥാനത്തായി എന്നുള്ളതാണ് ഒന്നര വർഷക്കാലത്തെ ഭരണത്തിലൂടെ എനിക്ക് ബോധ്യമായത്. പ്രധാന റോഡുകളെല്ലാം തകർന്നുകിടക്കുകയല്ലേ. ഞങ്ങൾക്ക് ആലപ്പുഴയിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് റോഡ് മാർഗ്ഗം വരാൻ കഴിയുമോ? ഇവിടെ നിന്ന് മന്ത്രിമാർക്കാണെങ്കിലും എം.എൽ.എ.മാർക്കാണെങ്കിലും എൻ.എച്ച്. 47 വഴി വടക്കോട്ട് പോകാൻ കഴിയുമോ? ഇത്ര ദയനീയമായ റോഡുകളുടെ സ്ഥിതി ഈ സംസ്ഥാനത്ത് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ. ഏത് റോഡുകൾ നോക്കിയാലും എത്ര ദയനീയമായ സ്ഥിതിയാണ്. പൊതുകടം ഒരു ലക്ഷം കോടിരൂപയോളം അടുക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇവിടെ ഇപ്പോൾത്തന്നെ മുൻ ഫിനാൻസ് മിനിസ്റ്റർ പറഞ്ഞത് റോഡുകളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് അല്പം മുമ്പോട്ട് പോയിയെന്നാണ്. അദ്ദേഹവും ആലപ്പുഴയിൽ നിന്നാണ് വരുന്നത്. ഇവർ രണ്ടു പേരും ഏത് വ്യത്യസ്തമായ റോഡുകളിൽക്കൂടിയാണ് സഞ്ചരിക്കുന്നുവെന്നുള്ളതാണ് മനസ്സിലാകാത്തത്.

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എച്ച്. 47-ൽകൂടി ബഹുമാനപ്പെട്ട മന്ത്രി സഞ്ചരിക്കണം. അപ്പോഴറിയാം. അല്ലാതെ ഞാൻ പറയുന്നത് കണക്കാക്കണ്ട. എൻ.എച്ച്.47-ൽക്കൂടി ഞാൻ കഴിഞ്ഞ ദിവസം വന്നു. ഉടനെ എനിക്ക് പനിയായി. അങ്ങോട്ടുപോയാൽ പനിയല്ല വരുന്നത്, അതിനേക്കാൾ

വലിയ അസുഖമായിരിക്കും വരുന്നതെന്ന കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടോ? പൊതുകടം ഒരുലക്ഷം കോടി രൂപയോളം അടുക്കുകയാണ്. 11,412 കോടി രൂപകൂടി കടമെടുക്കണമെന്നാണ് ആസൂത്രണകമ്മീഷൻ ചൂണ്ടിക്കാണിക്കുന്നത്. സാധാരണക്കാരൻ നിത്യവൃത്തിക്കുവേണ്ടി നെട്ടോട്ടം ഓടുകയാണ്. പലവ്യഞ്ജനങ്ങൾക്കും പച്ചക്കറികൾക്കും എന്നുവേണ്ട എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും ഇതുപോലെ വിലകയറിയ ഒരു കാലമുണ്ടായിട്ടുണ്ടോ? ആളുകൾ ജീവിക്കാൻ നിവർത്തിയില്ലാതെ നെട്ടോട്ടമോടുമ്പോൾ ഇവിടെ വലിയ തോട്ടം പങ്ക് വയ്ക്കുന്നതിനെക്കുറിച്ച്, നെല്ലിയാമ്പതി അടക്കമുള്ള തോട്ടം പാട്ടത്തിനുകൊടുക്കുന്നതു സംബന്ധിച്ച്, അതിന്റെ നല്ലൊരുപങ്ക് നേടിയെടുക്കുന്നതിനെ സംബന്ധിച്ചുള്ള തർക്കമല്ലേ ഭരണമുന്നണിക്കുള്ളത്. സാധാരണക്കാരന്റെ കാര്യം നോക്കാൻ ഇവിടെ ആർക്കാണ് നേരം? ഇവിടെയൊരു ഭരണമുണ്ടോ എന്ന് ജനങ്ങൾ തന്നെ ഒന്നിച്ചു ചോദിക്കുകയാണ്. എന്ത് അവസ്ഥയാണിത്? ജീവിതഭാരം കൊണ്ട് ജനങ്ങൾ വല്ലാതെ പ്രയാസപ്പെടുന്നു. കയർ മേഖലയിലാണെങ്കിലും കൈത്തറി മേഖലയിലാണെങ്കിലും ഏത് മേഖലയിലുള്ളവരാണെങ്കിലും ഒരു ജീവിത മാർഗ്ഗമായി പ്രതീക്ഷിക്കുന്നത് നമ്മുടെ തൊഴിലുറപ്പു മേഖലയെ സംബന്ധിച്ചാണ്. 16 ലക്ഷത്തോളം കുടുംബങ്ങളാണ് തൊഴിലുറപ്പുമേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കഴിഞ്ഞ സാമ്പത്തിക വർഷം അവർക്ക് എത്ര ദിവസം തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്? കേന്ദ്രം അനുവദിച്ച ഫണ്ട് പോലും ചെലവഴിക്കാൻ കഴിയുന്നില്ല. അത്ര ദയനീയമായ ഒരു ഭരണമാണ് ഇവിടെ പ്രദാനം ചെയ്യുന്നത്. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി കെ. ബഷീർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് ജനങ്ങൾക്കും പാവപ്പെട്ടവർക്കും ഒരുപാട് നല്ലകാര്യങ്ങൾ ചെയ്ത ഗവൺമെന്റാണ്. മാണി സാറിനെപ്പറ്റി ഇവിടെ പറയുന്നു. മാണി സാർ ബഡ്ജറ്റ് അവതരിപ്പിച്ചു. ഇവിടെ കാരുണ്യ ലോട്ടറിയെ സംബന്ധിച്ച് പറഞ്ഞു. അതുപോലെ തന്നെ ചികിത്സാ സഹായം 162 കോടി രൂപയാണ് ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി പാവപ്പെട്ടവരെ സഹായിക്കാൻ കൊടുത്തത്. നിങ്ങളുടെ കാലത്ത് ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ? നിങ്ങളുടെ കാലത്ത് ആർക്കെങ്കിലും മുഖ്യമന്ത്രിയെ കാണാൻ കഴിഞ്ഞിട്ടുണ്ടോ? ഇപ്പോൾ സാധാരണക്കാരന് എപ്പോൾ പോയാലും മുഖ്യമന്ത്രിയെ കാണാം. അതിനൊരു എം.എൽ.എ പോലും വേണ്ട...... സാർ, കുറച്ചുകൂടി സീനിയർ മെമ്പറല്ലേ. നമ്മൾ അച്യുതമേനോന്റെ കാലത്ത് ഒരുമിച്ചു നിന്ന കൂട്ടരല്ലേ. നിങ്ങൾ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നപ്പോഴല്ലേ നിലയും വിലയുമുണ്ടായിരുന്നത്. ഇപ്പോൾ വല്ല നിലയും വിലയുമുണ്ടോ? ഇപ്പോൾ നിങ്ങൾക്കൊരു മെച്ചമുണ്ട്. സി.പി.(ഐ)എം.-ൽ നിന്ന് വിട്ടുപോകുന്ന ആൾക്കാരെയൊക്കെ നിങ്ങൾ എടുക്കുന്നു എന്നൊരു സന്തോഷം ഉണ്ട്. കാരണം, പാർട്ടി ശക്തിപ്പെടുത്തുകയാണല്ലോ നിങ്ങൾ. അവിടെയാണല്ലോ നിങ്ങളുടെ നിലപാട് നിൽക്കുന്നത്. പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.മാർ നിങ്ങൾ നിങ്ങളുടെ മണ്ഡലത്തിൽ പോയിട്ട് എന്റെ ആസ്തി ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ സ്കൂളുകൾക്ക്, എന്റെ ആസ്തി ഫണ്ടിൽ നിന്നും ഒരു കോടി രൂപ ഇന്ന റോഡിന് എന്ന് പറയാനുള്ള സാഹചര്യം ഉണ്ടാക്കിയത് ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടിയും മാണി സാറുമാണെന്ന് മനസ്സിലാക്കണം. നിങ്ങൾ 67 എം.എൽ.എ. മാർക്ക് ഒരു വർഷം 135

കോടി രൂപ. അഞ്ചു കൊല്ലത്തേക്ക് 1675 കോടി രൂപയാണ്. എവിടെയാണ് ഈ പാർഷ്യാലിറ്റി എന്നു പറയുന്നത്. കഴിഞ്ഞ സഭയിൽ നമ്മളൊന്നുമില്ലെങ്കിലും ഇവിടെയിരിക്കുന്ന ശ്രീ. പി. സി. വിഷ്ണുനാഥും അതുപോല ശ്രീ. വി. ഡി. സതീശനുമൊക്കെ പറഞ്ഞല്ലോ. നിങ്ങൾ അവസാനം പോകാൻ സമയത്താണ് മലബാർ പാക്കേജെന്ന് പറഞ്ഞത്. ഞങ്ങൾ തുടക്കത്തിൽ തന്നെ....... ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാ എം.എൽ.എ.മാർക്കും എണീറ്റു നിന്ന് പറയാമല്ലോ? ശ്രീ. പി. ശ്രീരാമകൃഷ്ണൻ എണീറ്റു നിന്ന് പറഞ്ഞില്ലേ പൊന്നാനി മണ്ഡലത്തിൽ 75 ലക്ഷമെന്ന്, ഇത് പറയാനുള്ള സാഹചര്യമുണ്ടായില്ലേ. നിങ്ങളുടെ കാലത്ത് ഈ സാഹചര്യമുണ്ടോ? ഇവിടെ ബഹുമാന്യനായ ശ്രീ. തോമസ് ഐസക്, ഞാൻ വിചാരിച്ചു എന്തെങ്കിലും വലിയ കാര്യങ്ങളൊക്കെ പറയുമെന്ന്, ഒരു കാര്യവും പറഞ്ഞില്ല. പറയാൻ കാര്യം വേണ്ടേ? ഈ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങളുണ്ടാക്കിയില്ലേ? 2600 ആൾക്കാർക്ക് അദ്ധ്യാപക പാക്കേജ് മുഖേന ശമ്പളം കൊടുത്തില്ലേ? നിങ്ങളുടെ കാലത്ത് കൊടുത്തോ? എന്തു കാര്യങ്ങളാണ് ഞങ്ങൾ ചെയ്യാത്തത്. പെട്രോൾ ഡീസൽ വില നാല് പ്രാവശ്യം വർദ്ധിപ്പിച്ചു. നിങ്ങളുടെ കാലത്ത് എല്ലാ പ്രാവശ്യവും സംസ്ഥാനത്തിന്റെ നികുതി വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏതെങ്കിലും സമയത്ത് നികുതി വർദ്ധിപ്പിച്ചോ? ഞങ്ങൾ ആ നികുതി വേണ്ടെന്നു വച്ചു. നിങ്ങൾ പറയണം നല്ലൊരു ധനകാര്യ മാനേജ്മെന്റാണ്. 37 കൊല്ലം മുമ്പ് കേരളത്തിന്റെ ധനകാര്യ മന്ത്രിയായിരുന്നയാളാണ് മാണി സാർ. പണ്ട് ബഡ്ജറ്റ് എന്ന് പറയുന്നത് വരവ് ചെലവ് കണക്കുമാത്രമാണ്. മാണി സാർ ധനകാര്യ മന്ത്രിയായതിന് ശേഷമാണ് വികസനവുമെല്ലാം ബഡ്ജറ്റായി വന്നത്. അവിടെയാണ്

നമ്മൾ മനസ്സിലാക്കേണ്ടത്. ഇവിടെ പറഞ്ഞു, ശ്രീ. ഷിബു പറഞ്ഞുവെന്ന്, ശ്രീ. ഷിബു ബേബി ജോൺ സാറിന്റെ മകനാണ്. അദ്ദേഹം പറഞ്ഞത് യാഥാർത്ഥ്യമല്ലേ? നിങ്ങൾ ഏത് കാര്യത്തിനും വിവാദമുണ്ടാക്കുകയല്ലേ? ഒരു ചെറിയ സംഗതി വന്നാൽ അതിനെ പെരുപ്പിക്കും. ഞാൻ മാർക്സിസ്റ്റ് പാർട്ടി യോട് ചോദിക്കട്ടെ, ആരാ നിങ്ങളുടെ പാർട്ടിയുടെ നേതാവ്? അങ്ങനെയൊരു പാർട്ടിയുണ്ടോ? കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ്. പണ്ട് നിങ്ങ ളുടെ ലോക്കൽ സെക്രട്ടറിക്ക് ഒരു നിലയും വിലയുമുണ്ടായിരുന്നു. അത് ഒരു എസ്.ഐ. പോസ്റ്റ് പോലെയായിരുന്നു. ഏരിയാ സെക്രട്ടറി -ഡിവൈ.എസ്. പി, ഡി.സി -എസ്.പി, സെക്രട്ടറി., ഇപ്പോൾ അങ്ങനെയൊരു പാർട്ടിയുണ്ടോ? പാർട്ടി സെക്രട്ടറി പറയുന്നതല്ല പാർട്ടിയുടെ അഭിപ്രായമെന്ന് പറയുന്നത് നിങ്ങളുടെ പാർട്ടിയിലെ കേന്ദ്ര കമ്മിറ്റി മെമ്പറാണ്. പണ്ട് നിങ്ങൾക്കൊരു നിലവാരമുണ്ടായിരുന്നു. ഇപ്പോൾ നിങ്ങളുടെ പാർട്ടിക്ക് അച്ചടക്കമുണ്ടോ? പണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നു പറഞ്ഞാൽ എന്തായിരുന്നു? കോൺഗ്രസ് പാർട്ടിക്ക് ഒരു ഹൈക്കമാന്റുണ്ട്. ഹൈക്കമാന്റുപറഞ്ഞാൽ അംഗങ്ങൾ അനു സരിക്കും. ശ്രീ. കെ. മുരളീധരൻ പറഞ്ഞതുപേലെ, ശ്രീ. പ്രകാശ് കാരാട്ട് പറ ഞ്ഞിട്ട് കേട്ടോ, കേട്ടില്ല. കൂടംകുളത്തേക്ക് പോയി. 'അയ്യാ തിരുമ്പി പോങ്കോ' യെന്ന് പോലീസുകാർ പറഞ്ഞപ്പോൾ കേട്ടു. നിങ്ങൾക്കാകെ പേടി യുണ്ടെങ്കിൽ ഇപ്പോൾ പോലീസിനെ മാത്രമേയുള്ളൂ. തമിഴ്നാട്ടിലെയും എല്ലാം പോലീസിനെയും പേടിയാണ്. ഞങ്ങൾ പറയണ്ട, നിങ്ങളുടെ നേതാ വാരാണെന്ന് നിങ്ങൾ പറഞ്ഞാൽ മതി. നിങ്ങൾ നിലനിൽക്കണമെന്ന

അഭിപ്രായക്കാരനാണ് ഞാൻ. പക്ഷെ നിങ്ങളുടെ പാർട്ടിയിലെ പ്രശ്നം കൊണ്ട് *******[1] പോലെ തേഞ്ഞു തേഞ്ഞു പോവുകയാണ്.

ശ്രീമതി. കെ. കെ. ലതിക: ഇങ്ങനെ അപമാനിക്കാൻ കഴിയുമോ? നമ്മുടെ നാട്ടിൽ പല തൊഴിലുമുണ്ട്. ആ തൊഴിലെടുക്കുന്ന ആളിനെ........ ചാതുർ വർണ്യമൊന്നുമല്ലല്ലോ. തൊഴിലെടുക്കുന്ന ആളുകളെ എന്തിനാണ് സാർ അപമാനിക്കുന്നത്. അപമാനിക്കുന്നത് ഓർഡറിലാണോ? ചെയർ പറയണമത്. എനിക്ക് ചെയർ പറഞ്ഞാൽ മതി.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. പി. കെ. ബഷീർ: ഈ ഗവൺമെന്റ് വന്നു ഞങ്ങൾ പുതിയതായി 550 ബാച്ച് കൊടുത്തു. 180 ബാച്ച് ഗവൺമെന്റ് തലത്തിലും മൂന്നൂറ്റി ചില്വാനം ബാച്ച് പ്രൈവറ്റ് തലത്തിലും കൊടുത്തു. പ്രൈവറ്റിന് കൊടുത്ത മൂന്നൂറ്റി ചില്വാനം തുല്യമായ എല്ലാവരെയും പരിഗണിച്ചേ കൊടുത്തുള്ളൂ. ഈ അടുത്ത കാലത്ത് എന്താ ഉണ്ടായത്? വെറുതേ ആവശ്യമില്ലാത്ത വിവാദമുണ്ടാക്കാൻ മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം അതിന്റെ മതേതര സ്വഭാവം എന്നും നിലനിർത്തി പോയിട്ടേയുള്ളൂ. ഞങ്ങൾ ഇവിടെ സാമുദായിക ഭിന്നിപ്പുണ്ടാക്കാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. നിങ്ങൾ പറഞ്ഞ് അതുണ്ടാക്കരുത്. ഞങ്ങൾക്കങ്ങനെയുള്ള ചിന്ത മനസ്സിലുമില്ല. കേരളത്തിൽ 55 ശതമാനം ഭൂരിപക്ഷ സമുദായവും 45 ശതമാനം ന്യൂനപക്ഷ സമുദായവുമാണ് അപ്പോൾ അതിനനുസരിച്ചല്ലേ കാര്യങ്ങൾ ഉണ്ടാകൂ. ഞാൻ കാശ്മീർ പോയിരുന്നു. റിസർവേഷനില്ലാത്ത സംസ്ഥാനമാണ് കാശ്മീർ. അവിടെ ന്യൂനപക്ഷ സമുദായമാണ് കൂടുതൽ അതിനാൽ റിസർവേഷൻ വേണ്ട.

---

[1] നീക്കം ചെയ്തു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. പി.കെ. ബഷീർ വളരെ വിശദമായി സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മാണിസാറിന്റെ അദ്ധ്വാനവർഗ്ഗ സിദ്ധാന്തം അത് മാണി സാറിന്റെ ഇക്കണോമിക്സാണ്. ശ്രീ. പി.കെ. ബഷീർ മുസ്ലീം ലീഗിന്റെ സാമ്പത്തിക നയമെന്താണെന്നൊന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ ബഷീർ: എല്ലാവർക്കും നീതി കിട്ടണം. മുസ്ലീം ലീഗ് ഒരു കമ്മീഷനെ വച്ചിരുന്നു കോത്തമ്പ്ര കമ്മീഷൻ. ആ കമ്മീഷൻ റിപ്പോർട്ടൊന്നു വായിക്കണം. അത് വായിക്കുമ്പോഴേ മുസ്ലീം ലീഗിന്റെ സാമ്പത്തിക നയം നിങ്ങൾക്ക് മനസ്സിലാകൂ. നിങ്ങളെപ്പോലെ റഷ്യയ്ക്കും ചൈനയ്ക്കും നോക്കിയുള്ള സാമ്പത്തിക നയമല്ല. ഞങ്ങളുടെ നയം നാടിന്റെ വികസനം ഉണ്ടാകണം, പരിസ്ഥിതിയുണ്ടാകണം. ബഹുമാനപ്പെട്ട ചെയറിനോടും ഗ്രീൻകാരോടും പറയുകയാണ് ഞങ്ങൾ എവർ ഗ്രീനാണ്.

ശ്രീ. എളമരം കരീം: ബഹുമാനപ്പെട്ട മെമ്പർ ആ കോത്തമ്പ്ര കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി തരുമോ?

ശ്രീ. പി. കെ. ബഷീർ: കോത്തമ്പ്ര കമ്മീഷൻ റിപ്പോർട്ടിന്റെ ഇംഗ്ലീഷ് പതിപ്പേയുള്ളൂ. അത് ട്രാൻസ്ലേറ്റ് ചെയ്തിട്ടില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാത്തിനും ഒരു നയമുണ്ട്. എല്ലാ കാര്യങ്ങൾക്കും വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഞാൻ വളരെ ബഹുമാനിക്കുന്ന ഒരു നേതാവ് പറഞ്ഞു, റോഡിൽ കൂടി നടക്കാൻ വയ്യെന്ന്. നിങ്ങളുടെ കാലത്ത് നാലഞ്ച് മന്ത്രിമാർ വന്നു. ബഹുമാന്യനായ ശ്രീ. തോമസ് ഐസ്ക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കുഴി എണ്ണാൻ തുടങ്ങി, 86,000 കുഴി, 88,000 കുഴി, 98,000 കുഴി അങ്ങനെയൊരവസ്ഥ ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാ റോഡുകളും

നന്നാക്കി എല്ലാ ഗവൺമെന്റ് ആശുപത്രികളും മെഡിക്കൽ കോളേജാക്കാൻ നിശ്ചയിച്ചു. ഇങ്ങനെ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും വളരെ നല്ല നിലയിൽ പോകുന്ന ഗവൺമെന്റ്. ആ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലാണ്. എല്ലാവർക്കും നീതി കിട്ടണം. എനിക്ക് ബഹുമാന്യനായ മാണിസാറിനോട് ഒരു കാര്യം പറയാനുള്ളത് ആസ്തി വികസന ഫണ്ട് വളരെ നല്ല കാര്യമാണ്, സ്വാഗതാർഹമാണ്, പക്ഷെ അതിന്റെ നടപടി ക്രമങ്ങൾ ഒന്ന് ലഘൂകരിക്കണ മെന്ന് വിനീതമായ ഒരഭ്യർത്ഥനയുണ്ട്. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് പറഞ്ഞാൽ എൽ.പി. സ്കൂൾ പഞ്ചായത്തിന്റെ കീഴിലാണ്. യു.പി. സ്കൂളും ഹൈസ്കൂളും ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്. ആരാണ് ഭരണ വകുപ്പിലെ എഞ്ചിനിയർമാർ............... പറയണ്ടേ......... പാർട്ടി പറയുമ്പോൾ പിൻവലിച്ചു. ആ പരിപാടി എനിക്കില്ല. നമ്മുടെ പാർട്ടി പറയുന്നതിനനുസരിച്ചേ നമ്മൾ പറയുകയുള്ളൂ. നമ്മൾ പറയുന്നിടത്ത് ഉറച്ച് നിൽക്കും. ബഹുമാനപ്പെട്ട മാണി സാർ, ഇപ്പോൾ വന്ന സർക്കുലർ പ്രകാരം 60 ദിവസം പിടിക്കും. ഇപ്പോൾ ഡിസംബർ മാസമായി അതുകൊണ്ട് ബിൽഡിംഗിന്റെ പണിയും റോഡിന്റെ പണിയും പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കണം. ഡി.പി. ആർ. ധനകാര്യ വകുപ്പിന് കൊടുത്ത് അവിടെ നിന്ന് സെക്രട്ടറി നോഡൽ ഓഫീസർക്ക് കൊടുത്ത് അവിടെ പോയി മടങ്ങി വരുമ്പോൾ....... ആദ്യം തന്നെ എം.എൽ.എ.മാർ പ്രൊപ്പോസലുണ്ടാക്കുമ്പോൾ ബന്ധപ്പെട്ട എഞ്ചിനി യർമാർ എസ്റ്റിമേറ്റുണ്ടാക്കി തന്നാൽ അതിന്റെ എ.എസ്. കിട്ടിയാൽ അത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിലോട്ട് വരണം.

ശ്രീമതി ജമീലാ പ്രകാശം: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുന്നു. സമയക്കുറവുള്ളതിനാൽ എന്റെ മണ്ഡലത്തിലെ

ഒരൊറ്റക്കാര്യം മാത്രമേ പറയുന്നുള്ളൂ. അന്താരാഷ്ട്ര വിനോദസഞ്ചാര ഭൂപടത്തിൽ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ സ്ഥാനം പിടിച്ചിട്ടുള്ളതാണ് എന്റെ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കോവളം കടലോരം. കടലോര ടൂറിസവികസന സാദ്ധ്യതകളിൽ നിർണ്ണായകമായ നിയന്ത്രണം കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണ് C.R.Z. നോട്ടിഫിക്കേഷൻസ്. ഈ റെഗുലേഷൻ അനുസരിച്ച് സോൺ 3-യിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോവളം പ്രദേശത്തെ സോൺ 2-വിൽ ഉൾപ്പെടുത്തിയാൽ ടൂറിസം വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വലിയ ആശ്വാസമാകും, അവരുടെ ഭാഗത്തുനിന്നുള്ള ആവശ്യവുമാണത്. കോവളത്തെ ടൂറിസം വികസിപ്പിക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത യിൽ 20-09-2011-ൽ കൂടിയ യോഗനടപടിക്കുറിപ്പിൽ 13-ാമത്തെ ഐറ്റമായി തീരുമാനം രേഖപ്പെടുത്തിയിരിക്കുന്നത് കോവളം ബീച്ചിനെ ഗോവയിലെന്ന പോലെ C.R.Z. റെഗുലേഷൻസിൽ നിന്ന് ഒഴിവാക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു എന്നാണ്. ഇക്കാര്യത്തിൽ നടപടിയെടുക്കുവാനായി ടൂറിസം വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി എന്നും ഈ മിനിറ്റ്സിലുണ്ട്. തീര പരിപാലന നിയമം അഥവാ C.R.Z. നോട്ടിഫിക്കേഷൻസിൽ മേഖല തിരിച്ചിരി ക്കുന്നത് പുന:പരിശോധിക്കുവാൻ പോകുന്നതായി അറിഞ്ഞതിനാലാണ് നമ്മൾ ഈ തീരുമാനമെടുത്തത്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തന്നെ 20-09-2011-ൽ വിളിച്ച യോഗമായതിനാൽ ഈ നിയമസഭാ സമ്മേളനം നടക്കുന്ന സമയത്ത് ഞാൻ ഒരു അൺസ്റ്റാർഡ് ചോദ്യം ചോദിച്ചു. തീർച്ച യായും ഇപ്പോൾ ഇക്കാര്യത്തിൽ തീരുമാനമുണ്ടായിരിക്കും; എനിക്ക്

അതിനെപ്പറ്റി ഒന്നും അറിയാൻ കഴിയാത്തതുകൊണ്ടാണ് ചോദിച്ചത്. ചോദ്യം (എ) കോവളം പ്രദേശത്തെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി C.R.Z. റെഗുലേഷൻ അനുസരിച്ച് കോവളം ബീച്ചിനെ സോണിൽ 3-യിൽ നിന്ന് മാറ്റി സോൺ 2-വിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നോ; (ബി) എന്നാൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; (സി) കേന്ദ്ര ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് എനിക്ക് ലഭ്യമാക്കുമോ; ബഹുമാനപ്പെട്ട ടൂറിസം വകുപ്പു മന്ത്രിയോടായിരുന്നു ചോദ്യം. എനിക്ക് അവിടത്തെ ഒരു സെക്ഷൻ ഓഫീസർ ഒപ്പിട്ടുകിട്ടിയ ഒരു മറുപടി. (എ) യും (ബി) യും (സി) യും ഇല്ല. ഇക്കാര്യം ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതേയില്ല. യോഗത്തിന്റെ മിനിറ്റ്സ് എന്റെ കൈയിലുണ്ട്. അതുകൂടാതെ ടൂറിസം വകുപ്പിലെ ഡയറക്ടർ തിരുവനന്തപുരം കോർപ്പറേഷനിലേക്ക് ഒരു കത്തയച്ചിട്ടുമുണ്ട്. അത് 08-03-2012-ൽ, അതായത് യോഗം നടന്ന് ഏതാണ്ട് 6 മാസത്തിനുശേഷം എഴുതിയിട്ടുള്ള കത്താണ്. ആ കത്തിൽ പറയുന്നത്, Kovalam Development meeting held on 20.09.2011 under the Chairmanship of Hon.Chief Minister have directed vide decision No. 13th of the minutes of the meeting, Director, Department of Tourism to send a proposal for exempting Kovalam Beach from Coastal Regulation Zone. Copy of the reference enclosed. Department of Tourism is taking action for sending the proposal to the Ministry of Environment and Forest, Government of India. 6 മാസം കഴിഞ്ഞിട്ടും Department of Tourism is taking action അങ്ങനെ

യാണ് എഴുതിയിരിക്കുന്നത്. For exempting Kovalam Beach from CRZ regulations like Goa, as per the above decision. 6 മാസം കഴിഞ്ഞ് എഴുതിയ ഒരു കത്തിൽ നടപടികൾ എടുക്കുന്നു എന്ന് എഴുതിയിട്ട് എനിക്ക് തന്നിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത്; ഇക്കാര്യം ടൂറിസം വകുപ്പിന്റെ പരിധിയിലേ വരുന്നതല്ല എന്ന്. എങ്ങനെ ആ തീരുമാനത്തിലെത്തിച്ചേർന്നു, ഇത് ചെയർ പ്രത്യേകം നോട്ട് ചെയ്യാൻ വേണ്ടിയാണ് ഈ സഭയിൽ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അതിവേഗം ബഹുദൂര മായി എടുത്ത തീരുമാനം അതിവേഗം ബഹുദൂരം 6 മാസം കഴിഞ്ഞപ്പോൾ എഴുതിയിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്നത് അതിവേഗം ബഹുദൂരം കേന്ദ്രത്തിലേക്ക് ഒരു കത്ത് വിടാൻ ഞങ്ങൾ നടപടിയെടുക്കുകയാണ്; കേന്ദ്രത്തിൽ പുനഃപരിശോധനയെല്ലാം കഴിഞ്ഞുപോയിക്കാണും. അപ്പോൾ അതിവേഗം ബഹുദൂരം ചലിച്ചുകൊണ്ടിരിക്കുന്നത് ഇവിടെ റോഡപകടം വരുത്താൻ മാത്രമാണോ? എല്ലാ ദിവസവും പത്രം എടുത്ത് നോക്കുമ്പോൾ കുറേ അതിവേഗം ബഹുദൂരങ്ങൾ കാണാം. അത് മുഴുവൻ ആക്സിഡന്റി ലാണ് വന്നിരിക്കുന്നത്. ഇത് ചെയർ അറിയണം. ഒരു മെമ്പറെ തെറ്റിദ്ധരിപ്പി ക്കാൻ; സഭയെ തെറ്റിദ്ധരിപ്പിക്കാനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് പ്രകാരമുള്ള നടപടിയെന്തായി എന്നു ഞാൻ ചോദിച്ചപ്പോൾ എനിക്ക് കിട്ടിയ മറുപടിയാണ്. ഇങ്ങനെയൊക്കെ മറുപടി തരുന്ന ഒരു സർക്കാർ ഉപധനാഭ്യർത്ഥന കൊണ്ടുവരികയാണെങ്കിൽ ആ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചു വോട്ട് ചെയ്യാൻ എനിക്ക് വയ്യ. ഞാനിതിനെ എതിർക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പറയുന്ന കാര്യങ്ങൾ കൃത്യമായി നടപ്പാക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന യു.ഡി.എഫ്. സർക്കാർ ബഹുമാന്യനായ ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണി സാറിന്റെ നേതൃത്വത്തിൽ തികഞ്ഞ കാര്യക്ഷമതയോടെ ധനമാനേജ്മെന്റ് നിർവ്വഹിക്കുന്നു എന്ന അഭിമാന ബോധമാണ് ഞങ്ങൾക്ക് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുമ്പോ ഴുള്ളത്. ഇവിടെ ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, അദ്ദേഹം വിമർശനങ്ങൾ ഉയർത്തുകയും എതിർത്ത് സംസാരിക്കുകയും ചെയ്തെങ്കിലും അദ്ദേഹം വസ്തുതാപരമായി ഒരു കാര്യം വിലയിരുത്തിയത് വളരെ ശ്രദ്ധേയമാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാറിന്റെ നേതൃത്വത്തിൽ ഈ കാലഘട്ട ത്തിൽ ധനകാര്യ വകുപ്പിന് നേതൃത്വം കൊടുക്കുമ്പോൾ സാമ്പത്തിക സ്ഥിതി ഭദ്രമാണ് എന്ന നിലയിൽ വിലയിരുത്തി എന്നുള്ളത് വളരെ സ്വാഗതാർഹ മായി കരുതുകയാണ്. കാരണം ഇവിടെ നിഷ്പക്ഷമായ ഒരു വിലയി രുത്തലിന് അദ്ദേഹം തയ്യാറായി; അദ്ദേഹത്തിന്റെ വിമർശനങ്ങൾ രാഷ്ട്രീയ മായും മറ്റുകാര്യങ്ങളൊക്കെയുള്ളത് ഒരു വശത്ത് നിൽക്കുന്നു. ഇവിടെ ഗവൺമെന്റ് എടുത്ത ഒരു സമീപനമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതായി ട്ടുള്ളത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാർ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ഒരു ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട് കേരളത്തിന്റെ വികസന പദ്ധതികൾ പരമാവധി മുന്നോട്ടു കൊണ്ടു പോകാനുള്ള വലിയ പരിശ്രമത്തിന് നേതൃത്വം കൊടുക്കുകയാണ്. ബഹു മാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ്. സർക്കാർ കേരളത്തിൽ ഉയർത്തിയ മുദ്രാവാക്യം വികസനവും കരുതലും

എന്നുള്ളതാണ്. രണ്ടുകാര്യങ്ങൾക്കും ഒരുപോലെ പ്രാധാന്യം കൊടുത്തുകൊണ്ടുപോകാൻ കഴിയുന്ന, ജനജീവിതത്തെയും വികസന ത്തെയും ഒരുപോലെ ശ്രദ്ധിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റ് എന്ന നിലയിൽ ധനവിനിയോഗത്തിന്റെ കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നു എന്നുള്ളത് പ്രത്യേകം എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. ഓരോ കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ട് തെളിവുകളായി കാണാൻ കഴിയും. ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി ഈ ചർച്ചയുടെ തുടക്കത്തിൽ തന്നെ പറയുകയു ണ്ടായി; ഇതുവരെയുള്ള മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും കൊടുത്തു തീർത്ത ഒരു ഗവൺമെന്റാണ് യു.ഡി.എഫ്. സർക്കാർ. കേരളത്തിൽ അത് ഒരു റെക്കോർഡ് ആണ്. സാധാരണക്കാരായ ജനങ്ങളുടെ ജീവിതപ്രശ്ന ങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ഗവൺമെന്റാണ് എന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ നമുക്ക് അഭിമാനമുണ്ട്. പ്രിയപ്പെട്ട ശ്രീ. പി. തിലോത്തമൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ റോഡുകളുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ ഈ ഗവൺമെന്റിനെ വിമർശിച്ചുകൊണ്ടു സംസാരിക്കുകയുണ്ടായി. യഥാർത്ഥത്തിൽ വസ്തുത എന്താണ്? കേരളത്തിൽ മെച്ചപ്പെട്ട നിലയിലേക്ക് റോഡ് വികസന രംഗത്ത് വരാൻ വേണ്ടിയുള്ള വലിയ പരിശ്രമത്തിന് ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട് എന്നുപറയുന്നത് കേരളം മുഴുവൻ അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. ദേശീയപാതയുടെ ശോച്യാവസ്ഥയുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിൽ നിലനിൽക്കുന്ന വിഷയങ്ങൾ നിരവധിയാണ്. കേരളത്തിലെ റോഡുകളുടെ നിലവാരം ഉയർത്തുവാൻ വേണ്ടി ഹൈടെക് നിലവാരത്തിലേക്ക് പരമാവധി റോഡുകളെ കൊണ്ടുവരാനുള്ള വലിയ ഒരു പരിശ്രമത്തിന് ഇന്ന്

ഗവൺമെന്റ് നേതൃത്വം കൊടുക്കുകയാണ്. ബഹുമാന്യനായ മന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസിൽ ഞാനും പങ്കെടുക്കുകയുണ്ടായി. വളരെയേറെ പ്രതീക്ഷകളോടുകൂടി പറയാൻ കഴിയുന്ന ചില കാര്യങ്ങൾ കേരളത്തിന്റെ ഭാവി അടിസ്ഥാന വികസന രംഗത്ത് കേരളമാഗ്രഹിക്കുന്ന പദ്ധതികൾ നടപ്പാക്കാനുള്ള വലിയ ഒരു പരിശ്രമത്തിന് ഗവൺമെന്റ് മുന്നോട്ടുവരുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ മാണി സാർ ലുബ്ധി കാണിക്കുന്ന ഒരു ധനകാര്യ മന്ത്രിയായിട്ടല്ല കയ്യയച്ച് കേരളത്തിന്റെ വികസന രംഗത്ത് കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടി.... ഇന്നലെയും പൊതുമരാമത്ത് വകുപ്പിന് 150 കോടി രൂപയുടെ അനുമതി കൊടുക്കാൻ വിധത്തിലുള്ള തീരുമാനങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ പൊതുസമീപനമാണ് നമുക്ക് കാണുവാൻ കഴിയുക. എല്ലാ രംഗത്തും ഈ നിലപാട് ഗവൺമെന്റ് നടപ്പാക്കാൻ മുന്നോട്ടുവരികയാണ്. കേരളം ഇപ്പോൾ വരൾച്ചയിലേക്ക് വരാൻ പോകുകയാണ്. കുടിവെള്ള ത്തിന്റെ കാര്യത്തിൽ ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് സാറിന്റെ നേതൃത്വത്തിൽ എടുത്ത സുപ്രധാനമായ ഒരു തീരുമാനം പഴകിയ പൊട്ടിയ പൈപ്പുകൾ മുഴുവൻ നീക്കം ചെയ്തുകൊണ്ട് കുടിവെള്ള വിതരണം സുതാര്യമാക്കി, ജനോപകാരപ്രദമാക്കി മാറ്റാൻ വേണ്ട തീരുമാന ത്തിന് കേരളമൊട്ടാകെ നേതൃത്വം കൊടുക്കുകയാണ്. ഇത്തരത്തിലുള്ള പദ്ധതികളെല്ലാം നടപ്പാക്കുമ്പോൾ രാഷ്ട്രീയമായ വിവേചനത്തോടുകൂടിയല്ല ഗവൺമെന്റ് പ്രവർത്തിക്കുന്നത് എന്നുള്ളതും പ്രത്യേകം എടുത്ത് പറയേണ്ട തായിട്ടുണ്ട്. ഭരണകക്ഷി-പ്രതിപക്ഷ ഭേദമെന്യേ കേരളത്തെ ഒന്നായിക്കണ്ടു

കൊണ്ട് ഇത്തരം വികസനകാര്യങ്ങൾ നടപ്പാക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുകയാണ്. ആസ്തി വികസന ഫണ്ടിന്റെ കാര്യംതന്നെ എടുത്താൽ, ഓരോ അസംബ്ലി മണ്ഡലത്തിലും അഞ്ച് കോടി രൂപയെന്ന നിലയിൽ നിശ്ചയിച്ചപ്പോഴും ബഹുമാന്യനായ ധനകാര്യമന്ത്രി കെ. എം. മാണി ഇക്കാര്യത്തിൽ സങ്കുചിതമായ സമീപനമല്ല, ലിബറലായിട്ടുള്ള സമീപനമാണ് എടുത്തത്. എല്ലാ മണ്ഡലങ്ങളേയും ഒരുപോലെ കണക്കാക്കിക്കൊണ്ട് അഞ്ച് കോടി രൂപ എല്ലാ എം.എൽ.എ-മാർക്കും വിനിയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള സാഹചര്യമുണ്ടാക്കിയെന്നുപറയുന്നത് നിഷ്പക്ഷമായി ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകുവാൻ ധനകാര്യമന്ത്രിയും ഗവൺമെന്റും ശ്രദ്ധിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ്. കേരളത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ, മാലിന്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ. ഈ ഗവൺമെന്റിന് തീർച്ചയായും പറയുവാൻ കഴിയും, എത്രയോ കാലമായി കേരളം ചർച്ച ചെയ്യുന്നു, മാലിന്യവുമായി ബന്ധപ്പെട്ടുള്ള സങ്കീർണ്ണങ്ങളായ വിഷയങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. മാലിന്യ സംസ്ക്കരണത്തിന്റെ കാര്യത്തിൽ കോൺക്രീറ്റായിട്ടുള്ള പ്രൊപ്പോസലുകളിലേക്ക് വരുവാൻ കഴിഞ്ഞത് ഈ കാലഘട്ടത്തിലാണ്. ലോകസാധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിൽ എന്ത് ചെയ്യാൻ പറ്റും. ഇന്ന് യു.ഡി.എഫ് സർക്കാർ പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികളിലേക്ക് വന്നിരിക്കുകയാണ്. അതിനാവശ്യമായ ഭരണനിർവ്വഹണത്തിനുള്ള സാഹചര്യങ്ങളിന്ന് ധനകാര്യവകുപ്പ് കൊടുക്കുകയാണ്. അങ്ങനെ ഗവൺമെന്റിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന് മാലിന്യ സംസ്ക്കരണവും, മാലിന്യനിർമ്മാർജ്ജനവും, മാലിന്യമുക്തമായ കേരളമെന്ന പദ്ധതിയിലേക്ക് നമുക്ക് വരുവാൻ കഴിയുന്നു. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ നമ്മുടെ

സംസ്ഥാനത്തെ കായിക രംഗത്തുള്ള പുത്തൻ പ്രതിഭകളെ കണ്ടെത്താൻ കഴിയുന്ന നിരവധി കർമ്മ പരിപാടികൾ ഈ കാലഘട്ടത്തിനുള്ളിൽ ഏറ്റെടുക്കുവാൻ മുന്നോട്ടുവന്നു. എം.എൽ.എ-മാർ നേതൃത്വം കൊടുത്തുകൊണ്ട് അസംബ്ലി മണ്ഡലങ്ങളിൽ പുതിയ പദ്ധതികൾക്ക് വേണ്ടി വന്നാൽ അതിൽ ധനകാര്യവകുപ്പിന്റേയും കായികവകുപ്പിന്റേയും സഹകരണം ലഭ്യമാകുന്ന നിലയിലേക്ക് വന്നിരിക്കുന്നത് സംസ്ഥാനത്ത് പുത്തൻ പ്രതീക്ഷ നൽകുകയാണ്. കേരളത്തെ മാറ്റത്തിന്റെ പുരോഗതിയിലേക്ക് കൊണ്ടുവരുവാനുള്ള സാഹചര്യം ഇതിലൂടെ ലഭിക്കുകയാണ്. വരൾച്ചയുടെ കാലഘട്ടത്തിലേക്ക് വരുമ്പോൾ കൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങളിലും, കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോഴും ബഹുമാന്യനായ കെ.എം. മാണി സാർ കേരളത്തിലെ കർഷകരുടെ ഏറ്റവും വലിയ ജനനേതാവെന്ന നിലയിൽ എല്ലാവരും അംഗീകരിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൃഷിയുമായി ബന്ധപ്പെട്ട് കൊടുക്കുവാൻ കഴിയുന്ന പരമാവധി പരിഗണന കൊടുക്കുവാനുള്ള പരിശ്രമം തീർച്ചയായും ഉണ്ടായിട്ടുണ്ട്. വരൾച്ചയുടെ കെടുതികളിലേക്ക് വരുന്ന ഈ സന്ദർഭത്തിൽ വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇന്നലെ വളരെ നല്ല ഒരു തീരുമാനം എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പച്ചക്കറി, വാഴ ഉൾപ്പെടെയുള്ള സാധാരണ കൃഷിക്കാർ ആശ്രയിക്കുന്ന മറ്റ് കാർഷിക ഉത്പന്നങ്ങളെക്കൂടി കൊണ്ടുവരുവാൻ കഴിയുന്ന രീതിയിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. കർഷകത്തൊഴിലാളികൾക്കും കർഷകർക്കുമെല്ലാം പെൻഷൻ കൊടുത്തിട്ടുള്ള ബഹുമാന്യനായ ശ്രീ. കെ.എം.മാണി സാർ...... ഞാൻ ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ പൊതുജീവിതത്തിൽ ഏറ്റവും വലിയ കാര്യമായി പാവങ്ങൾക്കുവേണ്ടി ചെയ്ത കാരുണ്യ

ലോട്ടറിയെ കാണുമ്പോൾ................ കാരുണ്യ ബെനവലന്റ് ഫണ്ട് സത്യത്തിൽ ലോകം മുഴുവൻ ഫ്ളോറൻസ് നൈറ്റിംഗേലിനെ സ്മരിക്കുന്നതുപോലെ രാപ്പാടികൾ പോലും പാടിത്തളരുന്ന യാമങ്ങളിൽപ്പോലും കാരുണ്യത്തിന്റെ കൈത്തിരിയുമായി വന്ന ഒരു മാലാഖയായി ഫ്ളോറൻസ് നൈറ്റിംഗേൽ കാണുന്നതുപോലെ കേരളത്തിലെ പാവങ്ങൾ, അവരുടെ കുടുംബങ്ങളിലെ ഹൃദയങ്ങളിൽ സ്ഥാനം നേടിയ ധനകാര്യമന്ത്രിയാണ് ശ്രീ. കെ.എം. മാണി സാർ എന്നുള്ളതുകൊണ്ട് പാവങ്ങൾക്കുവേണ്ടി അവരുടെ കണ്ണീ രൊപ്പാൻ.......... അതിൽ എൽ.ഡി.എഫ്, യു.ഡി.എഫ് നോക്കിയല്ല കാരുണ്യ ലോട്ടറി ശ്രീമതി ഇ.എസ്. ബിജിമോളെ കൊടുക്കുന്നത്. രോഗി ആരാണെന്ന് നോക്കിയാണ് കൊടുക്കുന്നത്. അതാണ് ഈ ഗവൺമെന്റിന്റെ മാനുഷിക മുഖമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ നന്മയ്ക്കുവേണ്ടി വികസനവും കരുതലുമെന്ന മുദ്രാവാക്യത്തിൽ നിന്നുകൊണ്ട് ജനങ്ങളേയും നാടിന്റെ പുരോഗതിയേയും ഒരുപോലെ മുന്നോട്ടുനയിക്കുവാൻ ശ്രമിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനുവേണ്ടി ധനകാര്യമന്ത്രിയെന്ന നിലയിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട കെ.എം. മാണി സാർ അവതരിപ്പിച്ചിട്ടുള്ള ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. എതിർക്കുന്നതിനുള്ള രണ്ടുമൂന്ന് കാരണങ്ങൾ മാത്രമേ ഇവിടെ ഉന്നയിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇന്ന് രാവിലെ ഗ്രാമപഞ്ചായത്തു കളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടക്കുകയുണ്ടായി. ആ ചർച്ചയിൽ വകുപ്പുമന്ത്രി സമ്മതിച്ചത് ഒരു ലക്ഷം പ്രോജക്ട് പ്രൊപ്പോസലുകൾ കിട്ടിയി

ട്ടുണ്ടെന്നാണ്. ഒമ്പത് മാസം കഴിഞ്ഞപ്പോഴാണ് ഒരു ലക്ഷം പ്രോജക്ട് പ്രൊപ്പോസലുകൾ കിട്ടിയത്. നമ്മുടെ സംസ്ഥാനത്തിലെ ആയിരത്തിലധികം വരുന്ന തദ്ദേശശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഗ്രാമീണ മേഖലകളിൽ ഈ സാമ്പത്തിക വർഷം ഇതുവരെയായും വികസന പ്രവർത്തനങ്ങൾ നടന്നില്ലായെന്നാണ് അതിനർത്ഥം. അങ്ങനെ വന്നാൽ നമ്മുടെ സംസ്ഥാനം വികസന മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കുകയാണെന്നല്ലാതെ എന്താണ് വിശേഷിപ്പിക്കുന്നത്. വികസന സ്തംഭനം ഉണ്ടാക്കിയ ഗവൺമെന്റാണിത്. ആയിരത്തിലധികം ഗ്രാമപഞ്ചായത്തുകളെ പ്രവർത്തിപ്പിക്കാതെ മരവിപ്പിച്ച് നിർത്തി വികസന സ്തംഭനം ഉണ്ടാക്കിയ സർക്കാരാണ്. ആ സർക്കാരിനെ എങ്ങനെയാണ് അനുകൂലിക്കുവാൻ കഴിയുന്നത്. അതുപോലെതന്നെയാണ് ഈ ഗവൺമെന്റിനെ ആർക്കാണ് വിശ്വാസം. ഇന്ന് രാവിലെ നമ്മൾ മറ്റൊരു ചർച്ചയ്ക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നു. ആഭ്യന്തരമന്ത്രിയുടെ തൊട്ടടുത്തിരിക്കുന്ന നമ്മുടെ നിയമസഭയിലെ ഭരണകക്ഷിയിലെ പ്രമുഖനായ ചീഫ് വിപ്പ്, അദ്ദേഹം എന്താണ് പറഞ്ഞത്; മലബാർ സിമന്റസുമായി ബന്ധപ്പെട്ട കേസ് അട്ടിമറിക്കുവാൻ ശ്രമിക്കുന്നു. ആരാണ് അട്ടിമറിക്കുവാൻ ശ്രമിക്കുന്നത്; അഡീഷണൽ അഡ്വ. ജനറലിനെ അദ്ദേഹത്തിന് വിശ്വാസമില്ല. സി.ബി.ഐ. അന്വേഷണം നടത്തുമെന്ന കാര്യത്തിൽ ഒരു കാര്യക്ഷമതയില്ലായെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആഭ്യന്തരവകുപ്പുമന്ത്രി അതിന് മറുപടി പറയുകയും ചെയ്തു. പക്ഷേ ഭരണകക്ഷിയിലെ പ്രമുഖനാണ് സംശയം, ചീഫ് വിപ്പിനാണ് ആ സംശയം. ചീഫ് വിപ്പിന് അങ്ങനെയൊരു സംശയം ഉണ്ടെങ്കിൽ എം.എൽ.എ-മാരായ ഞങ്ങൾ എങ്ങനെയാണ് ഗവൺമെന്റിനെ വിശ്വസിക്കുന്നത്; ഞങ്ങൾക്ക് ഈ ഗവൺമെന്റിനെ വിശ്വാസമില്ലെങ്കിൽ എങ്ങനെയാണ് ജനങ്ങൾ ഈ ഗവൺമെന്റിനെ വിശ്വസിക്കുന്നത്; അങ്ങനെ

വിശ്വാസത്തകർച്ച സ്വയം നേരിട്ടുകൊണ്ടിരിക്കുന്ന ഗവൺമെന്റാണെന്ന കാര്യം ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഇന്ന് രാവിലെ ഞാനൊരു സബ്മിഷൻ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിച്ചാൽ എനിക്കൊരു അനുഗ്രഹമായിരിക്കും. മലബാറിലെ ജനങ്ങളുടെ ഏറ്റവും വലിയ പ്രതീക്ഷയാണ് കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ. അവിടെ ജീവനക്കാർ ഇല്ലാത്തതു കൊണ്ട് 81 ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ കിട്ടിയിട്ട് മന്ത്രി മറുപടി പറഞ്ഞത്, അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാമെന്നാണ്. പാമ്പാടിയെയും പാലായെയും ഞാൻ ചെറുതായി കാണുന്നില്ല. പക്ഷേ അതിനേക്കാൾ ചെറുതല്ല മലബാറിലെ ജനങ്ങളുടെ പ്രതീക്ഷയായ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ. 120 പോസ്റ്റിനാണ് സാങ്ഷൻ കൊടുത്തത്. 81 പോസ്റ്റിന്റെ പ്രൊപ്പോസൽ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുമെന്ന മറുപടി ചെയറിൽ ഇരിക്കുന്ന അങ്ങേയ്ക്കും ഇവിടെയിരിക്കുന്ന മെമ്പർമാർക്കും കിട്ടിയാൽ എങ്ങനെയാണ് ആ ഗവൺമെന്റിനെ കാര്യക്ഷമതയുള്ള ഗവൺമെന്റ്, മനുഷ്യത്വമുഖമുള്ള ഗവൺമെന്റെന്ന് എങ്ങനെയാണ് വിശേഷിപ്പിക്കുക? ശ്രീ. സി.പി മുഹമ്മദ് സംസാരിച്ചപ്പോൾ മുഖ്യമന്ത്രിയെക്കുറിച്ച് ഒരുപാട് നല്ല കാര്യങ്ങൾ പറഞ്ഞു. പറഞ്ഞ നല്ല കാര്യങ്ങൾ പിൻവലിക്കണമെന്ന് ഞാൻ ഒരിക്കലും പറയില്ല. ആരേക്കുറിച്ചും നല്ല കാര്യങ്ങൾ പറയുന്നത് കേൾക്കുവാൻ എല്ലാവർക്കും ഇഷ്ടമാണ്. ആ മുഖ്യമന്ത്രിയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഇനി ഞാൻ പറയുവാൻ പോകുന്ന വാക്ക് എന്റെയും ഈ സഭയിലെ മിക്കവാറും ആളുകളുടേയും ബഹുമാന്യനേതാവായി അംഗീകരി

ക്കുന്ന കേന്ദ്രമന്ത്രി വയലാർ രവിയാണ്. അദ്ദേഹം പറഞ്ഞു ജനക്കൂട്ടത്തിന്നിയിടയിൽ നിന്ന് നിവേദനം സ്വീകരിക്കലല്ല ഭരണമെന്ന് ഉമ്മൻ ചാണ്ടി ഇനിയെങ്കിലും മനസ്സിലാക്കണമെന്ന്, അദ്ദേഹമാണ് പറഞ്ഞത്. എന്താണ് സാർ അദ്ദേഹം ഉദ്ദേശിച്ചിട്ടുണ്ടാകുന്നതെന്ന് വിശദീകരിച്ചുതന്നാൽ ഞാനത് മനസ്സിലാക്കാം. ഏത് രംഗം എടുത്തുനോക്കിയാലും ഒരു തരത്തിലും ആരെയും തൃപ്തിപ്പെടുത്താത്ത എല്ലാവരുടെയും വിമർശനത്തിന് പാത്രീഭൂതമായ ഒരു ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഒരു സഭയുടെ അനുമതി കിട്ടിയ സപ്ലിമെന്ററി ഗ്രാന്റ് ചെലവഴിക്കുന്നതിന് ഈ സഭയുടെ അനുവാദമാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചോദിക്കുന്നത്. വളരെ അഭിമാനത്തോടുകൂടിത്തന്നെ അദ്ദേഹത്തിന് ഇതിന് അനുവാദം ചോദിക്കുവാൻ കഴിയും. കാരണം അത്ര മികച്ച സാമ്പത്തിക മാനേജ്മെന്റ് വഴി സംസ്ഥാനത്തെ സാമ്പത്തിക നിലയെ നിയന്ത്രണത്തിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞ 19 മാസക്കാലം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പ്ലാൻ എക്സ്പെന്റീച്ചർ, ഒരു ഗവൺമെന്റിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെയും അതിന്റെ എകസ്പെന്റീച്ചറിനേയും കുറിച്ച് നോക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സൂചകം അതിന്റെ പ്ലാൻ എക്സ്പെന്റീച്ചറാണ്. കഴിഞ്ഞ വർഷത്തെ പ്ലാൻ എക്സ്പെന്റീച്ചർ 91 ശതമാനമാണ്. 91 ശതമാനം പ്ലാൻ എക്സ്പെന്റീച്ചർ ചെയ്യുവാൻ വേണ്ടി ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. സമീപകാലത്തെ ഏറ്റവും മികച്ച പെർഫോർമെൻസാണ് 91 ശതമാനം പ്ലാൻ എക്സ്പെന്റീച്ചർ. ഈ വർഷം

ഡിസംബർ ആയി, നമ്മുടെ മൂന്ന് ക്വാർട്ടറുകളായി. നമ്മുടെ റവന്യൂ റസീപ്റ്റ്, 22 ശതമാനം വരുമാന വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. എക്സ്പെന്റീച്ചർ ഗ്രോത്ത് 17 ശതമാനമാണ്. എത്ര വളരെ ക്വാളിറ്റി എക്സ്പെന്റീച്ചറാണ് ഉണ്ടായിരിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ സൂചനയാണ്. 17 ശതമാനം എക്സ്പെന്റീച്ചർ ഗ്രോത്തും അതേസമയം 22 ശതമാനം റവന്യൂ റെസീപ്റ്റിൽ വർദ്ധനവും ഉണ്ടായിരിക്കുന്നു. സാമ്പത്തിക മേഖലയെ, സമ്പദ് വ്യവസ്ഥയെ കൃത്യമായി നിയന്ത്രിക്കുന്നതിനുവേണ്ടിയിട്ടുള്ള പരിണിതപ്രജ്ഞനായ ധന കാര്യമന്ത്രിക്ക് കഴിഞ്ഞിരിക്കുന്നവെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാ ണിത്. ക്വാളിറ്റി എക്സ്പെന്റീച്ചറാകണം നമ്മുടെ ധനവിനിയോഗം ചെയ്യുന്നതെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. നമുക്ക് നല്ല അസെറ്റ് ക്രിയേഷൻ ഉണ്ടാകണം. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ നിയോജക മണ്ഡലങ്ങളിലും, ഏതെങ്കിലും ആർക്കെങ്കിലും പ്രത്യേകമായി കൊടുക്കുകയല്ല. അഞ്ച് കോടി രൂപവീതം അസെറ്റ് ഡെവലപ്മെന്റ് ഫണ്ടു ണ്ടാക്കുവാൻ വേണ്ടി 705 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. നമ്മുടെ എക്സ്പെന്റീച്ചർ അതിന്റെയകത്ത് ഉണ്ടാകുവാൻ പോകുന്നത് അസെറ്റ് ക്രിയേഷനാണ്. ക്വാളിറ്റി എക്സ്പെന്റീച്ചറിന്റെ ഏറ്റവും മകുടമായ ഉദാഹര ണമാണ് അസെറ്റ് ക്രിയേഷൻ ഉണ്ടാവുകയെന്നുള്ളത്. അങ്ങനെ കേരള ത്തിന്റെ സമ്പദ് വ്യവസ്ഥയേയും സാമ്പത്തിക മാനേജുമെന്റിനേയും ശരി യായ ട്രാക്കിലേക്ക് കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. എത്രയോ വർഷങ്ങളായി നമ്മൾ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കു ന്നു. ബഡ്ജറ്റിനെക്കുറിച്ച് ഭരണഘടന പറയുന്നത് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നാണ്. പക്ഷേ പിന്നീട് ഓരോ വർഷവും ബഡ്ജറ്റിന് പുതിയ

രൂപവും ഭാവവും ഉണ്ടായി. നല്ല ബഡ്ജറ്റ് പ്രസംഗങ്ങൾ നമ്മുടെ സംസ്ഥാനത്ത് ധാരാളം ഉണ്ടായിരുന്നു. പക്ഷേ ഇല്ലാത്തത് ഒരു കാര്യം മാത്രമാണ്. ബഡ്ജറ്റിൽ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനത്തിന്റെ അഭാവം നമ്മുടെ സാമ്പത്തിക രംഗത്തുണ്ട്. അതിനായി പെർഫോർമെൻസ് ഓഡിറ്റിംഗ് നടത്തണം. എല്ലാ വർഷവും ബഡ്ജറ്റിൽ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാകുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള മെക്കാനിസം നമുക്കുണ്ടാകണം. ബഡ്ജറ്റിൽ പരാമർശിക്കുന്ന എത്രകാര്യങ്ങൾ നടപ്പിലാക്കിയെന്നുള്ളത് ഓരോ ക്വാർട്ടറിലും റിവ്യൂ ചെയ്യാനും മോണിറ്റർ ചെയ്യാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഇല്ലെങ്കിൽ ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ സാംഗത്യം, അതിന്റെ വിശ്വാസ്യത തന്നെ തകർന്നുപോകുന്ന കാര്യങ്ങളിലേക്ക് പോകും. അപ്പോൾ തീർച്ചയായും അങ്ങനെ ഒരു റിവ്യൂ ഉണ്ടാകുമ്പോഴും പെർഫോർമെൻസ് ഓഡിറ്റിംഗിന്റെ റിപ്പോർട്ട് ഈ സഭയിൽ സമർപ്പിക്കുകയും ചെയ്യുന്ന ഒരു സംവിധാനം വേണം. അങ്ങനെ വരുമ്പോൾ ആവശ്യമുള്ള കാര്യങ്ങൾ മാത്രം, ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ മാത്രം ബഡ്ജറ്റിൽ പറയുകയും അത് സമയബന്ധിതമായി നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം മാറിമാറി വരുന്ന ഗവൺമെന്റുകൾക്ക് ഉണ്ടാകുകയും ചെയ്യും. ഓരോ ഡിപ്പാർട്ടുമെന്റിലും കൊടുത്തിരിക്കുന്ന അലോക്കേഷൻസ് സമയബന്ധിതമായി ചെലവഴിക്കുന്നതിനും കൃത്യമായി അതിന്റെ ക്വാളിറ്റി എക്സ്പെൻഡീച്ചർ ഉണ്ടാക്കുന്നതിനുമായി അതാത് ഡിപ്പാർട്ടുമന്റുകളിന്മേൽ സമർദ്ദമുണ്ടാക്കുന്നതിന് അത് പ്രയോജനപ്പെടുന്നു. നമ്മൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങളെല്ലാം പിന്നീടുള്ള ബഡ്ജറ്റ് വരുമ്പോൾ ആ ബഡ്ജറ്റിനോടൊപ്പംതന്നെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ പെർഫോർമെൻസ് ഓഡിറ്റ്

റിപ്പോർട്ട് കൂടി വെയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ സാമ്പത്തികരംഗം കുഴപ്പമില്ലാതെ മുന്നോട്ടുപോകുകയാണെങ്കിൽപ്പോലും കേരളം ഇതുവരെ കാണാത്ത രീതിയിലുള്ള വലിയ വരൾച്ചയും ജലക്ഷാമവും ഉണ്ടാകാൻ പോകുകയാണ്. ഇപ്പോൾതന്നെ അതിന്റെ സൂചനകൾ കണ്ടുതുടങ്ങിയിട്ടുണ്ട്. പെരിയാറിൽ ഉപ്പുവെള്ളം കയറിയതിനാൽ അവിടത്തെ പമ്പിംഗ് 54 മണിക്കൂർ നിർത്തിവയ്ക്കേണ്ടിവന്നു. 54 മണിക്കൂർ പമ്പിംഗ് നിർത്തിവച്ചപ്പോൾ മൂന്ന് ആഴ്ചയോളം വിശാല കൊച്ചിയിലെ കുടിവെള്ള വിതരണം ഡിസോർഡറിലായി. അടുത്തവർഷം കൂടുതൽ ഉപ്പുവെള്ളം കയറുമെന്നാണ് കരുതുന്നത്. കാരണം സീബെഡിനേക്കാൾ താഴെയാണ് റിവർബെഡ്. ഉപ്പുവെള്ളം കയറിയാൽ ഒരു മാസത്തോളം നമുക്ക് കുടിവെള്ള വിതരണത്തിനുള്ള പമ്പിംഗ് നിർത്തിവയ്ക്കേണ്ടി വരും. ഒരു മാസം പമ്പിംഗ് നിർത്തിവച്ചാൽ മൂന്നാല് മാസക്കാലം ആ മേഖലയിലെ മുഴുവൻ കുടിവെള്ള വിതരണവും താറുമാറാകുകയും കലാപ സമാനമായ അന്തരീക്ഷം കേരളത്തിൽ സംജാതമാകുകയും ചെയ്യും. ഈ രൂക്ഷമായ ജലക്ഷാമത്തെ നേരിടാൻ വേണ്ടിയുള്ള യുദ്ധസമാനമായ തയ്യാറെടുപ്പുകൾ നമ്മുടെ ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ഈ ഡിസംബർ മാസത്തിൽതന്നെ അതിനുള്ള വലിയ സൂചനകൾ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടുകഴിഞ്ഞു. ഉപ്പുവെള്ളം കയറുമ്പോൾ അതിനെ പുറകിലേക്കുതള്ളുന്നത് വലിയ ഡാമുകളിൽ നിന്നുള്ള ഡിസ്ച്ചാർജ്ജാണ്. ഈ ഡാമുകളിൽ ആവശ്യത്തിനുള്ള വെള്ളത്തിന്റെ 50 ശതമാനം പോലുമില്ലാത്തതുകൊണ്ട് ആ വെള്ളം താഴേയ്ക്ക് തള്ളി ഉപ്പു

വെള്ളത്തെ പുറകിലേക്ക് മാറ്റാൻ കഴിയുന്നില്ല. കേരളത്തിലെ നദികൾ മുഴുവൻ ഗൗരവതരമായ ഭീഷണിയെ നേരിടുകയാണ്. ഇവിടെ കുടിവെള്ള ക്ഷാമമുണ്ടാകുകയും വാട്ടർ കണ്ടെന്റ് ഗൗരവതരമായി കുറയുകയും ചെയ്യുന്നു. രൂക്ഷമായ മണൽ വാരൽ കാരണം നദികളുടെ കര ഇടിഞ്ഞു കൊണ്ടിരിക്കുകയാണ്. ഞങ്ങൾ നെയ്യാറിൽ പോയപ്പോൾ കാണാൻ കഴിഞ്ഞതും അതാണ്. അവിടെയുള്ള മണൽ മുഴുവൻ എടുത്തപ്പോൾ കരയിടിഞ്ഞ് 200 മീറ്ററോളം അകത്തേക്ക് പോയി. പിന്നെ വീണ്ടും കരയി ലുള്ള ആളുകളുടെ സ്ഥലങ്ങൾ വാങ്ങി. 50 മീറ്ററും 100 മീറ്ററുമെല്ലാം മൈൻ ചെയ്യുന്ന അവസ്ഥയിലേക്ക് പോകുകയാണ്. ഒരു പ്രദേശം മുഴുവൻ അപ്രത്യക്ഷമായ ഭയാനകമായ കരളലിയിക്കുന്ന രംഗങ്ങളാണ് ഉണ്ടായി ക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ നദികൾ നേരിടുന്ന ഈ ഭീഷണിയെ ഗൗരവമായി കൈകാര്യം ചെയ്യണം. നമ്മുടെ പശ്ചിമഘട്ട മലനിരകളെ ക്കുറിച്ചുള്ള ഗൗരവകരമായ ചർച്ചയ്ക്ക് ഈ സഭ വേദിയാകാൻ പോകുകയാണ്. ഞാൻ അതിലേക്ക് പോകുന്നില്ല. ഈ പശ്ചിമഘട്ട മല നിരകളിൽ നിന്നുമാണ് കേരളത്തിലെ 41 നദികൾ ഉത്ഭവിക്കുന്നത്. പശ്ചിമ ഘട്ട മലനിരകളെ സംരക്ഷിക്കാൻ നമുക്ക് കഴിയണം. അവിടെയുള്ള അനധികൃത മണൽവാരലും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികളും നിയന്ത്രിക്കാൻ കഴിയണം. നിക്ഷിപ്ത താൽപര്യക്കാർ തങ്ങളുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഈ പറയുന്ന ഷേഡി ആക്ടിവിറ്റീസ് നടത്തുന്നതിനു വേണ്ടിയുള്ള ശ്രമത്തിന് സമ്മർദ്ദം ചെലുത്തുകയാണ്. ഗാഡ്ഗിൽ റിപ്പോർട്ടിന് എതിരായി പ്രചരിക്കുന്ന കിംവദന്തികളുടെ പിന്നിൽ ഇത്തരം ശക്തികൾ ഉണ്ട് എന്നുള്ള വിവരം ഈ വിഷയത്തെക്കുറിച്ച് സഭയിൽ ചർച്ച നടത്തുമ്പോൾ

വിട്ടുപോകരുതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കപ്പെട്ടതിനെക്കുറിച്ച് ഗോവയിൽ ഒരു കമ്മീഷന്റെ റിപ്പോർട്ട് വന്നു. അനധികൃതമായ ക്വാറിയിംഗ് വഴി ആ സംസ്ഥാനത്തിന്റെ 35,000 കോടി രൂപയാണ് നഷ്ടപ്പെട്ടത്. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ട പ്രകൃതിയുടെ വരദാനമായ ഇത്തരം അമൂല്യ സ്വത്തുക്കൾ കവർന്നെടുക്കുന്ന ആളുകളെ നിലയ്ക്ക് നിറുത്താൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ അടിസ്ഥാന മേഖലകൾക്ക് യാതൊരു കുറവുമില്ലാതെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ആരോഗ്യ മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ ഭീഷണി മരുന്നുകളുടെ വില വർദ്ധനവാണ്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി ഇടപെട്ടെങ്കിൽ മാത്രമേ അത് വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് സാധിക്കുകയുള്ളൂ. സംസ്ഥാന ഗവൺമെന്റ് മരുന്നുകളുടെ വില കുറയ്ക്കാൻ വേണ്ടി എടുക്കുന്ന നടപടികളെ ഞാൻ അഭിനന്ദിക്കുന്നു. അതേസമയം തന്നെ സംസ്ഥാന ഗവൺമെന്റ് മരുന്നുകളുടെ വില കുറയ്ക്കാൻ എടുക്കുന്ന നടപടികളെ അട്ടിമറിക്കാൻ വേണ്ടി മരുന്നുമാഫിയ സജീവമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിൽക്കുകയാണ്. ആ മരുന്നുമാഫിയയെക്കൂടി നിലയ്ക്ക് നിർത്താൻ സാധിക്കണം. ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ബഹുമാന്യനായ തോമസ് ഐസക് ഉൾപ്പെടെയുള്ളവർ കെ.എസ്.ഡി.പി.യുടെ കാര്യത്തെക്കുറിച്ച് നിരവധി തവണ പറയുകയുണ്ടായി. കെ.എസ്.ഡി.പി.യുടെ മരുന്ന് വാങ്ങിയാൽ ആ മേഖലയിലെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്ക

പ്പെടുമെന്നാണ് പറയുന്നത്. കെഎസ്.ഡി.പി. ഒരു പൊതുമേഖലാ സ്ഥാപനമാണ്. ആ പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് മരുന്ന് വാങ്ങിക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ചില നടപടിക്രമങ്ങളുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റേത് ടെണ്ടർ പ്രൊസിഡ്യൂറാണ്. കെ.എസ്.ഡി.പി. ആ ടെണ്ടർ പ്രൊസീഡ്യുറിന്റെ ഭാഗഭാക്കാകണം. ഒരു പൊതുമേഖലാ സ്ഥാപനം എന്നുള്ള നിലയിൽ അവർക്ക് നൽകാൻ കഴിയുന്നത് 15 ശതമാനം പ്രൈസ് ഡിഫറൻസ് മാത്രമാണ്. 100 രൂപയ്ക്ക് ഒരു കമ്പനി മരുന്ന് ക്വാട്ട് ചെയ്താൽ 115 രൂപ വേണമെങ്കിൽ കെ.എസ്.ഡി.പി.ക്ക് വയ്ക്കാം. ആ 115 രൂപ ക്വാട്ട് ചെയ്യുന്ന കെ.എസ്.ഡി.പി.ക്ക് മരുന്ന് കൊടുക്കണം. അവർ ഉൽപ്പാദിപ്പിക്കുന്ന എല്ലാ മരുന്നുകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വാങ്ങിക്കാൻ സാധിക്കില്ല. ഓരോ ആശുപത്രികളിൽ നിന്നും വരുന്ന മരുന്നുകളുടെ ഇന്റന്റ് അനുസരിച്ചാണ് അവിടെ ടെണ്ടർ നടപടികളുണ്ടാകുന്നത്. അതുകൊണ്ട് മരുന്നുമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കെ.എസ്.ഡി.പി.യിൽ മരുന്ന് കെട്ടിക്കിടക്കുന്നതാണ് എന്നുള്ള നിഗമനത്തിലേക്ക് പോകുന്നത് ശരിയല്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെണ്ടർ നടപടിക്രമങ്ങളിൽ വെള്ളം ചേർക്കാൻ ഒരു കാരണവശാലും അനുവദിക്കരുത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികളിൽ അനാവശ്യമായി ഇടപെട്ടാൽ അത് നമ്മുടെ സംസ്ഥാനത്തെ മരുന്ന് വിതരണ സംവിധാനത്തെ ആകെ അട്ടിമറിക്കും. ആ മരുന്നുകളുടെ വില നിയന്ത്രിച്ചുകൊണ്ട് സാധാരണക്കാരനെ സഹായിക്കാൻ വേണ്ടിയുള്ള ശക്തമായ നടപടികളാണ് സ്വീകരിക്കേണ്ടത്. എല്ലാ പെൻഷനുകളും ഈ ഡിസംബർ

31-നുമുമ്പ് കോടുത്തുതീർക്കാൻ വേണ്ടിയുള്ള ഗൗരവതരമായ തീരുമാനം ഈ ഗവൺമെന്റ് എടുത്തിരിക്കുന്നു. ഏറ്റവും സ്വാഗതാർഹമായ തീരുമാന മാണ് അതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതേ അവസര ത്തിൽ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ പരമ്പരാഗത മേഖലയെ പൂർണ്ണമായി നിലനിർത്താൻ വേണ്ടിയുള്ള ശക്തമായ നടപടി കൾകൂടി സ്വീകരിക്കേണ്ടതുണ്ട്. കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ മേഖലകളിലുള്ള പ്രതിസന്ധികളെ ഈ ഗവൺമെന്റ് കുറച്ചുകൂടി സമഗ്രമായി സമീപിക്കുകയും ആ മേഖലകളിലെ വിഷയങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ നടപടികൾകൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സമഗ്രമായ ഒരു സാമ്പത്തിക സമീപനമുള്ള, വികസന സ്വപ്നങ്ങളുള്ള അതുപോലെതന്നെ ആ വികസന സ്വപ്നങ്ങളെ തീർച്ച യായും ഒരു സന്തുലിത വികസനമായി മുന്നോട്ടുകൊണ്ടുപോകാനും നമുക്ക് സാധിക്കണം. നമ്മുടെ പരിസ്ഥിതിയെയും പ്രകൃതിയെയും സംരക്ഷി ക്കുകയും അതേ അവസരത്തിൽത്തന്നെ നമ്മുടെ വികസന സ്വപ്നങ്ങൾക്ക് ചിറക് വെയ്പ്പിക്കുകയും ചെയ്യുന്ന സന്തുലിതമായ വികസനമായിരിക്കണം പ്രധാനമായി ഈ ഗവൺമെന്റ് മുന്നോട്ടുവെയ്ക്കേണ്ടത് എന്ന് സൂചിപ്പിച്ചു കൊണ്ട് ഈ ബില്ലിനെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനപ്പിക്കുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം കൂടി കേട്ടപ്പോൾ ഈ ബില്ലിന് അംഗീകാരം കൊടുക്കേണ്ടതില്ലെന്നുള്ള കാര്യം വളരെ കൃത്യമായി ബോധ്യപ്പെട്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ആരാണ് മരുന്നിന്റെ വില വർദ്ധിപ്പിച്ചത്? പേറ്റന്റ് നിയമത്തിലുണ്ടാക്കിയിട്ടുള്ള

മാറ്റത്തിന്റെ ഭാഗമായുണ്ടായ ഈ വിലവർദ്ധനവ് എങ്ങനെ തടയാൻ സാധിക്കും? ഏത് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും നടപ്പിലാക്കുന്ന കാര്യങ്ങളിലൂടെ കുറച്ചാളുകൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമെന്നല്ലാതെ അത് പൂർത്തിയാക്കാൻ കഴിയില്ല. കാരണം, ഇന്ത്യാ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമാണ്. ഇവിടെ എന്ത് പ്രവൃത്തികൾക്കാണ് ശ്രീ. കെ. എം. മാണി പണം അനുവദിച്ചുകൊടുക്കുന്നത്. ഇവിടെ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചപ്പോഴുണ്ടായ സാമൂഹ്യനീതി എന്തായിരുന്നുവെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ഈ നാട്ടിലെ ഏറ്റവും പാവപ്പെട്ട ആളുകൾക്കുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ, ഇവിടത്തെ സമ്പത്തിൽ അവർക്കുകൂടി പങ്കുവഹിക്കാൻ കഴിയുന്നുവെന്നുള്ളതായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള സ്ഥിതിയെന്താണ്? 70 ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്ക് കഴിഞ്ഞ ഗവൺമെന്റ് രണ്ടുരൂപയ്ക്ക് അരികൊടുത്തു. എന്നാൽ, ഈ ഗവൺമെന്റ് വന്നപ്പോൾ ഒരു രൂപയ്ക്ക് അരികൊടുക്കുമെന്ന് പറഞ്ഞെങ്കിലും ആ ആനുകൂല്യം ഈ നാട്ടിലെ എത്രപേർക്കാണ് കിട്ടുന്നത്; ഒരു രൂപയ്ക്ക് അരി കൊടുക്കുന്നുണ്ടോ എന്നതല്ല, അത് എത്ര പേർക്ക് കിട്ടുന്നുവെന്നാണ് നോക്കേണ്ടത്. രണ്ടുരൂപയ്ക്ക് അരി ലഭിച്ചിരുന്ന ബഹുഭൂരിപക്ഷം ആളുകൾക്കും ഒരു രൂപയ്ക്ക് അരി കിട്ടുന്നില്ലെന്ന് മാത്രമല്ല, അവിടെയും വലിയ രൂപത്തിലുള്ള കരിഞ്ചന്തയാണ് നടക്കുന്നത്. കേന്ദ്രത്തിൽ നിന്ന് രണ്ട് രൂപയ്ക്ക് കിട്ടുന്ന അരി കൂടിയ വിലയ്ക്ക് ജനങ്ങൾക്ക് കൊടുത്തിട്ട് കേന്ദ്രത്തിൽ നിന്ന് ടൺ കണക്കിന് അരി അനുവദിക്കുന്നതിലൂടെ അരിയുടെ വിലവർദ്ധനവ് തടയാൻ സാധിക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നത്? അവിടെ നിന്ന് വില കുറച്ച് വാങ്ങിക്കൊണ്ടു

വരുന്ന അരി നാട്ടിലെ സാധാരണ ജനങ്ങൾ വലിയ വിലകൊടുത്ത് വാങ്ങേണ്ട ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. ഏറ്റവും കൂടുതൽ ജനങ്ങൾ ജീവിക്കുന്ന ഇത്തരമൊരു മേഖലയിലേയ്ക്കുകൂടി കുത്തകകളെ കൊണ്ടുവരുന്നൊരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഈ സംസ്ഥാനത്തേയ്ക്ക് അത്തരം കുത്തകകളെ കടത്തുകയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോഴും ഇവിടെ നിന്ന് ജയിച്ചുപോയ എം.പി.-മാർ ഈ കാര്യത്തിനുവേണ്ടിയായിരുന്നു അവിടെ വോട്ട് ചെയ്തത്. ഇവർ എടുക്കുന്ന സമീപനങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ ഗവൺമെന്റ് എടുത്ത നല്ല കാര്യങ്ങൾ എന്താണെന്ന് നമുക്കറിയാം. ഇവിടെ അരിക്ക് ക്ഷാമം അനുഭവപ്പെട്ടപ്പോൾ ബംഗാളിൽ നിന്ന് ഇവിടേയ്ക്ക് അരി ഇറക്കുമതി ചെയ്യാനാവശ്യമായ സംവിധാനമുണ്ടാക്കുകയും 5000 അരി വിപണന മേളകൾ ആരംഭിക്കുകയും ചെയ്തു. 8 നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ച് വർഷക്കാലം നയാപൈസപോലും വില വർദ്ധിക്കാത്ത അവസ്ഥ ഈ കേരളത്തിലുണ്ടായി. ഇപ്പോൾ, ചില കാര്യങ്ങളിൽ കേരളം പിന്നിലാണെന്ന് പറയാൻ പറ്റില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 15372 സ്ത്രീപീഡനങ്ങൾ നടന്നുവെന്നാണ് കണക്ക്. ഡൽഹിയിൽ, മനുഷ്യമന:സാക്ഷിയെ ഞെട്ടിക്കുന്ന വിധത്തിൽ ബസ്സിൽ വച്ച് നടന്ന പീഡനത്തെക്കുറിച്ച് ആലോചിക്കുമ്പോൾത്തന്നെ മനുഷ്യനായിട്ടുള്ള ആരും വല്ലാത്ത രൂപത്തിൽ ചുരുങ്ങിപ്പോകും. നമ്മൾ മൃഗങ്ങളെക്കാളും പുറകിലാണെന്ന് ആലോചിച്ചുപോകുന്ന ഒരവസ്ഥ. കേരളവും തീരെ പുറകിലല്ല. 15372 സ്ത്രീപീഡനം നടന്നു. ഇതിലെ 3766 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. എന്നിട്ടും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, പുതിയ നിയമം

കൊണ്ടുവരുമെന്നാണ്. ആ നിയമം വച്ച് എന്ത് കാര്യമാണ് ചെയ്യാൻ പോകുന്നത്. 1661 ബലാൽസംഗകേസ് റിപ്പോർട്ട് ചെയ്തു. പതിനൊന്നുമാസത്തിനിടയിൽ അടിയന്തരപ്രമേയ വിഷയമായി അവതരിപ്പിച്ച സുന്ദരിയമ്മയുടെ കേസ് ഉൾപ്പെടെ 371 സ്ത്രീകൾ കൊല ചെയ്യപ്പെട്ടു. 199 കുട്ടികൾ പീഡിപ്പിക്കപ്പെട്ടു. പോലീസ് എന്ത് നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്? പോലീസ് യാതൊരുവിധ നടപടിയും സ്വീകരിക്കാതെ ഇവർക്കാവശ്യമുള്ള ഒത്താശകൾ ചെയ്തുകൊടുക്കുകയാണ്. ഇവിടെ ശ്രീമതി. കെ.എസ്. സലീഖ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ആഭ്യന്തരവകുപ്പുമന്ത്രി അതിന് മറുപടി പറയാൻ തയ്യാറായോ? പല കേസ്സുകളെക്കുറിച്ചും ഞങ്ങൾ ഏതറ്റംവരെയും പോകുമെന്ന് പറയുന്ന ആളുകൾ, ഈ നാട്ടിലെ സ്ത്രീകളെയും കുട്ടികളേയും ജീവിക്കാൻ ആവശ്യമായ പ്രവർത്തനത്തിന്, അവർക്ക് മനുഷ്യരായി ഈ നാട്ടിൽ ജീവിക്കാനാവശ്യമായ ഒരു സംവിധാനത്തിന് ഏതറ്റംവരെയും പോകുമെന്ന് പറയാനുള്ള ധൈര്യം കാണിക്കുമോ? നമ്മുടെ സമൂഹത്തിലെ എല്ലാവിഭാഗം സ്ത്രീകൾക്കും വലിയ രൂപത്തിലുള്ള പ്രയാസം അനുഭവിക്കേണ്ടിവരുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. എന്റെ മണ്ഡലത്തിൽ മുസ്ലീം ലീഗിന്റെ പഞ്ചായത്തുമെമ്പർക്കുവരെ പീഡനം ഏൽക്കുന്ന ഒരവസ്ഥയുണ്ടായിട്ടുണ്ട്. ഇന്ന് ശ്രീ. എ. പ്രദീപ് കുമാർ സബ്മിഷനായി അവതരിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട് നൂറോളം പ്രതികളാണുള്ളത്. അതിലൊരു പ്രതി പറഞ്ഞിട്ടുള്ളത്, ഓരോ വർഷവും 2 കോടി രൂപ അയാൾക്ക് ടേണോവർ ഉണ്ടന്നാണ്. ആറ് വർഷമായി അയാൾ ഈ കച്ചവടം തുടങ്ങി എന്നാണ്. അയാൾ കച്ചവടമായിട്ടാണ് സ്ത്രീപീഡനത്തെ കാണുന്നത്. ഇതിന് മദ്യവും മയക്കുമരുന്നുമൊക്കെ

കാരണമാകുന്നുണ്ട്. മദ്യത്തെക്കുറിച്ച് പറയുമ്പോൾ ഒരുകാര്യം പറയാതിരിക്കാൻ കഴിയില്ല. കാസർഗോഡ് കളക്ടർ ഇറക്കിയ.........

ശ്രീ. പി. ടി. എ. റഹീം: ബഹുമാനപ്പെട്ട അംഗം മദ്യത്തിന്റെ വിപണനത്തെപ്പറ്റിയാണല്ലോ ഇവിടെ സൂചിപ്പിക്കുന്നത്. കാസർഗോഡ് ജില്ലയിൽ ഒരു രാഷ്ട്രീയപാർട്ടിയുടെ യൂത്ത് വിഭാഗത്തിന്റെ സമ്മേളനം നടന്നപ്പോൾ അവിടെ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ പി.എസ്. മുഹമ്മദ് സഗീർ യൂത്ത് ലീഗിന്റെ സമ്മേളനം നടക്കുന്നതുകൊണ്ട് ക്രമസമാധാനപ്രശ്നമുണ്ടാകുമെന്നുപറഞ്ഞ് അവിടത്തെ ബാറുകളും ഔട്ട്ലെറ്റുകളും അടച്ചിടാൻ പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. കെ. ലതിക: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളക്ടർ അങ്ങനെ ഓർഡർ ഇട്ടതെങ്ങനെയെന്നാണ് പരിശോധിക്കേണ്ടത്. മുസ്ലീം യൂത്ത് ലീഗിന്റെ സമ്മേളനമായതുകൊണ്ടുതന്നെ, എനിക്ക് തോന്നുന്നത് ചിലപ്പോൾ ലീഗിന്റെ നേതാക്കന്മാർതന്നെ ബാറുകൾ അടച്ചിടണമെന്ന് അപേക്ഷ കൊടുത്തിട്ടുണ്ടാവും, എന്താണെന്ന് എനിക്കറിയില്ല. ഏതായാലും ലീഗിന്റെ സമ്മേളന ദിവസം ബാറുകളൊക്കെ അടച്ചിടണമെന്ന് കളക്ടർ ഉത്തരവിട്ടതായി കാണാൻ കഴിഞ്ഞു. മദ്യവും ഇതിന് കാരണമായിരിക്കാം. ധാരാളം പെൺവാണിഭകേസുകൾ കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുസ്ലീംലീഗിന്റെ സമ്മേളനം നടക്കുന്ന സ്ഥലങ്ങളിലെല്ലാം അന്നേ ദിവസം പട്ടണങ്ങളിൽ മദ്യം നിരോധിക്കണമെന്നൊരുത്തരവ് ഗവൺമെന്റ് കൊടുത്തിട്ടുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റേ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. കെ. ലതിക: കളക്ടർ നൽകിയ ഇത്തരമൊരു ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിലപ്പോൾ ഗവൺമെന്റിന്റെ ആവശ്യപ്രകാരമായി

രിക്കും. കാരണം, ഇതിനുമുമ്പ് കാസർഗോഡ് സംഭവം നടന്നത് ലീഗിന്റേയും സർക്കാരിന്റെയും ശ്രദ്ധയിൽ ഉണ്ടാകും.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ പറഞ്ഞ കാര്യം ഞാൻ ഗൗരവമായി എടുക്കുന്നില്ല. തമാശയായി പറഞ്ഞതാണെന്ന് മനസ്സിലായി. എന്നാലും റെക്കോർഡിൽ വരാൻ വേണ്ടിപറയുകയാണ്. ഗവൺമെന്റ് അങ്ങനെ ഒരു പാർട്ടിയുടെയും സമ്മേളനം പ്രമാണിച്ച് മദ്യം നിരോധിക്കാനുള്ള ഉത്തരവ് കൊടുക്കാറില്ല. എന്നുമാത്രമല്ല, ചില സ്ഥലങ്ങളിൽ ഉത്സവമോ പെരുന്നാളോ നടക്കുമ്പോൾ, അത് ഏതെങ്കിലും പ്രത്യേക സമുദായത്തിന്റെയല്ല, മദ്യഷാപ്പുകൾ അടച്ചിടണമെന്ന് കളക്ടർ തന്നെ ഉത്തരവ് കൊടുക്കാറുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ് സ്ഥിതിയെങ്കിൽ ഗൗരവമുള്ളൊരു കാര്യമാണിത്. കാസർഗോഡ് ഡിസ്ട്രിക് കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ് എന്റെ കൈവശമുള്ളത്. ആ ഉത്തരവിൽ അദ്ദേഹം പറയുന്നത്, 'As per the letter read above, the District Police Chief, Kasargod has reported that the Muslim Youth League has decided to conduct their public meeting and possession from 14 to 15$^{th}$ .....' അതിൽ പറയുന്നു; 'Shri Muhammad Zagir, IAS, District Majistrate and District Collector, Kasargod is satisfied with the report in this regard received from the District Police Chief, Kasargod. And an exercise of the powers conferred under the section 54 of the Abkari Act, hereby order that, all outlets of KSBC and Bar Hotels within the limit of Kasargode Muncipality shall be closed and sale of liquor

is strictly banned.' ഈ ഉത്തരവ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കാം. ഇത് സർക്കാരിന്റെ നയമല്ലെങ്കിൽ, ഇങ്ങനെയൊരു പാർട്ടി സമ്മേളനം ചേരുമ്പോൾ അന്ന് മദ്യനിരോധനം ഏർപ്പെടുത്തിയതിലൂടെ ഈ ജില്ലാ കളക്ടർ അദ്ദേഹത്തിന് തോന്നിയതുപോലെ ചെയ്തതാണോ; സർക്കാരിന്റെ നയത്തിന് വിരുദ്ധമായി പ്രവർത്തിക്കാൻ ഒരു ജില്ലാകളക്ടർക്ക് അധികാരമുണ്ടോ; ഇങ്ങനെ ഓരോ രാഷ്ട്രീയപാർട്ടിയും സമ്മേളനം ചേരുമ്പോൾ അവിടെ മദ്യം നിരോധിക്കണമെന്നുള്ള തീരുമാനം ഗവൺമെന്റിനുണ്ടോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുകൊണ്ട് പറയുകയാണ്. പല സ്ഥലങ്ങളിലും കളക്ടർമാർ എക്സൈസ് കമ്മീഷണറോട് ഇങ്ങനെ ആവശ്യപ്പെടാറുണ്ട്. പാർട്ടി സമ്മേളനം നടക്കുമ്പോൾ മാത്രമല്ല. ആളുകൾ കൂടുന്നിടത്തെല്ലാം ഏതെങ്കിലും തരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകുമെന്ന് പറഞ്ഞ് ഇവിടെയുള്ള എം.എൽ.എ.-മാർ തന്നെ കത്ത് തരാറുണ്ട്. കാസർഗോഡ് നടന്നൊരു സംഭവം മാത്രം എടുത്തുപറഞ്ഞ് അത് വേറെ രീതിയിൽ ചിത്രീകരിക്കുന്നത് ശരിയല്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സാധാരണഗതിയിൽ ഇവിടെ സമ്മേളനങ്ങൾ നടക്കുന്ന സമയത്തും മറ്റു സമയങ്ങളിലും റിക്വസ്റ്റ് വരാറുണ്ട്. മാരാമൺ കൺവെൻഷൻ നടക്കുമ്പോൾ കൺവെൻഷൻ അധികൃതർ തന്നെ പോലീസ് ഡിപ്പാർട്ടുമെന്റിനും എക്സൈസ് ഡിപ്പാർട്ടുമെന്റിനും സ്പെഷ്യൽ റിക്വസ്റ്റ് കൊടുക്കാറുണ്ട്. ചിലപ്പോൾ ഫെസ്റ്റിവെൽ സീസണാകുമ്പോൾ മദ്യനിരോധനം ഏർപ്പെടുത്തണമെന്ന് പറയും. വലിയ സമ്മേളനങ്ങൾ നടക്കുമ്പോഴൊക്കെ

ഇങ്ങനെ ഉണ്ടാകാറുള്ളതാണ്. അത് കോട്ടയത്തുമുണ്ടായിരുന്നു. കോട്ടയം സമ്മേളനത്തിനും അവിടെ മദ്യനിരോധനം ഏർപ്പെടുത്തിയിരുന്നു. സാധാരണഗതിയിൽ ലാ ആന്റ് ഓർഡർ സിറ്റ്വേഷൻ നേരെയാക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. കാസർഗോഡ് പ്രത്യേകിച്ച് ഒരു പ്രശ്നം കൂടിയുണ്ട്, എന്തുതൊട്ടാലും അവിടെ കമ്മ്യൂണൽ ഇഷ്യൂ ആവും. ദയവായി അക്കാര്യം ഇവിടെ ചർച്ച ചെയ്ത് വലുതാക്കരുത്. കാരണം കേരളത്തിന്റെ സുരക്ഷിതത്വത്തിന്റെ പ്രശ്നമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന് ഇക്കാര്യം നന്നായി അറിയാവുന്നതാണ്. എന്ത് തൊട്ടാലും അത് കമ്മ്യൂണൽ ഇഷ്യൂവായി മാറുന്ന ഒരു സ്ഥലത്ത് സൂക്ഷിക്കുക എന്നുള്ളത് ഒരു അഡ്മിനിസ്ട്രേഷന്റെ ചുമതലയാണ്. ദയവായി, ആ ചുമതലയും തമാശയുമായി കൂട്ടിക്കുഴയ്ക്കരുതെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇടപെട്ടതുകൊണ്ട് പറയുകയാണ്. ഈ സഭയെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി തെറ്റിദ്ധരിപ്പിക്കുകയാണ്. ഒരു പാർട്ടി സമ്മേളനത്തിന്റെ ഭാഗമായി ഇങ്ങനെയൊരു ഉത്തരവ് ഇതിനുമുമ്പ് ഒരിക്കലും ഇറങ്ങിയിട്ടില്ല. ഉത്സവത്തിന്റെ ഭാഗമായും മറ്റ് പരിപാടികളുടെ ഭാഗമായും ഇറക്കിയിട്ടുണ്ട്. കോട്ടയം സമ്മേളനത്തിന്റെ ഭാഗമായി അത്തരമൊരു ഉത്തരവ് ഇറക്കിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. അങ്ങനെയൊരു ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ ആ ഉത്തരവിന്റെ കോപ്പി സഭയുടെ മേശപ്പുറത്ത് വയ്ക്കണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനോട് എനിക്ക് യോജിപ്പാണ്. കാരണം, സി.പി.ഐ.(എം)-ന്റെ കോട്ടയം സമ്മേളനം നടപ്പോൾ ബാറുകൾ ക്ലോസ് ചെയ്യാൻ ഓർഡർ ഉണ്ടായിരുന്നുവെങ്കിൽ, പാർട്ടി സെക്രട്ടറിക്ക് സമ്മേളനവേദിയുടെ

മുന്നിൽ നിന്നുകൊണ്ട് ഇത് പാർട്ടി സമ്മേളനമാണെന്ന് പറയേണ്ട ഗതികേട് വരില്ലായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഉന്നയിച്ച ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണ്. കോട്ടയം സമ്മേളനത്തിന്റെ ഭാഗമായി കളക്ടർ അങ്ങനെയൊരു ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ ആ ഉത്തരവിന്റെ കോപ്പി സഭയുടെ മേശപ്പുറത്ത് വയ്ക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആ സമ്മേളനത്തിനുശേഷമുണ്ടായ ചില പത്ര റിപ്പോർട്ടുകൾക്കുശേഷം ഉണ്ടായ സംഭവങ്ങളാണ് ഇവിടെ പറയുന്നത്.

ശ്രീമതി കെ. കെ. ലതിക: സർ, മദ്യം ഹറാമായിട്ടുള്ള ഒരു രാഷ്ട്രീയ പാർട്ടിയുടെ സമ്മേളനത്തിൽ പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഒരു ഉത്തരവിറക്കിയതെങ്ങനെയാണ്?

ശ്രീ. സി. മമ്മൂട്ടി: സർ, പോയിന്റ് ഓഫ് ഓർഡർ... കുഴപ്പക്കാർ മദ്യപിച്ച് പ്രശ്നങ്ങളുണ്ടാക്കാതിരിക്കൻ വേണ്ടിയാണ് പവിത്രമായ ഉത്സവങ്ങളും ആഘോഷങ്ങളുമൊക്കെയുണ്ടാകുമ്പോൾ ഇത്തരം നിരോധനം വരുന്നത്. അതൊരു പാർട്ടിയുടെ മേൽ ചാർത്തിക്കൊണ്ട് ദുരുപദിഷ്ടമായ പരാമർശം നടത്തുന്നത് ശരിയല്ല. മാരാമൺ കൺവെൻഷനോ ഉത്സവങ്ങളോ നടക്കുമ്പോഴൊക്കെ ചില സാമൂഹിക ദ്രോഹികൾ മദ്യപിച്ച് കുഴപ്പമുണ്ടാക്കി അവിടെ പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിക്കാറുണ്ട്. അത് തടയുന്നതിനു വേണ്ടിയുണ്ടാക്കുന്ന ഇത്തരം ഉത്തരവുകളെ, ദുരുപദിഷ്ടമായി മറ്റുള്ളവർക്കെതിരെ പരാമർശിക്കുന്നത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ഉത്തരവിൽ പറയുന്നത്, '.....as the part of their district conference going on at Kasaragod...' എന്നുപറഞ്ഞിട്ടാണ്. യൂത്ത് ലീഗിന്റെ സമ്മേളനത്തെ പരാമർശിച്ചുകൊണ്ട് ഉത്തരവിറക്കിയിരിക്കുന്നു. അങ്ങനെ ഒരു പാർട്ടിയുടെ പേര് പറഞ്ഞ് ഇങ്ങനെ ഉത്തരവിറക്കാമോ; ലാ ആന്റ് ഓർഡർ ഇഷ്യൂ പറഞ്ഞ് ഓർഡർ ഇറക്കുന്നത് മനസ്സിലാക്കാം. ഒരു പാർട്ടി സമ്മേളനത്തിന്റെ പേരുപറഞ്ഞ് ഓർഡർ ഇറക്കുന്നത് മുസ്ലീം ലീഗിനുപോലും മോശമാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ലാ ആന്റ് ഓർഡർ പ്രശ്നമുണ്ടാകുമെന്ന് പറഞ്ഞാണ് ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റായ കളക്ടർ നിരോധനമേർപ്പെടുത്താൻ കമ്മീഷണറോട് ആവശ്യപ്പെടാറുള്ളത്. മാരാമൺ കൺവെൻഷനിൽ എന്തെങ്കിലും പ്രശ്നമുണ്ടാകുമോ; ഇല്ലല്ലോ? കൊടുങ്ങല്ലൂർ താലപ്പൊലിക്ക് ശ്രീ. ടി. എൻ. പ്രതാപൻ എനിക്ക് കത്ത് തന്നിട്ടുണ്ട്. അവിടെ വരുന്നവരെല്ലാം അടിച്ച് ബഹളമുണ്ടാക്കുമോ? ജനക്കൂട്ടം ധാരാളമായുണ്ടാകുന്നിടത്തെല്ലാം ലാ ആന്റ് ഓർഡർ പ്രശ്നമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുള്ള കണക്കുകൂട്ടലോടുകൂടി കളക്ടർ ആവശ്യപ്പെടാറുണ്ട്, അത്രയേ ഇക്കാര്യത്തിലുമുള്ളൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതിന്റെ ഉദ്ദേശം മിസ്ക്രിയന്റ്സ് ഈ സമ്മേളനത്തിനിടയിൽ പ്രശ്നമുണ്ടാക്കരുതെന്നതാണ്. അവിടെ അങ്ങനെയുള്ള അനുഭവങ്ങൾ നേരത്തെ ഉണ്ടായിട്ടുണ്ട്, അവസാനം വെടിവയ്പ്പിൽപോയി കലാശിച്ചിട്ടുമുണ്ട്. അവരൊന്നും സമ്മേളനത്തിന് വരുന്നവരല്ല. സമ്മേളനത്തെ കല

ക്കാൻ വേണ്ടി ശ്രമിക്കുന്ന ആളുകൾക്ക് ഒരവസരമുണ്ടാകരുതെന്ന മുൻകരുതലാണ്. അതിനെ ഇങ്ങനെ ദുർവ്യാഖ്യാനം ചെയ്യുന്നതെന്തിനാണ്?

മി. ചെയർമാൻ: ഇവിടെ ആരും ദുർവ്യാഖ്യാനമൊന്നും നടത്തേണ്ടതില്ല. ഇന്നലെ ഈ സഭയിൽ ഒരു ചർച്ച നടന്നു. ഏതെങ്കിലും പാർട്ടിയെപ്പറ്റി അപകീർത്തികരമായി ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് സഭയുടെ രേഖയിലുണ്ടാകില്ലെന്ന് പറഞ്ഞു. ഇന്ന് ഇപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗിക്കുമ്പോൾ യൂത്ത് ലീഗിന്റെ സമ്മേളനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഓർഡറിനെക്കുറിച്ച് പറഞ്ഞു. അബ്കാരി നിയമത്തിലെ 64-ാം വകുപ്പ് അനുസരിച്ചാണ് ആ ഓർഡർ ഇറക്കിയിരിക്കുന്നതെന്ന് പറയുകയുണ്ടായി. ഓർഡർ ഗവൺമെന്റ് ഇറക്കിയതാണ്. അത് ഇവിടെ അംഗങ്ങൾ പരാമർശിച്ചുവെന്ന് മാത്രമേയുള്ളൂ. അത് വലിയ വിവാദമായ ചർച്ചയാക്കേണ്ട കാര്യമില്ല. ശ്രീമതി കെ.കെ. ലതിക, അങ്ങേയ്ക്ക് പ്രസംഗം തുടരാവുന്നതാണ്.

ശ്രീമതി കെ. കെ. ലതിക: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ, ഇവിടെ സ്ത്രീകൾക്കെതിരായി വലിയ രീതിയിൽ അക്രമം നടക്കുകയാണ്. സിന്ദൂരക്കുറിയില്ലാത്ത ദമ്പതികളെ പീഡിപ്പിക്കുന്നതും എരഞ്ഞിപ്പാലത്തെ അപ്പാർട്ട്മെന്റിൽ നടന്നിട്ടുള്ള പെൺവാണിഭവുമൊക്കെ ഇതിനുദാഹരണങ്ങളാണ്. പെൺവാണിഭങ്ങൾക്കെതിരെ നാട്ടിൽ സമരവും മറ്റ് കോലാഹലങ്ങളുമൊക്കെ നടക്കുമ്പോൾ മാത്രമാണ് പോലീസ് പ്രതികളെ അറസ്റ്റ് ചെയ്യുന്നത്. യഥാർത്ഥത്തിൽ ഈ പ്രതികളെ കൃത്യമായി ശിക്ഷിക്കപ്പെടുന്ന രൂപത്തിൽ കേസ് ചാർജ്ജ് ചെയ്യുകയോ അതിനനുസരിച്ചുള്ള നടപടികളോ എടുക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. പലപ്പോഴും ഇവിടെ നൽകുന്ന

ഉത്തരങ്ങൾ സ്ത്രീകളെ വല്ലാതെ മോശമാക്കുന്ന രീതിയിലേയ്ക്ക് പോകുകയാണ്. ഇവിടെ പണത്തിനെക്കുറിച്ച് പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് ഗ്യാസ് സിലിണ്ടറിന് നിയന്ത്രണമേർപ്പെടുത്തി, വർഷത്തിൽ 6 സിലിണ്ടർ എന്നാക്കി മാറ്റി. പിന്നീട് 3 സിലിണ്ടർ കൂട്ടിക്കൊടുക്കാൻ പറഞ്ഞു. ഇപ്പോൾ മുഖ്യമന്ത്രി പറയുന്നത് ബി. പി. എൽ.-കാർക്ക് കഴിഞ്ഞതവണ കൊടുത്ത സിലിണ്ടറുകളുടെ എണ്ണം എത്രയാണെന്ന് നോക്കി അതുപോലെ കൊടുക്കുമെന്നാണ്. കൂടുതൽ സിലിണ്ടർ കൊടുക്കാൻ തയ്യാറല്ല എന്നുള്ളതല്ലേ ഇതിന്റെ അർത്ഥം? ഇവിടെ പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിച്ചപ്പോൾ നിങ്ങൾ നികുതി കുറച്ചില്ലല്ലോ എന്ന് ഡോ. തോമസ് ഐസക്കിനോട് മുഖ്യമന്ത്രി ചോദിച്ചു. ഇപ്പോൾ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? നികുതി കുറയ്ക്കുന്നില്ലെന്ന് മാത്രമല്ല, വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അത് നിയന്ത്രിക്കാനായി എന്തെങ്കിലും സംവിധാനം കേരളത്തിലെ ഗവൺമെന്റ് എടുക്കുന്നുണ്ടോ? ഓരോ ദിവസത്തെ പത്രങ്ങൾ നിങ്ങൾ നോക്കുക. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മണ്ഡലമടക്കം 85 മണ്ഡലങ്ങളിൽ ശ്രീ. എ. കെ. ബാലൻ മന്ത്രിയായപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. ഇപ്പോൾ വിധവകൾക്ക് വൈദ്യുതിയില്ല, രോഗികൾക്കും ബി. പി. എൽ. കാർക്കുമൊന്നും വൈദ്യുതിയില്ല. നിങ്ങൾ പണമടച്ചാൽ മാത്രം വൈദ്യുതിയെന്നാണ് അവരോടൊക്കെ പറയുന്നത്. കേരളം സമ്പൂർണ്ണമായി ഇരുട്ടിലേയ്ക്ക് പോവുകയാണ്. ഇതിനുമുമ്പ്, വൈദ്യുതിക്കാവശ്യമായ വെള്ളം എവിടെ നിന്നെങ്കിലും കൊണ്ടുവന്നതായിരുന്നോ; അല്ലല്ലോ? മുൻ ഗവൺമെന്റ് വളരെ കൃത്യമായി, അച്ചടക്കത്തോടുകൂടി വൈദ്യുതി മേഖല സംരക്ഷിക്കാൻ നടപടിയെടുത്തുവെങ്കിൽ ഇപ്പോൾ ഒട്ടും അച്ചടക്കമില്ലാത്ത

രൂപത്തിൽ വൈദ്യുതി മേഖല കൊണ്ടുപോയതിന്റെ ഫലമായിട്ടാണ് നമുക്ക് വൈദ്യുതി ഇല്ലാത്ത അവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആരെയാണ് ഇവർ പ്രീണിപ്പിക്കാൻ ശ്രമിക്കുന്നത്? സഹകരണ സംഘങ്ങളെ തകർക്കുന്നു, കുടുംബശ്രീയെ തകർക്കുന്നു, മറ്റ് സംവിധാനങ്ങളെയെല്ലാം തകർക്കുന്നു. എന്നിട്ട് ഇവർ പറയുന്നത് കുടുംബശ്രീയെ തകർക്കാനല്ല ഞങ്ങൾ ശ്രമിക്കുന്നതെന്നാണ്. കുടുംബശ്രീ യൂണിറ്റിലെ 1500 സ്ത്രീകൾ രാപ്പകൽ സമരം നടത്തിയത് വെറുതെയല്ല. കേരളത്തിലെ കുടുംബശ്രീയെ ഞെക്കിക്കൊല്ലുന്ന രൂപത്തിൽ....

മി. ചെയർമാൻ: ഈ പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കണം. 3 മിനിറ്റ് അധികമായി.

ശ്രീമതി കെ. കെ. ലതിക: സർ, കുടുംബശ്രീക്കാരുടെ കാര്യം മാത്രമല്ല, പോസ്റ്റ് ഓഫീസുകളിലെ കളക്ഷൻ ഏജന്റുമാർക്ക് കൃത്യമായി കമ്മീഷൻ കൊടുക്കുമെന്നുള്ളത് കെ.എം.മാണിസാർ കൊടുത്ത വാഗ്ദാനമാണ്. പക്ഷേ അവർക്ക് കൃത്യമായി കമ്മീഷൻ കൊടുക്കുന്നില്ലെന്നുമാത്രമല്ല, അവരെക്കൊണ്ട് മറ്റ് തൊഴിലന്വേഷിപ്പിക്കാൻ വേണ്ടി പ്രേരിപ്പിക്കുന്ന ഒരവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഇവിടെ പെൻഷനെക്കുറിച്ച് മാണി സാർ പറഞ്ഞു. യു. ഡി. എഫ്. അധികാരത്തിൽ വരുമ്പോൾ മാത്രം പെൻഷനെല്ലാം നിർത്തലാക്കുന്നതെന്തുകൊണ്ടാണ്? പെൻഷനുകൾ കൊടുക്കാതെ കുടിശ്ശിക വയ്ക്കുകയാണ്. ഇപ്പോൾ മാണി സാർ പറഞ്ഞത്, ഞങ്ങൾ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നാണ്. കേരളത്തിൽ സാധാരണക്കാരെയും പാവപ്പെട്ടവരെയും സ്ത്രീകളെയും തൊഴിലാളികളെയുമെല്ലാം

ദ്രോഹിക്കുന്ന ഈ ഗവൺമെന്റിന്റെ ഈ ബില്ലിനെ ഒരു രീതിയിലും അംഗീകരിക്കാൻ കഴിയാത്തതുകൊണ്ട് അതിശക്തമായിത്തന്നെ എതിർക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇവിടെ ചർച്ച ആരംഭിച്ചത് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിനെ പരാമർശിച്ചുകൊണ്ടാണ്. ആ റിപ്പോർട്ടിലെ ചില ലാപ്സസിനെപ്പറ്റി അദ്ദേഹം പറയുകയുണ്ടായി. ആ റിപ്പോർട്ട് 2010-11 വർഷത്തേതാണ്. അത് ഇന്ന് മേശപ്പുറത്ത് വച്ചിട്ടുണ്ട്. അതിന്റെ കോപ്പി എല്ലാവർക്കും എടുത്ത് വായിക്കാവുന്നതാണ്. മേശപ്പുറത്ത് വച്ചുകഴിഞ്ഞു. അതിലെ രണ്ടുമൂന്ന് കാര്യങ്ങളെക്കുറിച്ച് ഞാൻ ഡോ. തോമസ് ഐസക്കിനോട് പറയാം. ഡോ. തോമസ് ഐസക് ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെപ്പറ്റിയൊക്കെ സംസാരിക്കുകയുണ്ടായി. അതിലെ ഏറ്റവും മോശപ്പെട്ട വകുപ്പെന്നുപറയുന്നത്, മാസം 60 ശതമാനത്തിൽ താഴെ പദ്ധതിചെലവ് നടത്തിയ വകുപ്പുകളേതെല്ലാമെന്ന് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്; സഹകരണം, പൊതുവിദ്യാഭ്യാസം, ആഭ്യന്തരം, ഭവനനിർമ്മാണം, തൊഴിൽ, സാമൂഹ്യസേവനം, സ്പോർട്ട്സ് - യുവജനക്ഷേമം, നികുതികൾ, വിനോദ സഞ്ചാരം, ജലവിഭവം എന്നിവയാണ്. നിങ്ങൾ പഴയ കാര്യത്തിലേയ്ക്ക് കടക്കുമ്പോൾ ഒന്ന് മനസ്സിരുത്താൻവേണ്ടി ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അതിൽ പറഞ്ഞിരിക്കുന്നത് പല വകുപ്പുകൾക്കും ലഭിക്കേണ്ട റവന്യൂ വരുമാനങ്ങൾ അണ്ടർ അസസ്സ്മെന്റ്മൂലവും കുറഞ്ഞ വസൂലാക്കൽമൂലവും ലഭിക്കാതെ വൻ റവന്യൂ നഷ്ടമുണ്ടാക്കുന്നു എന്നാണ്. നിങ്ങളുടെ കാലഘട്ടത്തെപ്പറ്റി പറയുന്നതാണ്. 4786 കോടി രൂപ ആ വർഷം നിങ്ങൾ നഷ്ടപ്പെടുത്തിയെ

ന്നാണ് പറയുന്നത്. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന കടബാധ്യതയുള്ള സംസ്ഥാനം കേരളമാണ്, ഏറ്റവും കുറവ് തമിഴ്നാടിനും. കടബാധ്യത മാനേജ് ചെയ്യുന്ന കാര്യത്തിൽ തമിഴ്നാടിന്റെ മാതൃക കേരളം പഠിക്കേണ്ടതാണ്. ഇത് ഡോ. തോമസ് ഐസക്കിനോടുള്ള കമ്മിറ്റിയുടെ ഒരുപദേശമാണ്. പാരഗ്രാഫ് 7.11- ൽ പറയുന്നത് ധനകാര്യ കമ്മീഷൻ അവാർഡ് അനുസരിച്ച് ലഭിക്കേണ്ട ഗ്രാന്റുകൾ സംസ്ഥാന സർക്കാരിന്റെ അനാസ്ഥകൊണ്ട് ഭാഗീകമായി മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നാണ്. പ്രിമിറ്റീവ് ട്രൈബ്സ് വിഭാഗത്തിൽ 2010-11-ൽ ലഭിച്ചത് അനുവദിച്ച ഗ്രാന്റിന്റെ 31%. ഗ്രാന്റുകൾ ലഭ്യമാക്കാനാവശ്യമായ പ്രോജക്ടുകൾ സമയത്ത് നൽകാൻ നട പടി സ്വീകരിക്കുകയുണ്ടായില്ലായെന്നാണ് കമ്മിറ്റിയുടെ റിപ്പോർട്ട്. ഒന്നുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. 'സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചമാക്കാൻ 13-ാം ധനകാര്യ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ ഒഴിച്ച് മറ്റൊന്നും നടപ്പാക്കിയിട്ടില്ല. സമയബന്ധി തമായ രീതിയിൽ മറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീ കരിക്കേണ്ടതാണ്.' എന്നുപറഞ്ഞാൽ it was a striccture of the LDF Government. ഡോ. തോമസ് ഐസക്ക്, 2010-11-ൽ എങ്ങനെയൊക്കെയാ യിരുന്നു നിങ്ങളുടെ ഭരണം? ഇതൊക്കെ അതിന്റെ മറനീക്കി പുറത്തുവരാൻ പോകുകയാണ്. ഓരോ റിപ്പോർട്ടുകളും വരുമ്പോൾ നിങ്ങൾ അതിന്റെ പുറ ത്ത് അടയിരിക്കുകയായിരുന്നു. എന്നിട്ടാണ് ഇന്ന് ധനകാര്യ വകുപ്പിനെ സംബന്ധിച്ച് ഡോ. തോമസ് ഐസക്ക് ഇവിടെ വിമർശനം നടത്തിയതെന്നു മാത്രം ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. ഡോക്ടർ തോമസ് ഐസക്ക് പറഞ്ഞ ഒരു കാര്യമാണ് കോൺട്രാക്ടേഴ്സ് ബിൽ കൊടുത്തു തീർത്തില്ലാ

യെന്നത്. അങ്ങയുടെ അറിവിനുവേണ്ടി പറയുകയാണ്, ആഗസ്റ്റ് വരെയുള്ളത് തീർത്തു, സെപ്തംബർ വരെയുള്ളത് ഉടൻ കൊടുത്തുതീർക്കും. ഈ ഗവൺമെന്റ് ഭരണം ഏറ്റെടുക്കുമ്പോൾ മൂന്ന് മാസത്തെ കോൺട്രാക്ടേഴ്സ് ബിൽ കൊടുത്തുതീർക്കാനുണ്ടായിരുന്നു. ഒറ്റക്കാര്യം ഞാൻ അഭിമാന ത്തോടെ പറയട്ടെ, destitute pension, social security pension നവംബർ വരെയുള്ളത് മുഴുവൻ കൊടുത്തുതീർത്തു. ഇങ്ങനെ ഒരു ഗവൺമെന്റ് ഇതി നുമുമ്പ് ഉണ്ടായിട്ടുണ്ടോ? ലേബർ വെൽഫയർ പെൻഷൻ ഇന്നലത്തെ ക്യാ ബിനറ്റിൽ വച്ച് മുഴുവൻ റിലീസ് ചെയ്തു. ശ്രീ. ഷിബു ബേബി ജോണി നൊക്കെ എന്ത് സന്തോഷമാണെന്ന് ആ മുഖം കണ്ടാൽത്തന്നെ മനസ്സി ലാകും, മുഴുവൻ രൂപയും കൊടുത്തിരിക്കുകയാണ്. ഡോ. തോമസ് ഐസക്ക് ഇപ്പോൾ ഒരു പുതിയ തിയറി പറഞ്ഞു. എന്നിട്ട്, വായ്പയെടു ക്കുന്ന തുക റവന്യു ചെലവിന് ഉപയോഗിക്കണമെന്ന് എനിക്കൊരു ഉപദേ ശവും തന്നു. ഇത് വിചിത്രമായ ഒരു വാദമാണ്. 10% പലിശയ്ക്കെടുക്കുന്ന കടങ്ങൾ പ്രൊഡക്ടീവായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിനു പകരം റവന്യൂ ചെലവിനുവേണ്ടി ചെലവഴിക്കണമെന്ന് പറഞ്ഞ് എനിക്കൊരു ഉപദേശം നൽകിയത് എന്നെ കുഴിയിൽ ചാടിക്കാനാണോ എന്നെനിക്ക് അറി യാൻ പാടില്ല. ഏതായാലും അത് സ്വീകരിക്കാൻ നിർവ്വാഹമില്ല. ഈ ഗവൺമെന്റ് കടബാദ്ധ്യത ഒരു ലക്ഷം കോടി രൂപയാക്കിയെന്ന് ബഹുമാന പ്പെട്ട തിലോത്തമൻ എം.എൽ.എ. പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റ് അധി കാരത്തിൽ വരുമ്പോൾ 78,673 കോടി രൂപയായിരുന്നു കടം. അതിപ്പോൾ 94,000 കോടി രൂപയായി എന്നുമാത്രമേയുള്ളൂ. കടം കൂടുതൽ എടു ക്കുന്നില്ല എന്നതാണ് ഡോ. തോമസ് ഐസക്കിന്റെ പരാതി. അതുകൊണ്ട്

ഞാൻ കൂടുതലൊന്നും പറയുന്നില്ല. ജനറലായിട്ട് ഇവിടെ പൊളിറ്റിക്സൊക്കെയാണ് പറഞ്ഞത്.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ് ): സർ, നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ ലോൺ എടുത്ത ആളുകളുടെ ഒരു പ്രശ്നമുണ്ട്. കേന്ദ്ര ഗവൺമെന്റ് ഡയറക്ഷൻ, As you are kindly aware a new Central Scheme to provide full interest subsidy during the moratorium on educational loans of students belonging to economically weeker section എന്നാണ്. ഇതിൽ വളരെ ക്ലിയറായിട്ട് പറഞ്ഞിരിക്കുന്നത് Family income from all sources less than 4.5 lakhs എന്നാണ്. നാലര ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവരെല്ലാം വീക്കർ സെക്ഷൻ, അതായത് ബി.പി.എൽ. എന്നാണ്. നമ്മൾ പഞ്ചായത്തിലെ പഴയ ലിസ്റ്റാണ് എടുക്കുന്നത്. അതനുസരിച്ച് ഈ ആനുകൂല്യം ആർക്കും കിട്ടില്ല. ധനകാര്യ വകുപ്പ് പറയുന്നത് ഇതനുസരിച്ച് 1000 കോടി രൂപ ബാദ്ധ്യത വരുമെന്നാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം യഥാർത്ഥത്തിൽ മുതലും പലിശയുംകൂടി 620 കോടി രൂപയേ ആകെ വരികയുള്ളൂ. ഇപ്പോൾ ബഹുമാനപ്പെട്ട ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇതിനൊരു തീരുമാനമുണ്ടാകാൻ ഇവിടെത്തെ സംഘടനകളെയോ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരെയോ വിളിച്ച് ഒരു ചർച്ചയ്ക്ക് തയ്യാറാകണം. ഒരു ചർച്ച നടത്തിയാൽ ഈ പറയുന്ന കാര്യങ്ങൾ ശരിയല്ലെന്ന് അങ്ങേയ്ക്ക് ബോധ്യപ്പെടും. അതിനുള്ള അവസരമുണ്ടാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി : സർ, വിദ്യാഭ്യാസ സൗജന്യ വായ്പാ സ്കീം ഉണ്ടായത് 2009-ലാണ്. 2009 മുതലാണ് പലിശ സൗജന്യമുള്ളത്. വാസ്തവ

ത്തിൽ കുറച്ചുകൂടി  മുമ്പുള്ള കാലത്തേയ്ക്കുകൂടി വായ്പാ സൗജന്യം നൽകേണ്ടതാണ്. അത് കേന്ദ്ര ഗവൺമെന്റ് ചെയ്തില്ല. സംസ്ഥാന ഗവൺമെന്റ് 2004 മുതൽ 2009 വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ ഇളവ് പ്രഖ്യാപിച്ചു. 500 കോടി രൂപയെങ്കിലും അതിന്റെ ബാധ്യത വരും. ഏതായാലും കൃത്യമായ കണക്ക് കിട്ടാൻവേണ്ടി, കളക്ടർമാർ എല്ലായിടത്തും അപേക്ഷ സ്വീകരിക്കും. ഏത് തീയതി മുതൽ അപേക്ഷ കൊടുക്കണമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്.  കളക്ടർ അതന്വേഷിച്ച് ഇത്ര തീയതിക്കകം പ്രസിദ്ധീകരിക്കണമെന്നൊക്കെ പറഞ്ഞിട്ടുണ്ട്. കൃത്യമായ കണക്ക് പിന്നെ പറയാം. ശ്രീ. പി.സി. ജോർജ് പറഞ്ഞ കാര്യം ചെയ്യണമെന്ന് വലിയ ആഗ്രഹമുണ്ട്. പക്ഷേ അതിനുള്ള കോശസ്ഥിതിയില്ലായെന്ന ഒറ്റ വിഷമതയേയുള്ളു. കൊടുക്കണമെന്ന് എനിക്ക് മനസ്സ് നിറഞ്ഞ് ആഗ്രഹമുണ്ട്. ഏതായാലും അത് പരിശോധിക്കാം.  അത്രയേ പറയാൻ സാധിക്കൂ.. ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

ഡോ. കെ.ടി. ജലീൽ : സർ, ഇ.എം.എസ് ഭവന പദ്ധതി, ഐ.എ.വൈ ഭവന പദ്ധതി തുടങ്ങിയ എല്ലാ ഭവന പദ്ധതികൾക്കുമുള്ള സാമ്പത്തിക സഹായം 75,000-ൽ നിന്ന്  2,00,000 രൂപയാക്കി ഉയർത്തി. എന്നാൽ ലക്ഷം വീട്  കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിന് ഹൗസിംഗ് ബോർഡ് നൽകിയിരുന്ന 75,000 രൂപ ഇപ്പോഴും അങ്ങനെതന്നെ തുടരുകയാണ്. അതും മറ്റ് ഭവന പദ്ധതികൾക്കെന്നതുപോലെ 2,00,000 രൂപയാക്കി ഉയർത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി : സർ, എല്ലാ ഭവന പദ്ധതികൾക്കും ഇങ്ങനെ ലക്ഷങ്ങൾ കൊടുക്കാൻ പറ്റുമോ?  അതിനെപ്പറ്റി പരിശോധിക്കാം. ഇപ്പോൾ

ഒരു വലിയ വിഭാഗത്തിന് 2,00,000 രൂപ വരെ കൊടുത്തിട്ടുണ്ട്. ഏതായാലും ബഡ്ജറ്റ് പ്രസന്റേഷൻ വരുമ്പോൾ പരിശോധിച്ച് കഴിവനുസരിച്ച് ചെയ്യാം. ഇവിടെ എം.എൽ.എ. അസ്സറ്റ്സ് സ്കീമിന്റെ കാര്യത്തിൽ ഭരണവകുപ്പ് ഏതാണെന്ന് സംശയമുണ്ടെന്ന് പറഞ്ഞു. ഇക്കാര്യത്തിൽ യു.ഡി. എഫ്.ൽത്തന്നെ ഒരുപാട് വിമർശനങ്ങൾ വരികയും ചർച്ച നടത്തുകയും ചെയ്തിരുന്നു. എവിടെയാണ് അപേക്ഷ കൊടുക്കേണ്ടത് എന്നതിനെ പ്പറ്റിയുള്ള ഒരു കൺഫ്യൂഷൻ എം.എൽ.എ.-മാർക്ക് വന്നതുകൊണ്ട് അതി നെപ്പറ്റി ഒരു ക്ലാരിറ്റി വേണമെന്ന് മുഖ്യമന്ത്രി എനിക്കു നൽകിയ നിർദ്ദേശമനു സരിച്ച് ഒരു സർക്കുലർ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി. അതിൽ പറ ഞ്ഞിരിക്കുന്നത് വളരെ ക്ലിയറാണ്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പേര് സർക്കുലറിൽ പറഞ്ഞിട്ടുണ്ട്. അവിടെ ഏൽപ്പിച്ചാൽ മതി. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടു മെന്റ് പലത് കാണും. എം.എൽ.എ.-മാർ അക്കാര്യത്തിൽ വിഷമിക്കേണ്ട കാര്യമില്ല. ഫിനാൻസിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന് കൊടുക്കും. ആ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിനോട് ഇത്ര തീയതി ക്കകം തിരിച്ചുതരണമെന്ന എസ്റ്റിമേറ്റോടുകൂടി ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ക്ലിയറൻസ് കൊടുക്കും. അത് തിരിച്ചുചെല്ലും. ഇത്ര തീയതിക്കകം എ.എസ്. തരണംമെന്ന് പറയും. പിന്നെ ഒരു സംശയമുള്ളത് വിദ്യാഭ്യാസ ഡിപ്പാർട്ടു മെന്റിന്റെ സ്ക്കൂൾ കെട്ടിടമാണെന്നുണ്ടെങ്കിൽ എങ്ങനെ എന്നാണ്? അങ്ങ് വരുന്നതിനുമുമ്പ് ഞാൻ ഇവിടെ ബഹുമാനപ്പെട്ട മെമ്പർക്ക് ഒരു ഉത്തരം കൊടുത്തു. ഇതിന് മുമ്പ് നിലനിന്നിരുന്ന നടപടിയെന്താണ്? എക്സിസ്റ്റിംഗ് പ്രാക്ടീസ് അനുസരിച്ച് ഏത് ഡിപ്പാർട്ടുമെന്റാണോ എ.എസ്. കൊടുക്കുന്നത്

അതിന് ഒരു മാറ്റവുമില്ല. Existing practice will follow in this case also. അപ്പോൾ അതുസംബന്ധിച്ച കാര്യങ്ങൾ വളരെ വ്യക്തമായി എന്ന് തോന്നുന്നു. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല.)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2012-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. വി. എസ്. ശിവകുമാർ

61. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീ. എം. ഹംസ

18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. കെ. കെ. ജയചന്ദ്രൻ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. എസ്. രാജേന്ദ്രൻ
38. ശ്രീ. കെ. രാജു
39. ശ്രീ. രാജു എബ്രഹാം
40. ശ്രീ. മുല്ലക്കര രത്നാകരൻ
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സി. കെ. സദാശിവൻ
43. ശ്രീ. സാജു പോൾ
44. ശ്രീമതി കെ. എസ്. സലീഖ
45. ശ്രീ. എസ്. ശർമ്മ
46. ശ്രീ. വി. ശശി
47. ശ്രീ. എ. കെ. ശശീന്ദ്രൻ

48. ശ്രീ. ബി. സത്യൻ
49. ശ്രീ. വി. ശിവൻകുട്ടി
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ശ്രീ. പി. തിലോത്തമൻ
55. ശ്രീ. തോമസ് ചാണ്ടി
56. ഡോ. ടി. എം. തോമസ് ഐസക്
57. ശ്രീ. ഇ. കെ. വിജയൻ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 57

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

(i) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജന ക്കുറിപ്പുകളില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ദാസൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ആധാരമെഴുത്തു രംഗത്തും സ്റ്റാമ്പ് വെണ്ടർമാരായും ജോലി ചെയ്തുകൊണ്ടിരിക്കുന്ന നൂറുക്കണക്കിന് പേരുടെ ജീവിത സുരക്ഷിതത്വത്തി നായാണ് നിലവിലുള്ള 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ തുടർച്ചയായി ക്ഷേമനിധി രൂപീകരിക്കുന്ന ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ സർക്കാരിന്റെ പ്രഖ്യാപിത നിലപാടിനോട് ചേർന്നു പോകുന്നതല്ല ഈ ബില്ലിലെ പല വകു പ്പുകളുമെന്ന് ഖേദപൂർവ്വം പറയേണ്ടി വന്നിരിക്കുന്നു. സർക്കാരിന്റെ അംശാ ദായം സംബന്ധിച്ച 26-ാം വകുപ്പ് ഇതിനുദാഹരണമാണ്. പദ്ധതിയിൽ അംഗ ങ്ങളായവർ ഒരു വർഷം നൽകുന്നതിന്റെ വെറും പത്ത് ശതമാനം മാത്രമാണ് സർക്കാരിന്റെ അംശാദായമായി പദ്ധതിയിലേയ്ക്ക് നൽകുന്നത്. ഇതുതന്നെ ക്ഷേമനിധി ബോർഡിലേയ്ക്ക് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേ ഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന ഇനത്തിൽ കുറവ് ചെയ്യാ വുന്നതാണ്. ക്ഷേമനിധി എന്ന മഹത്തായ ആവശ്യം നിറവേറ്റണമെങ്കിൽ

സർക്കാരിന്റെ അംശാദായം അംഗങ്ങളുടെ അംശാദായത്തിന് തുല്യമായോ അതിന് കഴിയുന്നില്ലെങ്കിൽ അതിന്റെ പകുതിയായോ വർദ്ധിപ്പിക്കാൻ തയ്യാറാകണം. ഈ ക്ഷേമനിധിയുടെ സാമ്പത്തിക സമാഹരണത്തിനായി പ്രധാനമായും ഉദ്ദേശിക്കുന്നത് 24-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ക്ഷേമനിധി സ്റ്റാമ്പ് ഏർപ്പെടുത്തുന്നത് വഴിയാണ്. വകുപ്പ് 24-ന്റെ ഉപവകുപ്പ് (2) പ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒന്ന്, മൂന്ന്, നാല് ബുക്കുകളിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ആധാരങ്ങളിലും നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടിക്ക് പുറമേ ഈ സ്റ്റാമ്പ് കൂടി പതിക്കണമെന്ന വ്യവസ്ഥയാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. എന്നാൽ മൂന്നാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ ഒസ്യത്ത് വിഭാഗത്തിൽ വരുന്നവയാണ്. ഇവയാകട്ടെ 1959-ലെ പതിനേഴാം ആക്ട് പ്രകാരം നിലവിൽ വന്ന 1959-ലെ കേരള സ്റ്റാമ്പ് ആക്ട് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെട്ടവയാണ്. മാത്രമല്ല ഈ വിഭാഗത്തിൽപ്പെട്ട ആധാരങ്ങൾ ആധാരം തയ്യാറാക്കൽ ലൈസൻസികളല്ലാത്തവർക്കും തയ്യാറാക്കാൻ കഴിയുന്നതുകൊണ്ട് ഈ ബില്ലിലെ 24-ാം വകുപ്പ് പരിധിയിൽ നിന്നും മൂന്നാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളെ ഒഴിവാക്കേണ്ടതാണ്. ഇതുപോലെത്തന്നെ സഹകരണ സംഘങ്ങൾ എഴുതികൊടുക്കുന്നതോ എഴുതി വാങ്ങുന്നതോ ആയ ആധാരങ്ങളെയും സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് ദുർബലവിഭാഗങ്ങൾക്കും വീടു വയ്ക്കാനുള്ള പദ്ധതി പ്രകാരം വസ്തു വാങ്ങുന്നതിനുള്ള ആധാരങ്ങളെയും ഒഴിവാക്കേണ്ടതാണ്. ഇതിനുവേണ്ടി വരുന്ന തുക സർക്കാർ തന്നെ വഹിക്കേണ്ടതാണ്. ക്ഷേമനിധിയുടെ ഫലപ്രദമായ നടത്തിപ്പിന് കൂടുതൽ ജോലിഭാരം

ഇപ്പോൾ തന്നെയുള്ള നികുതി വകുപ്പു സെക്രട്ടറിയെ ചെയർമാനാക്കുന്നത് പുന:പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. രജിസ്ട്രേഷൻ വകുപ്പിൽ രണ്ട് ഐ.ജി.മാർ നിലവിലുണ്ട്. ഇതിൽ ഒരാളെ ഈ ക്ഷേമനിധി ബോർഡിന്റെ ചെയർമാനാക്കുന്നതായിരിക്കും ഉചിതം എന്നാണ് എന്റെ അഭി പ്രായം. ഈ ക്ഷേമനിധിയുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ബില്ലിലെ 14-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് ജീവനക്കാരെ രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വഴി നിയമിക്കണമെന്നാണ്. രജിസ്ട്രേഷൻ വകുപ്പിൽ ജോലി ഭാരം വളരെ കൂടുതലും ജീവനക്കാർ വളരെ കുറവുമാണ്. 2003-ൽ ഈ വകുപ്പിലെ 300 തസ്തികകൾ വെട്ടിക്കുറച്ചതിനുശേഷം പല ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്ത അവസ്ഥയാണ്. ഇതിനു പുറമേ പുതിയ ചിട്ടി നിയമഭേദഗതി പ്രാബല്യത്തിൽ വരുന്നതുവഴി ചിട്ടികളുടെ രജിസ്ട്രേ ഷൻ ജോലിയിൽ മാത്രം പത്തിരട്ടിയോളം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഈ ഒരു ഘട്ടത്തിൽ ജീവനക്കാരെ ക്ഷേമനിധി ബോർഡിൽ നിയോഗിക്കു ന്നത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം താളം തെറ്റാൻ ഇടവരുത്തും. ഇതിനു പുറമേ 2-ാം വകുപ്പിൽ (എൽ) ഉപവകുപ്പ് പ്രകാരമുള്ള ജില്ലാ രജിസ്റ്റ റിംഗ് അധികാരിക്ക് വളരെയേറെ ഉത്തരവാദിത്വങ്ങൾ ഉള്ളതിനാൽ ക്ഷേമ നിധി പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിൽ സീനിയർ സൂപ്രണ്ട് തലത്തിലുള്ള ഒരു തസ്തികയും മറ്റു ജീവനക്കാരുടെ തസ്തികയും സൃഷ്ടിക്കുന്നതിന് സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുക യാണ്. ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക ണമെങ്കിൽ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ

സർക്കാർ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഒന്നര നൂറ്റാണ്ട് പഴക്കമുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണ പരിപാടികൾ ഏറെക്കുറെ നിലച്ച മട്ടാണ്. രണ്ടായിരമാണ്ടിൽ ആരംഭിച്ച കമ്പ്യൂട്ടറൈസേഷൻ ഇനിയും പൂർണ്ണമായി എന്നു പറയാൻ കഴിയില്ല. സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്ഥാപിച്ച 80 ശതമാനം കമ്പ്യൂട്ടറുകളും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ.എസ്. ശർമ്മ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന കാലത്ത് നൽകിയതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിന് വേണ്ടിയാണ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയത്. അത് ആ മേഖലയിലുള്ള ആളുകളുടെയിടയിൽ നിലവിലുള്ള ജോലിക്ക് എന്തെങ്കിലും തടസ്സം സൃഷ്ടിക്കുമോ, കമ്പ്യൂട്ടറൈസേഷൻ കൊണ്ട് അത്തരമൊരു തൊഴിൽ നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ടോ എന്നൊരു ആശങ്ക അക്കാലത്തുണ്ടായിരുന്നു. എന്നാൽ മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. ശർമ്മ മുൻകൈയെടുത്ത് ബന്ധപ്പെട്ട ആളുകളുമായി ചർച്ച നടത്തുകയും ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് ഫയലിംഗ് ഷീറ്റ് സമ്പ്രദായം നിലനിറുത്തികൊണ്ടുള്ള ഒരു ഭരണ നടപടി സ്വീകരിക്കുകയും ചെയ്തു. അത് യഥാർത്ഥത്തിൽ ആധാരമെഴുത്തുകാരുടെ ഇടയിൽ വലിയ തോതിൽ തൊഴിൽ സംരക്ഷിക്കാൻ ഇടയാക്കിയിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള നേട്ടമായി അതിനെ അവർ ഇന്നും ഉയർത്തിക്കാണിക്കുന്നുണ്ട്. അതുപോലെ ഭൂമിക്ക് ശാസ്ത്രീയമായ താരിഫ് വില നിശ്ചയിക്കണമെന്നുള്ളതും രജിസ്ട്രേഷൻ വകുപ്പിന്റെ സുതാര്യവും സത്യസന്ധവുമായിട്ടുള്ള പ്രവർത്തനം പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ ലഭിക്കുന്നതിന്

എൽ.ഡി.എഫ്. ഗവൺമെന്റ് പരാതികൾക്കിടം കൊടുക്കാത്ത രീതിയിൽ ആ വകുപ്പിനെ കാര്യക്ഷമമായി നടത്തികൊണ്ടുപോകാൻ ആവശ്യമായിട്ടുള്ള നടപടികളാണ് ചെയ്തിരുന്നത്. 2007 ജൂലൈ മാസത്തിലാണ് ഭൂമിക്ക് ന്യായ വില നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള നടപടികളെല്ലാം സ്വീകരിച്ചത്. ഫെയർ വാല്യൂ നിശ്ചയിക്കുന്നതിനായി ഓരോ വില്ലേജ് കേന്ദ്രീകരിച്ചും ഈ കാര്യങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ തേടികൊണ്ടാണ് അത്തരമൊരു പ്രവർത്തനം നടത്തിയിരുന്നത്. അതിന്റെ ഭാഗമായി പെട്ടെന്നുതന്നെ ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം വികസിപ്പിച്ചെടുക്കാനും സംസ്ഥാന ബഡ്ജറ്റിൽ അതിനാവശ്യമായ തുക വകയിരുത്താനും ഈ പദ്ധതി ജനജീവിതത്തിന് വളരെയേറെ ആശ്വാസം നൽകുന്ന രീതിയിലും സ്റ്റാമ്പ് വെണ്ടർമാരുടെയും മുദ്രപത്ര വിൽപ്പനക്കാരുടെയും ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് അവർക്ക് വിൽപ്പന പരിധി 10000 രൂപ എന്നുള്ളത് 20000 രൂപ വരെ നൽകുന്നതിനും ആവശ്യമായ നടപടികളാണ് ശ്രീ. ശർമ്മ മന്ത്രിയായിരുന്ന സമയത്ത് എടുത്തിട്ടുള്ളത്. ആധാരമെഴുത്ത് തൊഴിൽ ആധാരമെഴുത്തുകാർക്ക് സംവരണം ചെയ്യണമെന്നും കൈപ്പട ലൈസൻസികൾക്ക് പ്രവൃത്തിപരിചയം കണക്കിലെടുത്തുകൊണ്ട് ലൈസൻസ് അനുവദിക്കണമെന്നും രജിസ്ട്രേഷൻ മേഖലയെ സുതാര്യമാക്കി സാധാരണക്കാർക്ക് ഗുണപരമായ രീതിയിൽ കൊണ്ടുപോകണമെന്നുമുള്ള നിലയിൽ ഒരു അസാധാരണ ഗസറ്റാണ് പ്രസിദ്ധീകരിച്ചിരുന്നു. അതുകൊണ്ടുതന്നെ ആധാരം രജിസ്റ്റർ ചെയ്യുന്നവരെയും ഭൂമി വിൽപ്പനയ്ക്ക് വയ്ക്കുമ്പോൾ വാങ്ങുന്നവരുടെയും പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കണമെന്നും അവരുടെ ഇടതു പെരുവിരൽ ആധാരത്തിൽ പതിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ട്. രജി

സ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമമായി ഉയർത്തികൊണ്ടുവരാൻ ആവശ്യമായിട്ടുള്ള ഭരണ തീരുമാനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മന്ത്രി എന്ന നിലയ്ക്ക് ശ്രീ. എസ്. ശർമ്മ കേരളത്തിൽ നടത്തിയിട്ടുള്ളത്. അതുമാത്രമല്ല അന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെയെല്ലാം രജിസ്ട്രേഷൻ ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഉപദേശ സമിതികളാക്കി, സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളൊന്നും നൽകിയിട്ടില്ലെങ്കിലും രജിസ്ട്രേഷൻ വകുപ്പിലുള്ള കാര്യങ്ങൾ മനസ്സിലാക്കാനും എന്തെല്ലാമാണ് നടക്കുന്നത് എന്നുള്ളത് കൃത്യമായി ആലോചിക്കാനും രജിസ്ട്രേഷൻ കാര്യങ്ങളെ സംബന്ധിച്ച് അജണ്ട ചേർപ്പിക്കാനുമെല്ലാം ഇടയാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ അന്നു നടന്നിരുന്നു. അന്ന് സംസ്ഥാനത്ത് ഒട്ടാകെ ഇത്തരം കാര്യങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഇന്ന് ഇതിന് വ്യത്യസ്തമായ സമീപനങ്ങളാണ് കാണുന്നത്. ഞാൻ മനസ്സിലാക്കുന്നത് പത്രങ്ങളിലൂടെ കാണുന്ന കാര്യങ്ങളാണ്. രജിസ്ട്രേഷൻ വകുപ്പിൽ അനാവശ്യമായ സ്ഥലംമാറ്റം നടന്നുകൊണ്ടിരിക്കുകയാണ്. ഒരു പത്രത്തിൽ വന്ന വാർത്ത 'കോഴയ്ക്ക് കളമൊരുക്കി രജിസ്ട്രേഷൻ വകുപ്പിൽ കൂട്ട സ്ഥലം മാറ്റം' നടക്കുകയാണ് എന്നാണ്. സ്ഥലംമാറ്റ ലിസ്റ്റിന്റെ പേരിലുള്ള മന്ത്രിയുടെ സെക്രട്ടറിയെ പാർട്ടി നേതാവ് അപമാനിച്ചു. മന്ത്രിയുടെ പി.എസ്.-ന്റെ ക്യാബിനുള്ളിലെ വാതിലും കസേരയും തട്ടിത്തെറിപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ജനറൽ സെക്രട്ടറി നിലയുറപ്പിച്ചപ്പോൾ തൊട്ടടുത്ത ക്യാബിനുള്ളിൽ സംസ്ഥാന വർക്കിംഗ് ചെയർമാൻ ശ്രീ. ഉമ്മൻ മാത്യുവും വൈസ് ചെയർമാൻ ശ്രീ. ജോർജ് കുന്നപ്പുഴയും ഉണ്ടായിരുന്നു. 15 മിനിറ്റോളം നീണ്ട തെറി അഭിഷേകം നേതാക്കൾ ഇടപെട്ടിട്ടും ശമിക്കാത്തതിനെ തുടർന്ന്

പി.എസ്. മന്ത്രിയുടെ മുറിയിൽ കയറി ഒളിക്കുകയായിരുന്നു. ഇത് അഞ്ചോ ആറോ പത്രങ്ങളിൽ വന്ന വാർത്തയാണ്. കോഴിക്കോട് ജില്ലയിലെ രജിസ്ട്രാർ ഓഫീസിൽ ഒരു ജീവനക്കാരനെ സ്ഥലം മാറ്റിയത് ഈ ആറ് മാസത്തിനിടയിൽ മൂന്നു തവണയാണ്. മൂന്നു തവണയാണ് അദ്ദേഹത്തെ അങ്ങോട്ടും ഇങ്ങോട്ടും മാറ്റിയിട്ടുള്ളത്. കൊടിയ അഴിമതിയാണ് ഇതിന്റെ ഭാഗമായി കാണുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ദാസൻ ഇത് ഭേദഗതിയാണ്. കുറച്ചു സമയംമാത്രമേ എടുക്കാവൂ. 10 മിനുട്ട് കഴിഞ്ഞു. അധികസമയം എടുക്കരുത്. നമുക്ക് ഒരു ബിൽകൂടി എടുക്കാനുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ദാസൻ : ഈ മേഖലയിൽ അടിയന്തിരമായി ഗവൺമെന്റ് ശ്രദ്ധിക്കണം. പണം വാങ്ങിക്കൊണ്ട് നിയമനം നടത്തുന്നുണ്ടോ, ട്രാൻസ്ഫർ കൊടുക്കുന്നുണ്ടോ തുടങ്ങിയ രീതിയിലുള്ള സമീപനങ്ങൾ പത്രങ്ങളിൽ വരുമ്പോൾ അത് നമ്മൾ ശ്രദ്ധിക്കാതെ പോകുന്നു എന്നുള്ളത് ഗൗരവം കുറയ്ക്കുകയേയുള്ളൂ. ഈ വകുപ്പിൽ ഓരോ രജിസ്ട്രാറെ മാറ്റുന്നതിനും തുക നിശ്ചയിക്കുമെന്നാണ് ആക്ഷേപം. ഇത്ര തുക കൊടുത്താൽ ട്രാൻസ്ഫർ തരാം, ഇല്ലെങ്കിൽ ട്രാൻസ്ഫർ ഇല്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ഇങ്ങനെ വലിയ പ്രശ്നങ്ങൾ ഈ മേഖലയിൽ വരുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ ഒരു രജിസ്ട്രാർ ഓഫീസുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അന്ന് ബ്രിട്ടീഷ് സാമ്രാജിത്വത്തിനെതിരായി ദേശീയ സ്വാതന്ത്ര്യ സമ്പാദനത്തിന്റെ ഭാഗമായി നടന്നിട്ടുള്ള സമത്തിൽ പ്രസ്തുത രജിസ്ട്രാർ ഓഫീസ് കത്തിച്ചതാണ്. എന്നാൽ ആ രജിസ്ട്രാർ ഓഫീസ്

ഇതുവരെ പുതുക്കി പണിയാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിന് ഭൂമി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചി ട്ടുണ്ട്. ഞാൻ കഴിഞ്ഞ ദിവസം ഭൂമി വാങ്ങിയതിനെ കുറിച്ച് മന്ത്രിയുമായി സംസാരിച്ചു. അവിടെ രജിസ്റ്റർ ഓഫീസ് വേണമെന്ന് പറഞ്ഞിട്ടുണ്ട്. അത് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടേ? പല രജിസ്ട്രാർ ഓഫീ സുകളും ഇന്ന് തകർച്ചയുടെ വക്കിലാണ്. ഭൗതിക സാഹചര്യവും അടി സ്ഥാന സൗകര്യങ്ങളുടെ പരിമിതികളും നേരിട്ടുകൊണ്ടിരിക്കുകയാണ് പല രജിസ്ട്രാർ ഓഫീസുകളും. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ ഗൗര വമായി ഗവൺമെന്റ് ശ്രദ്ധിക്കണം. അഴിമതി ആക്ഷേപങ്ങളും ഇതുപോ ലുള്ള സ്വജനപക്ഷപാതങ്ങളും അത് ഏത് പാർട്ടിയുടെ ഭാഗമായി ആളുകൾ ചെയ്യുന്നുണ്ടെങ്കിലും അതെല്ലാം കണ്ടുപിടിച്ച് ആവശ്യമായ നടപടി സ്വീകരി ക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് 2(ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, ഞാൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെ ഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദ ഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ തങ്ങളുടെ നിലനിൽപ്പുതന്നെ അപകട ത്തിലാകുമെന്ന് വിശ്വസിച്ചിരുന്ന ഒരു വലിയ വിഭാഗം ജനതയുടെ ആശ്വാസ ത്തിനെത്തുന്നഒന്നാണ് അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധികൾ എത്തിക്കുമെന്ന സർക്കാരിന്റെ തീരുമാനം. കേരളത്തിൽ രജിസ്ട്രേഷൻ

ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ കുഴപ്പമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് അനാവശ്യമായി വരുന്ന കാലതാമസമാണ്. സർക്കാരിന്റെ ഖജനാവിൽ കോടികളുടെ വരുമാനം ഉണ്ടാക്കിത്തരുന്ന ഒരു ഡിപ്പാർട്ടുമെന്റായിട്ടുപോലും, ജനങ്ങൾ ബന്ധപ്പെടുന്ന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനക്കുറവ് പലപ്പോഴും വലിയ പ്രതിസന്ധികൾ ഉണ്ടാക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലമായ പാലക്കാട് ഉൾപ്പെടെയുള്ള രജിസ്ട്രേഷൻ ഓഫീസുകളുടെ അവസ്ഥ നോക്കിയാൽ പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാതെ വളരെ ദയനീയമായ സാഹചര്യത്തിലാണ് അവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മിക്ക ഓഫീസുകൾക്കും സ്വന്തമായി കെട്ടിടമില്ല. കെട്ടിടമുള്ളതാണെങ്കിൽ ഇടിഞ്ഞു പൊളിഞ്ഞുവീഴാറായ സ്ഥിതിയിലുമാണ്. ടോയ്ലെറ്റ് സൗകര്യം പോലും ഇല്ലാത്ത തരത്തിലാണ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കപ്പെടുന്ന ഓഫീസുകൾ പലതും പ്രവർത്തിക്കുന്നത്. ഈ മേഖലയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് അടിയന്തരമായി ക്ഷേമനിധിയും പെൻഷനും കൊടുക്കുന്നതിനോടൊപ്പം ഈ ഓഫീസുകളുടെ പ്രവർത്തനങ്ങളുടെ നവീകരണത്തിനുവേണ്ടി സജീവമായ ഇടപെടൽ നടത്തേണ്ടത് പ്രധാനപ്പെട്ട ഒരു അജണ്ടയായി ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഞാൻ ആദ്യമായി അഭ്യർത്ഥിക്കുകയാണ്. ഈ തരത്തിലാണ് ഓഫീസുകളുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതെങ്കിൽ താമസിയാതെ നമ്മുടെ രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തേണ്ടിവരുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. അത്ര ഖേദകരമായ അവസ്ഥയിലാണ് പല ഓഫീസുകളും മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഒരു ഇൻകം സോഴ്സുമില്ലാത്ത പല ഡിപ്പാർട്ടുമെന്റുകളുടെ

ഓഫീസുകൾ പോലും കാലാനുസൃതമായി നവീകരിക്കുമ്പോൾ, സർക്കാരിലേയ്ക്ക് ഏറ്റവും കൂടുതൽ ഇൻകം തരുന്ന ഒരു വകുപ്പെന്ന നിലയ്ക്കും അതുമായി ബന്ധപ്പെട്ട ഓഫീസുകൾ എന്ന നിലയ്ക്കും അതിനെ ഗൗരവമായി കാണാനും അടുത്ത ബഡ്ജറ്റിൽ ഒരു നിശ്ചിത ശതമാനം സംഖ്യ മാറ്റി വച്ച് ഈ ഓഫീസുകളെ നവീകരിച്ച് അവിടെ ജനങ്ങൾക്ക് വരാനും സുതാരൃതയോടുകൂടി ഇടപാടുകൾ നടത്താനുമുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഈ വിഭാഗം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ഏറ്റവും വലിയ ആശങ്ക അവർക്ക് തൊഴിൽ നഷ്ടപ്പെടുമോ എന്നുള്ളതാണ്. അവരെ ഉൾക്കൊണ്ടുകൊണ്ട്, അവർക്ക് നിലനിൽക്കാവുന്ന തരത്തിൽ മാറ്റങ്ങൾ നടത്തുന്നതിനോടൊപ്പം നമ്മൾ ഇൻട്രൊഡ്യൂസ് ചെയ്യുന്ന സിസ്റ്റം അപ്ഗ്രേഡ് ചെയ്യപ്പെടേണ്ടതാണോ എന്നുള്ള പരിശോധന കൂടി ഗവൺമെന്റ് നടത്തേണ്ടിവരും. കോംപ്ലിക്കേഷൻ കുറയ്ക്കുന്നതിനുവേണ്ടി ഇൻട്രൊഡ്യൂസ് ചെയ്യുന്ന ഒരു സിസ്റ്റം ഫർദർ കോംപ്ലിക്കേഷനിലേയ്ക്കും ഫർദർ ഡിലേ ഉണ്ടാക്കുന്ന തരത്തിലേയ്ക്കും പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ രജിസ്ട്രേഷനും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാലാനുസൃതമായി മാറ്റങ്ങൾ വരേണ്ടതാണ്, നടപ്പിലാക്കേണ്ടതാണ് എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. അങ്ങനെ നടപ്പിലാക്കുമ്പോൾ, അത് നടപ്പിലാക്കുന്നത് കൂടുതൽ ഡിലേ വരുത്തുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയും ഈ സിസ്റ്റം നടപ്പിലാക്കുമ്പോൾ 100 ശതമാനം പ്രൊഫഷണലായിട്ടുള്ള സമീപനം സ്വീകരിക്കാൻ കഴിയുന്ന ആളുകളെ ഏൽപ്പിച്ച്

നടപ്പിലാക്കുന്ന കമ്പ്യൂട്ടറൈസേഷൻതന്നെ 100% വിജയകരമാക്കി മാറ്റാനും അതിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ അതിനെ അപ്ഗ്രേഡ് ചെയ്ത് കുറച്ചു കൂടി യൂസർഫ്രണ്ടിലി ആക്കി ഡിലേ ഇല്ലാത്ത തരത്തിൽ അതിനെ പുന:സംഘടിപ്പിക്കാനുമുള്ള തയ്യാറെടുപ്പുകൾ സർക്കാർ നടത്തണമെന്നും ഞാൻ പറയുന്നു. ഒരു കുടിക്കടത്തിന് അപേക്ഷിച്ചാൽ, നോട്ടീസ് ബോർഡിൽ എഴുതി വച്ചിട്ടുള്ളത് ഏതാനും മണിക്കൂറുകൾക്കകം കൊടുക്കുമെന്നാണ്. പക്ഷേ പല രജിസ്ട്രാർ ഓഫീസുകളിലും അത് കൊടുക്കാൻ എടുക്കേണ്ടിവരുന്ന സമയം ഒരാഴ്ചയോ രണ്ടാഴ്ചയോ ആണ്. കച്ചവടങ്ങൾക്കോ റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കോ വേണ്ടിമാത്രമല്ല, ലോൺ, വിവാഹാവശ്യങ്ങൾ, വിദ്യാഭ്യാസാവശ്യമുൾപ്പെടെ പലതരം ആവശ്യങ്ങൾക്കുവേണ്ടി വരുന്ന ബേസിക് ഡോക്യുമെന്റ്സുപോലും കൃത്യമായി ലഭിക്കാതെ ഇങ്ങനെ അനന്തമായി നീളുന്ന സാഹചര്യമുണ്ടാകുന്നത് അവരുടെ ജീവിതവുമായി മുന്നോട്ടു പോകുവാൻ അവർക്ക് പ്രയാസമുണ്ടാക്കുന്ന സാഹചര്യമാണ് ഉണ്ടാക്കുന്നത്. ഒരുപക്ഷേ എന്റെ അറിവില്ലായ്മ ആയിരിക്കാം ആധാരമെഴുത്തിനുൾപ്പെടെ ഉപയോഗിക്കുന്ന ഭാഷയിൽ കാലഘട്ടത്തിനനുസൃതമായ മാറ്റം വരുത്തണോ എന്ന കാര്യംകൂടി ഗവൺമെന്റ് പരിശോധിക്കേണ്ടിവരും. എഴുതുന്നത് എന്താണെന്ന് സാധാരണക്കാരന് വായിച്ച് മനസ്സിലാക്കാനും കുഴപ്പങ്ങളുണ്ടെങ്കിൽ തിരിച്ചറിയാനോ പലപ്പോഴും സാധിക്കുന്നില്ല. നാം ഈ മേഖലയിലെ മാറ്റങ്ങളുടെ പട്ടിക നിരത്തുമ്പോൾ തീർച്ചയായും കുറച്ചു കൂടി ലളിതവത്ക്കരിച്ച് സാധാരണ ആളുകൾക്ക് അംഗീകരിക്കാൻ കഴിയുന്ന ഒരു ഫോർമാറ്റിലേയ്ക്ക് അതിനെ മാറ്റാനുള്ള ശ്രമംകൂടി ഈ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്ന് ഞാനഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ കുറെ കാല

ങ്ങളായി ഈ മേഖലയിൽ ജോലി ചെയ്യുന്നവർ ഒരു നിലനിൽപ്പിന്റെ പ്രശ്നം നേരിടുന്നുണ്ട് എന്നുപറഞ്ഞു. ഇപ്പോൾ ആധാരമെഴുതാൻ വക്കീലന്മാരുൾപ്പെടെ ഈ മേഖലയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നുവെന്നാണ് അറിയാൻ കഴിയുന്നത്. നിലവിലുള്ള ആളുകൾക്കുതന്നെ അവരുടെ ജോലിയെ സംബന്ധിച്ച് ആശങ്കയുള്ളപ്പോൾ കൂടുതൽ ആളുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിനെ അൽപ്പം ആശങ്കയോടെയാണ് അവർ നോക്കിക്കാണുന്നത് എന്നത് സത്യമാണ്. അപ്പോൾ നമ്മുടെ പരിഷ്കരണങ്ങൾ അവർക്കുകൂടി മുന്നോട്ടു പോകാൻ കഴിയുന്ന സാഹചര്യത്തിൽ കൂടുതൽ ലളിതമായും വേഗത്തിലും കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന തരത്തിലാകണം. ക്ഷേമനിധിയും ക്ഷേമപെൻഷനും ഏർപ്പെടുത്താനെടുക്കുന്ന തീരുമാനം തീർച്ചയായും ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ആശ്വാസമായിത്തീരും. ആധാരത്തിനൊപ്പം സ്കെച്ച് ഹാജരാക്കുന്ന ഒന്നുരണ്ട് വില്ലേജ് ഓഫീസുകൾ സംസ്ഥാനത്തുണ്ട് എന്നു പറയുന്നുണ്ട്. രേഖകളുണ്ടെങ്കിലും അതിർത്തി നിർണ്ണയത്തിൽ വരുന്ന തർക്കങ്ങളും മറ്റും പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന് കാരണം സർവ്വെ വകുപ്പിൽ വേണ്ടത്ര ജീവനക്കാരില്ലാത്തതാണ്. ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇത് കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചാൽ അത് ഗുണം ചെയ്യുമോ എന്നുകൂടി പരിശോധിക്കാൻ സർക്കാർ തീർച്ചയായും തയ്യാറാകണം. കമ്പ്യൂട്ടറൈസേഷൻ പ്രോസസ്സിനെ കാലാനുസൃതമായി അപ്ഗ്രേഡ് ചെയ്യാൻ കൂടി സർക്കാർ തയ്യാറാകണം എന്ന കാര്യം ഞാൻ അടിവരയിട്ടു പറയുന്നു.. അതിൽ കുറവുകളുണ്ടെങ്കിൽ ആ കുറവുകൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുമെന്നുള്ളതുകൊണ്ട് തീർച്ചയായും അതിനെ അപ്ഗ്രേഡ് ചെയ്ത് കുറ്റങ്ങളും കുറവുകളും തീർത്ത് കുറ്റമറ്റ

താക്കി നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ കഴിയുന്ന തരത്തിൽ ഈ അപ്ഗ്രഡേഷൻ പ്രോസസ്സുകളുമായി സർക്കാർ മുന്നോട്ടു പോകണം. സമയം അതിക്രമിച്ചിരിക്കുന്നതിനാൽ ദീർഘമായൊന്നും പറയുന്നില്ല. ഇന്നി വിടെ ഒരു ചർച്ച നടന്ന സമയത്ത് ഒരു കാര്യം കേട്ടു. ഒരു സമ്മേളനത്തിന്റെ പേരിൽ എക്സൈസ് വകുപ്പിന്റെ ബിവറേജസ് ഷോപ്പുകൾ അടച്ചിടുന്ന തിനെ സംബന്ധിച്ച് വലിയ ആശങ്ക പ്രകടിപ്പിക്കുന്നത് കേട്ടു. എന്തെങ്കിലും കാരണത്തിന്റെ പേരിൽ ഒരു ദിവസമെങ്കിൽ ഒരുദിവസം അത് അടച്ചിടുന്ന താണ് നല്ലത് എന്ന കാര്യം പങ്കുവയ്ക്കുന്നതിനുപകരം അടച്ചിട്ട കാര്യത്തിൽ പ്രതിപക്ഷത്തിന് എന്താണിത്ര ധാർമ്മിക രോഷം എന്നുള്ളത് എത്ര ആലോ ചിച്ചിട്ടും മനസ്സിലാകുന്നില്ല. ആ ഒരു മാറ്റം ഇവർക്ക് പലപ്പോഴും ഉണ്ടാകു ന്നുണ്ട്. എ.കെ.ജി- യുടെ കാലത്ത് പട്ടിണി ജാഥയും പട്ടണി സമരവും നട ത്തിയിരുന്ന ആളുകൾ ഇപ്പോൾ റോഡ്സൈഡിൽ ചിക്കൻ ബിരിയാണിയും പായസവും വച്ച് സമരം നടത്തുന്ന സ്ഥിതിയിലേയ്ക്ക് മാറിയിട്ടുണ്ട് എന്നു ള്ളതുകൂടി ചേർത്തുവായിക്കേണ്ടതാണ്. ഈ പാവപ്പെട്ട ആളുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്താനും പെൻഷൻ കൊടുക്കാനും തീരുമാനിച്ച് സാധാരണക്കാർക്കുവേണ്ടി രംഗത്തുവന്ന സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി ( ശ്രീ. അനൂപ് ജേക്കബ്): സർ, ആധാരമെഴുത്തുകാർ, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവർക്ക് വേണ്ടിയുള്ള ഒരു ക്ഷേമനിധി ബില്ലാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. എല്ലാ ജനവിഭാഗ ങ്ങൾക്കും ക്ഷേമനിധികളുണ്ട്. പക്ഷേ ആധാരമെഴുത്തുകാരടക്കമുള്ള ആളു

കൾക്ക് ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സാഹചര്യമുണ്ടായി ട്ടില്ല. ചരിത്രം പരിശോധിച്ചാൽ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒരു വ്യ ക്തമായ സ്ഥാനം ആധാരമെഴുത്തുകാരടക്കമുള്ള സ്റ്റാമ്പ് വെണ്ടർമാർക്കുണ്ട്. അവർ ചെയ്ത ജോലിക്ക് അനുസൃതമായ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യങ്ങളാണുള്ളത്. പ്രായമായി, അവശതയിലേയ്ക്ക് നീങ്ങുന്ന സാഹ ചര്യത്തിൽ ഈ ക്ഷേമനിധി നടപ്പാക്കി കഴിഞ്ഞാൽ തീർച്ചയായും അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ, ചികിത്സാ സഹായം, വായ്പകൾ ലഭ്യമാക്കുക തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ ഒരുക്കുകയാണ്. ആ ഒരർത്ഥത്തിൽ അവ ർക്ക് ഒരംഗീകാരം കൊടുക്കുന്നതിന്റെ ഭാഗമായിരിക്കും ഈ ബിൽ എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ടു മെന്റിന്റെ കമ്പ്യൂട്ടറൈസേഷൻ വരുമ്പോൾ തൊഴിൽ നഷ്ടപ്പെടുമോ എന്നു തുടങ്ങി നിരവധി സംശയങ്ങൾ പ്രകടിപ്പിക്കപ്പെട്ടു. മോഡണൈസേഷൻ കാലഘട്ടത്തിന്റെ ഭാഗമാണ്. എല്ലാ വകുപ്പുകളിലുമുള്ളതുപോലെ രജിസ്ട്രേ ഷൻ വകുപ്പും നൂതന സംവിധാനങ്ങളിലേയ്ക്ക് പോകുകയാണ്. അവിടെ യെല്ലാം തീർച്ചയായും പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ടു നിൽക്കുന്നവ രുടെ തൊഴിൽ സംരക്ഷിക്കുന്ന രീതിയിലുള്ള സമീപനമായിരിക്കും ഗവൺ മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതെന്ന് ഞാൻ സൂചിപ്പിക്കട്ടെ. അതോ ടൊപ്പം കെട്ടിടങ്ങളുടെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് ഇവിടെ സൂചി പ്പിക്കുകയുണ്ടായി. തീർച്ചയായും അത്തരത്തിലുള്ള വിഷയങ്ങളെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. ഭൗതിക സാഹചര്യങ്ങൾ കൂടുതൽ വർദ്ധിപ്പി ക്കാനുള്ള സമീപനങ്ങൾ തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കും എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ സ്ഥലംമാറ്റങ്ങളുടെ കാര്യം- എല്ലാ മാറ്റങ്ങളും നോംസ് അനുസരിച്ചാണ് ചെയ്യുന്നത്. അതിന് വിപരീത

മായ സാഹചര്യങ്ങളുണ്ടാവുകയില്ല. ഈ ഗവൺമെന്റിന്റെ മുഖമുദ്രതന്നെ സുതാര്യതയാണ്. ആ സുതാര്യത ലക്ഷ്യംവച്ചുകൊണ്ടായിരിക്കും ഓരോ പ്രവർത്തനങ്ങളും ഈ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നത് എന്നുകൂടി ഈ സഭയുടെ മുമ്പാകെ പറയുവാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ അങ്ങയുടെ 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ദാസൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: അങ്ങയുടെ 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012 -ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................................

പ്രതികൂലിക്കുന്നവർ ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പുതിരിച്ചുള്ള പരിഗണന
## 2-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120 ഖണ്ഡം 2 (സി) യിൽ 'തുക' എന്ന വാക്കിനു പകരം 'തുകയും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് വിറ്റു ലഭിക്കുന്ന തുകയും' എന്നീ വാക്കുകൾ ചേർക്കുക.

'തുക' എന്ന വാക്കിനു പകരം 'തുകയും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും' സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് വിറ്റു ലഭിക്കുന്ന തുകയും എന്നീ വാക്കുകൾ ചേർക്കുക എന്നതായിരുന്നു എന്റെ ഭേദഗതി. ക്ഷേമനിധിയ്ക്ക് കുറച്ചുകൂടി സാമ്പത്തിക ഭദ്രത ഉണ്ടാകാൻ ഇത് ആവശ്യമായിരിക്കും.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124: ഖണ്ഡം 2 (ഡി) യിൽ "ആൺമക്കൾ" എന്ന വാക്കിനു ശേഷം "പ്രായപൂർത്തിയായവരും എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരോ, തൊഴിൽരഹിതരോ ആയ ആൺമക്കൾ" എന്നീ വാക്കുകൾ ചേർക്കുക.

127. ഖണ്ഡം 2(ഇ) യിൽ "മുദ്ര പത്രത്തിന്മേൽ എഴുതുകയും" എന്നീ വാക്കുകൾക്ക് ശേഷം "ഒരു വർഷത്തിലേറെയായി ആധാരമെഴുത്താഫീസിൽ ജോലി ചെയ്യുന്നവർ" എന്നീ വാക്കുകൾ ചേർക്കുക.

133. ഖണ്ഡം 2(എച്ച്)-ൽ "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ" എന്നീ വാക്കുകൾക്കു പകരം "രജിസ്ട്രേഷൻ ചീഫ്" എന്നീ വാക്കുകൾ ചേർക്കുക.

135. ഖണ്ഡം 2(ഐ)യിൽ "സ്റ്റാമ്പ് വെണ്ടറോ" എന്നീ വാക്കുകൾക്കു ശേഷം "ആധാരമെഴുത്താഫീസിലെ സ്ഥിരം ജീവനക്കാരോ" എന്നീ വാക്കുകൾ ചേർക്കുക.

142. ഖണ്ഡം 2 (എൽ) ൽ (ജനറൽ) എന്ന വാക്ക് ഒഴിവാക്കുക.

124, 127, 133, 135, 142 എന്നീ 5 ഭേദഗതികളും ഞാൻ മൂവ് ചെയ്യുകയാണ്. പ്രധാനമായിട്ടുള്ളത് 133-ാം നമ്പർ ഭേദഗതിയാണ്. 'രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ' എന്നത് ഒരു പോലീസ് നാമധേയമാണ്. 'രജിസ്ട്രേഷൻ ചീഫ്' എന്നുമാറ്റിയാൽ ഒരു മയമുണ്ടാകും.

ശ്രീ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126: ഖണ്ഡം 2(ഡി)യിൽ "മാനസികമായോ" എന്ന വാക്കിനു മുൻപായി "സ്ഥിരമായി" എന്ന വാക്ക് ചേർക്കുക.

130. ഖണ്ഡം 2(ഇ)യിൽ "ഏർപ്പെട്ടിരിക്കുന്ന" എന്ന വാക്കിനുശേഷം "ലൈസൻസുള്ള" എന്ന വാക്ക് ചേർക്കുക

126, 130 എന്നീ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു. ഖണ്ഡം 2(ഡി) യിൽ "മാസികമായോ ശാരീരികമായോ അവശതയനുഭവിക്കുന്ന മക്കൾ" എന്നുള്ളത് "സ്ഥിരമായി അവശതയനുഭവിക്കുന്ന മക്കൾ" എന്നാക്കണം. അതായത് "permanent disability" ഉള്ള മക്കൾ എന്ന് കുറച്ചുകൂടി ക്ലാരിഫിക്കേഷനുണ്ടാകണം. 130-ൽ ആധാരങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ലൈസൻസ് എടുത്തിരിക്കുന്ന ആൾ എന്നു മാറ്റണമെന്നതാണ് ഭേദഗതി. "ലൈസൻസുള്ള" എന്ന വാക്കുകൂടി ചേർത്തില്ലെങ്കിൽ അത് അവ്യക്തമായിരിക്കും.

മി. സ്പീക്കർ: സമാന സ്വഭാവമുള്ളവയായതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെടേണ്ടതില്ല.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. "ഏർപ്പെട്ടിരിക്കുന്ന" എന്ന വാക്കിനുശേഷം "ലൈസൻസുള്ള" എന്ന വാക്കുകൂടി ചേർക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. രാജൂ എബ്രഹാം അവതരിപ്പിച്ച 124, 127, 133, 135, 142 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗ മാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 3 (1)ൽ "കഴിയുന്നത്ര വേഗം" എന്ന വാക്കിനുപകരം "ഒരു മാസത്തിനുള്ളിൽ" എന്ന വാക്കു ചേർക്കുക

152. ഖണ്ഡം 3 (1)ൽ "പകർപ്പെഴുത്തുകാരുടെയും" എന്ന വാക്കിനു ശേഷം "സ്ഥിരം ജീവനക്കാരുടെയും" എന്നീ വാക്കുകൾ ചേർക്കുക

169. ഖണ്ഡം 3(5)(എ)യിൽ "അഞ്ച് വർഷത്തിൽ" എന്നീ വാക്കു കൾക്ക് പകരം "രണ്ട് വർഷത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

172. ഖണ്ഡം 3(5)(എ)യിൽ "നിശ്ചിത തുകയും" എന്നീ വാക്കു കൾക്ക് പകരം "ചികിത്സാ ധനസഹായം" എന്നീ വാക്കുകൾ ചേർക്കുക.

175. ഖണ്ഡം 3(5)(എ)യുടെ 2-ാം വിശദീകരണത്തിൽ"അറുപ ത്തിയഞ്ച്" എന്ന വാക്കിന് പകരം "അറുപത്" എന്ന വാക്ക് ചേർക്കുക.

202. ഖണ്ഡം 3 (5) (ജെ)യ്ക്ക് ശേഷം (കെ) ആയി താഴെപ്പറയുന്നതു ചേർക്കുക

"(കെ) മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതിന്"

ഏത് ക്ഷേമനിധിയിലും മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്ന വകുപ്പ് ചേർക്കാറുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 3 (1)ൽ "കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾക്ക് പകരം "മൂന്നു മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക

161. ഖണ്ഡം 3(3)(എച്ച്)-ൽ "രണ്ട് ശതമാനം" എന്നീ വാക്കുകൾക്ക് പകരം "അര ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

201. ഖണ്ഡം 3(5)(ജെ) യിൽ "ബോർഡിന്റെ" എന്ന വാക്കിനു മുൻപായി "പത്തു ശതമാനത്തിൽ അധികരിക്കാതെ" എന്നീ വാക്കുകൾ ചേർക്കുക.

161-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 3(3)(എച്ച്)-ൽ സ്റ്റാമ്പ് വെണ്ടർമാർക്ക് കമ്മീഷനായി ലഭിക്കുന്ന തുകയുടെ രണ്ട് ശതമാനം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കണമെന്നാണ് പറയുന്നത്. ബാക്കിയുള്ളവരുടെ കാര്യത്തിൽ ഇങ്ങനെ പറയുന്നില്ല. "രണ്ട് ശതമാനം" എന്നതിന് പകരം "അര ശതമാനം" എന്ന വാക്ക് ചേർക്കുക.

187-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 3(5) (ബി) യിൽ പത്തു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ

കുടുംബ പെൻഷൻ നൽകുന്നു എന്നതിൽ "പത്ത് വർഷത്തിൽ" എന്നതിനു പകരം "അഞ്ചു വർഷത്തിൽ" എന്നീ വാക്കുകൾ ചേർക്കുക. അഞ്ച് വർഷം വരെ ഒരാൾ അംശദായം അടച്ചാൽ അയാൾക്ക് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടാകണം എന്നതാണ്.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3 (1)ൽ "സർക്കാർ" എന്ന വാക്കിനുശേഷം "ഗസറ്റ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 3 (1)ൽ "ഒരു നിധി രൂപീകരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ഒരു നിധി രൂപീകരിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം.ഹംസ. സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 3 (2)ൽ "വിനിർദ്ദേശിച്ചിട്ടുള്ള" എന്ന വാക്കിന് പകരം "നിർദ്ദേശിച്ചിട്ടുള്ള" എന്ന വാക്കു ചേർക്കുക.

167. ഖണ്ഡം 3(3)(എൽ) നു ശേഷം താഴെപ്പറയുന്നത് (എം) ആയി ചേർക്കുക.

"(എം) രജിസ്ട്രേഷൻ ഇനത്തിലും സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ലഭിക്കുന്ന തുകയിൽ അതാത് കാലത്ത് സർക്കാർ തീരുമാനിക്കുന്ന തുക"

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194. ഖണ്ഡം 3(5)(ഡി)യിൽ "കഴിയാതിരിക്കുകയോ" എന്ന വാക്കിനു ശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

"അഞ്ചു വർഷത്തിൽ താഴെമാത്രം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് സ്ഥിരമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥയിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം പ്രത്യേക പെൻഷൻ നൽകുന്നതിന്"

199. ഖണ്ഡം 3(5)(എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക

"(എച്ച്) ശാരീരിക അവശത കാരണം താത്ക്കാലികമായി ജോലി ചെയ്യാൻ സാധിക്കാത്തവർക്ക് അക്കാലയളവിൽ നിർണ്ണീത നിരക്കിലുള്ള പ്രത്യേക ആശ്വാസം നൽകുന്നതിന്"

അഞ്ച് വർഷത്തിൽ താഴെ അംശദായം അടച്ചിട്ടുള്ളവർക്കാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നത്. എന്നാൽ ഏതെങ്കിലുമൊരു പ്രത്യേക സാഹചര്യത്തിൽ അഞ്ച് വർഷത്തിൽ താഴെ മാത്രം അംശദായം നൽകുന്ന സാഹചര്യം വന്നാൽ അവർക്കും എന്തെങ്കിലും പ്രത്യേക ആനുകൂല്യം വേണം. അതിനുവേണ്ടിയാണ് 194. ഖണ്ഡം 3(5)(ഡി) യിൽ "കഴിയാതിരിക്കുകയോ" എന്ന വാക്കിനു ശേഷം "അഞ്ചു വർഷത്തിൽ താഴെമാത്രം

അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് സ്ഥിരമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥയിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം പ്രത്യേക പെൻഷൻ നൽകുന്നതിന്" എന്നുകൂടി ചേർക്കുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

മി. സ്പീക്കർ: 157, 159, 176, 177, 178, 182, 183, 184, 186, 187, 188, 191 എന്നീ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 3-ാം വകുപ്പിലെ ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, 202-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

58. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
59. ശ്രീമതി പി. അയിഷാ പോറ്റി
60. ശ്രീ. കെ. അജിത്
61. ശ്രീ. എ. എം. ആരിഫ്
62. ശ്രീ. എ. എ. അസീസ്
63. ശ്രീ. ബാബു എം. പാലിശ്ശേരി
64. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

65. ശ്രീ. എ. കെ. ബാലൻ
66. ശ്രീമതി ഇ. എസ്. ബിജിമോൾ
67. ശ്രീ. എം. ചന്ദ്രൻ
68. ശ്രീ. ഇ. ചന്ദ്രശേഖരൻ
69. ശ്രീ. കെ. ദാസൻ
70. ശ്രീ. ബി. ഡി. ദേവസ്സി
71. ശ്രീ. സി. ദിവാകരൻ
72. ശ്രീമതി ഗീതാ ഗോപി
73. ശ്രീ. ചിറ്റയം ഗോപകുമാർ
74. ശ്രീ. എം. ഹംസ
75. ഡോ. കെ. ടി. ജലീൽ
76. ശ്രീ. കെ. കെ. ജയചന്ദ്രൻ
77. ശ്രീ. ജോസ് തെറ്റയിൽ
78. ശ്രീ. എളമരം കരീം
79. ശ്രീ. സി. കൃഷ്ണൻ
80. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
81. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
82. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
83. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
84. ശ്രീ. കോവൂർ കുഞ്ഞുമോൻ
85. ശ്രീമതി കെ. കെ. ലതിക
86. ശ്രീ. സി. കെ. നാണു
87. ശ്രീ. കെ. കെ. നാരായണൻ
88. ശ്രീ. എ. പ്രദീപ്കുമാർ
89. ശ്രീ. പുരുഷൻ കടലുണ്ടി
90. ശ്രീ. എസ്. രാജേന്ദ്രൻ
91. ശ്രീ. കെ. രാജു
92. ശ്രീ. രാജു എബ്രഹാം
93. ശ്രീ. മുല്ലക്കര രത്നാകരൻ
94. പ്രൊഫ. സി. രവീന്ദ്രനാഥ്

95. ശ്രീ. സി. കെ. സദാശിവൻ
96. ശ്രീ. സാജു പോൾ
97. ശ്രീമതി കെ. എസ്. സലീഖ
98. ശ്രീ. എസ്. ശർമ്മ
99. ശ്രീ. വി. ശശി
100. ശ്രീ. എ. കെ. ശശീന്ദ്രൻ
101. ശ്രീ. ബി. സത്യൻ
102. ശ്രീ. വി. ശിവൻകുട്ടി
103. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
104. ശ്രീ. ജി. സുധാകരൻ
105. ശ്രീ. വി. എസ്. സുനിൽകുമാർ
106. ശ്രീ. കെ. സുരേഷ് കുറുപ്പ്
107. ശ്രീ. പി. തിലോത്തമൻ
108. ശ്രീ. ഇ. കെ. വിജയൻ

പ്രതികൂലിക്കുന്നവർ:

71. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
72. ശ്രീ. പി. കെ. അബ്ദുറബ്ബ്
73. ശ്രീ. പി. ബി. അബ്ദുൾ റസാക്
74. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
75. ശ്രീ. കെ. അച്ചുതൻ
76. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
77. ശ്രീ. അനൂപ് ജേക്കബ്
78. ശ്രീ. മഞ്ഞളാംകുഴി അലി
79. ശ്രീ. എ. പി. അനിൽകുമാർ
80. ശ്രീ. അൻവർ സാദത്ത്
81. ശ്രീ. കെ. ബാബു
82. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

83. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
84. ശ്രീ. വി. റ്റി. ബൽറാം
85. ശ്രീ. പി. കെ. ബഷീർ
86. ശ്രീ. ബെന്നി ബെഹനാൻ
87. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
88. ശ്രീ. കെ. ബി. ഗണേഷ് കുമാർ
89. ശ്രീ. എ. റ്റി. ജോർജ്
90. ശ്രീ. പി. സി. ജോർജ്
91. ശ്രീ. ഹൈബി ഈഡൻ
92. ശ്രീമതി പി. കെ. ജയലക്ഷ്മി
93. ഡോ. എൻ. ജയരാജ്
94. ശ്രീ. കെ. സി. ജോസഫ്
95. ശ്രീ. പി. ജെ. ജോസഫ്
96. ശ്രീ. ജോസഫ് വാഴക്കൻ
97. ശ്രീ. വർക്കല കഹാർ
98. ശ്രീ. കെ. എൻ. എ. ഖാദർ
99. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
100. ശ്രീ. റ്റി. യു. കുരുവിള
101. ശ്രീ. ലൂഡി ലൂയിസ്
102. ശ്രീ. സി. മമ്മൂട്ടി
103. ശ്രീ. കെ. പി. മോഹനൻ
104. ശ്രീ. സി. മോയിൻകുട്ടി
105. ശ്രീ. മോൻസ് ജോസഫ്
106. ശ്രീ. സി. പി. മുഹമ്മദ്
107. ശ്രീ. ആര്യാടൻ മുഹമ്മദ്
108. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
109. ഡോ. എം. കെ. മുനീർ
110. ശ്രീ. കെ. മുരളീധരൻ
111. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

112. ശ്രീ. ഉമ്മൻ ചാണ്ടി
113. ശ്രീ. അടൂർ പ്രകാശ്
114. ശ്രീ. ടി. എൻ. പ്രതാപൻ
115. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
116. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
117. ശ്രീ. പാലോട് രവി
118. ശ്രീ. റോഷി അഗസ്റ്റിൻ
119. ശ്രീ. വി. പി. സജീന്ദ്രൻ
120. ശ്രീ. എൻ. ശക്തൻ
121. ശ്രീ. വി. ഡി സതീശൻ
122. ശ്രീ. ഷാഫി പറമ്പിൽ
123. ശ്രീ. കെ. എം. ഷാജി
124. ശ്രീ. എം. ഷംസുദ്ദീൻ
125. ശ്രീ. ആർ. സെൽവരാജ്
126. ശ്രീ. ഷിബു ബേബി ജോൺ
127. ശ്രീ. വി. എസ്. ശിവകുമാർ
128. ശ്രീ. സണ്ണി ജോസഫ്
129. ശ്രീ. സി. എഫ്. തോമസ്
130. ശ്രീ. തോമസ് ഉണ്ണിയാടൻ
131. ശ്രീ. എം. ഉമ്മർ
132. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
133. ശ്രീ. എം. പി. വിൻസെന്റ്
134. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

<u>മി. സ്പീക്കർ:</u> ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 51

പ്രതികൂലിക്കുന്നവർ - 64

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 149, 152, 169, 172, 175 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 150, 161, 201 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 156, 167 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 194, 199 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ................................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

ശ്രീ. കെ. ദാസൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 4(3)ൽ "വിനിർദ്ദേശിച്ചേക്കാവുന്ന" എന്ന വാക്കിനു പകരം "നിർദ്ദേശിച്ചേക്കാവുന്ന" എന്ന വാക്കു ചേർക്കുക

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 4(3)ൽ "അധികാരപ്പെടുത്തിയിരിക്കുന്ന" എന്ന വാക്കിനു പകരം "അധികാരപ്പെടുത്തുന്ന" എന്ന വാക്കു ചേർക്കുക.

**മി. സ്പീക്കർ**: 208, 209, 213, 215, 216 എന്നീ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, "വിനിർദ്ദേശിസ്സിക്കുക" എന്നത് സ്റ്റാൻഡേർഡ് പ്രയോഗമാണ്. "വിനിർദ്ദേശിക്കുക" എന്നതിന്റെ അർത്ഥം സ്പെസിഫൈ ചെയ്യുക എന്നാണ്. മൂന്നാം വകുപ്പിലെ ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: അവതരിപ്പിച്ച അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

ശ്രീ. ബി.ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 5(1)-ൽ "പ്രവേശിക്കുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന, അങ്ങനെയുള്ള" എന്നീ വാക്കുകൾക്ക് പകരം "ചേരുന്നതിന് നിർദ്ദിഷ്ട" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 5(1)-ൽ "പ്രവേശിക്കുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള" എന്നീ വാക്കുകൾക്ക് പകരം "ചേരുന്നതിന് നിർദ്ദിഷ്ട" എന്നീ വാക്കുകൾ ചേർക്കുക. സാധാരണ ക്ഷേമനിധിയിൽ പ്രവേശിക്കുകയെന്നല്ല, ചേരുകയെന്നാണ് പറയുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. ഖണ്ഡം 5(1)ലെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ;

"യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല" എന്നീ വാക്കുകൾക്ക് പകരം "ഏതൊരാൾക്കും മൂന്ന് വർഷം പ്രസ്തുത ജോലി ചെയ്തതിന് ശേഷം നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടാക്കിയിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

241. ഖണ്ഡം 5(4)-ൽ "25 വർഷത്തെ" എന്നീ അക്കങ്ങൾക്കും വാക്കിനും പകരം "ഇരുപതു വർഷത്തെ" എന്നീ വാക്കുകൾ ചേർക്കുക.

സർ, കേന്ദ്ര സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർവ്വീസിൽ നിന്നോ, പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാര സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരാമെഴുത്തുകാരനായോ, പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് പറയുന്നത് ശരിയല്ല. ഒരാൾ പെൻഷനായി കഴിഞ്ഞാൽ അയാൾ മറ്റൊരു ജോലി ചെയ്ത് ജീവിക്കുന്നതിന് സർക്കാർ പ്രോത്സാഹനം കൊടുക്കുകയാണ് ചെയ്യേണ്ടത്. അങ്ങനെയുള്ള ഒരാൾക്ക് നിധിയിൽ അംഗത്വമെടുക്കാൻ പറ്റില്ലെന്ന് പറയുന്നത് ശരിയായ കാര്യമല്ല. ഒരു ക്ലിപ്ത സമയം, ഏതൊരാൾക്കും 3 വർഷം പ്രസ്തുത ജോലി ചെയ്തതിനുശേഷം നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. അങ്ങനെ റിട്ടയർ ചെയ്ത ഒരാൾ തുടർച്ചയായി 3 വർഷം ആ ജോലി ചെയ്തുകഴിഞ്ഞാൽ ഈ നിധിയിൽ അംഗത്വം കൊടുക്കുന്നതിന് അവസരം കൊടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. മറ്റൊന്ന്, 25 വർഷത്തെ അംഗത്വത്തിനുശേഷം സ്വമേധയാ ലൈസൻസ് തിരിച്ചേൽപ്പിക്കുകയെന്നുള്ളത് 20 വർഷമായി ചുരുക്കണമെന്നുള്ളതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ ഏതെങ്കിലും ഒരുതരത്തിലുള്ള പെൻഷൻ വാങ്ങുന്നവരെ ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ല. ആധാരമെഴുത്തുകാരേയും അതിന്റെ വാലിഡ് ലൈസൻസ് ഉള്ളവരേയും പകർപ്പെഴുത്തുകാരേയും സ്റ്റാമ്പ് വെണ്ടേഴ്സിനേയുമാണ് ഈ ക്ഷേമനിധിയിൽ ഉൾപ്പെ

ടുത്താൻ തീരുമാനിച്ചിരിക്കുന്നത്. ഇതൊരു വലിയ വിഷയമാണ്. പലപ്പോഴും ആധാരമെഴുത്തുകാരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യവും മറ്റ് പെൻഷൻ വാങ്ങുന്നവരെ ഇതിൽ ഉൾപ്പെടുത്തരുതെന്നുള്ളതാണ്. പരമ്പരാഗതമായ ഒരു തൊഴിൽ സംരക്ഷിക്കപ്പെടുകയെന്നതും കൂടി ലക്ഷ്യം വയ്ക്കുന്നുണ്ട്. ഭേദഗതികൾ സ്വീകാര്യമല്ല.

മി.സ്പീക്കർ: ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 228, 241 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ആറാം വകുപ്പ്**

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

251. ഖണ്ഡം 6 (1)ലെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത ഖണ്ഡം നിബന്ധന ചേർക്കുക.

"എന്നു മാത്രമല്ല അംഗത്വം റദ്ദാക്കപ്പെടുന്ന ഏതൊരംഗത്തിനും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്".

ഖണ്ഡം 6(1)-ൽ ഒരാളുടെ അംഗത്വം റദ്ദാക്കുകയെന്നുള്ളതാണ്. രണ്ടാമതായി പറയുന്നത് അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറക്കേണ്ടത് അംഗത്തിന് പറയാനുള്ളത് കേട്ടതിനുശേഷം മാത്രമായിരിക്കണമെന്നാണ്. പക്ഷേ, അപ്പീലിനെക്കുറിച്ച് പറയുന്നില്ല. അംഗത്വം റദ്ദാക്കപ്പെടുന്ന ഏതൊരംഗത്തിനും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്. സർക്കാരിനുമുമ്പിൽ അപ്പീൽ സമർപ്പിക്കാനുള്ള അവസരം അംഗത്തിന് കൊടുക്കാതിരിക്കുകയെന്ന് പറയുന്നത് അനീതിയാണ്. അങ്ങനെ അപ്പീൽ കൊടുക്കുന്നതിനുള്ള പ്രൊവിഷൻ ഉണ്ടാകണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 6(2)ൽ 'ആറുമാസക്കാലം' എന്നീ വാക്കുകൾക്കു പകരം 'പന്ത്രണ്ടുമാസക്കാലം' എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 6(2)- ൽ ആറുമാസക്കാലം ക്ഷേമനിധി അടയ്ക്കാതിരുന്നാൽ അതിൽ നിന്ന് ഒഴിവാകുമെന്നാണ് പറയുന്നത്. അത് പന്ത്രണ്ടുമാസക്കാലമായി വർദ്ധിപ്പിച്ചുകൊടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. അനൂപ് ജേക്കബ് : സർ, അതിൽ അപ്പീലിനുള്ള പ്രൊവിഷനുണ്ട്. 6(4)- ൽ ഗവൺമെന്റിനല്ല, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അപ്പീലി

നുള്ള പ്രൊവിഷനുണ്ട്. ആറുമാസം മതിയായ കാലയളവാണ്. കൂടുതലായാൽ ഡിഫോൾട്ടിലേയ്ക്ക് പോകും.

257-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 6(3)-ൽ "നിശ്ചയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "നിശ്ചയിക്കാവുന്നതും അംഗങ്ങളെ രേഖാമൂലം അറിയിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 252-ാം ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഏഴാം വകുപ്പ്

മി. സ്പീക്കർ : സമാനസ്വഭാവമുള്ളതുകൊണ്ട് 264,267,269 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

**ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.**

265. ഖണ്ഡം 7 ൽ "അവസാനിപ്പിക്കപ്പെട്ട" എന്ന വാക്കിനു പകരം "നഷ്ടപ്പെട്ട" എന്ന വാക്കു ചേർക്കുക.

അവസാനിപ്പിക്കപ്പെട്ട എന്ന പദത്തിന്റെ പ്രയോഗപ്രശ്നമാണ്. അവസാനിക്കുന്നതൊന്നും പുനർജീവിപ്പിക്കാൻ പറ്റില്ല. നഷ്ടപ്പെട്ടതേ പുനർജീവിപ്പിക്കാൻ പറ്റുകയുള്ളു. ഭാഷാന്തരത്തിനുവേണ്ടിയുള്ള ഭേദഗതിയാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

266 ഖണ്ഡം 7 ൽ "ആറു മാസത്തിനകം പന്ത്രണ്ട് ശതമാനം" എന്നീ വാക്കുകൾക്കു പകരം "ഒരു വർഷത്തിനകം ആറു ശതമാനം" എന്നീ വാക്കുകൾ യഥാക്രമം ചേർക്കുക.

ഖണ്ഡം 7-ൽ റദ്ദാക്കിയ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് ആറു മാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശിക അടയ്ക്കണമെന്നാണ്. അത് കുറയ്ക്കുന്നതിനുവേണ്ടിയാണ് എന്റെ ഭേദഗതി. കാലാവധി ഒരുവർഷമായി കൂട്ടുകയും പലിശ ആറ് ശതമാനമായി കുറയ്ക്കുകയും ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.**

268. ഖണ്ഡം 7 ൽ "പന്ത്രണ്ട് ശതമാനം" എന്ന വാക്ക് ഒഴിവാക്കുക.

മി.സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 8-ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 8(1) ൽ "സർക്കാരിന് "എന്ന വാക്കിനു ശേഷം "ഗസറ്റ്"എന്ന വാക്കു ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 8(1)ൽ "പിൽക്കാലപ്രാബല്യത്തോടുകൂടിയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പാലോട് രവി അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ ......

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**9-ാം വകുപ്പ്**

ശ്രീ. സാജു പോൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 9(1)ൽ "വിനിർദ്ദേശിക്കപ്പെടുന്ന" എന്ന വാക്കിന് പകരം "നിശ്ചയിക്കുന്ന" എന്നും "രൂപീകരിക്കാവുന്നതാണ്" എന്ന വാക്കിനുപകരം "രൂപീകരിക്കേണ്ടതാണ്" എന്ന വാക്കും ചേർക്കുക.

275. ഖണ്ഡം 9(2)ൽ "ഏകാംഗീകൃത നികായമായിരിക്കുന്നതും" എന്നീ വാക്കുകൾക്കുപകരം "സ്ഥാപനമായിരിക്കുന്നതും" എന്ന വാക്ക് ചേർക്കുക.

"വിനിർദ്ദേശിക്കപ്പെടുന്ന" എന്ന വാക്കിന് പകരം "നിശ്ചയിക്കുന്ന" എന്നാക്കണമെന്നതാണ് എന്റെ ഭേദഗതി. ഞാൻ ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയും വിദ്വാൻ പി. കെ. നാരായണ പിള്ള സംശോധിത സംസ്കരണം നടത്തിയ പ്രയോഗദ്വീപികയും പരിശോധിച്ചിട്ട് "വിനിർദ്ദേശി

ക്കപ്പെടുന്ന" എന്ന ഒരു വാക്ക് കണ്ടില്ല. വിനീർ എന്ന് കേട്ടിട്ടുണ്ട്. വിനീർ പ്ലൈവുഡ്. അല്ലാതെ "വിനിർദ്ദേശിക്കപ്പെടുന്ന" എന്ന ഒരു വാക്ക് ഇല്ല.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

274. ഖണ്ഡം 9(1)ൽ "സ്റ്റാമ്പ് വെണ്ടർമാരുടെയും" എന്നീ വാക്കുകൾക്ക് ശേഷം "ആധാരമെഴുത്താഫീസ് ജീവനക്കാരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

280. ഖണ്ഡം 9(3)(എ)-ൽ "അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

290. ഖണ്ഡം 9(3)(എച്ച്) ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്ക് ശേഷം "വ്യക്തികൾ അടക്കം" എന്നീ വാക്കുകൾ ചേർക്കുക.

295. ഖണ്ഡം 9(3)(എച്ച്) ന് ശേഷം താഴെപ്പറയുന്നതു (ഐ) ആയി ചേർക്കുക.

"(ഐ) അനൗദ്യോഗിക അംഗങ്ങളിൽ ഒരാൾ ചെയർമാനായിരിക്കേണ്ടതാണ്"

ശ്രീ. ഇ. കെ. വിജയൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതിരിപ്പിക്കുന്നു.

276. ഖണ്ഡം 9(3)ൽ "ഏഴ്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്കു ചേർക്കുക.

അനൗദ്യോഗിക അംഗങ്ങളും ഔദ്യോഗിക അംഗങ്ങളും എന്നതിൽഔദ്യോഗിക അംഗങ്ങൾ മൂന്നുപേരായ രജിസ്ട്രേഷൻ ഐ.ജി., ഫിനാൻസ് ഡെപ്യൂട്ടി സെക്രട്ടറി, ലേബർ ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ മതിയെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. രാജു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

277. ഖണ്ഡം 9(3)ൽ "ഏഴ്" എന്ന വാക്കിന് പകരംം "മൂന്ന്" എന്ന വാക്കും "മൂന്ന് " എന്ന വാക്കിന് പകരം "ഏഴ് " എന്ന വാക്കും ചേർക്കുക.

281. ഖണ്ഡം 9(3)(എ) താഴെപ്പറയും പ്രകാരം മാറ്റുക.

" (എ) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അനൗദ്യോഗിക അംഗം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് "

ഔദ്യോഗിക അംഗങ്ങളുടെ എണ്ണം ഒരുപാടാണ് ഇതിൽ കാണുന്നത്. നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളുടെ എണ്ണം അത് സംഘടനാ പ്രതിനിധികളുമാകാം. അത് ഇവിടെ ചർച്ചയിൽ ഉയർന്നുവന്നതാണ്. അവരുടെ എണ്ണം ഏഴായി വർദ്ധിപ്പിച്ചുകൊണ്ട് ശ്രീ. ഇ. കെ. വിജയൻ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് സെക്രട്ടറിമാരുടെ എണ്ണം മൂന്നായി കുറയ്ക്കണം. 281-ൽ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ആളുകളിൽ ഒരാൾ ഇതിന്റെ ചെയർമാനാകുക. ഈ ആക്ടിൽ നേരത്തെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് നികുതി വകുപ്പിന്റെ സെക്രട്ടറി ഇതിന്റെ ചെയർമാനാകുക എന്നാണ്. അത് ഇതിൽ അപ്രായോഗികമായി വരും. മൂന്ന് മാസത്തിലൊരിക്കൽ കമ്മിറ്റി കൂടണമെന്നാണ്. അതൊക്കെ വളരെ ബുദ്ധിമുട്ടായി വരും. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

278. 279. ഖണ്ഡം 9(3)-ൽ "മൂന്ന് " എന്ന വാക്കിന് പകരം "അഞ്ച് " എന്ന വാക്ക് ചേർക്കുക.

293. ഖണ്ഡം 9(3)(എച്ച്) ൽ "മൂന്ന് അനൗദ്യോഗിക അംഗങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "അഞ്ച് അനൗദ്യോഗിക അംഗങ്ങൾ " എന്നീ വാക്കുകൾ ചേർക്കുകയും ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ചെയ്യുക.

"അവരിൽ രണ്ട് ആളുകൾ ആധാരമെഴുത്തുകാരെയും ഒരാൾ പകർപ്പെഴുത്തുകാരെയും രണ്ട് ആളുകൾ സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്നവർ ആയിരിക്കണം"

ഖണ്ഡം 9(3)-ൽ ഔദ്യോഗിക അംഗങ്ങൾ ഏഴും അനൗദ്യോഗിക അംഗങ്ങൾ മൂന്നുപേരുമാണ്. ഔദ്യോഗിക അംഗങ്ങളെക്കൊണ്ട് നിറച്ചിരിക്കുകയാണ്. അനൗദ്യോഗിക അംഗങ്ങൾ അഞ്ച് പേരാക്കി മാറ്റണമെന്നുള്ളതാണ്. അതായത് ആർക്കാണോ ഇതിന്റെ ബെനിഫിറ്റ് കിട്ടുന്നത് ആ വിഭാഗത്തെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ആളുകൾ തീർത്തും കുറവും ഔദ്യോഗിക അംഗങ്ങൾ കൂടുകയും ചെയ്യുക എന്നുള്ളത് ശരിയായ ഒരു കാര്യമല്ല. അത് മാറ്റണമെന്നുള്ളതാണ് എന്റെ ഒരു ഭേദഗതി. മറ്റൊന്ന്, ഖണ്ഡം 9(3) (എച്ച്)-ൽ ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ എന്നുള്ളതാണ്. അതിനുപകരം അഞ്ച് അനൗദ്യോഗിക അംഗങ്ങൾ എന്നീ

വാക്കുകൾ ചേർക്കുകയും അവരിൽ രണ്ട് ആളുകൾ ആധാരമെഴുത്തുകാരെയും ഒരാൾ പകർപ്പെഴുത്തുകാരെയും രണ്ട് ആളുകൾ സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്നവർ ആയിരിക്കണമെന്നാണ്.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

282 ഖണ്ഡം 9(3)(എ) താഴെപ്പറയും പ്രകാരം മാറ്റുക.

"(3)(എ) ഗവൺമെന്റ് സെക്രട്ടറി, നികുതി വകുപ്പ്-അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയും, ഗവൺമെന്റ് നിർദ്ദേശിക്കുന്ന ബോർഡംഗം ചെയർമാനുമായിരിക്കുന്നതാണ്"

284 ഖണ്ഡം 9(3)(ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"(3)ബി മറ്റൊരു ബോർഡംഗം ബോർഡിന്റ വൈസ് ചെയർമാനായിരിക്കുന്നതാണ്"

292 ഖണ്ഡം 9(3)(എച്ച്) ൽ "മൂന്ന്" എന്ന വാക്കിന് പകരം "അഞ്ച് " എന്ന വാക്ക് ചേർക്കുക.

ഞാൻ 3 ഭേദഗതികളാണ് അവതരിപ്പിച്ചത്. എല്ലാ ക്ഷേമനിധികളുടെയും ചെയർമാനും വൈസ് ചെയർമാനും അനൗദ്യോഗിക അംഗങ്ങളാണ്. ഇതിൽ മാത്രം എന്തിനാണ് ഒഫിഷ്യൽസിനെ ആക്കുന്നത്? അതുകൊണ്ട് 282 -ൽ ഒരു അനൗദ്യോഗിക അംഗം അതിന്റെ ചെയർമാനായിരിക്കണമെന്നും മറ്റൊരു അനൗദ്യോഗിക അംഗം വൈസ് ചെയർമാൻ ആയിരിക്കണമെന്നുള്ള ഒരു ഭേദഗതിയാണ് വയ്ക്കുന്നത്. ഈ ക്ഷേമനിധിയിൽ ഒഫിഷ്യൽസിനെ വയ്ക്കാൻ പാടില്ല. ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന ആളുതന്നെയാകാം.

ഇത് ബഹുമാനപ്പെട്ട മന്ത്രി അപ്രൂവ് ചെയ്യണം. അല്ലെങ്കിൽ അത് ഉദ്യോഗസ്ഥരുടെ ക്ഷേമനിധിയാകും. ആർക്കും താല്പര്യമുണ്ടാകില്ല. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്ന അഭിപ്രായമുണ്ട്.

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

283 ഖണ്ഡം 9(3)(ബി)ൽ "വൈസ് ചെയർമാനായിരിക്കുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "സെക്രട്ടറി ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

285. ഖണ്ഡം 9(3)(സി)യിൽ "അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ്"എന്നീ വാക്കുകൾ ഒഴിവാക്കുക.

ഇതിൽ രജിസ്ട്രേഷൻ വകുപ്പ് മേധാവിയായ രജിസ്ട്രേഷൻ ഐ.ജി. ആണ് ക്ഷേമനിധി ബോർഡിന്റെ വൈസ് ചെയർമാൻ. എന്നാൽ അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനായ ജോയിന്റ് ഐ.ജി. ആണ് സെക്രട്ടറി. ഇത് ശരിയല്ല. രജിസ്ട്രേഷൻ ഐ.ജി.തന്നെ സെക്രട്ടറിയാകുന്നതായിരിക്കും നല്ലത്. വൈസ് ചെയർമാന്റെ തസ്തിക ആവശ്യമില്ല. 285-ൽ രജിസ്ട്രേഷൻ വകുപ്പിന്റെ മേധാവിയായ രജിസ്ട്രേഷൻ ഐ.ജി. തന്നെ ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറിയാകണം. ഇപ്പോൾ നികുതി വകുപ്പ് സെക്രട്ടറിയാണ് ചെയർമാൻ. വകുപ്പ് മേധാവി തന്നെ വൈസ് ചെയർമാൻ ആകേണ്ട ആവശ്യമില്ല എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296; ഖണ്ഡം 9(4) ൽ "വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ" എന്നീ വാക്കുകൾക്ക് പകരം "നിശ്ചയിക്കും പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

സർ, കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി ഈ ബില്ലിന്റെ പേരിൽ നടക്കുന്ന ചർച്ചകളിലൊക്കെയും "വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ എന്നത് "നിശ്ചയിക്കും പ്രകാരം" എന്നാക്കണം എന്ന ഒരാവശ്യം പലരും മുന്നോട്ടു വച്ചു. അത് സ്വീകരിക്കപ്പെട്ടില്ല. നിയമ പണ്ഡിതന്മാരും മന്ത്രിമാരും ആലോചിച്ച് സാധാരണ മനുഷ്യൻ ഉപയോഗിക്കുന്ന നല്ല പദങ്ങൾ ഇതിനുവേണ്ടി ഉപയോഗിക്കണമെന്ന് ഞാനൊരഭ്യർത്ഥന വയ്ക്കുകയാണ്. ഞാൻ മൂവ് ചെയ്യുന്നില്ല, പ്രെസ് ചെയ്യുന്നുമില്ല. അതുകൊണ്ട് കാര്യമില്ല എന്നെനിക്കറിയാം.

മി. സ്പീക്കർ: നോ.. നോ. നിയമനിർമ്മാണത്തിൽ നമ്മൾ കൊടുക്കുന്ന ഭേദഗതി സ്വീകരിക്കണമെന്നില്ല. പക്ഷെ നിയമനിർമ്മാണ പ്രക്രിയയുടെ ഒരു ഭാഗമാണ് ഡിസന്റിംഗ്. ജനാധിപത്യത്തിന്റെ ഭാഗം കൂടിയാണ്. അതുകൊണ്ട് അങ്ങേയ്ക്ക് ധൈര്യമായി പറയാം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അനൗദ്യോഗിക അംഗം ഇതിന്റെ ചെയർമാനാകുന്നത് ഇതിന്റെ എക്സ്പെൻസസ് കൂട്ടാനേ കാരണമാകൂ. 9-ാം വകുപ്പിൽ 3 ഭേദഗതികൾ അംഗീകരിക്കുകയാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. അതുപോലെതന്നെ ശ്രീ. എം. ഹംസ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ ഭേദഗതിക്ക് സമാനമാണ്. അനൗദ്യോഗിക

അംഗങ്ങളുടെ എണ്ണം മൂന്നിനു പകരം അഞ്ച് ആക്കുക എന്നതാണ്. അതും അംഗീകരിക്കുന്നു. ശ്രീ. പി. കെ. ബഷീറിന്റെ 294-ാം നമ്പർ ഭേദഗതിയിൽ "അതിൽ സാദ്ധ്യമാവുന്നിടത്തോളം" എന്ന വാക്കിനു പകരം "അവരിൽ ഒരാൾ" എന്ന ചെറിയൊരു ഭേദഗതിയോടുകൂടി വാക്കാൽ ഭേദഗതിയായി അംഗീകരിക്കുന്നു. അതിൽ സ്ത്രീകളുടെ പങ്കാളിത്തമാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതിനകത്ത് വനിതാ പ്രാതിനിധ്യം കൂടി കൊണ്ടുവരാൻ സാധിക്കും. ബാക്കി ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. സാജു പോൾ അവതരിപ്പിച്ച 273, 275 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 274, 280, 290, 295 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 276 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 292-ാം ഭേദഗതി സഭ അംഗീകരിച്ചു. .

ശ്രീ. എം. ഹംസ അവതരിപ്പിച്ച 282, 284, എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 283, 285 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാജു: സർ, ഞാൻ എന്റെ 281-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(നിയമസഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ- 50

109. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
110. ശ്രീമതി പി. അയിഷാ പോറ്റി
111. ശ്രീ. കെ. അജിത്
112. ശ്രീ. എ. എം. ആരിഫ്
113. ശ്രീ. എ. എ. അസീസ്
114. ശ്രീ. ബാബു എം. പാലിശ്ശേരി
115. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
116. ശ്രീ. എ. കെ. ബാലൻ
117. ശ്രീമതി ഇ. എസ്. ബിജിമോൾ
118. ശ്രീ. എം. ചന്ദ്രൻ
119. ശ്രീ. ഇ. ചന്ദ്രശേഖരൻ
120. ശ്രീ. കെ. ദാസൻ
121. ശ്രീ. ബി. ഡി. ദേവസ്സി
122. ശ്രീ. സി. ദിവാകരൻ
123. ശ്രീമതി ഗീതാ ഗോപി
124. ശ്രീ. ചിറ്റയം ഗോപകുമാർ
125. ശ്രീ. എം. ഹംസ
126. ഡോ. കെ. ടി. ജലീൽ
127. ശ്രീ. കെ. കെ. ജയചന്ദ്രൻ
128. ശ്രീ. ജോസ് തെറ്റയിൽ
129. ശ്രീ. എളമരം കരീം
130. ശ്രീ. സി. കൃഷ്ണൻ
131. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

132. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
133. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
134. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
135. ശ്രീ. കോവൂർ കുഞ്ഞുമോൻ
136. ശ്രീമതി കെ. കെ. ലതിക
137. ശ്രീ. സി. കെ. നാണു
138. ശ്രീ. കെ. കെ. നാരായണൻ
139. ശ്രീ. എ. പ്രദീപ്കുമാർ
140. ശ്രീ. പുരുഷൻ കടലുണ്ടി
141. ശ്രീ. എസ്. രാജേന്ദ്രൻ
142. ശ്രീ. കെ. രാജു
143. ശ്രീ. രാജു എബ്രഹാം
144. ശ്രീ. മുല്ലക്കര രത്നാകരൻ
145. പ്രൊഫ. സി. രവീന്ദ്രനാഥ്
146. ശ്രീ. സി. കെ. സദാശിവൻ
147. ശ്രീ. സാജു പോൾ
148. ശ്രീമതി കെ. എസ്. സലീഖ
149. ശ്രീ. എസ്. ശർമ്മ
150. ശ്രീ. വി. ശശി
151. ശ്രീ. എ. കെ. ശശീന്ദ്രൻ
152. ശ്രീ. വി. ശിവൻകുട്ടി
153. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
154. ശ്രീ. ജി. സുധാകരൻ
155. ശ്രീ. വി. എസ്. സുനിൽകുമാർ
156. ശ്രീ. കെ. സുരേഷ് കുറുപ്പ്
157. ശ്രീ. പി. തിലോത്തമൻ
158. ശ്രീ. ഇ. കെ. വിജയൻ

പ്രതികൂലിക്കുന്നവർ-66

135. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
136. ശ്രീ. പി. കെ. അബ്ദു റബ്ബ്
137. ശ്രീ. പി. ബി. അബ്ദുൾ റസാക്
138. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
139. ശ്രീ. കെ. അച്ചുതൻ
140. ശ്രീ. ടി. എ. അഹ്മദ് കബീർ
141. ശ്രീ. മഞ്ഞളാംകുഴി അലി
142. ശ്രീ. എ. പി. അനിൽകുമാർ
143. ശ്രീ. അനൂപ് ജേക്കബ്
144. ശ്രീ. അൻവർ സാദത്ത്
145. ശ്രീ. കെ. ബാബു
146. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
147. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
148. ശ്രീ. വി. ടി. ബൽറാം
149. ശ്രീ. പി. കെ. ബഷീർ
150. ശ്രീ. ബെന്നി ബെഹനാൻ
151. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
152. ശ്രീ. കെ. ബി. ഗണേഷ് കുമാർ
153. ശ്രീ. എ. റ്റി. ജോർജ്
154. ശ്രീ. പി. സി. ജോർജ്
155. ശ്രീ. ഹൈബി ഈഡൻ
156. കുമാരി പി. കെ. ജയലക്ഷ്മി
157. ഡോ. എൻ. ജയരാജ്
158. ശ്രീ. കെ. സി. ജോസഫ്
159. ശ്രീ. പി. ജെ. ജോസഫ്
160. ശ്രീ. ജോസഫ് വാഴക്കൻ

161. ശ്രീ. വർക്കല കഹാർ
162. ശ്രീ. കെ. എൻ. എ. ഖാദർ
163. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
164. ശ്രീ. റ്റി. യു. കുരുവിള
165. ശ്രീ. ലൂഡി ലൂയിസ്
166. ശ്രീ. പി. എ. മാധവൻ
167. ശ്രീ. സി. മമ്മൂട്ടി
168. ശ്രീ. കെ. പി. മോഹനൻ
169. ശ്രീ. സി. മോയിൻകുട്ടി
170. ശ്രീ. മോൻസ് ജോസഫ്
171. ശ്രീ. സി. പി. മുഹമ്മദ്
172. ശ്രീ. ആര്യാടൻ മുഹമ്മദ്
173. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
174. ഡോ. എം. കെ. മുനീർ
175. ശ്രീ. കെ. മുരളീധരൻ
176. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
177. ശ്രീ. ഉമ്മൻ ചാണ്ടി
178. ശ്രീ. അടൂർ പ്രകാശ്
179. ശ്രീ. റ്റി. എൻ. പ്രതാപൻ
180. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
181. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
182. ശ്രീ. പാലോട് രവി
183. ശ്രീ. റോഷി അഗസ്റ്റിൻ
184. ശ്രീ. വി. പി. സജീന്ദ്രൻ
185. ശ്രീ. എൻ. ശക്തൻ
186. ശ്രീ. വി. ഡി സതീശൻ
187. ശ്രീ. ഷാഫി പറമ്പിൽ
188. ശ്രീ. കെ. എം. ഷാജി
189. ശ്രീ. എൻ. ഷംസുദീൻ
190. ശ്രീ. ആർ. സെൽവരാജ്

191. ശ്രീ. ഷിബു ബേബി ജോൺ
192. ശ്രീ. വി. എസ്. ശിവകുമാർ
193. ശ്രീ. സണ്ണി ജോസഫ്
194. ശ്രീ. സി. എഫ്. തോമസ്
195. ശ്രീ. തോമസ് ഉണ്ണിയാടൻ
196. ശ്രീ. പി. ഉബൈദുള്ള
197. ശ്രീ. എം. ഉമ്മർ
198. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
199. ശ്രീ. എം. പി. വിൻസെന്റ്
200. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. കെ. രാജു അവതിരിപ്പിച്ച 281-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 50

പ്രതികൂലിക്കുന്നവർ - 66

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പത്താം വകുപ്പ്**

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

297 ഖണ്ഡം 10 (2) താഴെപ്പറയും പ്രകാരം മാറ്റുക:

"ക്വോറം കുറഞ്ഞത് രണ്ട് ഔദ്യോഗിക അംഗങ്ങളും ഒരു അനൗദ്യോഗിക അംഗവും ആയിരിക്കേണ്ടതാണ്"

ഞാൻ ഇതിനകത്ത് ക്വാറം കുറച്ച് കുറച്ചെന്നേയുള്ളൂ. ക്വാറം ഇല്ലാത്തതിന്റെ പേരിൽ അർഹതപ്പെട്ട ആളുകളുടെ ആനുകൂല്യങ്ങൾ തീരുമാനമെടുക്കുന്നത് വൈകിക്കണ്ട എന്ന ഉദ്ദേശത്തോടുകൂടിയാണ് ക്വാറത്തിന്റ എണ്ണം കുറച്ചത്.

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

298 ഖണ്ഡം 10(3) ൽ "വൈസ് ചെയർമാനോ, ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ബില്ലിലുള്ള വാചകം കൃത്യതയില്ല അതിനാൽ വാചകം ഒഴിവാക്കണം.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

299. വകുപ്പ് 10(4) ൽ "അല്ലെങ്കിൽ വൈസ് ചെയർമാന്" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപക്ഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി. പി. അയിഷ പോറ്റി അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനൊന്നാം വകുപ്പ്**

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300 ഖണ്ഡം 11(1) ൽ "മൂന്ന് വർഷക്കാലത്തേക്ക് "എന്നീ വാക്കുകൾക്കു പകരം "അഞ്ചുവർഷക്കാലത്തേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

301 ഖണ്ഡം 11 (1)-ൽ "മൂന്നുവർഷക്കാലത്തേക്ക്" എന്നീ വാക്കുകൾ

ക്കുപകരം "ആറുവർഷക്കാലത്തേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പന്ത്രണ്ടാം വകുപ്പ്

ശ്രീ. വി. ശിവൻകുട്ടി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 12 (1) (ബി)യിൽ "അവിമുക്ത നിർദ്ധനനായി" എന്നീ വാക്കുകൾക്ക് പകരം "പാപ്പരായി" എന്ന വാക്കു ചേർക്കുക

303. ഖണ്ഡം 12 (1) (ബി)യിൽ "അവിമുക്ത നിർദ്ധനനായി" എന്നീ വാക്കുകൾക്ക് പകരം "യാതൊരുവിധ സാമ്പത്തിക, സ്ഥാവര, ജംഗമ ആസ്തികൾ ഇല്ലാത്ത വ്യക്തിയായി" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 12 (2) ൽ "സർക്കാർ മറ്റു വിധത്തിൽ ഉത്തരവാകാത്ത പക്ഷം" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

305. ഖണ്ഡം 12 (2) ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന്" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുക്കപ്പെടാൻ മത്സരിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ.എം.ആരിഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

306. ഖണ്ഡം 12 (3) -ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന്" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 302, 303-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബാബു. എം. പാലിശ്ശേരി അവതരിപ്പിച്ച 305- ാം നമ്പർ ഭേദഗതിക സഭ നിരാകരിച്ചു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ..................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

**പതിമൂന്നാം വകുപ്പ്**

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

307. ഖണ്ഡം 13 - ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനു പകരം "ചട്ടത്തിൽ നിജപ്പെടുത്തുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി. പി. അയിഷ പോറ്റി അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ..................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനാലാം വകുപ്പ്**

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308.ഖണ്ഡം 14(1) - ൽ "രജിസ്ട്രേഷൻ വകുപ്പിൽ" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും സർക്കാർ വകുപ്പിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം 14(1) - ൽ "രജിസ്ട്രേഷൻ വകുപ്പിൽ നിന്നും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ..................

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനഞ്ചാം വകുപ്പ്**

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനാറ് മുതൽ  പതിനെട്ടാം വകുപ്പ്**

(ഭേദഗതിയില്ല)

പതിനാറ് മുതൽ പതിനെട്ട് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗ മാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

പതിനാറ് മുതൽ പതിനെട്ട് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി രിക്കുന്നു.

**പത്തൊൻപതാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപതും ഇരുപത്തൊന്നും വകുപ്പ്**

(ഭേദഗതിയില്ല)

ഇരുപതും ഇരുപത്തൊന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

ഇരുപതും ഇരുപത്തൊന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിരണ്ടാം വകുപ്പ്**

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

315. ഖണ്ഡം 22-ൽ "അധികാരിത" എന്ന വാക്കിനു പകരം "അധികാരം" എന്ന വാക്കു ചേർക്കുക.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

316. ഖണ്ഡം 22-ൽ "ഉണ്ടായിരിക്കുന്നതല്ല" എന്ന വാക്കിനു പകരം "ഉണ്ടായിരിക്കുന്നതാണ്" എന്ന വാക്കു ചേർക്കുക.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 316 എന്നീ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.......

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിമൂന്നാം വകുപ്പ്**

(ഭേദഗതിയില്ല)

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.......

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിനാലാം വകുപ്പ്

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

317. ഖണ്ഡം 24 (2)-ൽ "ഒരു സ്റ്റാമ്പ്" എന്നീ വാക്കുകൾക്ക് ശേഷം "രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന ആൾ" എന്നീ വാക്കുകൾ ചേർക്കുക.

319. ഖണ്ഡം 24(4)-ൽ "വിൽപ്പനയും" എന്ന വാക്കിന് ശേഷം "അക്കൗണ്ടും" എന്ന വാക്ക് ചേർക്കുക.

സർ, ഇതിൽ ആരാണ് സ്റ്റാമ്പ് പതിക്കേണ്ടത് എന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. രജിസ്ട്രേഷൻ നടത്തുന്ന ആൾ തന്നെയാണോ സ്റ്റാമ്പ് പതിക്കേണ്ടത് എന്ന് ഉറപ്പുവരുത്തുന്നതിനാണ് ബില്ലിൽ ഈ ഭേദഗതി കൊണ്ടുവരുന്നത്.

രണ്ടാമത്, സ്റ്റാമ്പിന്റെ വില്പനയെക്കുറിച്ച് മാത്രമേ ബില്ലിൽ പറയുന്നുള്ളൂ. എന്നാൽ അതിന്റെ അക്കൗണ്ടിനെ പറയുന്നില്ല. സ്റ്റാമ്പ് വില്പനയുടെ അക്കൗണ്ട് കൂടി സൂക്ഷിക്കണം എന്നു കൂടി ബില്ലിൽ ഉൾപ്പെടുത്താനാണ് ഈ ഭേദഗതി.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 24(2)-നുള്ള ക്ലിപ്ത നിബന്ധനയിൽ, "സംസ്ഥാന സർക്കാരിനോ" എന്നീ വാക്കുകൾക്കുശേഷം "സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കോ" എന്നീ വാക്കുകൾ ചേർക്കുക

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 317, 319 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.......

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിഅഞ്ചാം വകുപ്പ്**

(ഭേദഗതിയില്ല)

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.......

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തി ആറാം വകുപ്പ്**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

320. ഖണ്ഡം 26(1)-ൽ "അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തു കയുടെ പത്ത് ശതമാനം അല്ലെങ്കിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

321. ഖണ്ഡം 26(1)-ൽ "ഇതിൽ ഏതാണോ കുറവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

സർ, സർക്കാരിന്റെ അംശദായം കുറച്ചു കൂടി വർദ്ധിപ്പിക്കണമെന്ന താണ് ഈ ഭേദഗതിയുടെ ഉദ്ദേശ്യം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 320, 321 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.......

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

27 **മുതൽ** 31 **വരെയുള്ള വകുപ്പുകൾ**

(ഭേദഗതിയില്ല)

27 മുതൽ 31 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.......

27 മുതൽ 31 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

325. പട്ടികയിലെ 4-ാം ഇനത്തിൽ "സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ട് ശതമാനം എന്നിവ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

326. പട്ടികയിലെ 20-ാം ഇനം താഴെപ്പറയുംപ്രകാരം മാറ്റുക

"20. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതി"

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....
അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.......

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു

**ഒന്നാം വകുപ്പും പീഠികയും പേരും**

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. ശീർഷകത്തിൽ "പകർപ്പെഴുത്തുകാരുടെയും" എന്ന വാക്കിനു ശേഷം "അനുബന്ധ കമ്പ്യൂട്ടർ പ്രവർത്തകരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

109. പീഠികയിൽ "പകർപ്പെഴുത്തുകാരുടെയും" എന്ന വാക്കിനു ശേഷം "അനുബന്ധ കമ്പ്യൂട്ടർ പ്രവർത്തകരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ശീർഷകത്തിൽ "സ്റ്റാമ്പ് വെണ്ടർമാരുടെയും" എന്നീ വാക്കുകൾക്കുപകരം "മുദ്രപത്ര വില്പനക്കാരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. പീഠികയിൽ "പകർപ്പെഴുത്തുകാരുടെയും" എന്ന വാക്കിനു ശേഷം "അനുബന്ധ കമ്പ്യൂട്ടർ പ്രവർത്തകരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. പീഠികയിൽ "അതുമായി ബന്ധപ്പെട്ടതോ" എന്നീ വാക്കുകൾക്കു പകരം "അതുമായി ബന്ധപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുകയും "ആനുഷംഗികമായതോ ആയ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ.കെ.എൻ.എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക

"(1) ഈ നിയമത്തിന് 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും അനുബന്ധ കമ്പ്യൂട്ടർ പ്രവർത്തകരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി നിയമം എന്ന് പേരു പറയാം"

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക.

“ (1) ഈ നിയമത്തിന്റെ പേര് 2012-ലെ കേരളത്തിലെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും ക്ഷേമനിധി നിയമം എന്ന് ആയിരിക്കും. ”

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക

“ (2) ഇതിന് 2012 ജനുവരി 31-ാം തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ”

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ഖണ്ഡം 1(2)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

“ (3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്. ”

ശ്രീ. കെ. രാജു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ശീർഷകത്തിൽ “സ്റ്റാമ്പ് വെണ്ടർമാരുടെയും” എന്നീ വാക്കുകൾക്കു പകരം “മുദ്രപത്ര വില്പനക്കാരുടെയും” എന്നീ വാക്കുകൾ ചേർക്കുക.

സർ, കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും എന്നു പറഞ്ഞിട്ട് പിന്നീടവിടെ സ്റ്റാമ്പ് വെണ്ടർ എന്നതിനുപകരം മുദ്രപ്പത്ര വിൽപ്പനക്കാരൻ എന്നാക്കണമെന്നാണ് ഭേദഗതി.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, സ്റ്റാമ്പ് വെണ്ടർമാർ എന്നത് സാധാരണ പ്രയോഗം തന്നെയാണ്. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ.കെ. വിജയൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 106, 109 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. രാജു, അങ്ങയുടെ 107-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. ന്യായമായ ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട ചെയറിനും അഭിപ്രായമുള്ള സാഹചര്യത്തിൽ ഞാൻ പ്രസ്സ് ചെയ്യുകയാണ്.

എന്റെ 107-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 51

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. ഹംസ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ജോസ് തെറ്റയിൽ

22. ശ്രീ. എളമരം കരീം
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. എസ്. രാജേന്ദ്രൻ
35. ശ്രീ. കെ. രാജു
36. ശ്രീ. രാജു എബ്രഹാം
37. ശ്രീ. മുല്ലക്കര രത്നാകരൻ
38. പ്രൊഫ. സി. രവീന്ദ്രനാഥ്
39. ശ്രീ. സി. കെ. സദാശിവൻ
40. ശ്രീ. സാജു പോൾ
41. ശ്രീമതി കെ. എസ്. സലീഖ
42. ശ്രീ. എസ്. ശർമ്മ
43. ശ്രീ. വി. ശശി
44. ശ്രീ. എ. കെ. ശശീന്ദ്രൻ

45. ശ്രീ. വി. ശിവൻകുട്ടി
46. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
47. ശ്രീ. ജി. സുധാകരൻ
48. ശ്രീ. വി. എസ്. സുനിൽകുമാർ
49. ശ്രീ. കെ. സുരേഷ് കുറുപ്പ്
50. ശ്രീ. പി. തിലോത്തമൻ
51. ശ്രീ. ഇ. കെ. വിജയൻ

പ്രതികൂലിക്കുന്നവർ: 68

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. പി. മോഹനൻ
35. ശ്രീ. സി. മോയിൻകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ഡോ. എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. ടി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. പാലോട് രവി

49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. വി. പി. സജീന്ദ്രൻ
51. ശ്രീ. എൻ. ശക്തൻ
52. ശ്രീ. വി. ഡി സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എം. ഷംസുദീൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. ഷിബു ബേബി ജോൺ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. തോമസ് ഉണ്ണിയാടൻ
63. ശ്രീ. പി. ഉബൈദുള്ള
64. ശ്രീ. എം. ഉമ്മർ
65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
66. ശ്രീ. എം. എ. വാഹീദ്
67. ശ്രീ. എം. പി. വിൻസെന്റ്
68. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ:</u> ശ്രീ. കെ.രാജു അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 51

പ്രതികൂലിക്കുന്നവർ - 68

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2). 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ബില്ലിന്റെ ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. കർഷക കടാശ്വാസ ബിൽ കൊണ്ടുവന്നത് ഇന്ത്യാചരിത്രത്തിൽ തന്നെ വലിയൊരു സംഭവമായിരുന്നു. കേരളത്തിലെ ജനങ്ങൾ പ്രത്യേകിച്ച് കൃഷിക്കാർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യചെയ്യുന്ന അതിദാരുണമായ സംഭവമാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് കേരളത്തിലുണ്ടായിട്ടുള്ളത്. ഇടുക്കിയിലും പാലക്കാട്ടും വയനാടും തൃശ്ശൂരുമുൾപ്പെടെയുള്ള എല്ലാ ജില്ലകളിലും ആയിരക്കണക്കിനാളുകൾ ആത്മഹത്യ ചെയ്യുകയുണ്ടായി. സർക്കാരിന്റെ കണക്ക് പ്രകാരം 897 പേർ ആത്മഹത്യ ചെയ്തുവെന്നാണ് പറയുന്നത്. പക്ഷേ അതിനേക്കാളധികമാളുകൾ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുകയുണ്ടായി. അതിന്റെ പ്രധാനപ്പെട്ട കാരണം കേരളത്തിലെ കൃഷിക്കാർക്ക് സർക്കാർ എന്ന സംവിധാനത്തിന്റെ ഒരു പിന്തുണയും ആ കാലഘട്ടത്തിൽ ലഭിച്ചില്ല എന്നുള്ളതാണ്. പല കാരണങ്ങ

ളാൽ - കടക്കെണിയിൽപ്പെടുകയും വിളനാശം സംഭവിക്കുകയും ഉൽപ്പന്നത്തിന്റെ വില കുറയുകയും മറ്റും ചെയ്തതിന്റെ ഫലമായി വട്ടിപ്പലിശക്കാരന്റെ കയ്യിൽ നിന്ന് കടമെടുത്ത പണം തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മാഭിമാനബോധമുള്ള കർഷകർ അന്ന് ആത്മഹത്യ ചെയ്യുകയുണ്ടായി. വാസ്തവത്തിൽ കേരളത്തിലെ കർഷകരെ രക്ഷിക്കുവാൻ ആരുമില്ലാത്ത സ്ഥിതിവിശേഷമുണ്ടായിരുന്നു. പിന്നീടുവന്ന എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ് ഇങ്ങനെയൊരു നിയമം, ഇന്ത്യയിൽതന്നെ ആദ്യമായി, കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ രൂപീകരിച്ചുകൊണ്ട് വലിയൊരു മുന്നേറ്റം കേരളത്തിൽ നടത്തിയത്. വീണ്ടും കേരളത്തിൽ കാർഷിക രംഗത്ത് ആത്മഹത്യ ആരംഭിച്ചിരിക്കുകയാണ്. ഒന്നരക്കൊല്ലത്തിനകത്ത് പത്തൊമ്പതോളം കൃഷിക്കാരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തിരിക്കുന്നത്. കൃഷിക്കാർ എന്തുകൊണ്ടാണ് കേരളത്തിൽ ആത്മഹത്യ ചെയ്യേണ്ടി വരുന്നതെന്ന കാര്യം ഗൗരവമായി സഭ ചർച്ച ചെയ്യേണ്ടതാണ്. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത്, നൂറുകണക്കിന് കൃഷിക്കാർ ആത്മഹത്യ ചെയ്തിരുന്ന സമയത്ത്, കൃഷിക്കാരുടെ കുടുംബങ്ങൾക്കെല്ലാം സമാശ്വാസം എത്തിക്കുവാൻ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചു. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങളെ രക്ഷിക്കാൻ വേണ്ടിയുള്ള വലിയൊരു പ്രവർത്തനം ആ ഗവൺമെന്റിന്റെ കാലത്ത് നടത്തുകയുണ്ടായി. അതുമാത്രമല്ല ആത്മഹത്യ ചെയ്ത കുടുംബങ്ങളെ രക്ഷിക്കുക മാത്രമല്ല ഇനി ആത്മഹത്യ ചെയ്യാതിരിക്കുവാൻ എന്തൊക്കെ ചെയ്യണമെന്നതിനെക്കുറിച്ച് വളരെ ഗൗരവമായ ആലോചനകൾ നടത്തിയാണ് ഈ ആത്മഹത്യ തടഞ്ഞത്. ഞങ്ങളുടെ ഭരണം വന്ന ഉടനെതന്നെ ആത്മഹത്യകളെല്ലാം സ്വിച്ചിട്ടതുപോലെ നിന്നുവെന്ന് പറ

യുന്നില്ല. ഗവൺമെന്റിന്റെ കണക്കുപ്രകാരം 2007-ൽ 14 ജില്ലകളിലായി 68 പേർ ആത്മഹത്യ ചെയ്തു. 2008 ആയപ്പോൾ അത് 23 ആയി കുറഞ്ഞു. 2009 ആയപ്പോൾ, ആലപ്പുഴ ജില്ലയിൽ ഒരാളും കാസർഗോഡ് ജില്ലയിൽ 2 പേരും ഉൾപ്പെടെ മൂന്ന് കൃഷിക്കാരായി കുറഞ്ഞു. 2010-ലും 2011-ലും എൽ.ഡി.എഫ് ഗവൺമെന്റ് അധികാരം വിട്ടൊഴിയുന്നതുവരെ ആരും ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായില്ല. ശ്രീ. പി.സി.വിഷ്ണുനാഥ്, ഇത് കൃഷിവകുപ്പ് നൽകിയ മറുപടിയാണ്. ഇത് ഗവൺമെന്റ് നൽകിയ കണക്കാണ് പറയുന്നത്, വേറെ കണക്കൊന്നുമല്ല. ആകെ 94 പേരാണ് ആ കാലഘട്ടത്തിൽ ആത്മഹത്യ ചെയ്തത്. എന്നാൽ ഇപ്പോൾ ഒന്നരക്കൊല്ലത്തിനിടയിൽ കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം 86 പേർ ആത്മഹത്യ ചെയ്യുകയുണ്ടായി. ഇത് എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്; കേരളത്തിൽ കൃഷിക്കാർ ആത്മഹത്യ ചെയ്തത് എന്തുകൊണ്ടാണെന്നുള്ള കാര്യം ഞങ്ങൾ ആലോചിക്കുകയല്ല, നിങ്ങളും കൂടി ആലോചിക്കണം. കഴിഞ്ഞ അഞ്ച് കൊല്ലത്തിനിടയിൽ രണ്ടുലക്ഷത്തിൽ ചില്ല്വാനംപേർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തുവെന്ന് പാർലമെന്റിൽ പറഞ്ഞുവല്ലോ. എത്ര പാക്കേജുകൾ നിങ്ങൾ കൊണ്ടുവന്നു. വിദർഭ പാക്കേജ് പോലെ പല പാക്കേജുകൾ കൊണ്ടുവന്നിട്ടും കൃഷിക്കാർ വളരെ വ്യാപകമായി ആത്മഹത്യ ചെയ്യുവാൻ ഇടയായത് എന്തുകൊണ്ടാണ്; അതിന്റെ കാരണത്തെക്കുറിച്ച് നിങ്ങളുടെ ഗവൺമെന്റിന്റെതന്നെ കീഴിലുള്ള കൃഷി വകുപ്പ് പറയുന്ന ഒരുകാര്യം, കാർഷിക വിളകളുടെ കുറഞ്ഞ ഉത്പാദനക്ഷമത, ഉത്പാദനോപാദികളുടെ വിലവർദ്ധനവ്, കീടരോഗബാധ മൂലമുള്ള ഉത്പാദന നഷ്ടം, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, വില സ്ഥിരതയില്ലായ്മ, കർഷകത്തൊഴിലാളികളുടെ അഭാവം, പ്രകൃതിക്ഷോഭം

മൂലമുള്ള കൃഷിനാശം, കാർഷിക വായപ്കളുടെ ലഭ്യതക്കുറവ്, ജലസേചന സൗകര്യങ്ങളും കാർഷിക യന്ത്രങ്ങളുടെ കുറവും, കാർഷികോത്പന്നങ്ങളുടെ വിപണന പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളാണെന്ന് സർക്കാർ തന്നെ പറയുകയാണ്. ഈ കാര്യങ്ങൾക്ക് എന്തുകൊണ്ട് പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞില്ല; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അത് ചെയ്തതുകൊണ്ടാണ് 2010-ലും 2011-ലും ഒറ്റ കർഷകൻപോലും ആത്മഹത്യ ചെയ്തില്ല. അവർക്കാവശ്യമായ സപ്പോർട്ട് ഞങ്ങൾ കൊടുത്തു. നിങ്ങൾ അത് കൊടുക്കുന്നില്ല. ഇന്ത്യയിലെ ഗവൺമെന്റ്, അത് കേന്ദ്ര ഗവൺമെന്റുകളാണെങ്കിലും സംസ്ഥാന ഗവൺമെന്റുകളാണെങ്കിലും ചെയ്തതുകൊണ്ടിരിക്കുന്ന ഒരുകാര്യം, എങ്ങനെ കൃഷിക്കാരന് അവന്റെ സപ്പോർട്ട് പിൻവലിക്കാം എന്നുള്ളതാണ്. കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ച് ഗവൺമെന്റ് തന്നെ പറയുന്ന കണക്ക് നാമമാത്ര കൃഷിക്കാരെന്ന് പറയുന്നത് ഒരു ഹെക്ടറിൽ താഴെയുള്ളവരാണ്. അങ്ങനെയുള്ള ആളുകൾ അറുപത്തിമൂന്ന് ലക്ഷത്തി മൂപ്പത്തി അയ്യായിരത്തി നാനൂറ്റി ഇരുപത്തിയെട്ട് പേരുണ്ട്. ഒരു ഏക്കറിനും രണ്ട് ഏക്കറിനും ഇടയിൽ രണ്ട് ലക്ഷത്തി ഇരുപത്തി ആറായിരം പേരുണ്ട്. ചെറുകിട ഇടത്തരം കൃഷിക്കാരെന്നുപറയുന്നത് എഴുപത്തി അയ്യായിരത്തിൽ ചില്ലാനം ആളുകളുണ്ട്. മീഡിയം കൃഷിക്കാരെന്നുപറയുന്നത് 16008. അതായത് രണ്ട് ഏക്കർ മുതൽ നാലേക്കർ വരെയും, നാലേക്കർ മുതൽ പത്തേക്കർ വരെയും, പത്തേക്കറിന് മുകളിൽ 2735 കൃഷിക്കാരുമാണുള്ളത്. അങ്ങനെ അറുപത്തി ആറ് ലക്ഷത്തി അൻപത്തി ആറായിരത്തി ഇരുന്നൂറ്റി മുപ്പത്തി രണ്ട് കൃഷിക്കാരുണ്ടെന്ന് പറയുന്നു. ഈ വിഭാഗത്തിൽപ്പെട്ട കൃഷിക്കാരിൽ, പാവപ്പെട്ട കൃഷിക്കാരും

നാമമാത്രമായ കൃഷിക്കാരും ഒരേക്കറിൽ താഴെയുള്ള കൃഷിക്കാരും അതിന് മുകളിലുമുള്ള ഇടത്തട്ടുകാരുമായവരൊക്കെയാണ് ഈ ആത്മഹത്യയുടെ കുടുക്കിൽപ്പെട്ടുപോകുന്നത്. അതിന് കാരണം ഗവൺമെന്റ് തന്നെ പറയുന്ന ഇതിന്റെ വില സ്ഥിരതയില്ലായ്മയാണ്. ഗവൺമെന്റ് കൃഷിക്കാർക്ക് കൊടുത്തുകൊണ്ടിരുന്ന വളത്തിന്റെ സബ്സിഡി എടുത്തുകളഞ്ഞു, കീടനാശിനികളുടെ വില വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. വിത്ത് മുതൽ അതിന്റെ ഉത്പാദനം, വിപണനം തുടങ്ങിയ എല്ലാ രംഗങ്ങളിലും സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ പോവുകയാണ്. വിത്തിന്റെ കാര്യത്തിൽ, വിത്തുഗുണം പത്ത് ഗുണമെന്നാണ് പറയുന്നത്. വിത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് കൃഷിക്കാർക്കിടയിലുണ്ടായിരുന്ന അവരുടെത്തന്നെ വിത്തുകൾ അവർ തന്നെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ പരമ്പരാഗത മായി സൂക്ഷിച്ചുവയ്ക്കുന്ന രീതി നമ്മൾ മാറ്റി. ഹരിതവിപ്ലവം കൊണ്ടുവന്ന തിനുശേഷം കൃഷിക്കാർക്കിടയിലുണ്ടായ ഏറ്റവും വലിയ മാറ്റങ്ങളിലൊന്ന് കൃഷിക്കാരന്റെ സ്വതന്ത്ര ഉടമസ്ഥാവകാശമായിരുന്ന വിത്തിന്റെ കാര്യത്തിൽ, മറ്റ് പല ഏജൻസികളും വിത്ത് ഉത്പാദിപ്പിക്കുകയും ഉടമസ്ഥാവകാശം പതുക്കെപ്പതുക്കെ സ്വയംപര്യാപ്തതയില്ലാതായി പോവുകയും ചെയ്തെന്ന കാര്യം സത്യമാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമെന്താണ്; വിത്ത് കമ്പനികൾ രംഗത്തുവരുന്നു. ലോകത്ത് എല്ലാ സ്ഥലത്തും വിത്ത് കമ്പനികളുണ്ട്. മോൺസാന്റോ പോലുള്ള വിത്ത് കമ്പനികൾ രംഗത്ത് വരികയും കാർഷിക മേഖലയിൽ, വിത്തിന്റെ കാര്യത്തിൽ ഇടപെടുക യുമാണ് ചെയ്യുന്നത്. ഇവിടെ ഹൈബ്രീഡ് വിത്തുകൾ ഉണ്ടാകുന്നു. നമ്മുടെ കാലാവസ്ഥ വ്യതിയാനംമൂലം കൃഷിക്കാർക്ക് നഷ്ടം സംഭവിക്കുമ്പോൾ ഒരു പരിഹാരമാർഗ്ഗമെന്ന നിലയിൽ കൃഷിക്കാർക്ക് ലാഭമുണ്ടാക്കുവാൻ വേണ്ടി

കൊണ്ടുവന്നതാണ് ഹൈബ്രീഡ് വിത്തുകൾ. ഒരുകാലഘട്ടത്തിൽ ജൈവ ക്കൃഷി മാത്രമുണ്ടായിരുന്ന കേരളത്തിൽ പിന്നീട് രാസവള പ്രയോഗത്തി ലൂടെ വൻതോതിൽ ഉത്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട ശ്രമം ഉണ്ടായി. വൻതോതിൽ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും നമ്മുടെ രാജ്യത്ത് വലിയ തോതിൽ ഉത്പാദനം വർദ്ധിക്കുകയും ചെയ്തു. പക്ഷേ മണ്ണിന്റെ ജൈവ സ്വഭാവം നഷ്ടപ്പെടുകയുണ്ടായി. ഇന്ന് ചർച്ച ചെയ്യപ്പെടാൻ പോകുന്ന ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം ജൈവ കൃഷിയിലേക്ക് പോകണമെന്നുള്ളതാണ്. ജൈവകൃഷിയിലേക്ക് പോകുന്നവർക്ക് പ്രത്യേക ഇൻസെന്റീവ് കൊടുക്കണമെന്ന് പറയുകയാണ്. അങ്ങനെ പോകുന്ന കൃഷിക്കാരുണ്ടെങ്കിൽ അവർക്ക് പ്രത്രേ്യകമായ ഇൻസെന്റീവ് കൊടുക്കണമെന്ന് ഗാഡ്ഗിൽ കമ്മിറ്റി പറയുകയാണ്. ഗാഡ്ഗിൽ കമ്മിറ്റി മാത്രമല്ല, കേരളത്തെ പൂർണ്ണമായി ജൈവ കൃഷിയിലേക്ക് പതുക്കെപ്പതുക്കെ കൊണ്ടുവരണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും മുമ്പ് പറഞ്ഞിട്ടുള്ള കാര്യമാണ്. അതിനുകാരണം ഈ മേഖലയെ രാസവള കമ്പനി ലോബികളുടെ പിടിയിൽ നിന്ന് മോചിത മാക്കാൻ വേണ്ടിയിട്ടാണ്. ഇപ്പോൾ അതല്ലാ സംഭവിച്ച് കൊണ്ടിരിക്കുന്നത്. ഇത് വീണ്ടും അവർ കൂടുതൽ കൂടുതൽ...........

<u>ശ്രീ. എം. ചന്ദ്രൻ</u>: അങ്ങ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് ജൈവ കൃഷിയിലേക്ക് കൃഷിക്കാരൻ മാറണമെന്നാണ്. അത് അത്ര പെട്ടെന്ന് കഴിയാ വുന്ന കാര്യമേയല്ല. കേരളത്തിൽ രാസവളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിച്ച് കേരളത്തിലെ എല്ലാ കൃഷി നിലങ്ങളും - നാണ്യവിളകളാ കട്ടെ നെല്ലാകട്ടെ മറ്റ് ഏത് വിളയായാലും പച്ചക്കറിയായാലും എല്ലാം രാസവളത്തിൽ അധിഷ്ഠിതമായാണ് കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്.

പഴയതുപോലെ ജൈവകൃഷിയിലേക്ക് മാറണമെന്ന് പറഞ്ഞാൽ അതിന് ചുരുങ്ങിയത് അഞ്ച് കൊല്ലമെങ്കിലും എടുക്കും. ഈ അഞ്ച് കൊല്ലക്കാലം ഇവിടത്തെ ദരിദ്ര കൃഷിക്കാർ എങ്ങനെ ജീവിതം നയിക്കും. കൃഷിയൊരു തൊഴിലും ജീവനോപാധിയുമാണല്ലോ; അല്ലാതെ ഒരു വിനോദമല്ലല്ലോ? വിനോദമാകുന്നവർക്കും മറ്റ് വരുമാനമുള്ളവർക്കും ഈ ജൈവക്കൃഷിയിലേക്ക് മാറാൻ കഴിയും. നമ്മുടെ നാട്ടിലെ കൊച്ചുകൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ല. ഈ അഞ്ച് കൊല്ലക്കാലം അവർക്ക് ജീവിക്കാനാവശ്യമായ സൗകര്യം സർക്കാർ ഉണ്ടാക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. വി.എസ്. സുനിൽ കുമാർ: അങ്ങ് ഒരിക്കലും രാസവള ലോബിക്കുവേണ്ടിയല്ല കൃഷിയോടുള്ള താൽപര്യം വച്ചുകൊണ്ടാണ് ഇപ്രകാരം പറയുന്നതെന്ന് എനിക്കറിയാം. ജൈവക്കൃഷിരീതി കൊണ്ടുവരണമെന്നുള്ള കാര്യത്തിൽ അങ്ങേയ്ക്കും അഭിപ്രായ വ്യാത്യാസമില്ല. പക്ഷേ അങ്ങനെ വരുമ്പോൾ കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടം എങ്ങനെ നികത്തപ്പെടും എന്നുള്ളതാണ്. എന്റെ അഭിപ്രായത്തിൽ കൃഷിക്കാരെ സർക്കാർ ശമ്പളം കൊടുത്ത് പ്രോത്സാഹിപ്പിക്കണം എന്നാണ്. കാരണം ഈ രാജ്യത്ത് ഉൽപ്പാദനം നടത്തിക്കൊണ്ടിരിക്കുന്ന, രാജ്യത്തെ ജനങ്ങളെ ഊട്ടിക്കൊണ്ടിരിക്കുന്ന പാവപ്പെട്ട കൃഷിക്കാരനെ അവന്റെ ഉൽപ്പന്നത്തിന്റെ ലാഭ-നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ അവന്റെ ജീവിതം ഇങ്ങനെ ചാഞ്ചാടാൻ വിട്ടുകൊടുക്കുന്നത് ശരിയല്ല. അവരെ പ്രോത്സാഹിപ്പിക്കുകതന്നെ വേണം. അതിന്റെ ഭാഗമായി ജൈവക്കൃഷി രീതിയിലേക്ക് വരണമെന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തിയെന്നുള്ളതേയുള്ളൂ.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ജൈവക്കൃഷിയിലേക്ക് മാറുമ്പോൾ കേരളം പോലുള്ള സംസ്ഥാനം ഒന്നിച്ച് മാറുക എന്നുള്ളത് പ്രായോഗികമായി വിഷമമുള്ളതായിരിക്കും. എന്റെ ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കണമെന്നുള്ള ഒരു പൊതു അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ സാധ്യതയുള്ള ജില്ലകൾക്ക് മുൻഗണന നൽകിക്കൊണ്ടും അവർക്ക് പ്രോത്സാഹനം നൽകിക്കൊണ്ടും ഇത് പ്രായോഗികമാക്കാൻ സാധിക്കുന്ന ഒരു കാര്യമല്ലേ?

ശ്രീ. ജി. സുധാകരൻ: സർ, സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നമ്മൾ ഒന്നാം പഞ്ചവത്സര പദ്ധതിയിൽ കൃഷിക്കാണ് പ്രാമുഖ്യം നൽകിയതെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇപ്പോൾ ശ്രീ. മൻമോഹൻസിംഗ് അധികാരത്തിൽ വന്നപ്പോൾ, പ്ലാനിംഗ് കമ്മീഷന്റെ വൈസ് ചെയർമാൻ പറയുന്നത് കൃഷി നടത്തേണ്ടതില്ലായെന്നാണ്. നെൽകൃഷി നടത്താനേ പാടില്ലായെന്നുള്ള ആശയം മുന്നോട്ട് വെച്ചിരിക്കുകയാണ്. നെഹ്റുവിന്റെ പോളിസിയിൽ നിന്ന് ഊഹക്കച്ചവടം, ലാൻഡ് മാഫിയയുടെ ബിസിനസ്, വിദേശ ബാങ്കിംഗ്, വിദേശമൂലധനം, എഫ്.ഡി.ഐ. മുതലായ സാമ്രാജ്യത്വ മൂലധനത്തിന്റെ ഭാഗത്തേക്ക് സമ്പൂർണ്ണമായി മാറുമ്പോൾ കൃഷി നിലനിൽക്കുമെന്ന് അങ്ങ് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ഇങ്ങനെയാണ് പോകുന്നതെങ്കിൽ, ശ്രീ. അലുവാലിയയെപ്പോലുള്ള വ്യക്തികളാണ് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ഉപാധ്യക്ഷനായി ഇരുന്നുകൊണ്ട് പ്രവർത്തിക്കുന്നതെങ്കിൽ ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിന് തുല്യമായ സ്ഥിതിയിലേക്ക് ഇന്ത്യ പോകും. കാരണം ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങളുടെ ആത്മാവ് കുടികൊള്ളുന്നത് കാർഷിക മേഖലയിലാ

ണെന്നും നമുക്കറിയാം. ഇന്ത്യയിലെ 85 ശതമാനം ആളുകളുടെയും പ്രധാന ഉപജീവനമാർഗ്ഗം കൃഷിയാണ്. ഈ മേഖലയാണ് ഇന്ന് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നേരിട്ടുകൊണ്ടിരിക്കുന്നത്. ഗ്ലോബലൈസേഷന്റെ ഏറ്റവും വലിയ ഇരകളാകുന്ന ജനസമൂഹമാണ് കൃഷിക്കാർ. ഇവിടെ ഹരിതവിപ്ലവം കൊണ്ടു വന്നപ്പോൾ ഉൽപ്പാദനം വർദ്ധിച്ചു. വൈവിദ്ധ്യമാർന്ന 20000-ലധികം വിത്തിനങ്ങളുടെ ശേഖരം ഇന്ത്യയ്ക്കുണ്ടായിരുന്നു. ഒരു നെൽമണിക്കക ത്തുതന്നെ മൂന്ന് അരിമണികളുണ്ടാകുന്ന വിത്തുപോലുമുണ്ടായിരുന്ന രാജ്യമാണ് ഇന്ത്യാ രാജ്യം. അങ്ങനെ രോഗപ്രതിരോധശേഷിയുള്ളതും ഔഷധഗുണമുള്ളതുമായ ധാരാളം വിത്തുകൾ നമുക്കുണ്ടായിരുന്നു. പരമ്പരാഗതമായി ഇന്ത്യയിൽ ഏറ്റവുമധികം വിത്ത് സൂക്ഷിച്ചിരുന്നത് വയനാട് ജില്ലയിലെ ആദിവാസികളാണ്. ജീരകശാല, ജീരകചെമ്പാവ്, ഗന്ധകശാല തുടങ്ങിയ ഔഷധഗുണമുള്ള വിത്തുകൾ സൂക്ഷിച്ചിരുന്ന കൃഷിക്കാരാണവർ. പക്ഷേ ഇന്ന് ആ വിത്തുകളെല്ലാം പോയി. ഇന്ന് ഏതാണ് വിത്തുകൾ എന്ന് തീരുമാനിക്കുന്നത് കാർഷിക സർവ്വകലാശാല യാണ്. കൃഷിക്കാരന്റെ ഇഷ്ടത്തിനനുസരിച്ച് കൃഷി ചെയ്യാൻ സാധി ക്കുന്നില്ല. മഹീകോ, മോൺസാന്റോ തുടങ്ങിയ ബഹുരാഷ്ട്ര കുത്തക കമ്പനികൾ വിത്തിന്റെ മേഖലയിൽ കടന്നുവന്നിരിക്കുകയാണ്. അടിസ്ഥാന മേഖലയായ കൃഷിയിൽ ഈ ബഹുരാഷ്ട്ര കുത്തക കമ്പനികൾ ആധിപത്യം സ്ഥാപിച്ചാലുണ്ടാകുന്ന ദുരന്തഫലങ്ങൾ ഇന്ത്യ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളവും ഇന്ന് അതിലേക്ക് വന്നിരിക്കു കയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട കെ.പി. മോഹനൻ കൊണ്ടുവന്ന

പ്രിസിഷൻ ഫാമിംഗ് അടുത്ത കടക്കെണിയിലേക്ക് പോകുകയാണ്. ആ പ്രിസിഷൻ ഫാമിംഗിനകത്ത് .......

ശ്രീ. എം. ചന്ദ്രൻ: അങ്ങിപ്പോൾ വിത്തിന്റെ കാര്യമാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. ആവർത്തന കൃഷി സമ്പ്രദായമാണ് നമ്മുടെ നാട്ടി ലുള്ളത്. ഒരു പ്രാവശ്യം കൃഷി ചെയ്തില്ലെങ്കിൽ ആ വിത്ത് കൈമോശം വരും. ഇന്ത്യാ രാജ്യത്ത് അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ വന്ന പ്പോഴെല്ലാം അത് ആവർത്തന കൃഷിരീതിയിലൂടെ കൃഷി ചെയ്യാൻ സാധിക്കുമായിരുന്നു. പക്ഷേ ഇപ്പോൾ മോൺസാന്റോ പോലുള്ള ബഹു രാഷ്ട്ര കുത്തകകൾ ഇറക്കുന്ന വിത്തുപയോഗിച്ച് ഒരിക്കൽ കൃഷി ചെയ്താൽ പിന്നെ അത് ആവർത്തിച്ച് കൃഷി ചെയ്യാൻ സാധിക്കില്ല. വിത്തിനായി വീണ്ടും അവരെതന്നെ ആശ്രയിക്കണം. അതുകൊണ്ട് എന്ത് കൃഷി ചെയ്യണമെന്നുള്ളത് ബഹുരാഷ്ട്ര കുത്തകകൾ തീരുമാനിക്കുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത് എന്നുള്ളത് അങ്ങേയ്ക്ക് അറിവു ള്ളതല്ലേ?

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ഞാൻ പറഞ്ഞതും അദ്ദേഹം പറഞ്ഞതും ഒന്നുതന്നെയാണ്. വിത്തിന്റെ കാര്യത്തിൽ അദ്ദേഹം പറഞ്ഞതി നോട് ഞാൻ യോജിക്കുകയാണ്. അന്തകവിത്തുകൾ ഇന്ന് വ്യാപകമാണ്. പ്രിസിഷൻ ഫാമിംഗിന്റെ കാര്യത്തിൽ കൊണ്ടുവരുന്ന ഹൈബ്രീഡ് വിത്തു കൾ മുളപ്പിച്ചാൽ കായ്ഫലം ഉണ്ടാകുകയില്ല. എന്റെ നാട്ടിലെ ഒരു പ്രിസിഷൻ ഫാമിംഗിൽ അവർ ഉപയോഗിച്ച 1000 കാപ്സിക്കം വിത്തിന് 6500 രൂപ വിലയായി. ഒരു വിത്തിന് 6.50 രൂപയാണ്. പ്രസ്തുത വിത്തു പയോഗിച്ച് ഒരിക്കൽ ആ കൃഷി ചെയ്താൽ വീണ്ടും വിത്തിനായി ആ

കമ്പനിയെ ആശ്രയിക്കണം. കഴിഞ്ഞ വർഷം 5,300 രൂപയായിരുന്ന വിത്ത് ഇത്തവണ 6,500 രൂപയായി വർദ്ധിച്ചു. വിത്തിന്റെ വിലയിൽ ഒരു കൊല്ലം കൊണ്ടാണ് 1000 രൂപയുടെ വ്യത്യാസമുണ്ടായത്. അങ്ങനെ വിത്തുകൾ പൂർണ്ണമായും അവരുടെ കൈവശം വന്നുകഴിഞ്ഞാലുള്ള പ്രശ്നങ്ങൾ വളരെ ഗുരുതരമായ വിഷയങ്ങളാണ്. അതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്. ഇപ്പോൾ ഇന്ത്യയിൽ രാസവളത്തിന്റെ സബ്സിഡി എടുത്തു കളയുകയും രാസവളത്തിന്റെ വിലനിർണ്ണയിക്കുന്നതിനുള്ള അധികാരം കമ്പനികൾക്ക് നൽകുകയും ഇവിടെ വിത്ത് മുതലുള്ള കാര്യങ്ങളിലെല്ലാം കൃഷിക്കാരന് യാതൊരു അധികാരവുമില്ലാത്ത അവസ്ഥ സംജാതമാകുകയും ചെയ്തിരിക്കുകയാണ്. കോൺട്രാക്ട് കൃഷി സംവിധാനമാണ് കോൺഗ്രസ് ഗവൺമെന്റ് കാർഷിക മേഖലയിൽ കൊണ്ടുവന്നിരിക്കുന്നത്. അത് നമ്മുടെ സ്വയംഭരണാധികാരത്തെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. വടക്കേ ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലും കൃഷിക്കാരന്റെ കയ്യിൽനിന്നും ബഹുരാഷ്ട്ര കുത്തക കമ്പനികൾ വ്യാപകമായി സ്ഥലം പാട്ടത്തിന് എടുക്കുകയാണ്. ഇത്തരമൊരു നിയമം കോൺഗ്രസ് ഗവൺമെന്റാണ് കൊണ്ടുവന്നത്. അതിന്റെ ഫലമായി ലക്ഷക്കണക്കിന് ഹെക്ടർ ഭൂമി കൈവശം വെച്ചിരിക്കുന്നത് റിലയൻസുകാരും ഈ പറയുന്ന വിത്തുകമ്പനി കളും അതുപോലെതന്നെ ഈ ബഹുരാഷ്ട്രകുത്തക ഭീമന്മാരുമാണ്. ഇവിടെ ഏത് വിള ഇറക്കണമെന്ന് തീരുമാനിക്കുന്നത് അവരാണ്. ഇന്ന് കാർഷിക മേഖല ഏറ്റവും ഗുരുതരമായ പ്രശ്നമായി മാറിയിരിക്കുന്നു.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: സർ, ബഹുരാഷ്ട്ര കുത്തക കമ്പനികളെ ഈ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നു എന്ന് അങ്ങ് പറയുകയുണ്ടായി.

പശ്ചിമ ബംഗാളിൽ അങ്ങയുടെ പാർട്ടികൂടി ഉൾക്കൊള്ളുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പാവപ്പെട്ട കർഷകരെ അവരുടെ കൃഷിയിടങ്ങളിൽനിന്നും ആട്ടിപ്പായിച്ചുകൊണ്ട് ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കുവേണ്ടി ഫാക്ടറി സ്ഥാപിക്കാനുള്ള സൗകര്യം ചെയ്തു കൊടുത്തപ്പോഴാണല്ലോ നന്ദിഗ്രാമവും സിങ്കൂരും ഒക്കെ ഉണ്ടായത്. അതിന്റെ പേരിലാണല്ലോ അവിടത്തെ ജനങ്ങൾ മുഖ്യമന്ത്രിയെപ്പോലും പരാജയപ്പെടുത്തി ഇപ്പോൾ പുറത്ത് ഇരുത്തിയിരിക്കുന്നത്. കമ്മ്യൂണിസ്റ്റ്കാരെ വിയറ്റ്നാമിൽ കൊന്നൊടുക്കിയ സലെൻ ഗ്രൂപ്പിനുവേണ്ടിയാണ് കർഷകരെ കൃഷിയിടങ്ങളിൽ നിന്നും ആട്ടിയിറക്കിയത്. ഈ നയം ആരുടെതാണ്?

ശ്രീ. വി.എസ്. സുനിൽ കുമാർ: ഇന്ത്യ എന്നുപറയുന്ന ഫെഡറൽ റിപ്പബ്ലിക്കിൽ കേന്ദ്രഗവൺമെന്റിന്റെ കേന്ദ്രീകൃതമായ ഒരുപാട് സ്വഭാവം വരികയാണ്. നമ്മുടെ ദേശീയപാതകളെല്ലാം ബി.ഒ.ടി. അടിസ്ഥാനത്തിലാക്കണമെന്ന് തീരുമാനിക്കുന്നത് സംസ്ഥാന ഗവൺമെന്റാണോ; ഇത് തീരുമാനിക്കുന്നത് സംസ്ഥാന ഗവൺമെന്റല്ല. ദേശീയപാത കേന്ദ്ര ഗവൺമെന്റ് പ്രദേശങ്ങളിൽമാത്രം പോകുന്നതാണോ; അങ്ങനെ കേന്ദ്ര ഗവൺമെന്റ് പ്രദേശങ്ങളിൽ മാത്രം പോകുന്നതല്ല. പ്രസ്തുത പാത പോകുന്ന സ്ഥലങ്ങളിലെല്ലാം അത് ഉണ്ടാകും. വായുവിൽ വിഷം നിറഞ്ഞുനിൽക്കുമ്പോൾ ശ്വസിക്കാനുള്ള സ്വാതന്ത്ര്യം മരിക്കാനുള്ള സ്വാതന്ത്ര്യമാണെന്ന് പറയുന്നതു പോലെ വിഷം നിറച്ച നിങ്ങളാണ് ഈ സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 1959-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൊണ്ടുവന്ന ഊഹക്കച്ചവട നിയമത്തിൽ ഭേദഗതി വരുത്തിയത് ആരാണ്; ആ ഭേദഗതിയെത്തുടർന്ന് 110 ഇനം

കാർഷികോൽപ്പന്നങ്ങൾ ഊഹക്കച്ചവട മേഖലയിലേക്ക് കൊണ്ടുവന്നത് ആരാണ്; അത് എൽ.ഡി.എഫ് ഗവൺമെന്റാണോ കൊണ്ടുവന്നത്; അങ്ങനെ കൊണ്ടുവന്നതിന്റെ ഫലമായി അവർക്ക് താൽപ്പര്യമുള്ള സാധനങ്ങളുടെ വില കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നു. നാളികേരത്തിന്റെയും റബ്ബറിന്റെയും വില ഇടിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തേ ഇവിടെ ശ്രീ. സാജുപോൾ സൂചിപ്പിച്ചതുപോലെ കൃഷിക്കാരന് റബ്ബറിന്റെ വില കുറയാൻ ഉതകുന്നവിധത്തിൽ ഊഹക്കച്ചവട കമ്പോളത്തിൽ അതിനെ നിയന്ത്രിച്ചുകൊണ്ട് ഉൽപ്പാദനം കുറച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, റബ്ബറിന്റെ വില 234 രൂപയിൽ നിന്ന് 150 രൂപയിലേക്ക് താഴ്ന്നിട്ടും അതിന്റെ വില ഇടിഞ്ഞിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇന്നലെ ഈ സഭയിൽ മറുപടി നൽകിയത്. കൃഷിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധാരണ ഇതാണ്. ഇന്ന് ഈ ചർച്ച കേൾക്കാൻ പോലും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെയില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഈ കൃഷിക്കാരുടെ സ്ഥിതി എന്തായിരിക്കുമെന്ന് ചിന്തിക്കാൻ പാടില്ലേ?

ശ്രീ. വി.എസ്. സുനിൽ കുമാർ: കേരളത്തിലെ കൃഷിക്കാരുടെ ഗതി ഇതുതന്നെയാണ്. കാരണം ഇതിനെക്കുറിച്ച് വ്യക്തമായ ധാരണ ഈ ഗവൺമെന്റിന് ഇല്ലാത്തതുകൊണ്ടാണോ അല്ലെങ്കിൽ നടിക്കുന്നതുകൊണ്ടാണോയെന്നുള്ളത് എനിക്കറിയില്ല. റബ്ബറിന്റെ വില തകർന്നിട്ടില്ലായെന്നാണ് ശ്രീ. സാജുപോളിന്റെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞത്. അതെല്ലാം ഈ ഗവൺമെന്റ് പ്രതീക്ഷിക്കേണ്ട കാര്യങ്ങളാണ്. ജനങ്ങൾക്കാർക്കും ഈ ഗവൺമെന്റിൽ യാതൊരു പ്രതീക്ഷയുമില്ല.

കാരണം കർഷകവിരുദ്ധ നയവുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഇന്ന് പല കർഷകരും ആത്മഹത്യ ചെയ്യുകയാണ്.

"ആത്മഹത്യയ്ക്കും കൊലയ്ക്കുമിടയിലൂടെ

ആർത്തനാദംപോലെ പായുന്ന ജീവിതം" എന്ന സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തുണ്ടായിരിക്കുകയാണ്. കൃഷിക്കാർ ആത്മഹത്യ ചെയ്യു കയും പെൺകുട്ടികളെ പീഡിപ്പിക്കുന്നതുൾപ്പെടെയുള്ള വളരെ സങ്കടകര മായ കാര്യങ്ങൾ ഇവിടെ നടക്കുകയാണ്. ഏറ്റവും ക്ലേശകരമായ ജീവിതം നയിക്കുന്ന കൃഷിക്കാർക്ക് വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു വിയോജനക്കുറിപ്പ് ഞാൻ നൽകു കയാണ്. നമ്മുടെ കൃഷിക്കാർക്ക് ലോൺ നൽകുന്നുണ്ട്. ഇവിടത്തെ എത്ര ന്യൂ ജനറേഷൻ ബാങ്കുകൾ കൃഷിക്കാർക്ക് ലോൺ നൽകുന്നുണ്ട്; എത്ര പെർസന്റേജ് ലോൺ കൊടുക്കുന്നുണ്ട്; ഇന്ത്യയിലെ ന്യൂ ജനറേഷൻ ബാങ്കു കളൊന്നും കൃഷിക്കാർക്ക് ലോൺ കൊടുക്കുകയോ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുകയോ ചെയ്യുന്നില്ല. ശ്രീ. കെ.എം.മാണി ഉൾപ്പെ ടെയുള്ള വ്യക്തികൾ ഈ ന്യൂ ജനറേഷൻ ബാങ്കുകളെയാണ് പ്രോത്സാഹി പ്പിക്കുന്നത്. ഏത് ബാങ്കുകളാണെങ്കിലും ഉൽപ്പാദന മേഖലയിലും അതുപോലെ മറ്റ് മേഖലകളിലും ഇത്രശതമാനം ലോൺ നൽകണമെന്ന് പറയുമ്പോൾ ഈ ബാങ്കുകളുടെ കണക്കുകൾ പ്രകാരം രണ്ട് ശതമാനം ലോൺപോലും അവർ കൊടുക്കുന്നില്ല. ഗ്രാമീണ മേഖലയിൽ അവർ പ്രവർത്തിക്കുന്നില്ല. പിന്നെ ആർക്കുവേണ്ടിയാണ് അവർ പ്രവർത്തിക്കു ന്നത്; 5 ശതമാനം പലിശയ്ക്ക് കാർ വാങ്ങാൻ ലോൺ നൽകുമ്പോൾ പാവപ്പെട്ട കൃഷിക്കാരന് പല രൂപത്തിലും നൽകുന്ന ലോണുകൾ 22

ശതമാനമാക്കിയ ന്യൂജനറേഷൻ ബാങ്കുകൾ രാജ്യദ്രോഹപരമായ നടപടികളാണ് സ്വീകരിക്കുന്നത്. കർഷക ആത്മഹത്യയുമായി ബന്ധപ്പെട്ട് ഒരു വലിയ പ്രശ്നം ഈ സഭ ചർച്ചചെയ്യേണ്ടതുണ്ട്. പല ബാങ്കുകളും കൃഷിക്കാർക്കുകൊടുക്കുന്ന ലോണിന്റെ ടാർജെറ്റ് അചീവ് ചെയ്യാനായി അവർ ചെയ്യുന്ന ഒരുകാര്യം, ഒരേക്കർ കൃഷിഭൂമിയുള്ള ഒരു കർഷകന് എത്ര രൂപ ലോൺ കൊടുക്കണമെന്ന് നിശ്ചയിക്കുന്നത് അതാത് ജില്ലകളിലെ ടെക്നിക്കൽ കമ്മിറ്റികളാണ്. ഈ ടെക്നിക്കൽ കമ്മിറ്റികളിൽ കൃഷിക്കാരന്റെ പ്രതിനിധിയില്ല. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വൻകിട കൃഷിക്കാരന്റെ പ്രതിനിധിയും ചില ഉദ്യോഗസ്ഥന്മാരും ബാങ്ക് പ്രതിനിധികളും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയാണ് ഏത് ക്രോപ്പിന് എത്ര രൂപ ലോൺ കൊടുക്കണമെന്ന് തീരുമാനിക്കുന്നത്. ഏറ്റവുമധികം ലോൺ കൊടുക്കുന്നത് വാഴക്കൃഷിക്കാണ്. ഒരു ഹെക്ടർ വാഴക്കൃഷി ചെയ്യുന്നതിന് 2,25,000 രൂപയാണ് ഇപ്പോൾ ലോണായി കൊടുത്തുകൊണ്ടിരിക്കുന്നത്. ഇഞ്ചി ഉൾപ്പെടെയുള്ള ബാക്കിയുള്ള വിളകൾക്ക് 25,000-40,000 രൂപ വരെയാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഒന്ന് മുതൽ ഒന്നര ഏക്കർ വരെ കൃഷിഭൂമി കൈവശമുള്ള പാവപ്പെട്ട കർഷകൻ കൃഷിഭൂമി പ്ലെഡ്ജ് ചെയ്ത് ലോണെടുക്കാനായി ബാങ്കുകളെ സമീപിച്ചാൽ ഒരിക്കലും അവർ ലോൺ കൊടുക്കാറില്ല. പല കാരണങ്ങൾ പറഞ്ഞ് ബാങ്കുകൾ ആ ലോൺ നിരുത്സാഹപ്പെടുത്തുകയാണ്. കാരണം SARFAESI ആക്ട് അനുസരിച്ച് കൃഷിഭൂമിയിന്മേൽ ജപ്തിനടപടികൾ എടുക്കാൻ കഴിയില്ല. ജപ്തി നടപടികളിലേക്ക് പോയാൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമെന്ന് കരുതി കൃഷിക്കാർക്ക് സംസ്ഥാനത്തെ ബാങ്കുകൾ ലോൺ കൊടുക്കുന്നില്ല. പക്ഷേ, ബാങ്കു

കൾ കാർഷിക ലോൺ അച്ചീവ് ചെയ്യുന്നത് എങ്ങനെയാണെന്നുചോദിച്ചാൽ പത്ത് സെന്റ് ഭൂമിപോലുമില്ലാത്ത കൃഷിക്കാരനല്ലാത്ത ഒരാൾ ഭാര്യയുടെ അൻപത് പവൻ സ്വർണ്ണം പണയം വച്ചാൽ എത്ര രൂപവേണമെങ്കിലും കാർഷിക ലോണായി കൊടുക്കും. 4 ശതമാനത്തിനും 5 ശതമാനത്തിനും പലിശയ്ക്ക് ഈ കാർഷിക ലോൺ വാങ്ങുന്നത് ഈ നാട്ടിലെ സ്വർണ്ണം കൈവശമിരിക്കുന്ന ആളുകളാണ്. കാർഷികലോൺ എന്ന പേരിൽ നികുതി അടയ്ക്കുന്ന രസീതും ഒരു സത്യവാങ്മൂലവും കൊടുത്താൽ എത്ര ലോൺ കൊടുക്കാനും ബാങ്ക് മാനേജർമാർ തയ്യാറാണ്. ഇത്തരക്കാരോട് നിങ്ങളുടെ കയ്യിൽ സ്വർണ്ണമുണ്ടെങ്കിൽ പണം തരാൻ ബാങ്ക് തയ്യാറാണെന്നും സ്വർണ്ണം പണയമായി വയ്ക്കണമെന്നും പറയുന്ന ബാങ്ക് മാനേജർമാർ പോലുമുണ്ട്. കൃഷിക്കാരന്റെ പേരിൽ 4 ശതമാനം - 5 ശതമാനം പലിശയ്ക്ക് വാങ്ങുന്ന പണം ആ ബാങ്കിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യുകയോ മറ്റാവശ്യങ്ങൾക്കോ ചെലവഴിക്കുന്നു. നമ്മുടെ നാട്ടിലെ മുത്തൂറ്റ് ഫിനാൻസ്, മണപ്പുറം ഫിനാൻസ് അതുപോലെയുള്ള മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും സന്നദ്ധസംഘടനകളുമെല്ലാം ഇപ്പോൾ കൃഷിക്കാർക്കിടയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): നമ്മുടെ നാട്ടിലെ സാധാരണക്കാരായ കൃഷിക്കാർക്ക് ലോൺ കിട്ടാത്ത കാര്യമാണല്ലോ ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 25,000 രൂപവരെ നെൽക്കൃഷിക്കാർക്ക് പലിശയില്ലാത്ത കടം കൊടുത്തിരുന്ന കാര്യം നിങ്ങൾക്കറിയാമോ? ഈ ഗവൺമെന്റ് വന്നതിൽ

പിന്നെ ഒരാൾക്കുപോലും അങ്ങനെ കൊടുക്കുന്നില്ലെന്ന കാര്യവും അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: അതുകൊണ്ടാണല്ലോ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൃഷിക്കാർ ആത്മഹത്യ ചെയ്യാതിരുന്നത്. അന്ന് അവർക്ക് അതൊരു ഗവൺമെന്റാണെന്നുള്ള തോന്നലുണ്ടായിരുന്നുവെങ്കിൽ ഇന്ന് അങ്ങനെയല്ല. സ്വകാര്യ സംരംഭകരുടെ മൈക്രോ ഫിനാൻസ് സ്ഥാപന ങ്ങളും ഒരുപാട് പേരുകളിലുള്ള സന്നദ്ധസംഘടനകളുമെല്ലാം ചെറുകിട നാമമാത്ര കൃഷിക്കാർക്കിടയിൽ പ്രവർത്തിക്കുകയാണ്. ഞങ്ങൾ വയനാട് സന്ദർശിച്ചപ്പോൾ കണ്ടൊരു കാഴ്ചയെന്താണെന്നുവച്ചാൽ അഗ്രിക്കൾച്ചറൽ പർപ്പസിനുവേണ്ടി അവിടത്തെ ബാങ്കുകളിൽ നിന്ന് ലോൺ കിട്ടില്ല. കിട്ടു കയാണെങ്കിൽ തന്നെ ആ ക്രോപ്കൃഷിചെയ്യാനാവശ്യമായ ലോൺ കൊടുക്കുന്നില്ല. കർഷകർക്കാവശ്യമുള്ള ബാക്കി തുകയ്ക്ക് ബാങ്ക് അധികൃതർ അഗ്രിക്കൾച്ചറൽ പർപ്പസ് ലോണാണെങ്കിൽ 20,000 രൂപ മാത്രമേ തരാൻ സാധിക്കുകയുള്ളൂവെന്നും നോൺ അഗ്രിക്കൾച്ചറൽ പർപ്പസിനു വേണ്ടിയാണെങ്കിൽ ഇതിനേക്കാൾ കൂടുതൽ ലോൺ തരാമെന്നുമുള്ള നിലപാട് സ്വീകരിക്കുകയും ഈ പാവപ്പെട്ട കൃഷിക്കാരനെ പറ്റിച്ച് അവന്റെ കയ്യിൽനിന്ന് കൂടുതൽ പലിശ ഈടാക്കുകയുമാണ് ചെയ്യുന്നത്. എന്നിട്ട് സ്വർണ്ണം കൈവശമുള്ള ആളുകൾക്ക് അവർ നൽകുന്ന സ്വർണ്ണത്തിന്മേൽ അഗ്രിക്കൾച്ചറൽ ലോൺ കൊടുക്കുകയാണ്. കേരളത്തിൽ ഈ ചതി നിർബാധം തുടരുകയാണ്. മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ 5000 രൂപ കൊടുക്കാമെന്ന് പറയുകയും അതിന് 100 രൂപയ്ക്ക് 2 മുതൽ അഞ്ച് രൂപ വരെ പലിശ ഈടാക്കുകയും ചെയ്യുന്നു. അങ്ങനെ കണക്കുകൂട്ടുകയാണെ

ങ്കിൽ ഈ പാവപ്പെട്ട കൃഷിക്കാരന് എത്രരൂപ പലിശയ്ക്കാണ് ലോൺ കൊടുക്കുന്നത്; 36 മുതൽ 75 ശതമാനം വരെ പലിശ വാങ്ങുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ നമ്മുടെ കേരളത്തിൽ എല്ലാ സുരക്ഷിതത്വത്തോടും കൂടി പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇന്ന് കർഷക ആത്മഹത്യകളുടെ പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നായിമാറിയിരിക്കുന്നത് വട്ടിപ്പലിശക്കാർ മാത്രമല്ല, ഇവിടെ അമിതപലിശ ഈടാക്കുന്നവർക്കെതിരെ നിയമമുണ്ടാക്കിയ പ്പോൾ മാണിസാർ വളരെ ബോധപൂർവ്വം അതിൽ നിന്ന് മൈക്രോഫിനാൻസ് സ്ഥാപനങ്ങളെ ഒഴിവാക്കിയില്ലേ? ആ മൈക്രോഫിനാൻസ് സ്ഥാപനങ്ങളാണ് ഇന്ന് കേരളത്തിലെ ഏറ്റവും വലിയ വട്ടിപ്പലിശക്കാരായ ആളുകൾ. കൃഷിക്കാർക്കിടയിലാണ് അവർ ഇന്ന് ഏറ്റവും കൂടുതൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇത്തരക്കാർ ബാങ്കുകളിൽ നിന്നും ന്യൂജനറേഷൻ ബാങ്കുകളിൽ നിന്നും കൃഷിക്കാരന്റെ പേരിലുള്ള ലോൺ പലരൂപത്തിൽ തട്ടിയെടുത്ത് കൃഷിക്കർക്കുതന്നെ അമിതമായ പലിശയ്ക്ക് കൊടുക്കുന്ന പ്രതിഭാസം ഇവിടെ നടക്കുകയാണ്. ഇത് തടയാനാവശ്യമായ നടപടികൾ എന്തുകൊണ്ട് സ്വീകരിക്കാൻ കഴിയുന്നില്ല. അതുപോലെ ഓരോ ജില്ലക ളിലും രൂപീകൃതമായിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി ഒരു ക്രോപ്പിന് എത്ര രൂപ നൽകണമെന്ന് നിശ്ചയിക്കുന്നത് ഈ ബാങ്കുകാരും മൈക്രോഫിനാൻസ് സ്ഥാപനങ്ങളും തമ്മിലുള്ള അഡ്ജെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ്. പാവപ്പെട്ട കൃഷിക്കാരന് ആവശ്യമായ പണം കിട്ടാതിരിക്കാൻവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന ഒരു തട്ടിപ്പാണിത്. ആരും അതിനെ മോണിറ്റർ ചെയ്യുന്നില്ല. കൃഷി വകുപ്പിന് ഇതിന്മേൽ യാതൊരു നിയന്ത്രണവുമില്ല. റവന്യൂ ഡിപ്പാർട്ടുമെന്റിന് നിയന്ത്രണമില്ല. ആരാണ് ഇതൊക്കെ തീരുമാനിക്കു ന്നതെന്ന് ആർക്കും അറിയില്ല. നബാർഡ് ആണെങ്കിൽ കൃഷിക്കാർക്ക് നേരിട്ട്

പണം കൊടുക്കുന്നില്ല, ബാങ്ക് വഴിയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അവരും ഇക്കാര്യങ്ങൾ യഥാവിധി മോണിറ്റർ ചെയ്യുന്നില്ല. ഞാൻ ചുരുക്കുകയാണ്. ഇത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. കൃഷിക്കാരെ സംബന്ധിച്ച് കാർഷിക കടാശ്വാസ ബിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്നതിന്റെ ഫലമായി കർഷക ആത്മഹത്യകൾ ഉണ്ടായില്ല. എന്നാൽ, ആ ബിൽ നിലനിൽക്കുമ്പോൾ തന്നെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ആത്മഹത്യ പെരുകിക്കൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഓരോ ജില്ലയിലും കോടിക്കണക്കിന് രൂപ അനുവദിച്ചു. 82,33,30,660 (എൺപത്തിരണ്ട് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അറുന്നൂറ്റി അറുപത്) രൂപ അന്ന് അപേക്ഷകൾ സ്വീകരിച്ച് അതിനെ അവാർഡാക്കി. അതിൽ 65,17,21,518 ( അറുപത്തിയഞ്ച് കോടി പതിനേഴ് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അഞ്ഞൂറ്റി പതിനെട്ട്) രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഈ കർഷക കടാശ്വാസ കമ്മീഷനെ വെറും നോക്കുകുത്തിയാക്കരുത്. ഇതു കൊണ്ടുമാത്രം പ്രശ്നം അവസാനിക്കുന്നില്ല. ഞങ്ങളുടെ കാലത്ത് കർഷകർക്കായി മറ്റു പല കാര്യങ്ങളും ചെയ്യുന്ന കൂട്ടത്തിലാണ് സ്റ്റാറ്റ്യൂട്ടറിയായൊരു ഇങ്ങനെയൊരു നിയമം കൊണ്ടുവരികയും അതിന് സമാന്തരമായി കൃഷിക്കാരനെ സപ്പോർട്ട് ചെയ്തുകൊണ്ടുള്ള നിലപാടുകൾ സ്വീകരിച്ചതു കൊണ്ടുമാണ് കൃഷിക്കാരെ സംരക്ഷിക്കാനായത്. എന്നാൽ നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്; നിങ്ങൾ ചില നിയമങ്ങൾ കൊണ്ടുവന്നുവെന്ന് വരുത്തുകയും കൃഷിക്കാർക്ക് വേണ്ടത് കൊടുക്കാതിരിക്കുകയും അവരെ വീണ്ടും ആത്മഹത്യയിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്ന തന്ത്രം, കർഷ

കവിരുദ്ധനയം ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ...................

ശ്രീ. പാലോട് രവി: ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരുന്നുകൊണ്ട് അംഗങ്ങൾ വളരെ നന്നായി ഈ നിയമസഭയിൽ സംസാരിക്കാറുണ്ട്. ഇവിടെ ശ്രീ. വി.എസ്. സുനിൽകുമാർ ഉൾപ്പെടെ പ്രതിപക്ഷത്തിരിക്കുന്ന മുൻമന്ത്രിമാരുമൊക്കെ സംസാരിക്കുമ്പോൾ ഇത്രയും നല്ലകാര്യങ്ങളാണ് കഴിഞ്ഞ അഞ്ചുവർഷം ഇവിടെ ചെയ്തതെങ്കിൽ പിന്നെ എങ്ങനെയാണ് നൂറ് സീറ്റ് അറുപത്തിയേഴായി കുറഞ്ഞത്?

ശ്രീ. വി.എസ്. സുനിൽ കുമാർ: ഈ ആറ് നൂറാകാനും നൂറ് ആറാകാനും അധികം നേരമൊന്നും വേണ്ട. എസ്.എസ്.എൽ.സി.ക്ക് മോഡറേഷൻ മാർക്കോടുകൂടി പാസ്സാകുന്നതുപോലെ തെരഞ്ഞെടുപ്പിൽ ജയിക്കുന്ന ചരിത്രങ്ങളുമുണ്ട്. അതുകൊണ്ട് ജയവും പരാജയവുമൊക്കെ അങ്ങോട്ടുമിങ്ങോട്ടും മാറിയും തിരിഞ്ഞും വരും. പക്ഷേ, നിങ്ങൾ പരാജയപ്പെട്ടതുപോലെ ഞങ്ങൾ പരാജയപ്പെട്ടിട്ടില്ല. വാസ്തവത്തിൽ പി.ടി. ഉഷയ്ക്ക് ഒളിമ്പിക്സ് മെഡൽ നഷ്ടപ്പെട്ടതുപോലെ സെക്കന്റിൽ ഒരംശത്തിന് ഞങ്ങൾ പോയിയെന്നേയുള്ളൂ. അത് പരാജയമായിരുന്നില്ല, വിജയം തന്നെയായിരുന്നു, അതുകൊണ്ട് അങ്ങനെപറയരുത്. നമ്മുടെ രാജ്യത്തെ കൃഷിക്കാരനെ സംരക്ഷിക്കണമെങ്കിൽ ഒരു നിയമം ഉണ്ടായതുകൊണ്ടുമാത്രം പോര. ആ നിയമം നടപ്പിലാക്കുന്ന സർക്കാരിന് കൃഷിക്കാരനോട് ആഭിമുഖ്യമുണ്ടാകണം. സർക്കാരിന് ആഭിമുഖ്യം ഉണ്ടാകേണ്ടത് കോർപ്പറേറ്റുകളോടായിരിക്കരുത്. ഇവിടെ നടപ്പിലാക്കുന്ന ഓരോ പദ്ധതിയിലും കൃഷിക്കാരനോടല്ല താൽപ്പര്യം, മറിച്ച് കോർപ്പറേറ്റുകളോടാണ്. നിങ്ങൾക്കുമാത്രമല്ല, കേന്ദ്രത്തിലിരിക്കുന്ന നിങ്ങളുടെ തലതൊട്ടപ്പന്മാർക്കാണ് ആ സ്വഭാവം. അതിന്റെ ഫോട്ടോസ്റ്റാറ്റ്

പതിപ്പായാണ് ഇവിടെയും ഇതൊക്കെ ചെയ്തുകൊണ്ടിരിക്കുന്നത്. കൃഷി വകുപ്പാണെങ്കിലും ഈ ഗവൺമെന്റാണെങ്കിലും ചെയ്തുകൊണ്ടിരിക്കുന്നത് കേന്ദ്രം അനുവർത്തിച്ചുവരുന്ന കർഷകദ്രോഹ നയങ്ങൾ തന്നെയാണ്. ആളുകൾ പ്രേമനൈരാശ്യം കൊണ്ടോ എന്തെങ്കിലും രോഗകാരണങ്ങളാലോ ആത്മഹത്യ ചെയ്യും. എന്നാൽ ഒരു ഗവൺമെന്റിന്റെ നയംമൂലം ലക്ഷക്കണക്കിന് ആളുകൾ ആത്മഹത്യ ചെയ്ത സംഭവം ഇന്ത്യയിൽ ഉണ്ടായത് കോൺഗ്രസ്സ് അനുവർത്തിച്ചുവരുന്ന നയത്തിന്റെ ഫലമായിട്ടാണ്. ആ നയം ഇവിടെ തുടർന്നതുകൊണ്ടാണ് ഇവിടെ നൂറുകണക്കിനാളുകൾ ആത്മഹത്യ ചെയ്യുന്നത്. ഞങ്ങളുടെ ഭരണകാലത്ത് കൊണ്ടുവന്ന നിയമം നടപ്പിലാക്കിയാൽ മാത്രം പോര, ഞങ്ങൾ നടപ്പാക്കിയതുപോലെ കൃഷിക്കാരന് ഇവിടെയൊരു ഗവൺമെന്റുണ്ടെന്നും അവനൊരപകടമോ വിളനാശമോ, വിലയിടിവോ ഉണ്ടായാൽ അവനെ സപ്പോർട്ട് ചെയ്യുന്നതിനും താങ്ങി നിർത്തുന്നതിനും ഒരു സർക്കാരുണ്ടെന്ന തോന്നൽ നഷ്ടപ്പെട്ടുകഴിഞ്ഞാൽ പിന്നെ നിയമത്തിന് എന്ത് പ്രസക്തിയാണുള്ളത്. അതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ നേരത്തെ എന്റെ സുഹൃത്ത് സൂചിപ്പിച്ചതുപോലെ ആറ് നൂറാകാനും നൂറ് ആറാകാനും അധികം നേരം വേണ്ട. ഏതായാലും ഈ ഗവൺമെന്റ് അധികകാലം ഭരണത്തിലുണ്ടാവില്ലെന്ന പ്രതീക്ഷയോടുകൂടി ഞാൻ നിർത്തുകയാണ്.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, ഈ ബില്ലിനെ സംബന്ധിച്ച് ധാരാളം സംസാരങ്ങൾ നടന്നുകഴിഞ്ഞതാണ്. ഈ ബില്ലിൽ ചില പോരായ്മകളുണ്ടെങ്കിലും ഇപ്പോഴെങ്കിലും ഇങ്ങനെ വന്നതിൽ സന്തോഷം തോന്നുന്നുണ്ട്. ഇന്ത്യാ രാജ്യത്ത് കാർഷിക മേഖല തകർന്ന് തരിപ്പണമാകുകയാ

ണെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ നേരത്തെ സൂചിപ്പിച്ചു. കഴിഞ്ഞ 7 കൊല്ലത്തിനുള്ളിൽ ഇന്ത്യാ രാജ്യത്ത് ഏതാണ്ട് 3 ലക്ഷത്തോളം കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആ സമയത്തൊന്നും കേന്ദ്രം ഇടപെട്ട് യാതൊന്നുംതന്നെ ചെയ്തില്ല. ഒരു ചെറിയ ഇടപെടൽ നടത്തിയത് കഴിഞ്ഞ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കാർഷിക ആശ്വാസത്തിനുവേണ്ടിയുള്ള ഇടപെടലൊക്കെ കേന്ദ്രം നടത്തുകയും തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം വീണ്ടും പഴയ നയത്തിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്തു. അവർ കൊണ്ടുവന്ന ആശ്വാസ നടപടികൾക്കൊന്നും തന്നെ രാജ്യത്ത് ഒരു മെച്ചവുമുണ്ടാക്കാൻ കഴിഞ്ഞില്ല. കൊണ്ടുവന്ന പാക്കേജൊക്കെ തെരഞ്ഞെടുപ്പ് കഴിഞ്ഞതോടുകൂടി ഗവൺമെന്റ് വിട്ടു. ഇപ്പോൾ വീണ്ടും രാജ്യത്ത് ആത്മഹത്യ തുടരുകയാണ്. കാർഷിക മേഖലയിലേയ്ക്ക് ആരും പുതിയതായി വരുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ വൻതോതിൽ ഭൂമി ലീസിനെടുത്ത് വലിയ ഹൈടെക് കൃഷിയാണ് നടന്നുകൊണ്ടിരിക്കുന്നത്. ലക്ഷക്കണക്കിന് വരുന്ന ഇന്ത്യയിലെ കർഷകരല്ല ഹൈടെക് കൃഷി ചെയ്യുന്നത്, അവരെല്ലാം ആ മേഖലയിൽ നിന്ന് മാറിപ്പോകുകയാണ്. അവധി വ്യാപാരത്തിനേർപ്പെടുത്തിയിരുന്ന വിലക്കുകൾ ഇല്ലാതായതോടുകൂടി ഈ മേഖലയിൽ കുത്തകകൾ വിപണി കയ്യടക്കുകയാണ്. മുൻകൂർ പണം കൊടുത്തും കാർഷിക ഉൽപ്പന്നങ്ങൾ നേരത്തെ സ്വന്തമാക്കിയും കർഷകന്റെ നട്ടെല്ല് ഒടിക്കുന്ന നയങ്ങളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് ഇവരെ അനുവദിക്കുകയാണ്. ചെറുകിട വ്യാപാര രംഗത്തേയ്ക്ക് വിദേശ കുത്തകകൾ കൂടി വരുന്നതോടുകൂടി 4 കോടി ചെറുകിട കച്ചവടക്കാരുടെ കുടുംബം അനാഥമാകും. അതുമാത്രമല്ല, കൃഷിക്കാർ കെണിയിലാകാൻ പോകുകയാണ്. ഈ കാർഷിക ഉൽപ്പന്നങ്ങളെല്ലാം

വാങ്ങുന്ന വിദേശ കുത്തക കമ്പനികളുടെ. കൺസോർഷ്യം വരും. ചെറുകിട വ്യാപാര മേഖലയിൽ അവർ വരുന്നതോടുകൂടി നമ്മുടെ രാജ്യത്തെ കൃഷിക്കാരൻ കൂടി പ്രയാസപ്പെടാൻ പോകുകയാണ്. എന്തെങ്കിലുമൊരു പ്രതീക്ഷ സംസ്ഥാന സർക്കാരിനെക്കുറിച്ചോ കേന്ദ്ര സർക്കാരിനെക്കുറിച്ചോ ജനങ്ങൾക്കുണ്ടായിരുന്നത് പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ഇവിടെ വന്ന് നടത്തിയ പ്രസ്താവനയോടുകൂടി. പരിപൂർണ്ണമായി ഇല്ലാതായി. ആരെങ്കിലും അതിനോട് യോജിക്കുമോ? കേന്ദ്ര പ്ലാനിംഗ് ബോർഡിൽ ഇതിനുമുമ്പുണ്ടായിരുന്ന എല്ലാവരും ഇങ്ങനെ കൃഷി ഇല്ലാതാക്കാനും കൃഷി നശിപ്പിക്കാനും ശ്രമിക്കുന്നതിനെതിരായിട്ടാണ് പോരാടിയിട്ടുള്ളത്. ഒരു പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ വന്ന് നിങ്ങൾ കൃഷിയൊന്നും ചെയ്യേണ്ട, പാടങ്ങളൊക്കെ നികത്തിക്കോ, ഇവിടെ നെൽക്കൃഷിയൊന്നും ചെയ്യേണ്ട എന്ന് പറയുന്ന ഒരു സ്ഥിതിവിശേഷം ഒരിക്കലും കേരളത്തിലുണ്ടായിട്ടില്ല. ഇത് പ്രസംഗത്തിൽ വന്ന ഒരു അബദ്ധമല്ല. ആ പ്രസംഗത്തിനുശേഷം പത്രക്കാർ അലുവാലിയയോട് ചോദിച്ചപ്പോഴും ഞാൻ ആലോചിച്ച് ഉറച്ച് പറഞ്ഞതാണെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇത് കേന്ദ്രനയത്തിന്റെ ഏറ്റവും വലിയ ലക്ഷണമാണ്. യു. ഡി. എഫ്.-ന്റെ കാലത്ത് 1500 കർഷകർ ആത്മഹത്യ ചെയ്തു. അത് 1500 ആണോ 1400 ആണോ എന്ന തർക്കമേയുള്ളൂ. ആത്മഹത്യ ചെയ്ത കർഷകർക്ക് ഒരു ആശ്വാസവും കൊടുത്തില്ല. എൽ. ഡി. എഫ്.-ന്റെ ഗവൺമെന്റ് വന്നു. ആശ്വാസ നടപടി ആരംഭിച്ചു. ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ സൂചിപ്പിച്ചതുപോലെ ആദ്യത്തെ ഒന്നുരണ്ട് വർഷം ചെറുതായി ആത്മഹത്യകൾ തുടരുന്ന സ്ഥിതിയുണ്ടായിരുന്നു. പക്ഷേ അവസാനത്തെ രണ്ട് കൊല്ലമായപ്പോൾ ആരും അത്മഹത്യ ചെയ്യാത്ത അവസ്ഥ നമ്മുടെ സംസ്ഥാനത്ത് വന്നു. കർഷകർക്ക്

അവരെ രക്ഷിക്കാനുള്ള ആളുകളുണ്ടെന്ന തോന്നൽ വന്നു. നെല്ലിന് താങ്ങുവില ഏർപ്പാടാക്കിയതുകൊണ്ട് കൃഷിക്കാർക്ക് സന്തോഷമായി. താങ്ങുവില ഏർപ്പാടാക്കുക മാത്രമല്ല, അങ്ങനെ ശേഖരിക്കുന്ന നെല്ലിന്റെ വില ഒരു മാസത്തിനുള്ളിൽ കൃഷിക്കാർക്ക് കൊടുത്തുകൊണ്ട് അവരെ സഹായിച്ചു. ഇപ്പോൾ എന്താണുണ്ടായത്; ഇപ്പോൾ വീണ്ടും കണ്ടില്ലേ? കഴിഞ്ഞ വിളവിന് ശേഖരിച്ച നെല്ലിന്റെ വില ഇനിയും കൊടുത്തുതീർത്തിട്ടില്ലെന്നുപറഞ്ഞാൽ എന്താണ് സ്ഥിതി; കഴിഞ്ഞ നിയമസഭ കൂടുമ്പോൾ എന്ത് പറഞ്ഞു? ഇപ്പോൾ നിയമസഭ കൂടുമ്പോഴും ഉടൻ കൊടുക്കുമെന്നല്ലാതെ വിശദമായി ഒന്നും പറയുന്നില്ല. പാലക്കാടും തൃശ്ശൂരുമൊക്കെ നെല്ലിന്റെ വില കൊടുക്കാൻ ബാക്കിയാണ്. ഇതിൽ നിന്നും ഈ ഗവൺമെന്റിന് കൃഷിക്കാരോടുള്ള സമീപനം എന്താണെന്ന കാര്യം നമുക്ക് വ്യക്തമായി മനസ്സിലാകും. തേങ്ങയുടെ വില, രണ്ട് നാളികേരം കൊടുത്താൽപ്പോലും ഒരു കോഴിമുട്ട കിട്ടില്ലെന്ന അവസ്ഥയല്ലേ? നാളികേരം എടുക്കാനും ഇടാനും ആളില്ല. ആളുകളുടെ തലയ്ക്കുമീതെ വന്ന് വീഴുകയാണ്. വീഴുന്നെങ്കിൽ വീണോട്ടെ എന്നല്ലാതെ കൃഷിക്കാരൻ തേങ്ങയിടാൻ വേണ്ടി ശ്രമിക്കുന്നില്ല. ഇത്ര ഗതികെട്ട ഒരു സാഹചര്യം കേരളത്തിലുണ്ടായിട്ടുണ്ടോ? ഇങ്ങനെ നാളികേര കൃഷിക്കാരൻ കൊടും ആത്മഹത്യ ചെയ്യുന്നതിന്റെ വക്കിലെത്തി നിൽക്കുമ്പോഴാണ് പാമോയിൽ ഇറക്കുമതിയെക്കുറിച്ച് കേട്ടത്. ഇപ്പോൾ പാം കെർനൽ ഓയിൽ - എണ്ണപ്പനയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഒരുതരം സാധനം പുതിയതായി വരികയാണ്. ഇത് പാമോയിലിനേക്കാളും കുഴപ്പം പിടിച്ചതാണ്. ഇത് വെളിച്ചെണ്ണയിൽ ചേർക്കുന്നു. അങ്ങനെ മായം ചേർത്തിട്ടുള്ള വെളിച്ചെണ്ണയാണ് നമുക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സാധനം ഇറക്കുമതി ചെയ്യാൻ സബ്സിഡി കൊടുക്കുകയാണ്. ഇവിടെയു

ള്ള നാളികേര കൃഷിക്കാർക്ക് വെളിച്ചെണ്ണ കയറ്റുമതി ചെയ്യാൻ നിരോധനവും പാമോയിലും പാം കെർണ്ണൽ ഓയിലും ഇങ്ങോട്ട് ഇറക്കുമതി ചെയ്യാൻ സബ്സിഡിയും കൊടുത്താൽ നാളികേര കർഷകൻ എങ്ങനെ രക്ഷപ്പെടും? കേരളത്തിൽ 10 വർഷത്തിനുള്ളിൽ 1.55 ലക്ഷം ഹെക്ടർ തെങ്ങ് കൃഷിയാണ് ഇല്ലാതായത്. കേരളത്തിനകത്ത് 10 കൊല്ലത്തിനകത്ത് സംഭവിച്ച ഒരുകാര്യമാണ്. അവരെ സഹായിക്കാൻ ആരുമില്ല. അവരുടെ സ്ഥിതി അങ്ങേയറ്റം ഗുരുതരമാണ്. അതുപോലെതന്നെ 10 വർഷം കൊണ്ട് മറഞ്ഞത് ഒരു ലക്ഷം ഹെക്ടർ നെൽക്കൃഷിയാണ്.. 1 ലക്ഷം ഹെക്ടർ എന്നാൽ രണ്ടര ലക്ഷം ഏക്കറല്ലേ? കേരളത്തിൽ നെൽക്കൃഷി ഇല്ലാതായി എന്നുപറഞ്ഞാൽ അവിടെയൊക്കെ കോൺക്രീറ്റ് കെട്ടിടങ്ങൾ വന്നുവെന്നാണ് അർത്ഥം.

ശ്രീ. എം. ചന്ദ്രൻ: തേങ്ങയുടെ വിലയിടിവിനെ സംബന്ധിച്ചാണ് അങ്ങ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സർക്കാരിന്റെ കൃഷി ഫാമുകളിൽ പുതിയ തെങ്ങിൻ തൈകൾ നട്ട് വളർത്തിയിട്ടുണ്ടായിരുന്നു. അതെല്ലാം ഒരു മനുഷ്യൻ വാങ്ങാനില്ലാതെ മൂപ്പ് കൂടി ഇപ്പോൾ വെട്ടിക്കളഞ്ഞുകൊണ്ടിരിക്കുകയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഇത് എല്ലാ കൃഷി ഫാമിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് കൊണ്ടുപോയി കുഴിച്ചിടുന്ന കൂലിപോലും ലഭിക്കില്ലെന്ന് വന്നാൽ ആളുകൾ വാങ്ങുമോ? നമ്മുടെ കേരളത്തിൽ ഇനി കുറച്ച് കൃഷി സ്ഥലം ബാക്കിയുണ്ട്. അതുകൂടി അപഹരിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളുമായി.. നീർത്തടങ്ങളും നെൽവയലുകളും നികത്താൻ സർക്കാർ അനുമതി കൊടുത്തിരിക്കുകയാണ്. വ്യവസായ വകുപ്പിന്റെ ഒരു നീക്കമാണ്. പത്രത്തിൽ വന്ന വാർത്തയാണ്.. വളരെ വിശദമായി ഇതിൽ പറയുന്നുണ്ട്. ഈ പ്രദേശങ്ങളെ വ്യവസായ മേഖലയായി പ്രഖ്യാപി

ക്കുകയും അങ്ങനെ വ്യവസായ മേഖലയായി പ്രഖ്യാപിച്ചാൽ അവിടെ കൃഷി ചെയ്യാത്ത കൃഷി ഭൂമിയെല്ലാം നികത്താൻ വ്യവസായ സെക്രട്ടറിക്കുതന്നെ അനുവാദം കൊടുക്കാൻ കഴിയുന്നവിധത്തിലുള്ള ഒരു നിയമനിർമ്മാണ ത്തിനുവേണ്ടിയുള്ള അണിയറ ഒരുക്കങ്ങൾ കേരളത്തിൽ നടന്നുകൊണ്ടിരി ക്കുന്നുവെന്നാണ് പറയുന്നത്. എമർജിംഗ് കേരളയൊക്കെ അതിനുവേണ്ടിയു ള്ള മറയാണ്. കേരളത്തിൽ അവശേഷിക്കുന്ന ഭൂമി കൂടി കൈവശപ്പെടുത്തു ന്നതിനുവേണ്ടിയുള്ള ചില മാഫിയാ സംഘങ്ങളുടെ ഒരു മറയാണ് എമർജിംഗ് കേരള എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. കേരളത്തിൽ ഭൂപരിഷ്ക്കരണം നടന്നതിന്റെ ഫലമായി ആളുകൾക്ക് ഭൂമി കിട്ടി എന്ന തൊക്കെ ശരിയാണ്. അതിനേക്കാൾ അപ്പുറത്ത് ചെറിയൊരു ജോലിയോ കച്ചവടമോ ഉള്ള ആളുകൾക്ക് ഭാവിയിൽ 10 സെന്റോ അല്ലെങ്കിൽ 5 സെന്റോ ഭൂമി വാങ്ങി അതിലൊരു വീട് വയ്ക്കാൻ കഴിയുമെന്നൊക്കെയുള്ള സ്വപ്ന ങ്ങളും പ്രതീക്ഷകളും ഇത്രയും കാലം വച്ചുപുലർത്താൻ കഴിയുമായിരുന്നു. അതിന്റെ കാരണം, 15 ഏക്കർ ഭൂമിയേ ഒരു വ്യക്തിക്കും കുടുംബത്തിനും കൈവശം വയ്ക്കാൻ പാടുള്ളൂ എന്ന നിയമമാണ്. ഇവിടെ നേരത്തെയും ഭൂമി വാങ്ങിക്കൂട്ടാൻ ആവശ്യമായ പണമുള്ളവരുണ്ട്. മറ്റ് രാജ്യങ്ങളിൽ അച്ചടിച്ച്, കണ്ടയിനറുകളിൽ ഇങ്ങോട്ട് കൊണ്ടുവരുന്ന പണം കൈവശപ്പെ ടുത്തുന്നവരുണ്ട്. ഇട്ടുമൂടാനുള്ള പണം കള്ളപ്പണമായി കൈവശമുള്ളവ രുണ്ട്. പക്ഷേ അവർക്കാർക്കും പതിനാറാമത്തെ ഏക്കർ ഭൂമി കേരളത്തിൽ വാങ്ങാൻ സാധിക്കില്ല. കാരണം, ഭൂപരിഷ്ക്കരണ നിയമം അങ്ങനെ ആക്കി വച്ചിട്ടുണ്ട്. അതുകൊണ്ടാണ് അവർ കേരളത്തിലെ ഭൂമി മുഴുവൻ കൈവശ പ്പെടുത്താതിരുന്നത്. ഇപ്പോൾ ഈ ഗവൺമെന്റ് എന്ത് പുതിയ നിയമമാണ്

വരുത്താൻ പോകുന്നത്; പറങ്കിമാവിൻ തോട്ടങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നുവെന്ന് പറഞ്ഞാൽ എന്താണ് സ്ഥിതി? പത്തോ നൂറ്റമ്പതോ ഏക്കർ.......

ശ്രീ. എ. കെ. ബാലൻ: സർ, 1959-ൽ കേരള നിയമസഭ പാസ്സാക്കിയ ഭൂപരിഷ്ക്കരണ നിയമത്തിന് 1960-ൽ ആണ് ഇൻഡ്യൻ യൂണിയൻ പ്രസിഡന്റിന്റെ അംഗീകാരം കിട്ടുന്നത്. ഒരു വർഷത്തിനിടയിൽ 10 ലക്ഷം നിയമവിരുദ്ധ ട്രാൻസാക്ഷനുകളാണ് നടന്നത്. അതിന്റെ ഭാഗമായാണ് കേരളത്തിലെ പാവപ്പെട്ടവന് കിട്ടേണ്ട മിച്ചഭൂമി ഇല്ലാതെയായതെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ധാരാളം സമരങ്ങൾ നമ്മൾ അതിനെതിരായി ചെയ്തതാണ്. പറങ്കിമാവിൻ തോട്ടങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിൽ നിന്ന് ഒഴിവാക്കി എന്നുപറഞ്ഞാൽ എന്താണ് കേരളത്തിൽ സംഭവിക്കാൻ പോകുന്നത്? പറങ്കിമാവിൻ തോട്ടം എത്രയുമാകാം, എസ്റ്റേറ്റ് എത്രയുമാകാം. അതിന് പരിധിയില്ല. 50,000 ഏക്കർ ഭൂമി വേണമെങ്കിലും പറങ്കിമാവിൻ തോട്ടമാണെന്ന് പറഞ്ഞുകൊണ്ട് എന്റെ പേരിൽ വാങ്ങാം. അങ്ങനെ ഈ കേരളത്തിലെ ഭൂമി മുഴുവൻ കേരളത്തിനകത്തും പുറത്തുമുള്ള ഭൂമാഫിയാകൾക്ക് വാങ്ങാൻ സാധിക്കുന്ന ഒരു സാഹചര്യമുണ്ടായാൽ, പാവപ്പെട്ടവന് ഒരു തുണ്ട് ഭൂമി. സ്വപ്നം കാണാൻ സാധിക്കുമോ? ഇപ്പോൾ നമ്മുടെ നാട്ടിലെ ഭൂമിയുടെ വിലയെന്താണ്? സെന്റിന് 3 ലക്ഷം മുതൽ രൂപ 5 ലക്ഷം രൂപ വരെ അപ്പപ്പോൾ തോന്നുന്ന വില. അല്ലെങ്കിൽ ഭൂമി വാങ്ങാൻ വരുന്ന ആളുകളുടെ കയ്യിലുള്ള പണമെത്രയാണോ അത്രയും. ഇങ്ങനെ വ്യക്തികൾക്ക്

നിയമപ്രകാരം അതിരില്ലാത്ത ഭൂമി വാങ്ങാൻ കഴിയുമെന്നുകൂടി വന്നാൽ ഒരു സാധാരണക്കാരന് ഇനി കേരളത്തിൽ ഭൂമി വാങ്ങുകയെന്ന സ്വപ്നം പോലും സാദ്ധ്യമല്ല. അവിടേയ്ക്കാണ് കേരളം പോകുന്നത്. ഈ ഗവൺമെന്റല്ലേ ആ നിയമം കൊണ്ടുവരാൻ ശ്രമിക്കുന്നത്? അങ്ങ് ഇതിനെതിരായി നിലകൊള്ളുന്ന ഒരാളെന്നാണ് പറഞ്ഞുകേൾക്കുന്നത്. വാചകത്തിൽ മാത്രമാണോ പ്രവർത്തിയിലുണ്ടാകുമോ എന്ന് എനിക്കറിഞ്ഞുകൂടാ. ഗവൺമെന്റ് ഇത്തരം കരിനിയമങ്ങളെല്ലാം കൊണ്ടുവരുമ്പോൾ അതിനെതിരായ ഒരു നിലപാട് അങ്ങ് എടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. പാലോട് രവി</u> : സർ, യഥാർത്ഥത്തിൽ കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമം സംരക്ഷിച്ചത് ഇന്ദിരാ ഗാന്ധിയാണ്. കേരള നിയമസഭ പാസാക്കിയ നമ്മുടെ നിയമത്തിനെതിരെ ഭൂ ഉടമകൾ മുഴുവനും കോടതികളിൽ പോയി അവ കേസുകളിൽ കുടുക്കിയപ്പോൾ ഇന്ത്യൻ പാർലമെന്റിൽ നിയമം അവതരിപ്പിച്ച് ഈ നിയമത്തെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് ഇന്ദിരാഗാന്ധിയാണെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : അങ്ങനെയാണെങ്കിൽ ഇന്ദിരാഗാന്ധിക്ക് ഇന്ത്യാ രാജ്യത്ത് മുഴുവനും ഭൂപരിഷ്ക്കരണം നടപ്പിലാക്കാമായിരുന്നില്ലേ? ആരാണ് തടസ്സം നിന്നത്; അവർക്ക് ഈ ഭൂപരിഷ്ക്കരണത്തോട് അത്രയും സ്നേഹമായിരുന്നെങ്കിൽ അവർക്ക് ഇന്ത്യാരാജ്യത്ത് മുഴുവൻ നിയമമാക്കി നടപ്പിക്കൂടേ? ഇത്രയംകാലം കഴിഞ്ഞിട്ടും നിങ്ങൾ അത് ചെയ്തില്ലല്ലോ? ഭൂപരിഷ്ക്കരണത്തിന് അതിന്റെ ഒരറ്റം വരെ പോകാൻ കഴിഞ്ഞില്ലായെന്നത് സത്യമാണ്. 1957-ൽ അധികാരത്തിൽ വന്ന ഞങ്ങൾ 1959-ൽ പുറത്തുപോയി. പിന്നീട് 1967-ലാണ് വരുന്നത്. അതിനുശേഷം 1969-ൽ പോയിട്ട് ഞങ്ങൾ

1980-ലാണ് അധികാരത്തിൽ വരുന്നത്. ഇതിനിടയിലൊക്കെ നേരത്തെ പറഞ്ഞതുപോലെ മിച്ചഭൂമി കൺവെർട്ട് ചെയ്യാനുമൊക്കെയായി ഒരുപാട് നിയമങ്ങൾ ഉണ്ടായി, അതിന് സൗകര്യങ്ങളുമുണ്ടായി. അതുമൂലം ചില പ്രശ്നങ്ങളുമായിട്ടുണ്ട്. ഭൂമി കിട്ടിയവന് കൃഷി ചെയ്യാനുള്ള സൗകര്യവും മറ്റ് സഹായങ്ങളും ഒരു ഗവൺമെന്റ് കൊടുത്തിരുന്നുവെങ്കിൽ കേരളം ഇങ്ങനെ ആകുമായിരുന്നില്ല. ഭൂപരിഷ്ക്കരണത്തിന്റെ നന്മകളിൽ ഒരംശം ബാക്കിയുണ്ടെങ്കിൽ അതുപോലും ഇല്ലാതാക്കാനും അപഹരിക്കാനും വേണ്ടിയുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് നടത്തുന്നു. ഭൂപരിഷ്ക്കരണ നിയമം അട്ടിമറിക്കപ്പെടുകയാണ്. അതുപോലെ, കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മൾ കേരളത്തിൽ കാണുന്ന കാഴ്ചയെന്താണ്? കുറേ ആളുകൾ വന്ന് നെൽപ്പാടങ്ങൾ വാങ്ങിയിടുന്നു, ഉടമസ്ഥനാരെന്ന് ആർക്കും അറിയില്ല. നല്ലതുപോലെ കൃഷി ചെയ്താൽ നെല്ല് ഉണ്ടാകുന്ന പാടങ്ങളുമുണ്ട്. നെല്ല് ഉണ്ടാകാത്ത പാടങ്ങളുമുണ്ട്. പക്ഷേ കേരളത്തിന്റെ പല ഭാഗങ്ങളിലും വ്യാപകമായി പാടങ്ങൾ വാങ്ങിയിട്ടിരിക്കുന്നു. അവിടേയ്ക്ക് അതിന്റെ ഉടമസ്ഥൻ വരുന്നില്ല. അവിടെ കൃഷി ചെയ്യുന്നില്ല.

<u>മി. ചെയർമാൻ</u> : പോക്കുവരവുപോലും നടത്തുന്നില്ല.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : ഒന്നും നടത്തുന്നില്ല. അവിടേയ്ക്ക് ഉടമസ്ഥൻ വരുന്നതുപോലുമില്ല. പക്ഷേ അതെന്തിനാണ് വാങ്ങിയിട്ടതെന്നും എന്ത് ഉദ്ദേശത്തോടെയാണ് അവർ കാത്തിരിക്കുന്നതെന്നും ഈ ഗവൺമെന്റിന്റെ ചില പ്രസ്താവനകളും നിലപാടുകളും വന്നപ്പോൾ കൃത്യമായി മനസ്സിലായി. 2005-ന് ശേഷം കൃഷി ചെയ്യാത്ത ഭൂമിയെല്ലാം നികത്താൻ അനുവാദം കൊടുക്കാമെന്ന ഒരു നിലപാട് ഈ ഗവൺമെന്റ് സ്വീകരി

ച്ചിരിക്കുകയാണ്. ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നവർ അങ്ങനെയൊരു നിലപാട് സ്വീകരിക്കുമെന്ന മുൻ ധാരണയിലല്ലേ ഈ ഭൂമിയെല്ലാം വാങ്ങിയിടുന്നത്. അതുപോലെതന്നെ എസ്റ്റേറ്റുകൾ കൺവെർട്ട് ചെയ്യാനുള്ള നിയമം എവിടേയ്ക്കാണ് പോകുന്നത്? ഒരു എസ്റ്റേറ്റിലെ കൃഷിക്ക് നഷ്ടം വന്നാൽ കുറച്ചുഭാഗത്ത് വേറൊന്ന് ചെയ്യാമെന്നാണ് നിയമം അവതരിപ്പിക്കപ്പെട്ടത്. പക്ഷേ അവസാനമാണ് കള്ളി വെളിച്ചത്തായത്. എസ്റ്റേറ്റിന്റെ 5% ഭൂമി ടൂറിസം ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് പറഞ്ഞാൽ കഥ കഴിഞ്ഞില്ലേ. എന്റെ കൈയിൽ 10,000 ഏക്കർ എസ്റ്റേറ്റ് ഉണ്ടെന്നിരിക്കട്ടെ. 500 ഏക്കർ എനിക്ക് നാളെ കൺവെർട്ട് ചെയ്യാം. ഞാൻ ആ എസ്റ്റേറ്റ് എന്റെ മകന്റെ പേരിൽ കൊടുത്താൽ അയാൾ പുതിയ എസ്റ്റേറ്റ് ഉടമയായി. അയാൾക്ക് അതിന്റെ 5% കൺവർട്ട് ചെയ്യാം. അയാൾ വീണ്ടും എന്റെ പേരിൽ തന്നാൽ ഞാൻ അതിന്റെ എസ്റ്റേറ്റ് ഉടമയായി. എനിക്ക് വീണ്ടും കൺവർട്ട് ചെയ്യാം. ഇങ്ങനെ കർവർട്ട് ചെയ്തുകൊണ്ടിരുന്നാൽ എസ്റ്റേറ്റ് ഇല്ലാതാകാൻ അധികകാലം വേണ്ടിവരില്ല. കേരളത്തിന്റെ പരിസ്ഥിതി ആകെ തകരാറിലാകുന്നതിന് ഇതൊരു കാരണമല്ലേ; അതറിഞ്ഞുകൊണ്ടുതന്നെയല്ലേ ഇതൊക്കെ ചെയ്യുന്നത്? ഇവിടെ അങ്ങയുടെ കൂടെ ഹരിത വർത്തമാനമൊക്കെ പറയുന്ന കുറേ ആളുകളുണ്ട്. അവരാരും ഇതിനെക്കുറിച്ച് മിണ്ടുന്നില്ലല്ലോ? കേരളത്തിലെ കാർഷിക മേഖല തകരുകയാണ്. കേരളത്തിലെ പാരിസ്ഥിതിക മേഖല ആകെ കുഴപ്പത്തിലാകുകയാണ്. അത് രക്ഷപ്പെടുത്താൻ വേണ്ടിയുള്ള ഒരു നീക്കവും ഒരു ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. ജനങ്ങളോട് ഈ ഗവൺമെന്റിന് കൂറില്ല എന്നതിന്റെ ഏറ്റവും വലിയ ലക്ഷണങ്ങളാണിത്. ഇപ്പോൾ നെല്ല് ഇല്ലാത്ത സ്ഥിതിയാണ്. അരി പുറമേ നിന്ന് വരുത്തുകയാണ്. ഇതൊക്കെ നമുക്ക് അറിയാവുന്ന കാര്യങ്ങളാണ്. പക്ഷേ ഞങ്ങൾ എഫ്.സി.

ഐ. ഗോഡൗണിൽ പോയപ്പോൾ കണ്ട കാര്യം പറയാതിരിക്കാനാവില്ല. മൂന്ന് പ്രാവശ്യം അവിടെ പോയി. അവിടെ 1500 ടൺ അരി കത്തിച്ചു, അല്ലെങ്കിൽ 1500 കിലോ അരി കത്തിച്ചു എന്നുള്ളതൊക്കെ രണ്ടാമത്തെ പ്രശ്നം, പക്ഷേ ലക്ഷക്കണക്കിന് ടൺ അരി അവിടെ കിടന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നും നാലും കൊല്ലമായി അടിയിലായി അട്ടിയിട്ട് വച്ചിട്ടുണ്ടെന്ന് അവിടെയുള്ളവർ പറഞ്ഞു. അവ തൊടുന്നേയില്ല. പുതിയ അരി അതിന്റെ മുകളിൽ കൊണ്ടിട്ടുകൊണ്ടിരിക്കുകയാണ്. അടിയിൽ കിടക്കുന്ന അരി കേടുവരാതിരിക്കാൻ അലുമിനിയം സൾഫേറ്റ് പോലെയുള്ള മാരകമായ കീടനാശിനികൾ അവിടെ നിറച്ചുവച്ചിരിക്കുകയാണ്. അടിയിലെ അട്ടിയിൽ നിന്നും എപ്പോഴെങ്കിലുമിതെടുത്ത് റേഷൻ കടവഴി കൊടുക്കുന്നുണ്ടെങ്കിൽ ഈ മാരകമായ കീടനാശിനി കലർന്ന അരിയല്ലേ കൊടുക്കുന്നത്; എത്ര വലിയ കുറ്റമാണ് ചെയ്യുന്നത്? ഇക്കാര്യത്തിൽ സുപ്രീംകോടതി പോലും ഇടപെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയെ വിളിച്ചുവരുത്തി കേന്ദ്ര ക്യാബിനറ്റിൽ മനുഷ്യത്വമുള്ള ആരെങ്കിലുമില്ലേയെന്ന് ചോദിച്ചില്ലേ? അത് സൗജന്യമായി കൊടുക്കാൻ സുപ്രീംകോടതി ആവശ്യപ്പെട്ടില്ലേ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഗോഡൗൺ ഞാനും ശ്രീ. ബാബു എം. പാലിശ്ശേരിയും പ്രൊഫ. സി. രവീന്ദ്രനാഥുമൊക്കെ കൂടിയാണ് സന്ദർശിച്ചത്. അവിടെയിപ്പോൾ 87% സ്റ്റോക്കുണ്ട്. ആർക്കാണ് ഈ അരി കൊടുക്കുന്നത്? സി.എം.ആർ. എന്ന് പറഞ്ഞുകൊണ്ട് അരിവിതരണ പരിപാടിയുണ്ടെന്ന് അവിടെപോയപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടുള്ള അരിയേക്കാൾ കൂടുതൽ സി. എം.ആർ. അരി അവിടെ നിന്നും വിതരണം ചെയ്തുവെന്നാണ് അറിയാൻ കഴിഞ്ഞത്. നമ്മുടെ കൃഷിക്കാരിൽ നിന്നും നെല്ലെടുത്ത് റൈസ്മില്ലിൽ

കൊടുത്ത് അരിയാക്കി കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു പുതിയ പദ്ധതിയാണ് സി.എം.ആർ. ഈ അരി യഥാർത്ഥത്തിൽ ഗോഡൗണിൽ വന്നിട്ടല്ല റേഷൻ ഷാപ്പുകാർക്ക് കൊടുക്കുന്നത്. ഇത് റേഷൻ ഷാപ്പുകാർക്ക് കൊടുത്തിട്ടുണ്ടോ? ഇത് ആരാണ് പരിശോധിക്കുന്നത്? വലിയ രീതിയിലുള്ള കൃത്രിമം കാണിക്കാൻ അവസരമുള്ള ഒന്നാണ് സി.എം.ആർ. ഇത് ഗോഡൗണിലേയ്ക്ക് വരുന്നതേയില്ല. വലിയൊരു കൃത്രിമം ഈ അരി വിതരണത്തിന്റെ കാര്യത്തിൽ നടക്കുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അന്നത്തെ യാത്രയിൽ മനസ്സിലായിട്ടുണ്ടോ?

ശ്രീ. ബാബു എം പാലിശ്ശേരി : നമുക്ക് ഒരുമിച്ച് ബോധ്യപ്പെട്ടതല്ലേ? അവിടെത്തെ ഉദ്യോഗസ്ഥന്മാരോട് ചോദിച്ചപ്പോൾ അവർ പറഞ്ഞ കണക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കൈവശമുണ്ട്. ഓരോ മാസവും ഇഷ്യു ചെയ്യുന്നത്, അവിടേയ്ക്ക് വരുന്നത്, വരാതെ പുറത്തേയ്ക്ക് കൊടുക്കുന്നതിനെല്ലാം കൃത്യമായ കണക്കുണ്ട്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട ബാബു എം പാലിശ്ശേരി, കാർഷിക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിലേയ്ക്ക് വരിക.

ശ്രീ. ബാബു എം പാലിശ്ശേരി : സർ, കർഷക കടാശ്വാസ ബില്ലിലേയ്ക്ക് ഇങ്ങനെയല്ലേ വരിക. അരിയല്ലേ; അരി അതുമായി ബന്ധപ്പെട്ടതല്ലേ? ഞാൻ ചോദിക്കട്ടെ, നെൽവയൽ ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിൽ യു.ഡി.എഫ്. പരാജയപ്പെടുന്നുവെന്ന് മാതൃഭൂമി പത്രത്തിൽ അങ്ങ് തന്നെ ഒരു പ്രസ്താവന ഇറക്കിയിരുന്നു. ഇതൊരു വാസ്തവമല്ലേ? ഡാറ്റാ ബാങ്ക് ഉണ്ടാക്കിയിട്ട് രണ്ട് കൊല്ലമാകാറായില്ലേ? ഇനി എൽ.ഡി.എഫ്.-ന്റെ കാലത്ത് എന്തെങ്കിലും പൂർത്തീകരിക്കാൻ ബാക്കിയുണ്ടെങ്കിൽ അത് പൂർത്തീകരിക്കാൻ രണ്ട്

കൊല്ലം കിട്ടിയില്ലേ? അങ്ങ് ഇങ്ങനെ പ്രസ്താവനകളിൽ മാത്രം ഒതുങ്ങി നിൽക്കുമോയെന്ന് എനിക്കറിഞ്ഞുകൂടാ. നമ്മുടെ രാജ്യത്ത്.............

ശ്രീ. എ.എം. ആരിഫ് : *****[2] പ്രതീക്ഷിച്ചായിരിക്കുമിരിക്കുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി : അതെനിക്ക് അറിഞ്ഞുകൂടാ. അടുത്ത ***** കാത്തിട്ടാണ് ഇരിക്കുന്നതെന്നത് ശ്രീ. എ.എം. ആരിഫിന്റെ അഭിപ്രായ മാണ്. ഞാൻ പറഞ്ഞതല്ല. എന്തായാലും ഇവിടെ ആർക്കാണ് രക്ഷയുള്ളത്?

ശ്രീ. ബെന്നി ബെഹനാൻ : സർ, ആരിഫ് പറഞ്ഞാലും ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞാലും ആ പ്രസതാവന മോശമാണ്. ചെയറിൽ ഇരി ക്കുന്ന ഒരാളെക്കുറിച്ച് അത്തരം പരാമർശങ്ങൾ പാടില്ല. അത് നമ്മുടെ സഭ യുടെ അന്തസ്സിന്റെ പ്രശ്നമാണ്. അത് പിൻവലിക്കണം.

ശ്രീ. ബാബു എം പാലിശ്ശേരി : അതിൽ തർക്കമൊന്നും വേണ്ട. അത് അനിവാര്യമായ പ്രസ്താവനയൊന്നുമല്ല, ഞാനത് പിൻവലിക്കുന്നു. ഇവിടെ കൃഷിക്കാരന് രക്ഷയില്ല. കൃഷി ചെയ്താൽ ഒട്ടും വൈകാതെ ആത്മഹത്യ ചെയ്യേണ്ടിവരുമെന്നുള്ള കാര്യം ഉറപ്പാണ്. പക്ഷേ കൃഷിക്കാരനല്ലെങ്കിൽ നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ്? ഇന്ത്യാ രാജ്യത്ത് എന്താണ് സ്ഥിതി? 65 കൊല്ലമായി സ്വാതന്ത്ര്യം കിട്ടിയിട്ട്. 56 കൊല്ലമായി കേരളമുണ്ടായിട്ട്. എവിടെ യാണ് നാം നിൽക്കുന്നത്? സ്വാതന്ത്ര്യം കിട്ടുമ്പോൾ നമ്മൾ ഒരു ദരിദ്രരാജ്യ മായിരുന്നോ? ധനിക രാജ്യം, സമ്പത്തുള്ള രാജ്യം, എണ്ണിയാൽ ഒടുങ്ങാത്തത്ര ധാതുദ്രവ്യങ്ങൾ മണ്ണനടിയിൽ കിടക്കുന്ന രാജ്യം, മഹാരാജ്യം - ആ രാജ്യത്തെ ഞങ്ങൾ ഉപേക്ഷിച്ചുപോകുന്നുവെന്നല്ലേ ബ്രിട്ടീഷുകാർ പറ ഞ്ഞത്? 65 കൊല്ലം കഴിഞ്ഞപ്പോൾ എന്താണ് സ്ഥിതി? സ്വാതന്ത്ര്യം കിട്ടു മ്പോൾ ഇന്ത്യയിലെ ഏറ്റവും വലിയ പണക്കാരൻ 51 കോടി ആസ്തിയുള്ള

---

[2] വാക്ക് പിൻവലിച്ചു.

ടാറ്റയും 49 കോടി ആസ്തിയുള്ള ബിർളയുമായിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ലോകത്തിലെ ഏറ്റവും വലിയ പണക്കാരൊക്കെ ഇന്ത്യയിലാണ്. നമ്മുടെ രാജ്യത്തിൻെ സമ്പത്ത് എവിടെയാണ് പോയത്? 121 കോടി മനുഷ്യരുള്ള ഇന്ത്യാ രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിയാണ് പാർലമെന്റിൽ പറഞ്ഞത് എന്റെ രാജ്യത്ത് 121 കോടി ജനങ്ങളിൽ 78%, എന്നുവച്ചാൽ 94 കോടി മനുഷ്യർ 20 രൂപയോ അതിന് താഴെയോ വരുമാനമുള്ളവരാണ്. നമ്മളാരും പറഞ്ഞതല്ല. ഈ രാജ്യത്ത് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി കൊണ്ടുവന്ന റിപ്പോർട്ടാണ്. അപ്പോൾ ജനങ്ങളാകെ പാപ്പരായി. 65 കോടി മനുഷ്യർ ദരിദ്രർ, 19 കോടി മനുഷ്യർ പരമദരിദ്രർ. ഒരു ഭാഗത്ത് ഈ തരത്തിലുള്ള കഷ്ടപ്പാടും ദാരിദ്ര്യവും വന്നപ്പോൾ അപ്പുറത്ത് എന്താണ് ഉണ്ടായത്? ഇന്റർനെറ്റിലും ഫെയ്സ് ബുക്കിലുമൊക്കെ വരുന്ന ഒരു കണക്കുണ്ട്. 10 കോടീശ്വരന്മാരെ സംബന്ധിച്ച സ്വിസ് ബാങ്കിലെ കണക്കാണ്. അവർ സ്വിറ്റ്സർലൻഡിൽ നിക്ഷേപിച്ചിട്ടുള്ള പണത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഒരു കടലാസ് അയച്ചു.

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി, അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് 20 മിനിട്ടായി. ഇതു കഴിഞ്ഞതിനുശേഷം ഒന്നര മണിക്കൂർ ചർച്ചയുണ്ട്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അവിടെ രണ്ടു ലക്ഷം കോടി വരെ രൂപ ഡെപ്പോസിറ്റുള്ള ആളുകളുടെ ലിസ്റ്റ് ഇന്റർനെറ്റിൽ പ്രചരിക്കുന്നുണ്ട്. ആ ലിസ്റ്റിലുള്ള പത്തിൽ ഒമ്പതുപേരും രാഷ്ട്രീയക്കാരാണ്. ബിസിനസ് ഇൻസൈഡർ എന്നു പറയുന്ന അമേരിക്കയിലെ മാസിക പ്രസിദ്ധീകരിച്ച ഒരു വാർത്തയിൽ ലോകത്തിലെ ഏറ്റവും

വലിയ പണക്കാരിൽ നാലാമത്തെ ആൾ ഇൻഡ്യയിലുള്ള രാഷ്ട്രീയക്കാരിയാണ്. ഇതുവരെ ആരെങ്കിലും നിഷേധിച്ചിട്ടുണ്ടോ? ഈ രാജ്യത്ത് സമ്പത്തില്ലാത്തതുകൊണ്ടല്ല. ഈ സമ്പത്ത് മുഴുവൻ വ്യക്തികളിലേയ്ക്ക് പോകുകയാണ്. ജനങ്ങൾ പാപ്പരാവുകയും വ്യക്തികൾ രാജ്യത്തെ ഏറ്റവും വലിയ പണക്കാരാവുകയും ചെയ്തു. സ്വാതന്ത്ര്യത്തിനുഷേം 65 കൊല്ലത്തിനുള്ളിൽ ഏതാണ്ട് 52 കൊല്ലവും ഈ രാജ്യം ഭരിച്ചത് കോൺഗ്രസ്സാണ്. ആറേഴു കൊല്ലം ബി.ജെ.പി.യും ഭരിച്ചിട്ടുണ്ട്. ഈ രണ്ടു കൂട്ടരുമാണ് ബഹുഭൂരിപക്ഷക്കാലവും ഈ രാജ്യം ഭരിച്ചത്. എന്നിട്ട് നമ്മുടെ രാജ്യം എത്തിപ്പെട്ട ഒരവസ്ഥയാണിത്. രാജ്യത്ത് ഒരു സുരക്ഷയുമില്ല. ഇന്നലെ ഒരു സിനിമ കാണിക്കാൻ കൊണ്ടുപോയല്ലോ. അത്  മനസ്സിനെ വല്ലാതെ സ്പർശിക്കുന്ന സിനിമയാണ്, കാലികപ്രസക്തിയുള്ള കഥയാണ്. അതല്ലേ ഇന്ന് ഡൽഹിയിൽ കേൾക്കുന്നത്. ഇൻഡ്യാ രാജ്യത്തിന്റെ തലസ്ഥാനം, ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രം അവിടെയല്ലേ പട്ടാപകൽ നടുറോഡിൽ തിരക്കേറിയ സ്ഥലത്ത് ബസ്സിനകത്ത്..... അവിടെപോലും ഒരു പെൺകുട്ടിക്ക് സുരക്ഷിതത്വമില്ലെങ്കിൽ എന്താണ് ഈ രാജ്യത്തിന്റെ അവസ്ഥ. കൃഷിക്കാരൻ കൃഷി ചെയ്താൽ ആത്മഹത്യ ചെയ്യും, അല്ലാത്തവൻ ഒന്നും ചെയ്തില്ലെങ്കിലും ആത്മഹത്യ ചെയ്യേണ്ടിവരും എന്ന സ്ഥിതിയല്ലേ നമ്മുടെ രാജ്യത്തുള്ളത്. അത്ര മാരകമായ ഒരു സാഹചര്യമല്ലേ ഇവിടെയുള്ളത്.

ശ്രീ. എ. എം. ആരിഫ് : സർ, അങ്ങ് രാഷ്ട്രീയക്കാരിൽ സമ്പന്നരായിട്ടുള്ള ആളുകളെ സംബന്ധിച്ച് അമേരിക്കൻ മാഗസിൻ പുറത്തുവിട്ട ചില കാര്യങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിച്ചുകൊണ്ടിരിക്കുകയാണ്. ആറു മാസം കൊണ്ട് 600 കോടി രൂപയുടെ വരുമാനമാണ് റോബർട്ട് വധേര ഉണ്ടാ

ക്കിയത് എന്നത് സംബന്ധിച്ച് തെളിവ് സഹിതമുള്ള വിവരങ്ങൾ ശ്രീ. കെജരിവാൾ അടക്കമുള്ള ആളുകൾ പുറത്തുവിടുകയുണ്ടായി. ഈ വാർത്ത വന്നതാണോ "അപ്പങ്ങൾ എമ്പാടും ചുട്ടമ്മായി, അമ്മായി ചുട്ടത് മരുമോനി ക്കായ്" എന്ന പാട്ടെഴുതാൻ റഫീക്ക് അഹമ്മദിനെ പ്രേരിപ്പിച്ചത്?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, എന്റെ അയൽക്കാരനാണ് ശ്രീ. റഫീക്ക് അഹമ്മദ്. തീർച്ചയായും ഇതൊരു ഇൻസ്പിരേഷനായിട്ടുണ്ടോ എന്നുള്ള കാര്യം ഞാൻ അദ്ദേഹത്തോടു ചോദിക്കാം. ഒരു കാര്യം കൂടി പറ ഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്നലെ ഇവിടെ ഒരു ചോദ്യ ത്തിനിടയ്ക്ക് ഞാൻ പറഞ്ഞ കാര്യമാണ്. ആശുപത്രികളിലെ ഡോക്ടർമാർ, അവിടെ ചെല്ലുമ്പോൾ പ്രതീക്ഷയോടുകൂടി നമ്മൾ നമ്മുടെ ശരീരം അവരെ ഏൽപ്പിക്കുകയാണ്. കേരള കൗമുദിയിൽ വന്ന വാർത്തയാണ്, സർക്കാർ ഡോക്ടർമാർക്കായി പി.എസ്.സി. ടെസ്റ്റ് നടത്തി, 2475 പേർ ടെസ്റ്റിൽ പങ്കെടു ത്തു, 2475 പേരുടേയും ലിസ്റ്റ് പ്രസിദ്ധീകരിച്ചു, അതിനകത്ത് മാർക്ക് കൂടുത ലുള്ളവരെ നിയമിച്ചു, ഇനി 400 പേരുണ്ട്. അവരുടെ മാർക്ക് ലിസ്റ്റ് വന്നി ട്ടുണ്ട്- നൂറിൽ ഒരു മാർക്ക്, പൂജ്യം മാർക്ക്, -2 മാർക്ക്, -3 മാർക്ക്, രണ്ട് മാർക്ക് എന്നിങ്ങനെയാണ്. ഇങ്ങനെയുള്ള ആളുകളെ ആശുപത്രികളിൽ നിയമിച്ചാൽ എന്തായിരിക്കും സ്ഥിതി? ഭാവിയിൽ അവിടെ ചെല്ലുന്ന ആളു കൾക്ക് മാർക്ക്ലിസ്റ്റ് ചോദിക്കേണ്ട സ്ഥിതിയല്ലേ വരുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരശ്രദ്ധയുണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു : സർ, കേരളത്തിലെ ഏറ്റവും വലിയ കൃഷി നാളികേരമാണ്. സംസ്ഥാനത്ത് ഇപ്പോൾ ഒരു നാളികേരത്തിന് വില വെറും

നാലു രൂപയാണ്. ഒന്നുരണ്ടു മാസം കഴിയുമ്പോൾ വരൾച്ചകൂടി വരുന്ന അവസരത്തിൽ കേരളത്തിലങ്ങോളമിങ്ങോളമുള്ള കേരകർഷകർ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധി കൂടുതൽ രൂക്ഷമാകും. അതുപോലെ ഇവിടെത്തന്നെ പലപ്പോഴും സംസാരിച്ചതുപോലെ പാലക്കാടും മറ്റു പല പ്രദേശത്തുമുള്ള നെൽക്കൃഷിക്കാർക്ക് കഴിഞ്ഞ വർഷത്തെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ ഗവൺമെന്റിന് നിന്നും ലഭിക്കാനുണ്ട്. നെൽക്കൃഷി ചെയ്യാൻ കൃഷിക്കാരൻ സന്നദ്ധനാകാത്ത വർഷമാണ് കടന്നുപോയത്. കാരണം അവർക്ക് സർക്കാർ കൊടുക്കേണ്ട തുക കൊടുത്തിട്ടില്ല. കേരളത്തിൽ നെൽക്കൃഷി ചെയ്യാൻ സാധിക്കുന്ന പാലക്കാട് തൃശ്ശൂർ, ഇടുക്കി, വയനാട്, എന്നീ ജില്ലകളിലെ പല പ്രദേശത്തും കുട്ടനാടും നെൽക്കൃഷി ചെയ്യുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞതുപോലെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുശേഷം കൃഷിക്കായിരുന്നു നമ്മൾ പ്രാധാന്യം നൽകിയത്. അതിന്റെ ഭാഗമായി കൃഷിക്ക് സഹായകരമാകുവിധം ജലം ലഭ്യമാക്കുന്നതിനായി കനാലുകൾ ഇൻഡ്യയിലുടനീളം നിർമ്മിച്ചിരുന്നു. ഒന്നും രണ്ടും പഞ്ചവൽസര പദ്ധതികൾക്കുശേഷം അങ്ങനെയുള്ള കനാലുകൾ മുമ്പോട്ടുകൊണ്ടുപോകാൻ പിന്നീട് മാറിമാറി വന്ന ഗവൺമെന്റുകൾക്ക് സാധിച്ചില്ല. അതിന്റെ ഫലമായി നെൽക്കൃഷിയും മറ്റു കൃഷികളും വ്യാപകമാക്കാൻ നമുക്ക് സാധിച്ചില്ല. കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ വൈസ് ചെയർമാൻ അഭിപ്രായ പ്രകടനത്തിലടക്കം കാർഷിക മേഖലയിൽ നിന്ന് കേരളത്തെ മാറ്റിനിറുത്താനുള്ള ശ്രമമാണ് നടക്കുന്നത്. കഴിഞ്ഞ പത്തുകൊല്ലത്തിനിടയ്ക്ക് നെൽവയലുകൾ നികത്തിയതിന്റെ ഫലമായി പണ്ടുണ്ടായിരുന്നതിന്റെ പത്ത് ശതമാനം പോലും നെൽക്കൃഷി ഇപ്പോൾ കേരളത്തിൽ

നടക്കുന്നില്ല. നെൽവയലുകൾ നികത്തി പലരും വലിയ പണക്കാരായി മാറി. നെൽവയലുകൾ നികത്തിയെങ്കിലും തൊഴിലില്ലായ്മയ്ക്ക് സഹായകരമായ രൂപത്തിൽ പുതിയ വ്യവസായ ശാലകൾ ആരംഭിക്കാൻ കഴിഞ്ഞോ? കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ വൈസ് ചെയർമാൻ രാജ്യത്തെയും സംസ്ഥാനത്തെയും കൃഷിക്കാർക്ക് വിരുദ്ധമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. പഞ്ചാബിൽ ഗോതമ്പിനും നെല്ലിനും നല്ല വിലയുള്ളപ്പോൾ അവിടെത്തെ സാധാരണ കൃഷിക്കാർ വൻനഗരങ്ങളിലെ ചേരികളിലേയ്ക്ക് പോകുന്നു. ഇൻഡ്യയിലുട നീളം കൃഷിക്കാരുടെ താല്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന തായാണ് നമ്മൾ കാണുന്നത്. ഇന്നത്തെ പത്രത്തിൽ എൽ.ഐ.സി.യിൽ 49 ശതമാനം സ്വകാര്യ പങ്കാളിത്തമുണ്ടാകുമെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവ നയുണ്ട്. എൽ.ഐ.സി.യിൽ നിന്ന് മിച്ചം വന്ന പണത്തിന്റെ ഭൂരിഭാഗം ഉപ യോഗിച്ചാണ് കഴിഞ്ഞ കുറെക്കാലം ജലസേചന സൗകര്യങ്ങളും അതുപോ ലുള്ള പല സഹായങ്ങളും ഇൻഡ്യയിലുടനീളം സംസ്ഥാനങ്ങൾക്ക് നൽകാൻ സഹായകരമായത്. ഇപ്പോൾ ദേശസാൽകൃത ബാങ്കുകളുടെ ഷെയറുകൾ വിദേശികൾക്ക് വിറ്റഴിക്കാൻ പോകുന്നു. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഇവിടെ ആളുകൾക്ക് ഒരു ധാരണയുണ്ടാകാം, ലോകത്തെ കോടീ ശ്വരൻമാരുടെ പട്ടികയിൽ വരുന്ന ടാറ്റയും അംബാനിയുടെ മക്കളും ജിൻഡാലുമൊക്കെ അവരുടെ പണം ഇൻഡ്യാ രാജ്യത്താണ് മുടക്കുന്നത് എന്ന്. പക്ഷേ ആ ധാരണ ആർക്കും വേണ്ട. അംബാനിയുടെ മക്കളും ജിൻഡാലുമൊക്കെയുൾപ്പെടുന്ന ഈ രാജ്യത്തെ കോടീശ്വരൻമാർ ഇവി ടത്തെ ദേശസാൽകൃത ബാങ്കുകളിൽ നിന്നടക്കം പണം സ്വരൂപിച്ച് മറ്റു രാജ്യ ങ്ങളിൽ മുടക്കി ലാഭമുണ്ടാക്കുകയാണ്. ടാറ്റ, ബിർള അതുപോലെയുള്ള

കോടീശ്വരൻമാരെ ഒരു പരിധിക്കപ്പുറം മുന്നോട്ടുപോകാൻ അനുവദിക്കാത്ത ഒരു സ്ഥിതിവിശേഷം, കുത്തകകളെ നിയന്ത്രിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലത്ത് വൻനഗരങ്ങളിലും അതുപോലെ ചെറു നഗരങ്ങളിലും വ്യവസായശാലകൾ ആരംഭിക്കാൻ നാട്ടിലെ മറ്റു മേഖലകളിലുള്ളവർക്ക് സാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതിനെയെല്ലാം തകർത്തുകൊണ്ട് ഇൻഡ്യയിൽ വൻകിട കുത്തകകളെ വളർത്തുന്നു. അവരുടെ താല്പര്യങ്ങൾക്കനുസരിച്ച് മാത്രമേ രാജ്യത്ത് കൃഷി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ എന്ന് വന്നിരിക്കുന്നു. ഇത് അനുവദിക്കാൻ കഴിയില്ല. അമേരിക്കയിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ഗോതമ്പും പഞ്ചസാരയും ഇറക്കുമതി ചെയ്യാൻ കഴിയുന്ന രൂപത്തിൽ, വൻകിട കച്ചവടക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ മാത്രമായി ഭരണം നടത്തുന്ന കേന്ദ്ര ഗവൺമെന്റ്, കേരളത്തെ മാത്രമല്ല രാജ്യത്തെ ആകമാനം ദുരിതത്തിലേയ്ക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഈ വസ്തുത ഇന്നല്ലെങ്കിൽ നാളെ, ഇവിടെ ഏത് രാഷ്ട്രീയകക്ഷി ഭൂരിപക്ഷമുള്ളതെന്നോ, ഭൂരിപക്ഷം ഇല്ലാത്തതെന്നോ നോക്കാതെ; ഒരു പരിധിവരെ ഇന്ത്യ രാജ്യത്തെ പത്രങ്ങളുടെയും ചാനലുകളുടെയുമെല്ലാം ഉടമസ്ഥന്മാർ സ്വാധീനം ചെലുത്തുന്നു. വീടുകളിലിരുന്നുകൊണ്ട് നമ്മുടെ സഹോദരിമാർ ചെയ്യുന്നതാണ് നല്ലതെന്ന് ധരിക്കുന്നവരുണ്ടാകും. പക്ഷേ, അനുഭവം അവരുടെ മുമ്പാകെ വരുന്നു. നമ്മുടെ നാട്ടിലെ കുട്ടികൾക്ക്, കോളേജിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ടി പണം കടം കൊടുത്തതിനുശേഷം ആ പണം തിരിച്ചടയ്ക്കാൻ സാധിക്കാതെ വന്നാൽ അവരുടെ പേരിൽ ജപ്തി നടപടികൾ നടക്കുന്നതിനെതിരെ കേരളത്തിൽ അങ്ങോളമിങ്ങോളം പ്രക്ഷോഭം നടക്കുകയാണ്. ഇവിടുത്തെ ബാങ്കിലെ പണം ഉപയോഗിക്കുന്നത് ഇവിടെയുള്ള കൃഷിക്കാർക്കല്ല, ഇവി

ടുത്തെ പാവപ്പെട്ട ചെറുകിട വ്യവസായ മേഖലയിലുള്ള ആളുകൾക്കല്ല; സമ്പന്നർക്കാണ്, കോടീശ്വരന്മാർക്കാണ്; വിദേശരാജ്യങ്ങളിൽ ഇഷ്ടംപോലെ പണം ചെലവഴിക്കാൻ അവസരം ലഭിക്കുന്ന ഇന്ത്യാ രാജ്യത്തുള്ള കുത്തക കൾക്കാണ്. ബ്രിട്ടനിലെ ഏറ്റവും വലിയ കോടീശ്വരൻ ബ്രിട്ടീഷുകാരനല്ല, ഇന്ത്യയിലെ ബ്രിട്ടാൾ, ജിൻഡാൽ പോലുള്ളവരാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഒറീസ്സയിലുള്ള യുറേനിയം, കൽക്കരി, ഇരുമ്പ് തുടങ്ങിയവ യെല്ലാം കൊള്ളയടിക്കുന്നതിന്റെ ഫലമായാണ് ഇന്ന് ഇന്ത്യാ ഗവൺമെന്റിന്റെയോ സംസ്ഥാനഗവൺമെന്റിന്റെയോ വാക്കുകൾക്കും പാവ പ്പെട്ട ആദിവാസികൾ എതിരായി നിൽക്കുന്നത്. അവർ ഓരോ പ്രസ്ഥാന ത്തിന്റെ ഭാഗമായിരിക്കുന്നത് ആ ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംര ക്ഷിക്കാൻ സർക്കാർ സന്നദ്ധമാകാത്തതിന്റെ ഫലമായിട്ടാണ്. വയനാട്ടിൽ നക്സലറ്റുകളുടെ ഗ്രൂപ്പ് വന്നിരിക്കുന്നത് പരിശോധിക്കാൻ വലിയ വലിയ ഉദ്യോഗസ്ഥന്മാരുണ്ട്. പക്ഷേ, അതിനുവേണ്ടി ചെലവഴിക്കുന്ന പണത്തിന്റെ 10 ശതമാനം വയനാട്ടിലെ ജനങ്ങൾക്കുവേണ്ടി ചെലവഴിച്ചിരുന്നെങ്കിൽ അച്ഛ നില്ലാത്ത മക്കളുമായി നിൽക്കുന്നവരുടെ ഫോട്ടോയെടുത്ത് പത്രങ്ങളിൽ കൊടുക്കാനും അവരെമാത്രം നമ്മൾ ശ്രദ്ധിക്കുമെന്നു പറയുന്ന തീരുമാനങ്ങ ളെടുക്കാനും ഇടയാക്കുന്ന രൂപത്തിൽ പാവപ്പെട്ട ആദിവാസികളെ ഈ രൂപ ത്തിൽ നിർത്തിയിട്ട് നമ്മൾ ഒരു സ്വതന്ത്ര രാഷ്ട്രത്തിലെ പൗരന്മാരാണെന്നു പറയുന്നതിന് അപമാനമുണ്ടാക്കുന്നതിൽ നിന്ന് മാറ്റമുണ്ടാക്കാൻ സാധിക്കു മായിരുന്നു. നമ്മൾ ഈ രാജ്യത്തെ കൃഷിക്കാരനെ ശ്രദ്ധിക്കില്ല; ഈ രാജ്യ ത്തെ പാവപ്പെട്ടവനെ ശ്രദ്ധിക്കില്ല. മൊറാർജി ദേശായി പ്രധാനമന്ത്രിയായി രുന്നപ്പോൾ അദ്ദേഹത്തിന്റെ ഗവൺമെന്റിനെതിരായി അവിശ്വാസ പ്രമേയം

വന്നു. പാർലമെന്റിന്റെ ചുമതലയുള്ള മന്ത്രി അദ്ദേഹത്തോട് പറഞ്ഞു ചില കക്ഷിയുടെ ആളുകൾ പിന്തുണ നൽകാമെന്നു പറയുന്നുവെന്ന്. മൊറാർജി ചോദിച്ചു. എന്താണ് അവരുടെ നിർദ്ദേശമെന്ന്. അതിൽ ഒരു കൂട്ടർ പറഞ്ഞു, പഞ്ചാബിലെ വിമാനത്താവളത്തിന് ഒരു നേതാവിന്റെ പേര് നൽകണമെന്ന്. തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അതംഗീകരിച്ചാൽ പിന്തുണ നൽകാമെന്ന് വെറൊരു കൂട്ടർപറഞ്ഞു. മൊറാർജി ദേശായി പറഞ്ഞു, അവർ രണ്ടുപേരും പറയുന്നത് ശരിയാണ്; പക്ഷേ, അത്തരത്തിലുള്ള ഒരു വാഗ്ദാനം നൽകികൊണ്ട് പ്രധാനമന്ത്രിപദം നിലനിർത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആ രൂപത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും മൊറാർജി ദേശായിയുമൊക്കെ ഭരിച്ച രാജ്യമാണ് ഇന്ത്യ. ഇന്ന് പാർലമെന്റിൽ വോട്ടിംഗ് നടക്കുന്നു. യു.പി.എ.-ക്ക് നൽകിയ പിന്തുണ ഇടതുപക്ഷ കക്ഷികൾ പിൻവലിച്ചിരിക്കുന്നു. എം.പി. മാരെത്ര, സ്വതന്ത്രന്മാരെത്ര, ഭൂരിപക്ഷം നഷ്ടപ്പെട്ടത് എങ്ങനെ എന്നൊക്കെ രാജ്യത്തിനറിയാം. ഇന്ത്യയിലെ മുതലാളിമാരുടെ കോടികൾ ചെലവഴിച്ചാണ് ആ സർക്കാരിനെ പാർലമെന്റിൽ അധികാരത്തിൽ കൊണ്ടുവന്നത്. അന്ന് വിദേശത്തുള്ള ഇന്ത്യയോട് താല്പര്യമുള്ളവർ, അവരുടെ താല്പര്യ സംരക്ഷണത്തിന് ഇവിടെ കോടികൾ ഇറക്കിയപ്പോൾ അതിനെതിരെ ഒരു വാക്ക് പറയാൻ ചെറിയ ചെറിയ കാര്യങ്ങൾക്കുവേണ്ടി ബഹളമുണ്ടാക്കുന്ന നമ്മുടെ നാട്ടിലെ ആർക്ക് സാധിച്ചു? അടുത്ത ദിവസം വോട്ടിംഗ് നടന്നു. പാവപ്പെട്ട രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾ കഴിഞ്ഞ പത്തിരുപത് കൊല്ലമായി ഇന്ത്യാ രാജ്യത്ത് നിലനിർത്തിയ രാഷ്ട്രീയത്തിൽ കുടുംബവാഴ്ച, കുടുംബത്തിന് പണമുണ്ടാക്കൽ ഇതിന്റെയൊക്കെ കാലഘട്ടം വന്നു. 1969-നുമുമ്പ് പണ്ഡിറ്റ് ജവഹർലാൽ

നെഹ്റുവിന്റെ ഏറ്റവും അടുത്ത സുഹൃത്തും പഞ്ചാബിലെ മുഖ്യമന്ത്രിയുമായിരുന്ന പ്രതാപ് സിംഗ് കെയ്റോണിനെതിരെ ചെറിയൊരു ആക്ഷേപം വന്നപ്പോൾ നെഹ്റു അദ്ദേഹത്തെക്കൊണ്ട് രാജിവയ്പിച്ചു. നെഹ്റുവിന്റെ മന്ത്രിസഭയിലെ അംഗമായിരുന്ന റ്റി.റ്റി കൃഷ്ണനാചാരിക്കെതിരെ ആരോപണം വന്നപ്പോൾ നെഹ്റു അദ്ദേഹത്തോട് രാജി വയ്ക്കാൻ പറഞ്ഞു. പിന്നീട് നമ്മൾ കണ്ടെതെന്താണ്? നമ്മളെല്ലാവരും മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. നമ്മളെല്ലാവരും സാധാരണക്കാരാണ്. ഈ നിയമസഭയിൽ 5 ശതമാനംപോലും സാമ്പത്തികമായി കഴിവുള്ള വർഗ്ഗത്തിന്റെ പ്രതിനിധികളില്ല. നമ്മൾ പരസ്പരം ഏറ്റുമുട്ടേണ്ടവരല്ല. വലിയ ഒരു ഭീഷണിയെ രാജ്യം നേരിടുന്നു. ഞാൻ ഒരു ഉദാഹരണം പറയാൻ ആഗ്രഹിക്കുകയാണ്. അതു കൊണ്ട് എന്റെ വിശ്വാസ്യതയെ തെറ്റിദ്ധരിക്കരുത്. ഞാൻ 100% ജനാധിപത്യ വിശ്വാസിയും 100% സംഘടനാ കോൺഗ്രസ് ജനതാദളിന്റെ ഭാഗവുമാണ്. കുറച്ചു ദിവസങ്ങൾക്കു മുമ്പ് ചൈനയിൽ ഒരു സമ്മേളനം നടന്നു. ചൈനയുടെ സമ്പൂർണ്ണ സമ്മേളനത്തിൽ ചൈനയുടെ സെക്രട്ടറി പറഞ്ഞത്, ചൈന വമ്പിച്ച ഭീഷണിയിലാണ് എന്നാണ്. ആ ഭീഷണി എന്താണ്? അവിടെ അഴിമതി നടക്കുന്നു. ചൈനയിൽ അഴിമതി നടക്കുന്നു. ഈ അഴിമതിയിൽനിന്ന് രക്ഷപ്പെടാതെ ചൈനയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. എനിക്ക് അത്ഭുതം തോന്നി. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾക്ക് എന്തു പറയുന്നതിനും അതിരുണ്ടായിരുന്നു. അവിടെ എന്തു നടക്കുന്നു എന്ന് നമ്മൾ അറിഞ്ഞിരുന്നില്ല. ചൈനയിൽ നടക്കുന്നത് സംബന്ധിച്ച് അവർ പറഞ്ഞു. ഒരാഴ്ച കഴിഞ്ഞ് ഇന്ത്യ ഭരിക്കുന്ന ഒരു കക്ഷിയുടെ വർക്കിംഗ് കമ്മിറ്റിയിൽ വച്ച് ഒരു സുഹൃത്ത് ഒരു ആരോപണം ഉന്നയിച്ചു. പലതും നടക്കുന്ന കാലമാണ്.

അത്തരം ആരോപണങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം തരുമോയെന്ന് ചോദിക്കാൻ ആരെങ്കിലും ഉണ്ടായോ? നിങ്ങൾ ഇന്ത്യ മുഴുവൻ ഭരിക്കുന്നുണ്ടാവാം; എം.പി. മാർ മുഴുവൻ നിങ്ങളുടെ കൈവശം ഉണ്ടായിരിക്കാം. പക്ഷേ, ഒരു ജനാധിപത്യ പ്രസ്ഥാനത്തിന്റെ ആളുകളല്ല നിങ്ങൾ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പിന്തുടർച്ചക്കാരായ ഒരു പ്രസ്ഥാനത്തിന്റെ ഭാഗമായ നിങ്ങൾക്ക് പറയാൻ സാധിക്കുകയില്ല. ഖാദി വസ്ത്രം ധരിക്കുന്ന നിങ്ങൾക്കറിയാം, നമ്മൾ compromise ചെയ്യുന്നത്, ഈ രാജ്യത്തിന്റെയും ജനാധിപത്യത്തിന്റെയും താൽപര്യത്തെയാണ്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് വളരെ അപകടകരമായ അവസ്ഥയിലേയ്ക്കാണ് കേരളം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിനെ സംരക്ഷിക്കുന്നതിനായി നമ്മുടെ നാട്ടിലെ കൃഷിക്കാർക്ക് ആവശ്യമായ രൂപത്തിലുള്ള സഹകരണം ആവശ്യമാണ്. കൃഷിക്കാരന്റെ കടാശ്വാസ കമ്മീഷനിലേക്ക് നീങ്ങുന്നതിനുമുമ്പ് എനിക്ക് ബഹുമാനപ്പെട്ട റവന്യൂ, കൃഷിവകുപ്പുമന്ത്രി എന്നിവരോട് അഭ്യർത്ഥിക്കുവാനുള്ളത് നിങ്ങൾ ഇവിടെ ഭരിച്ചിരുന്നു, നിങ്ങളുടെ വകുപ്പുകൾ നോക്കിയിരുന്നു എന്നുള്ള സംതൃപ്തി ഉണ്ടാകണമെങ്കിൽ നമ്മുടെ കാർഷിക രംഗം മനസ്സിലാക്കണം. നമ്മുടെ റവന്യു മന്ത്രി എന്നുള്ള നിലയ്ക്ക് നാട്ടിലെ സാമൂഹ്യമായ പ്രശ്നങ്ങൾ കാണാൻ സാധിക്കണം. വയനാട്ടിൽ മാത്രമല്ല കേരളത്തിന്റെ എല്ലാ ഭാഗത്തും കൃഷിക്കാരുടെ ആത്മഹത്യ നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇതിന്റെ ഗൗരവം മനസ്സിലാക്കികൊണ്ട് ഇത് വരുന്നതിന് ഇടയാക്കുന്ന സംഭവവികാസങ്ങളെ വേഗം തടഞ്ഞുകൊണ്ട് കാർഷിക മേഖലയുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് കേരളം പലരംഗങ്ങളിലും മുൻപന്തിയിൽ നിന്നതാണ്.

ഇന്ത്യക്ക് ഒരു കാലത്ത് ഉദാഹരണമായിരുന്നു കേരളം. സമ്പന്നമായ യൂറോപ്യൻ രാജ്യങ്ങളോട് ആരോഗ്യപരിപാലനത്തിലും വിദ്യാഭ്യാസത്തിലും പോരാടിയവരാണ് നിങ്ങൾ. നിങ്ങൾ ചെറുപ്പകാരായ മന്ത്രിമാർ നിങ്ങൾക്ക് കേരളത്തെ ഈ വെല്ലുവിളിയിൽ നിന്ന് രക്ഷിക്കാൻ സാധിക്കുമോ? കേരളത്തെ രക്ഷിക്കുവാൻ അരയും തലയും മുറുക്കികൊണ്ട് നിങ്ങളുടെ കൈവശമുള്ള എല്ലാ സൗകര്യങ്ങളും ഉപയോഗിച്ചുകൊണ്ട് കൃഷിക്കാരൻ അത്മഹത്യ ചെയ്യാത്ത ഒരു കേരളത്തെ സൃഷ്ടിക്കുന്നതിന് നിങ്ങൾക്ക് സാധിക്കുമോ ? നിങ്ങൾ ഈ രീതിയിൽ മുന്നോട്ടുപോയലും, എന്റെ കക്ഷി ചെറുതാണ് എന്നിരുന്നാലും ഞാൻ വിശ്വസിക്കുന്നു നിങ്ങൾ ഈ നാട്ടിലെ പാവങ്ങൾക്കുവേണ്ടി എന്ത് നിലാപട് സ്വീകരിക്കുമ്പോഴും നിങ്ങളുടെ കൂടെയുള്ളവരെക്കാളും ശക്തമായി നിങ്ങൾക്കനുകൂലമായി ഇവിടെയുള്ളവർ മുദ്രാവാക്യം വിളിക്കും. ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പുരുഷൻ കടലുണ്ടി അങ്ങേയ്ക്ക് 1(എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്

ശ്രീ. പുരുഷൻ കടലുണ്ടി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു..

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇത്. അതിന്റെ ഭേദഗതി ബില്ലാണ് ഇപ്പോൾ ഇവിടെ അവതരിപ്പിക്കുന്നത്. വളരെ പ്രക്ഷുപ്തമാണെങ്കിലും സർക്കാരിന്റെ കർഷക ദ്രോഹ നടപടികളുടെ രൂക്ഷത കണക്കിലെടുത്ത് ഈ ബില്ലിന് പ്രഭയില്ലാതെ മാറി

യിട്ടുണ്ട്. നമ്മുടെ നാടിനുതന്നെ പ്രഭയില്ലാതെയായി മാറി. ഇന്നൊരു ബ്രേക്കിംഗ് ന്യൂസാണ്. നമ്മുടെ മത്സ്യ തൊഴിലാളികളെ നിഷ്ഠൂരമായി വെടിവച്ച നാവികരെ വിട്ടയയ്ക്കാനുള്ള ശുപാർശ കേന്ദ്രഗവൺമെന്റ് നൽകി അവരെ വിട്ടയച്ചു എന്നൊരു നാണക്കേടാണ്. ഏത് കോടതിയായാലും അവരെ വിട്ടു. ഇത് രാജ്യത്തിന് നാണക്കേടാണ്. ഇവിടെ ആർക്കാണ് സുരക്ഷിതത്വം. എന്നിട്ടും ഇവിടെ കിടന്ന് ഈ ഭേദഗതി ബില്ല് പാസ്സാക്കാൻവേണ്ടി പറയുകയാണ്. നമുക്ക് കൃഷിയും കൃഷിയിടങ്ങളും അന്യമായി പോയ്കൊണ്ടിരിക്കുന്നു. ഇന്ന് വേറൊരു ദാരുണമായ വാർത്ത കൂടിയുണ്ട്. അതായത് ശ്രീ. ബാബു. എം. പാലിശ്ശേരി ഇവിടെ ഇതിനെ സംബന്ധിച്ച് പറഞ്ഞു. ഇന്നലെ കണ്ട ഒരു സിനിമ എത്ര ദീർഘവീക്ഷണത്തോടുകൂടയാണ് കലാകാരന്മാർ അത് കാണുന്നത്. എത്ര ദുരന്തമാണ് നമ്മുടെ നാട്ടിൽ ഉണ്ടാകുന്നത്. അത് അവിടെ അവസാനിച്ചില്ല. ആ സിനിമയുടെ അവസാനം കേരളത്തിലാണ് തമ്പടിക്കുന്നത്. എല്ലാ രാജ്യദ്രോഹികളും തമ്പടിക്കുന്നത് കേരളത്തിലേയ്ക്ക് ആക്കിയിട്ടുണ്ട്. ഇതൊരു സത്യമാണ്. നാം മനസ്സിലാക്കുന്നില്ല എന്നേയുള്ളു. മറ്റൊരു സന്തോഷവാർത്തയുണ്ട്. ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞ മലയാളത്തിനൊരു ക്ലാസിക്കൽ പദവി കിട്ടി എന്നുള്ളത് സന്തോഷവാർത്തയാണ്. ഇവിടെ ജനങ്ങളാകെ സന്തോഷത്തിലാണ്. കർഷക ആത്മഹത്യ കൂടുന്നതിനുള്ള കാരണം അവന് കിട്ടേണ്ട എല്ലാ ആനുകൂല്യങ്ങളും വേണ്ട സമയത്ത് അർഹിക്കുന്ന തരത്തിൽ കിട്ടുന്നില്ലെന്നുള്ളതുകൊണ്ടാണ്.

ഇവിടെ ജനം ആകെ പരിഭ്രാന്തിയിലാണ്. അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും മറ്റും അർഹിക്കുന്ന രീതിയിൽ ലഭിക്കാത്തതുകൊണ്ടാണ് കർഷക ആത്മഹത്യ വർദ്ധിക്കുന്നത്. കർഷകന് കടാശ്വാസം വേണ്ട സമയത്ത് കിട്ടുന്നില്ല. ഊരാക്കുടുക്കിൽപ്പെട്ട് ഉഴലുന്ന കാഴ്ചയാണ് ഇപ്പോൾ കാണാൻ കഴി

യുന്നത്. വികസനവും കരുതലും രണ്ട് ധ്രുവത്തിലാണ്. കടക്കെണി യിൽപ്പെട്ട് ആത്മഹത്യ തിരിച്ചുവരുന്നു. കൃഷിക്കാരനെ സംരക്ഷിക്കുന്നതിൽ തികഞ്ഞ പരാജയമാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ. ജനങ്ങളുടെ അന്നംമുട്ടിച്ച് എല്ലാം കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്ന സംസ്ഥാന സർക്കാർ ഒരു പരാജയമാണ്. സാധാരണക്കാരന്റെ മുഖ്യ ആഹാരമായ അരി വില പോലും നിയന്ത്രിക്കാനാകാത്ത ഒരു ഗവൺമെന്റിന്റെ ഈ വികസന നയം എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുന്നത്? വിലക്കയറ്റം പിടിച്ചുനിർത്തി യിരുന്ന സപ്ലൈകോ, മാവേലിസ്റ്റോർ എല്ലാം നിർജ്ജീവമാക്കി. ഇത് തമ്മിൽ ബന്ധമുണ്ടോ എന്ന് ചോദിച്ചാൽ, ചർച്ച ചെയ്യണമെങ്കിൽ ഭക്ഷണം കഴി ക്കണം. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച് എത്രയോ കാലം കഴിഞ്ഞതിനുശേഷം സ്വാതന്ത്ര്യം ലഭിച്ച വിയറ്റ്നാം കാർഷിക രംഗത്ത് ഏറ്റവും മികച്ച രാജ്യമായി മാറിയിരിക്കുന്നു. കാർഷിക മേഖലയിൽ വേണ്ട സൗകര്യങ്ങൾ സർക്കാർ ചെയ്തുകൊടുക്കുന്നു. കടത്തിൽ മുങ്ങി മരിക്കേണ്ടി വരുന്ന ഗതികേടി ലാണ് ഇന്ന് കേരളത്തിലെ കർഷകർ. എൽ.ഡി.എഫ് സർക്കാർ കർഷകന് ആശ്വാസം നൽകിയെങ്കിൽ യു.ഡി.എഫ് ഗവൺമെന്റ് ജപ്തി നോട്ടീസാണ് നൽകുന്നത്. ഇടതുപക്ഷ ജനാധിപത്യ ഭരണംമൂലം കേരളീയ സമൂഹം ആർജ്ജിച്ച എല്ലാ നന്മകളും ഇല്ലാതാക്കുന്ന അശാസ്ത്രീയമായ നയമാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അധിനിവേശ സംസ്കാരത്തിന്റെ പിടിയിലാണ് നമ്മൾ. ജാതി-മത വികാരങ്ങൾ വൻതോതിൽ വളർന്നുവ രുന്നു. അരാഷ്ട്രീയ വാദത്തിലേയ്ക്ക് പുതിയ തലമുറയെ കൂപ്പുകുത്തി ക്കുന്നു. ഭൂതകാലത്തിലേയ്ക്കുള്ള തിരിച്ചുപോക്കാണ് അതിവേഗം നടന്നു കൊണ്ടിരിക്കുന്നത്. ദേശീയ ബോധങ്ങൾക്കും സൗന്ദര്യ ശാസ്ത്ര സങ്കൽപ്പ ങ്ങൾക്കും വർഗ്ഗപരമായ അടിത്തറയുള്ള കേരളത്തിൽ ജനസമൂഹത്തിൽ

ആഴത്തിൽ വേരോടിയ ഇടതുപക്ഷ ചിന്തയെ എന്തുവിലകൊടുത്തും പിഴുതെറിയാൻ നെറികെട്ട സമീപനങ്ങളാണ് ഈ സർക്കാർ ബോധപൂർവ്വം നടത്തിക്കൊണ്ടിരിക്കുന്നത്. ഏത് വർഗ്ഗത്തെ സർക്കാർ പ്രതിനിധാനം ചെയ്യുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ് കർഷകർക്ക് വേണ്ട ആശ്വാസം പകരാൻ കഴിയാതെ പോകുന്നത്. 2010- ൽ കർഷകന്റെ ഏറ്റവും വലിയ പ്രതീക്ഷയായിരുന്നു എൽ.ഡി.എഫ് സർക്കാരിന്റെ കടാശ്വാസ കമ്മീഷൻ ബിൽ. എന്നാൽ കമ്മീഷൻ രൂപീകരിച്ച സമയം മുതൽ യു.ഡി.എഫ് കണ്ണടച്ച് വിമർശിക്കുകയായിരുന്നു. അത് നമുക്ക് മറക്കാൻ കഴിയില്ല. തികഞ്ഞ അജ്ഞതയോടെയാണ് അന്ന് കെ.പി.സി.സി നേതൃത്വവും യു.ഡി.എഫും ഈ കടാശ്വാസ കമ്മീഷനെ സമീപിച്ചത്. അന്ധൻ ആനയെ കണ്ടതുപോലെയായിരുന്നു കമ്മീഷൻ രൂപീകരിച്ചതിനോടുള്ള യു.ഡി.എഫ്-ന്റെ പ്രതികരണം. 2001 മുതൽ 2005 വരെയുള്ള യു.ഡി.എഫ് ഭരണത്തിൽ നടന്ന കർഷക ആത്മഹത്യയുടെ പെരുങ്കളിയാട്ടം ഈ രാജ്യത്തെ 1500-ൽ അധികം പാവപ്പെട്ട കർഷകരെയാണ് ആത്മഹത്യ ചെയ്യിച്ചത്. ഏറ്റവും കൂടുതൽ ആത്മഹത്യ നടന്നത് വയനാട്ടിൽ ആയിരുന്നു. കർഷകരെയും നിരാശ്രയരായ കുടുംബങ്ങളെ സഹായിക്കണമെന്നാവശ്യപ്പെട്ട് കർഷക സംഘടനകൾ രംഗത്ത് വന്നപ്പോൾ. അന്നത്തെ യു.ഡി.എഫ് സർക്കാർ ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചില്ല എന്നുമാത്രമല്ല കേന്ദ്രത്തിൽ ഇക്കാര്യം മറച്ചുവയ്ക്കുകകൂടി ചെയ്തു. അപ്പോൾ ചക്കിക്കൊത്ത ചങ്കരൻ എന്ന് പറയാൻ പറ്റുമോ എന്നറിയില്ല. കേന്ദ്രത്തിലും കേരളത്തിലും ഒരേ കക്ഷി ഭരിച്ചാൽ ഇവിടെ ക്ഷേമരാജ്യമാകും എന്നുപറഞ്ഞതിന് യാതൊരു അർത്ഥവുമില്ല. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നയുടനെ ആത്മഹത്യ ചെയ്ത കുടും

ബങ്ങളെ സഹായിക്കുന്നതിന് കർഷക കടാശ്വാസ ബിൽ നിയമസഭയിൽ പാസ്സാക്കി. 2007 ജനുവരി 18-ന് അത് നിയമമായി. കടബാധ്യതമൂലം ദുരിതത്തിലായ കർഷകന് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായ നിർണ്ണയം നടത്തി സഹായം അനുവദിക്കുന്നതിനുള്ള അധികാരമുള്ളതും മധ്യസ്ഥതയിലൂടെയും അനുരജ്ഞനത്തിലൂടെയും കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനുംവേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നു- ഇതാണ് പറഞ്ഞിരുന്നത്. കമ്മീഷൻ രണ്ട് മാസം കൊണ്ട് തെളിവെടുപ്പ് പൂർത്തിയാക്കി മുഴുവൻ വിളകൾക്കും നാശം സംഭവിച്ച ജില്ലയായി വയനാട് ജില്ലയെ പ്രഖ്യാപിച്ചു. സമ്പന്നമായ ഒരു കാർഷിക സംസ്കാരം നമുക്കുണ്ട്. അത് തകർക്കുന്ന സാമ്രാജ്യത്ത അജണ്ടയാണ് ഇന്നിപ്പോൾ കണ്ണുംപൂട്ടി നമ്മൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽത്തന്നെ ആദ്യമായി നെൽവയൽ-തണ്ണീർത്തട നിയമമുണ്ടായത് കേരളത്തിലാണ്. എൽ.ഡി.എഫ് കൊണ്ടുവന്നു എന്ന കാരണംകൊണ്ട് ഈ നിയമം അട്ടിമറിക്കുന്ന കാഴ്ചകളല്ലേ നമ്മൾ കണ്ടതും ഇപ്പോൾ അനുഭവിക്കുന്നതും. വയലും നെല്ലും വേണ്ടെന്നുപറയാൻ കേന്ദ്ര ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ ധൈര്യം കാണിച്ചു. ഇറ്റലിക്കാരനെ പറഞ്ഞുവിടാൻ കോടതിക്ക് അല്ലെങ്കിൽ അതിനുവേണ്ട ആളുകൾക്ക് നിർദ്ദേശം കൊടുത്തതുപോലെ കേന്ദ്രത്തിന്റെ ഇടപെടൽ ഉള്ളതുകൊണ്ടാണ് ആ ധൈര്യം വന്നത്. കർഷകരുടെ കണക്ക് കൂട്ടലുകളും പ്രതീക്ഷകളും തകർക്കുന്ന കേന്ദ്ര നയം ഏറെ വാശിയോടെ നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ ഈ ജനദ്രോഹ ബില്ലിനെ ഞാൻ എതിർക്കുന്നു. യു.ഡി.എഫ് നാടകവേദി വിജയകരമായി നടത്തിവരുന്ന കർഷക ആത്മഹത്യകൾക്ക് എത്രയും വേഗം മംഗളം പാടി

തിരശ്ശീലയിടണം എന്നു ഞാൻ ആഗ്രഹിക്കുന്നു. കർഷകന്റെ നിരാശയും സങ്കടവും ഇവിടെ അരങ്ങ് തകർക്കുകയാണ്. കർഷക പ്രേമം നടിച്ച് കവിതയും പാട്ടുമായി ഘോഷത്തോടെ എത്തുന്ന കാമുകൻ സമ്മാനിക്കുന്നത് ഫാക്ടംഫോസാണ്. നെല്ല് നാളികേരം തുടങ്ങി മറ്റു കാർഷിക വിളകൾക്കും വില ഉയർത്തുമെന്ന വാഗ്ദാനം നൽകി കാമുകൻ വില്ലനാകുന്ന അവസ്ഥയാണ് കാണുന്നത്. സമ്മാനിക്കുന്നതാകട്ടെ ജപ്തി നോട്ടീസും. എൽ.ഡി.എഫ് സർക്കാർ ക്ഷേമപദ്ധതികളും കടാശ്വാസവും നൽകി അവരെ വളരെ പ്രതീക്ഷയുള്ളവരാക്കി ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നു. കൃഷി സംരക്ഷിക്കുകയും കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ നിയമം വച്ചുതന്നെ ആയിരുന്നില്ലേ ഇക്കാര്യങ്ങളെല്ലാം ചെയ്തിരുന്നത്? പിന്നെ എന്തിനാണ് ഒരു പുതിയ ഭേദഗതി. ഇച്ഛാശക്തിയാണ് വേണ്ടത്. വിത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. നമുക്ക് ഇനി മുതൽ പയർ ലഭിക്കില്ല എന്ന അവസ്ഥയാണുള്ളത്. ഒരു വെള്ളപ്പയർ വരുന്നുണ്ട്. എല്ലാ മേഖലകളിലും അധിനിവേശം വന്നുകൊണ്ടിരിക്കുകയാണ്. മാഫിയകൾ കൈവശം വച്ചിരിക്കുന്ന ഭൂമികൾ തിരിച്ചറിയാൻ ഇന്നുള്ള നിയമം മതിയാകില്ലേ? റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളുടെ കയ്യിലുള്ള ഭൂമികൾ പിടിച്ചെടുക്കാൻ മുൻകയ്യെടുക്കാത്തതെന്താണ്? നിയമം പോരാത്തതുകൊണ്ടാണോ? സ്വാതന്ത്ര്യം കിട്ടിയിട്ടും ഒരു പുരുഷായുസ്സ് മുഴുവൻ പുറമ്പോക്കിൽ നിൽക്കേണ്ടി വന്ന അധഃസ്ഥിതികർ സംഘടിച്ചപ്പോൾ ചിലർക്കിവിടെ പൊള്ളിയില്ലേ; അതിലെനിക്ക് അത്ഭുതമില്ല. പട്ടികജാതിക്കാർ എന്തോ അപരാധം ചെയ്തതുപോലെ മഹാനായ ചീഫ് വിപ്പ് മുലക്കണ്ണീരൊഴുക്കിയത് ഈ നിയമസഭയിലാണ്. ഭൂമിയുടെ നേർ അവകാശികളായ അധഃസ്ഥിതന്റെ ഒന്നിച്ചുള്ള പോരാട്ടത്തിന് കച്ചമുറുക്കുകയാണ് പട്ടികജാതി ക്ഷേമസമിതി.

പട്ടികജാതിക്കാരുടെ പ്രശ്നങ്ങളിൽ കുറച്ചുകൂടി ഗൗരവമായി ഇടപെടണം എന്നുതന്നെയാണ് തീരുമാനം. അത് രാഷ്ട്രീയത്തിന്റെ ഭാഷയിലല്ല. അതിനെ പ്രോത്സാഹിപ്പിക്കുന്നതുമില്ല. വർഗ്ഗ രാഷ്ട്രീയത്തിന്റെ കവചമണി ഞ്ഞുകൊണ്ട് പോരാട്ടത്തിന് അവരെ തയ്യാറാക്കും. ബഹുമാനപ്പെട്ട ചീഫ് വിപ്പിന് അതിലുള്ള പ്രയാസം മനസ്സിലാകും. അരാഷ്ട്രീയ വാദികളും തീവ്ര വാദ സംഘടനകളും അധഃസ്ഥിതരുടെയിടയിൽ നുഴഞ്ഞുകയറി അവരുടെ സ്വാസ്ഥ്യം കെടുത്തുന്നുണ്ട്. ഇതും ഈ ബില്ലുമായുള്ള ബന്ധം എന്താ ണെന്ന് ചോദിച്ചാൽ ഇവർ അജ്ഞരാണ്. ഈ അജ്ഞതയെ മുതലെടുക്കുന്ന താണ് ഇവിടത്തെ കടാശ്വാസങ്ങളിൽ പലതും. ഇത് ഇനി അനുവദിക്കില്ല. ഈ അധഃസ്ഥിത വിഭാഗത്തെ വർഗ്ഗപരമായി സംഘടിപ്പിച്ച് മുന്നോട്ടുപോകു വാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഇത്രയും വ്യാകുലപ്പെടേണ്ട ഒരു കാര്യവുമില്ല. കേരളത്തിൽ പട്ടികജാതി ക്ഷേമ വകുപ്പിന് ഒരു മന്ത്രിയുണ്ട്. പട്ടികജാതി ക്ഷേമസമിതി രൂപീകരിച്ച തിനെ ആക്ഷേപിക്കുന്നത് എന്തിനാണ്? സാംസ്കാരിക വകുപ്പിന്റെ നേതൃത്വ ത്തിൽ അക്കാദമിയും സാംസ്കാരിക സ്ഥാപനങ്ങളും ഒന്നിച്ച് 'ഉണർവ്' എന്ന സാംസ്കാരിക പരിപാടിയുമായി ഒരു കാലത്ത് വയനാട് ജില്ല മുഴുവൻ സഞ്ചരിച്ചു. നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങൾ ഇപ്പോൾ എന്ത് ചെയ്യുന്നു? സാഹിത്യ അക്കാദമി പ്രസിഡന്റ് ശ്രീ. മുകുന്ദനടക്കമുള്ള കേരള ത്തിലെ പ്രമുഖ സാഹിത്യകാരന്മാർ കർഷകരുടെ വീടുകൾ സന്ദർശിക്കു കയും പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഒരാഴ്ചക്കാലം നീണ്ടു നിന്ന ആ സാംസ്കാരിക പരിപാടികൾ രോമഞ്ചത്തോടുകൂടി ഞാൻ ഓർക്കു കയാണ്. കർഷക കുടുംബങ്ങൾ അതിൽ പങ്കാളികളായി. അവർ ജീവിത

ത്തിലേയ്ക്ക് തിരിച്ചുവന്നു. അവർക്ക് ഒരാശയുണ്ടായി. ഇവിടെ സംഘടനകളുണ്ടാക്കുന്നത് അത്തരം കാര്യങ്ങൾക്കുവേണ്ടിയാണ്.

ശ്രീ. പി. സി. ജോർജ്: സർ, മാർക്സിസ്റ്റ് പാർട്ടി പട്ടികജാതിക്കാരെ സംഘടിപ്പിക്കുന്നതിൽ എനിക്ക് യാതൊരു എതിർപ്പുമില്ല. എന്റെ പ്രശ്നം, നിങ്ങൾ വർഗ്ഗ സമരത്തിൽ വിശ്വസിക്കുന്നവരും ഉള്ളവനും ഇല്ലാത്തവനും എന്ന രണ്ട് വർഗ്ഗമാണുള്ളതെന്നും വർഗ്ഗ സമരമാണ് മാർക്സിസം എന്നുപറഞ്ഞു നടക്കുകയും സ്വത്വ രാഷ്ട്രീയത്തിനെതിരെ പ്രസംഗിക്കുന്ന നേതാക്കന്മാർതന്നെ ഒരു പട്ടിക ജാതിക്കാരനായ, സമൂഹത്തിലെ ഏറ്റവും മാന്യനായ ശ്രീ. രാധാകൃഷ്ണനെ കൊണ്ടുപോയി പട്ടികജാതിക്ഷേമവുമായി ബന്ധപ്പെട്ടുള്ള പ്രകടനം നടത്തുന്നതിൽ എനിക്ക് വിരോധമില്ല. അത് നടത്തിക്കൊള്ളൂ. പക്ഷേ വേറൊരു കാര്യം- നിങ്ങൾ ജൂനിയർ വിഭാഗമായ ഡി.വൈ.എഫ്.വൈ -യുടെ നേതൃത്വത്തിൽ ജാതിരഹിത സമൂഹത്തിനായി വേറെ ജാഥ നടത്തുക - ഇത് രണ്ടുംകൂടി വേണ്ടെന്നാണ് ഞാൻ പറഞ്ഞത്. രണ്ടും കൂടിയാകുമ്പോൾ ഒരു നാണക്കേടില്ലേ; ഈ രണ്ട് പ്രകടനങ്ങളും കൂടി യോജിക്കുന്നതെങ്ങനെയാണെന്ന് ഒന്നാലോചിച്ചു നോക്കൂ.

ശ്രീ. പുരുഷൻ കടലുണ്ടി: എല്ലാ നദികളും ചേരുമ്പോഴാണ് സാഗരമുണ്ടാകുന്നത്. മറ്റൊന്ന്, മലയാള ഭാഷക്ക് ക്ലാസിക്കൽ പദവി നൽകാൻ കേന്ദ്ര സാഹിത്യ അക്കാദമി മുമ്പ് തീരുമാനിച്ചിരുന്നു. ആഹ്ലാദകരമാണ് ഈ വാർത്ത. ഇത് നമ്മുടെ ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതിൽ എനിക്ക് ഏറ്റവും സന്തോഷമുണ്ട്. കാരണം അത് ആരും പരാമർശിക്കുന്നില്ല. ഇതരഭാഷകളോടൊപ്പം ഭാരതീയ സംസ്കാരത്തിനും മികച്ച സംഭാവനകൾ നൽകിയ മലയാ

ളത്തെ ദേശീയ തലത്തിൽ ആദരിക്കേണ്ടതായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ കർത്തവ്യനിർവ്വഹണത്തിന്റെ കർത്തവ്യരഹിതമായ....

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങയുടെ പാർട്ടി സാഗരമായി മാറുന്ന കഥയാണ് പറയുന്നത്. ഞങ്ങളൊക്കെ അങ്ങനെ ധരിച്ചിരുന്നു. കാരണം കഴിഞ്ഞ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ സിംലയിലൊക്കെ സി.പി.എം. ഉണ്ടാക്കിയ വലിയ വിജയം കണ്ടപ്പോൾ ഞങ്ങൾക്ക് തോന്നിയിരുന്നു. പക്ഷേ ഇപ്പോൾ ഇന്നത്തെ തെരഞ്ഞെടുപ്പിൽ സി.പി.എം. വലിയ വിജയമുണ്ടാക്കിയ സിംലയിലും തിയോഗിലും സി.പി.എം. മൂന്നാം സ്ഥാനത്താണെന്നാണ് ഇപ്പോൾ കിട്ടിയ വിവരം. അതുകൊണ്ടാണ് ഞാൻ ആ കാര്യം സൂചിപ്പിച്ചത്.

ശ്രീ. പുരുഷൻ കടലുണ്ടി: ലീഗിന് അവിടെ എത്ര സീറ്റാണ് ഉണ്ടായിരുന്നത്. സോവിയറ്റ് യൂണിയൻ പരാജയപ്പെട്ടപ്പോൾ കമ്മ്യൂണിസം പോകുമെന്ന് പറഞ്ഞവരല്ലേ നിങ്ങൾ? ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് പറയാൻ പറ്റുമോ അവിടെ ലീഗിന്റെ എത്ര സ്ഥാനാർത്ഥികളുണ്ട്? സാമ്രാജ്യത്വം ആദ്യം കൈവയ്ക്കുന്നത് സംസ്കാരത്തിന് നേരെയാണ്. ഷിനു അമ്പിച്ചി എന്ന ഒരു ആഫ്രിക്കൻ എഴുത്തുകാരൻ അദ്ദേഹത്തിന്റെ 'There was a country' എന്ന പുസ്തകം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് വായിക്കാൻ പറ്റുമോ? തന്റെ പുസ്തകത്തിൽ പറയുന്നു, നൈജീരിയയിൽ എങ്ങനെ സംസ്കാരം തകർക്കപ്പെട്ടുവെന്ന് വളരെ വിശദമായി അതിൽ പറയുന്നുണ്ട്. അതുപോലെ നമ്മുടെ സാംസ്കാരിക രംഗത്തുള്ള അധപതനത്തെക്കുറിച്ച് നിങ്ങൾ കണ്ണടച്ചിട്ട് ഒരു കാര്യവുമില്ല. ഇതൊക്കെ ജീവിതത്തിന്റെ ഭാഗമാണ്. സാമ്രാജ്യത്വം ആകെ കൈ വയ്ക്കുന്നത് സാംസ്കാരത്തിന്

നേരെയാണ്. അതാണ് ഇവിടെ ബോധപൂർവ്വമോ അല്ലാതെയോ നമ്മുടെ സാംസ്കാരിക വകുപ്പും ചെയ്തത്. സാംസ്കാരിക രംഗത്തും ഈ രഹസ്യ അജണ്ട ഉണ്ടോയെന്ന് സംശയിക്കുന്നു. നമ്മുടെ സാംസ്കാരിക സ്ഥാപന ങ്ങൾ വിവാദകുരുക്കിലാണ്. സാഹിത്യ അക്കാദമിയിൽ കമ്മിറ്റി ചേരുന്നില്ല. ബുളളറ്റിൻ നിലച്ചു. അവാർഡ് നിർണ്ണയം എന്ന് നടക്കുമെന്ന് പറയാൻ വയ്യ. പുസ്തകങ്ങൾ കുന്നുകൂടി കിടക്കുകയാണ്. എല്ലാം അവതാളത്തിലായി. ഒക്കെ ഗ്രൂപ്പ് തർക്കം. ലോക മലയാള സമ്മേളനവും തുടർന്നുണ്ടായ തർക്ക ങ്ങളും ഞാൻ വീണ്ടും ശർദ്ദിക്കുന്നില്ല. അത്രത്തോളം പരാജയമായിരുന്നു. എവിടെയാണ് വികസനവും കരുതലും? പുതിയ തലമുറയ്ക്കായി എന്താണ് നിങ്ങൾ കരുതി വയ്ക്കുന്നത്? കാപട്യമാണ് യു.ഡി.എഫ്-ന്റെ മുഖമുദ്ര. നോക്കൂ, നെൽവയൽ ഡാറ്റാബാങ്ക് വേണമെന്ന് എൽ.ഡി.എഫ്. പറഞ്ഞുക ഴിഞ്ഞു. ഹരിത വിപ്ലവക്കാരൻ ശ്രീ. ടി.എം. പ്രതാപൻ പറഞ്ഞത് പരിസ്ഥിതി സന്തുലനം പാലിക്കാനാണോ? സമുദ്രനിരപ്പിൽ നിന്ന് കൃഷി ചെയ്യുന്ന കർഷകന് ചെറിയൊരു പിഴവ് പറ്റിയാൽ അവന്റെ സ്വപ്നങ്ങൾ ഇല്ലാ തെയാകും. അതാണ് ശ്രീ. ടി.എം. പ്രതാപൻ പറഞ്ഞത്. അവിടെ ഏകീകൃത കാർഷിക കരാർ കലണ്ടർ വേണം. പാടശേഖരങ്ങളിലെ വെള്ളം പമ്പ് ചെയ്യാൻ കറന്റ് എവിടെ? ഇരുട്ടാണ്. കണ്ണടച്ചാലും തുറന്നാലും ഇരുട്ടാണ്. ഈ അന്തതയിൽ സങ്കുചിത ലോകത്ത് നിന്ന് മാനവികതയുടെ വിശാലലോക ത്തിലേയ്ക്ക് നമ്മൾ ഇറങ്ങി വരണം. ഭരണകർത്താക്കൾ പ്രത്യേകിച്ച് കമ്മ്യൂ ണിസ്റ്റുകാരന് ഒരു നീതിയും കോൺഗ്രസ്സുകാരന് മറ്റൊരു നീതിയും നടപ്പിലാ ക്കുന്ന രീതി ഏത് നിയമത്തിന്റെ ബലത്തിലാണ്? പുതിയ തലമുറയുടെ കൈവിരൽ ലോകം തിരിയുന്നതിന്റെ മുമ്പിലാണെന്ന് നമ്മൾ ഓർക്കണം.

പുതിയ തലമുറയെ ഓർത്ത് മാനവികതയുടെ വിളമ്പരം പെയ്യാനും നമുക്ക് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2006-ലെ കർഷക കടാശ്വാസ ആക്ട് പ്രാബല്യത്തിൽ വന്നത് 2007 ജനുവരി 18-ാം തീയതിയാണ്. 2007 ജനുവരി 18-നോ അതിനുമുമ്പോ കർഷകരിൽ നിന്നും കിട്ടേണ്ട ബാധ്യതകൾ മാത്രമേ കടം എന്ന വാക്കിൽ പറഞ്ഞിരിക്കുന്നത്. അതിനുശേഷവും കർഷകർക്ക് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കടങ്ങളും പ്രസ്തുത ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ച ഒരു ബില്ലാണിത്. അവിടെ മലയാള ഭാഷയുടെ പ്രസക്തി എന്താണ്; ഇപ്പോൾ പ്രതിപാദിച്ച ആഫ്രിക്കൻ എഴുത്തുകാരന്റെ പ്രസക്തി എന്താണെന്ന്......

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. പുരുഷൻ കടലുണ്ടി ഒരു ആഫ്രിക്കൻ എഴുത്തുക്കാരനെ സൂചിപ്പിച്ചു. അങ്ങ് മിലാൻ കുണ്ഡേലെ എന്ന് പറയുന്ന ആഫ്രിക്കൻ എഴുത്തുകാരന്റെ 'അഡോപ്ഷൻസ്' വായിച്ചിട്ടുണ്ടോ?

ശ്രീ. കെ.എൻ.എ. ഖാദർ: ആഫ്രിക്കൻ എഴുത്തുകാരനെ കൂട്ടുപിടിച്ചാണ് എന്റെ സ്നേഹിതൻ സഖാവ് പുരുഷൻ കടലുണ്ടി ഈ ബില്ലിനെ സംബന്ധിച്ച് സംസാരിച്ചത്. നിങ്ങൾ വായിച്ച ആഫ്രിക്കൻ എഴുത്തുകാരൻ നിങ്ങളുടെ ആർഗ്യുമെന്റിനെ സഹായിക്കുന്നവനാണെങ്കിൽ ഇപ്പോൾ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പ്രൊനൗൻസ് ചെയ്തതിൽ ചെറിയൊരു

വ്യത്യാസമുണ്ട്. മിലാൻ കുന്ദേരെയുടെ 'അഡോപ്ഷൻസ്' നോവലിലും അതുപോലെ ജാപ്പനീസ് എഴുത്തുകാരി യസുനാരി കവബാത്തേയുടെ ബുക്കിലും നിങ്ങൾ പറഞ്ഞതിന്റെ നേരെ എതിരായ ആർഗ്യുമെന്റുണ്ട്. അതും കൂടി വായിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ ആരേയും അപമാനപ്പെടുത്തുന്നില്ല. ഞാൻ ഒരു പുസ്തകത്തെയും പരിതാപിച്ചില്ല. ഞാൻ പണ്ടുകണ്ടൊരു സിനിമ യുണ്ട്. ആ സിനിമയിൽ ആലിമൂടൻ ചോദിക്കും ആൽഫ്രഡ് കെമുന്റെ 'ദി റിബൽ', വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്നീ പുസ്തകങ്ങൾ വായിച്ചി ട്ടുണ്ടോ എന്ന് ചോദിക്കും. അവസാനം കേൾക്കുന്ന ആളുകൾ വിചാരിക്കും അദ്ദേഹം പണ്ഡിതനാണെന്ന്. അദ്ദേഹം കാറ്റലോഗ് നോക്കിയാണ് ഇതൊക്കെ പറയുന്നതെന്നാണ് പിന്നീട് മനസ്സിലാക്കിയത്. അതുപോലെ ഇവിടെ ആരെങ്കിലും ചില പുസ്തകങ്ങളുടെ പേര് പരാമർശിച്ചാൽ അതൊന്നും ഈ ബില്ലിന്റെ പരിധിയിൽപ്പെടാത്തതുകൊണ്ട് ഞാൻ അതി ലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് ഇവിടെ ഈ ബിൽ വന്നതു കൊണ്ട് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട പല സുഹൃത്തുക്കളും സൂചിപ്പിച്ച തുപോലെ ആത്മഹത്യ ചെയ്യുന്ന കർഷകന്റെ പ്രശ്നം മാത്രം രക്ഷിക്കുന്നതി നുവേണ്ടിയിട്ടല്ല. അങ്ങനെ തെറ്റിദ്ധാരണ വേണ്ട. നമ്മുടെ സംസ്ഥാനത്ത് കാർഷിക വിളകൾക്ക് നഷ്ടമുണ്ടാകുന്ന പല സംഭവങ്ങളും നടന്നു. അതി ലൊന്നാണ് ഉരുൾപ്പൊട്ടൽ. അടുത്ത കാലത്ത് ശ്രീ. ജോസഫ് വാഴയ്ക്കന്റെ മണ്ഡലമായ മൂവാറ്റുപ്പുഴയിൽ ഉരുൾപ്പൊട്ടലുണ്ടായി. ഉരുൾപൊട്ടൽ പോലെ കലാമിറ്റീസ് പോലെ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന, നമുക്കൊന്നും നിയ ന്ത്രിക്കാൻ കഴിയാത്ത അപ്രതീക്ഷിതമായ ചില കലാമിറ്റീസ് ഉണ്ടാകുമ്പോൾ

അതുമൂലം ഉണ്ടാകുന്ന കാർഷിക ബുദ്ധിമുട്ടുകളും കർഷകന്റെ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി ഈ ബില്ലിന്റെ ആക്ടിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി. അതിനെ ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും അടിസ്ഥാനത്തിൽ അപമാനിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതുകൊണ്ട് നമുക്ക് ഒരു പ്രയോജനം കിട്ടുന്നു. കാര്യം ഈ ഭേദഗതി പ്രാബല്യത്തിൽ വരുന്നതോടുകൂടി സർക്കാരിന് വീണ്ടും ഒരു നിമയഭേദഗതി വരുത്താതെതന്നെ ഏതെങ്കിലും പ്രത്യേക ദുരിതബാധിത പ്രദേശം സംബ സ്ധിച്ച് ഒരു നിശ്ചിത തീയതി വരെ കടബാധ്യതകൾ ഗസറ്റ് വിജ്ഞാപനം വഴി ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാം. അതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രസക്തമായ ഭാഗം. കുട്ടനാട് പ്രദേശത്ത് ഉണ്ടാകുന്ന മട വീഴ്ച ഉൾപ്പെടെയുള്ള പോസിറ്റീവായിട്ടുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണം. ബഹു മാനപ്പെട്ട മന്ത്രിയോട് ഞാനും അഭ്യർത്ഥിക്കുന്നു. മട വീഴ്ച ഉൾപ്പെടെയു ണ്ടാകുന്ന കലാമിറ്റീസിൽ കർഷകൻ ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അത് ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്ന് ആ കർഷകന് അൽപ്പം കടാശ്വാസം കൊടുക്കുകയെന്ന സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഈ ബില്ലിനെക്കുറിച്ച് ഈ രീതിയിലൊക്കെ സംസാരിക്കേണ്ട ആവശ്യമുണ്ടോ? ഈ ബിൽ വന്നതിനുശേഷം എന്റെ സ്നേഹിതൻ സുനിൽ ബില്ലിനെക്കുറിച്ച് ഒരുപാട് സംസാരിച്ചു. ഞാൻ അതിലേയ്ക്ക് അവസാനം വരാം. ഇന്ന് നമുക്ക റിയാം വയനാട് ജില്ലയിലെ....

ശ്രീ. കെ. അച്ചുതൻ: കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിനകത്ത് കൃഷിനാശം കൊണ്ട് പരിപൂർണ്ണമായി നഷ്ടപ്പെടുന്ന കർഷ കർക്ക് ആശ്വാസം നൽകുന്നതിനെക്കുറിച്ചും ആലോചിക്കുമോ?

ശ്രീ. ബെന്നി ബെഹനാൻ: അതെല്ലാം ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയും. അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. വയനാട്ടിൽ കാർഷിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് വയനാട് ജില്ലയിലെ പുതിയ അപേക്ഷകൾ കൂടാതെ നേരത്തെ എല്ലാ ജില്ലകളിലുമായി 4,00,549 അപേക്ഷകളാണ് കമ്മീഷന്റെ മുന്നിൽ വന്നത്. ഈ കമ്മീഷൻ 3,08,000 ൽ ശിഷ്ടം അപേക്ഷകൾ പരിശോധിച്ചു. ഇനി ഒരു ലക്ഷം അപേക്ഷകളെ പരിശോധിക്കാനുള്ളു. നിങ്ങളുടെ കാലഘട്ടത്തിൽ കമ്മീഷൻ ഉണ്ടാക്കിയ പ്രവർത്തനത്തിലേയ്ക്ക് ഞാൻ കടക്കാം. ഈ കമ്മീഷന് ചില ബുദ്ധിമുട്ടുകളുണ്ട്. ആ കമ്മീഷന്റെ ബുദ്ധിമുട്ടുകൾ കൂടി പരിഹരിച്ചാൽ മാത്രമേ ഈ ബിൽ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളു. അപേക്ഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കും. അപേക്ഷകൾ ബാങ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും വായ്പ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാങ്ങി വിശദമായ പരിശോധനയ്ക്കുശേഷം വിവിധ ജില്ലകളിൽ കമ്മീഷൻ സിറ്റിംഗ് നടത്തിയാണ് തീരുമാനമെടുക്കുന്നത്. അങ്ങനെ തീരുമാനമെടുക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് നിലവിലുള്ള കമ്മീഷന് ചില പോരായ്മകളുണ്ട്. കമ്മീഷന് സ്റ്റാഫ് പാറ്റേൺ കുറവാണ്. നിലവിലുള്ള കമ്മീഷന് ചില പോരായ്മകളുണ്ട്. കമ്മീഷനിൽ സ്റ്റാഫ് പാറ്റേൺ കുറവാണ്. പേഴ്സണൽ സ്റ്റാഫൊഴികെ 32 ദിവസ വേതനക്കാരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 12 ജീവനക്കാരുമാണ് കമ്മീഷനിലുള്ളത്. ഈ കമ്മീഷൻ രൂപീകരിച്ചതിന്റെ പിതൃത്വമൊക്കെ അപ്പുറത്തിരിക്കുന്ന ബഹുമാന്യ സുഹൃത്തുക്കൾ അവകാശപ്പെട്ടു. ആ കമ്മീഷന്റെ ചെയർമാനായിരുന്ന ജസ്റ്റിസ് ഗഫൂർ അന്ന് പറഞ്ഞത്

അദ്ദേഹത്തിന് പേഴ്സണൽ അസിസ്റ്റന്റിനെപോലും കിട്ടിയിട്ടില്ലെന്നും ഓഫീസിൽ കുന്നുകൂടിക്കിടക്കുന്ന അപേക്ഷകൾ സൂക്ഷിച്ചുവയ്ക്കാനുള്ള സൗകര്യമില്ലാത്തതിനാൽ അതെല്ലാം ചാക്കിൽ കെട്ടിവച്ചിരിക്കുന്നു എന്നുമാണ്. അതിനുശേഷം ഞങ്ങൾ ജീവനക്കാരുടെ എണ്ണം കൂട്ടി. എന്നാലും ജീവനക്കാരുടെ എണ്ണം വീണ്ടും വർദ്ധിപ്പിച്ചില്ലെങ്കിൽ കമ്മീഷന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ ബുദ്ധിമുട്ടാണ്. അതുപോല ഈ കമ്മീഷന്റെ തീരുമാനത്തിലും ചില ബുദ്ധിമുട്ടുകളുണ്ട്. കർഷകരുടെ സർക്കാർ ഏറ്റെടുക്കുന്ന ബാധ്യത സഹകരണസംഘം രജിസ്ട്രാർ മുഖേന യാണ് സഹകരണ ബാങ്കുകൾക്ക് നൽകിവരുന്നത്. നിലവിലുള്ള സംവിധാന ത്തിൽ ചില ബുദ്ധിമുട്ടുകളുണ്ട്. അല്പം കാലതാമസം നേരിടുന്നുണ്ടെന്ന കാര്യം ഞങ്ങൾ നിഷേധിക്കുന്നില്ല. ഒരു കർഷകൻ കമ്മീഷൻ തീരുമാനിച്ച പ്രകാരമുള്ള തന്റെ വിഹിതം ബാങ്കിൽ അടച്ചതിനുശേഷവും പണയാധാരങ്ങൾ മടക്കി ലഭിക്കാൻ കാത്തിരിക്കേണ്ട അവസ്ഥയുണ്ടാകുന്നു. അപേക്ഷകൻ തുക അടച്ചുകഴിഞ്ഞാൽ സർക്കാർ വിഹിതം നൽകുന്നതുവരെ കാത്തു നിൽക്കാതെ വായ്പ ലഭിക്കുന്നതിന് സമർപ്പിച്ച ആധാരങ്ങൾ മടക്കിനൽകണ മെന്നാണ് ഗവൺമെന്റിന്റെ തീരുമാനം. നിങ്ങളുടെ കാലഘട്ടത്തിൽ അങ്ങനെ യുണ്ടായിരുന്നില്ല. അമിതപലിശ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ വായ്പ ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന ആധാരങ്ങൾ തിരിച്ചുകിട്ടുന്നി ല്ലെന്ന് ആവേശത്തോടുകൂടി പ്രസംഗിച്ച ബഹുമാനപ്പെട്ട വ്യക്തികളാണ് അപ്പുറത്തിരിക്കുന്നത്. നിങ്ങൾ പാസാക്കിയ കടാശ്വാസ ആക്ടനുസരിച്ച് പണം അടച്ചതിനുശേഷവും പണയാധാരം തിരികെ ലഭിക്കുന്നതിന് ഗവൺമെന്റിന്റെ വിഹിതമടയ്ക്കുന്നതുവരെ കാത്തിരിക്കണമായിരുന്നു. ഗവൺമെന്റിന്റെ വിഹിതമടക്കാൻ എന്താണ് കാലതാമസമുണ്ടായത്? നിങ്ങൾ

കടാശ്വാസ കമ്മീഷന് കൊടുക്കേണ്ട പണം നൽകാത്തതുകൊണ്ടാണ് കാലതാമസമുണ്ടായത്. വായ്പ എടുക്കുന്നവർ പണം തിരിച്ചടച്ചുകഴിഞ്ഞാൽ സർക്കാർ കടാശ്വാസ കമ്മീഷന് പണം കൊടുത്താലും ഇല്ലെങ്കിലും പണയാ ധാരങ്ങൾ തിരിച്ചുകൊടുക്കണമെന്ന് തീരുമാനമെടുത്തിരിക്കുന്ന ഈ ഗവൺമെന്റിനെ ശ്രീ. ജി. സുധാകരൻ പോലും അഭിനന്ദിക്കേണ്ടതാണ്. ഈ സംവിധാനം സഹകരണ ബാങ്കിൽമാത്രമേയുള്ളൂ എന്ന് പറഞ്ഞത് ശരിയാണ്. കർഷകൻ കടമെടുക്കുന്നത് സഹകരണ ബാങ്കിൽ നിന്നുമാത്രമല്ല, ഷെഡ്യൂൾഡ് ബാങ്കിൽനിന്നും ദേശസാൽകൃത ബാങ്കിൽ നിന്നും വായ്പയെ ടുക്കുന്നുണ്ട്. ദേശസാൽകൃത ബാങ്കുകളെയും ഷെഡ്യൂൾഡ് ബാങ്കുകളെയും നിയന്ത്രിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിന്റെ കമ്മീഷനുകൾക്കോ ഇല്ലാത്തതിനാൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. നിങ്ങൾ പാസാക്കിയ ബില്ലിലും നമ്മൾ ഇപ്പോൾ പാസാക്കുന്ന ബില്ലിലും പറഞ്ഞിരിക്കുന്നത് അവരുമായി സംസാരിച്ച് വേണ്ടി വന്നാൽ ഒരു അനുരഞ്ജന സംഭാഷണം നടത്തി അവർക്ക് ............. നമുക്ക് ഇതിനെന്തെങ്കിലും മാറ്റമുണ്ടാക്കാൻ കഴിയുമോ? നാഷണലൈസ്ഡ് ബാങ്കിന്റെയും ഷെഡ്യൂൾഡ് ബാങ്കിന്റെയും കാര്യത്തിൽ തീരുമാനമെടു ക്കാൻ നമുക്ക് അധികാരമില്ല. എങ്കിൽപ്പോലും ദേശസാൽകൃത ബാങ്കിൽനിന്നും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും കടമെടുക്കുന്ന കർഷകർക്കു ണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും പ്രതിപക്ഷ നേതാവുമുൾപ്പെടെ കൂടിയാലോചിച്ച് തീരുമാനമെടുക്കണം. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചാൽമാത്രം പോര അതിന് പണവും കൊടുക്കണം. നിങ്ങളുടെ കാലത്ത്, 2007-2008-ൽ കർഷക കടാശ്വാസ

കമ്മീഷനായി ബഡ്ജറ്റിൽ നീക്കിവച്ച തുക 129.5 കോടി രൂപയും സർക്കാർ അനുവദിച്ച തുക പൂജ്യവുമാണ്. 2008-09-ൽ ബഡ്ജറ്റ് പ്രകാരം നീക്കിവച്ച തുക 50 കോടിയും സർക്കാർ അനുവദിച്ചത് 22 കോടിയുമായിരുന്നു. ഞങ്ങളുടെ കാലത്ത്, 2011-12-ൽ ബഡ്ജറ്റിൽ നീക്കി വച്ചത് 18 കോടി രൂപയും സർക്കാർ അനുവദിച്ചത് 22.17 കോടിയും 2012-13-ൽ ബഡ്ജറ്റിൽ നീക്കിവച്ചത് 15 കോടിയുമാണ്. ഇപ്പോൾതത്തന്നെ 14.99 കോടി രൂപ കൊടുത്തുകഴിഞ്ഞു. നിങ്ങളുടെ കാലത്ത് 129 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ട് ഒരു പൈസപോലും കടാശ്വാസകമ്മീഷന് നൽകിയിട്ടില്ല. എന്നിട്ട് ഞങ്ങൾ കർഷകരെ കബളിപ്പിച്ചു എന്ന് പറഞ്ഞാൽ ആരാണിത് വിശ്വസിക്കുന്നത്. ഈ വിഷയം നിങ്ങൾക്ക് സംസാരിക്കാൻ കഴിയാത്തതുകൊണ്ടാണ് നിങ്ങൾ ആഗോളവൽക്കരണത്തിലേക്കും ഉദാരവൽക്കരണത്തിലേക്കും ................

<u>ശ്രീ. സി.പി. മുഹമ്മദ്</u>: സർ, കടാശ്വാസ കമ്മീഷന് തുക അനുവദിച്ചതുമാത്രമല്ല ഇവിടെ ബാബു എം. പാലിശ്ശേരി തെറ്റായിപ്പറഞ്ഞ ഒരു കാര്യംകൂടിയുണ്ട്. 1957-ൽ ഇ.എം.എസ് ഗവൺമെന്റ് കൊണ്ടുവന്ന റബ്ബർ എസ്റ്റേറ്റുൾപ്പെടെയുള്ള ഭൂപരിഷ്കരണ ബിൽ ഇതിന്റെ പരിധിയിൽ നിന്നൊഴിവാക്കിയതിന്റെ കുറ്റം കൂടി നമ്മുടെ നേരെ ചാർത്തി.  അതിന് മറുപടി പറയണ്ട എന്നുകരുതിയാണ് മിണ്ടാതിരുന്നത്. അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ഇനി നമുക്ക് ഒരു പ്രമേയം കൂടി പാസാക്കാനുണ്ട്. ഞാൻ രാഷ്ട്രീയം പറയുന്നില്ല എന്ന് തീരുമാനിച്ചതാണ്. പക്ഷേ ഇവിടെ ചില ആളുകൾ .............

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, റബ്ബർ എസ്റ്റേറ്റുകളെക്കുറിച്ച് പറഞ്ഞില്ല. കശുമാവിൻ തോട്ടങ്ങളെ ഇപ്പോൾ പുറത്താക്കിയതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇവിടെ ചർച്ച ആരംഭിച്ചത് ബഹുമാന്യനായ എന്റെ സ്നേഹിതൻ വി.എസ്. സുനിൽ കുമാറാണ്. അദ്ദേഹം സംസാരിച്ചപ്പോൾ ധാരാളം കാര്യങ്ങൾ പറഞ്ഞു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ചും പഞ്ചവത്സര പദ്ധതികളെക്കുറിച്ചുമൊക്കെ വളരെ ആവേശത്തിലാണ് സംസാരിച്ചത്. ഒന്നാം പഞ്ചവത്സര പദ്ധതിക്ക് കാർഷിക മേഖലയിൽ പ്രാധാന്യം കൊടുത്തു. ഇന്ത്യയിൽ ആദ്യമായി പഞ്ചവത്സര പദ്ധതി നടപ്പാക്കി കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്തപ്പോൾ പഞ്ചവത്സര പദ്ധതിയെ പഞ്ഞവത്സര പദ്ധതിയെന്ന് ആക്ഷേപിച്ച് പ്രകടനം നടത്തിയവരാണ് നിങ്ങൾ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തിക പ്രത്യയ ശാസ്ത്രത്തിൽനിന്നും നിങ്ങൾ മാറുകയാണോ എന്നാണ് ഇപ്പോൾ ചോദിക്കുന്നത്. കേരളത്തിന്റെ കാർഷിക സംസ്കാരം തകർത്തതും സംഘർഷമുണ്ടാക്കിയതും വർഗ്ഗസമരമുണ്ടാക്കിയതും ആരാണ്? കർഷകന്റെ ഉല്പാദനം കുറയുന്നതിന്റെ പേരിൽ ഇപ്പോൾ മുതലക്കണ്ണീരൊഴുക്കുകയാണ്. ശ്രീ. തോമസ് ചാണ്ടി, കുട്ടനാട്ട് പാടശേഖരത്തിൽ പാവപ്പെട്ട കർഷകൻ രക്തം വിയർപ്പാക്കി കൃഷി ചെയ്തത് നമ്മൾ കണ്ടതാണ്. 50 മേനിയും 100 മേനിയും വിളയുന്ന ഒരേ ഒരു പാടശേഖമുള്ളത് ഇന്നും കുട്ടനാട് പാടശേഖരമാണ്. ആ പാടശേഖരത്തിൽ വിളവെടുക്കുന്നതിനായി കൊയ്ത്ത് യന്ത്രം കൊണ്ടുവന്നതിന്റെ പേരിൽ സമരം ചെയ്ത് കർഷകന്റെ ഉൽപ്പാദനം ശേഖരിക്കത്തക്കതല്ലാത്ത സാഹചര്യം ഉണ്ടാക്കിയത്

ആരാണ്; ആ സമരത്തിന് പിന്തുണ കൊടുത്തതാരാണെന്ന് ശ്രീ. തോമസ് ചാണ്ടി ആലോചിക്കണം. ഇവിടെ ധാരാളം രാജ്യങ്ങളുടെ പേരുകൾ പറഞ്ഞു. അവിടെയൊക്കെ ഉൽപ്പാദനമില്ലേ; നമ്മുടെ കാർഷിക രംഗത്ത് ഉണ്ടായതെന്താണ്? നമ്മുടെ ഉൽപ്പാദനക്ഷമത കുറയുന്നു. ഞാനും ശ്രീ. എ.കെ. ബാലനും കൂടി അടുത്ത കാലത്ത് ചൈനയിൽ പോയിരുന്നു. എല്ലാ രാജ്യങ്ങളിലും ഉൽപ്പാദന ക്ഷമത കൂടുന്നു. ആ ഉൽപ്പാദനക്ഷമത കൂടുന്നുവെന്ന് അവകാശപ്പെടുന്നവർ ഒരു കാര്യം ആലോചിക്കണം. ഉൽപ്പാദന ക്ഷമത കൂടുന്നതിന് അനുവർത്തിക്കുന്ന ആധുനിക രീതിയിലുള്ള കാർഷിക സമ്പ്രദായം നടപ്പാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ? കർഷത്തൊഴിലാളികളെ കിട്ടാനില്ലെന്ന് ശ്രീ. വി.എസ്. സുനിൽകുമാർ പറഞ്ഞു. അതുകൊണ്ടുതന്നെ നമ്മുടെ കാർഷിക ഉൽപ്പന്നങ്ങൾ നശിച്ചുപോകുന്നു. കർഷകത്തൊഴിലാളികളെ കിട്ടാതെ, പാവപ്പെട്ട കർഷകൻ ട്രാക്ടർ പാടത്തിറക്കാൻ കൊണ്ടുവന്നപ്പോൾ ട്രാക്ടർവിരുദ്ധ സമരം നടത്തിയത് ഞങ്ങളല്ല. കൊയ്യാൻ തൊഴിലാളികളെ കിട്ടാതെ വന്നപ്പോൾ കൊയ്ത്ത് യന്ത്രം കൊണ്ടുവന്നു. എനിക്ക് കൃഷി ഉണ്ടായിരുന്നതാണ്. തൊഴിലാളികളെ കിട്ടാത്തതുകൊണ്ട് കൊയ്തെടുക്കണമെങ്കിലും മെതിക്കണമെങ്കിലും മെഷീൻ വേണം. നിങ്ങൾ പറയുന്നത്, മെഷീനും ട്രാക്ടറും പാടില്ലെന്നാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: അങ്ങ് കഴിഞ്ഞ കാലത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഖദർ ധരിക്കുന്നതിന് മഹാത്മാഗാന്ധി ചർക്കയിൽ നൂൽ നൂൽക്കുമായിരുന്നു. എന്നാൽ നിങ്ങളാരെങ്കിലും ഇന്ന് ചർക്ക ഉപയോഗിക്കുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ : ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഞാൻ സത്യത്തിൽ രാഷ്ട്രീയം പറയുന്നതല്ല. ചർക്ക ഒരു സിംബലാണ്. നിങ്ങൾ

ആഗോളവൽക്കരണത്തെക്കുറിച്ചും ഉദാരവൽക്കരണത്തെക്കുറിച്ചും പറഞ്ഞല്ലോ. മഹാനായ മഹാത്മാഗാന്ധി ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഉയർത്തിയ ഏറ്റവും വലിയ വജ്രായുധമായിരുന്നു ചർക്ക. ബ്രിട്ടീഷുകാരുടെ വജ്രായുധ ങ്ങൾക്ക് മുമ്പിൽ നേരിടാനുള്ള മൂർച്ച ചർക്കയ്ക്ക് ഉണ്ടായിരുന്നുവെന്ന അർത്ഥത്തിലല്ല അദ്ദേഹം ചർക്ക ഉയർത്തിപ്പിടിച്ചതെന്ന് തെറ്റിദ്ധരിക്കണ്ട. അതൊരു സംസ്കാരത്തിന്റെ, പാരമ്പര്യത്തിന്റെ പ്രതീകമായിരുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രത്യേകത എന്താണ്? ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ ബ്രിട്ടീഷുകാരനെതിരെ ചർക്ക ഉയർത്തിപ്പിടിച്ച് ഇതാണെന്റെ ആയുധമെന്നുപറഞ്ഞ് സമരം ചെയ്തപ്പോൾ ആ മഹാത്മാഗാ ന്ധിയുടെ സ്വാതന്ത്ര്യ സമരത്തെ തള്ളിപ്പറഞ്ഞ പാരമ്പര്യമുള്ളവരാണ് ഇപ്പോൾ ചർക്കയുടെ പ്രാധാന്യത്തെപ്പറ്റി ചോദിക്കുന്നത്. ഞങ്ങൾ ചർക്ക യുടെ പ്രാധാന്യം പറയാം. ചർക്ക ആയുധമായിട്ടല്ല, ഒരു സംസ്കാരത്തിന്റെ പ്രതീകമായിരുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ സമരം ചെയ്യുന്നതിനു വേണ്ടി മഹാത്മാ ഗാന്ധി ഉയർത്തിപ്പിടിച്ച ചർക്ക.............

ശ്രീ. സി. ദിവാകരൻ: അങ്ങയെ പോലൊരു പരിണിതപ്രജ്ഞനായ ഒരു കോൺഗ്രസ്സുകാരൻ ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തെ തള്ളിപ്പറഞ്ഞവരാണ് ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർ എന്നുപറയുന്നത് ചരിത്രത്തോടുള്ള അവഹേള നമല്ലേ. എത്ര കമ്മ്യൂണിസ്റ്റുകാർ തൂക്കിക്കൊല്ലാനും ജയിലിൽപ്പോകാനും..... നിങ്ങൾ ഭഗത്സിംഗിനെയും ചന്ദ്രബോസിനെയും അംഗീകരിക്കു ന്നുണ്ടോ?......(ബഹളം)...........നിങ്ങൾ ആരെയാണ് തള്ളിപ്പറയുന്നത്; നിങ്ങൾ എങ്ങനെ ഗാന്ധിസ്റ്റായി?

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ പറയാം. ഞങ്ങൾ ഭഗത്സിംഗിനെയും ചന്ദ്രബോസിനെയും അംഗീകരിക്കുന്നു. ഇല്ലെന്ന് പറഞ്ഞിട്ടില്ല. അവരുടെ ചില നയങ്ങളോട് ഗാന്ധിജിക്ക് അഭിപ്രായവ്യത്യാസ മുണ്ടായിരുന്നു. അതിപ്പോഴുമുണ്ട്. മഹാത്മാഗാന്ധി എല്ലാകാലത്തും ഉയർത്തി പ്പിടിച്ചത് അഹിംസയുടെ മാർഗ്ഗമാണ്. സ്വന്തം ജീവിതത്തിൽ അവസാന ആഗ്രഹം എന്താണെന്ന് ചോദിച്ചപ്പോൾ ഭാരതമാതാവിന് വേണ്ടി സിന്ദാബാദ് വിളിച്ച് കൊലക്കയറിന് മുത്തം കൊടുത്ത് എന്നെ തൂക്കുമരത്തിലേറ്റണമെന്ന് പറയുന്ന ഭഗത്സിംഗിന്റെ ദേശീയ ബോധത്തെ ഞങ്ങൾ ചോദ്യം ചെയ്തിട്ടില്ല. പക്ഷേ, അദ്ദേഹത്തിന്റെ മാർഗ്ഗം ശരിയല്ലെന്ന ഉപദേശം മഹാനായ മഹാത്മാഗാന്ധി കൊടുത്തു. ആ മാർഗ്ഗം തെറ്റായിരുന്നുവെന്ന് ഞങ്ങൾ ഇന്നും പറയുന്നു. ......(ബഹളം)...........നിങ്ങൾ സുഭാഷ് ചന്ദ്രബോസിനെക്കു റിച്ച് പറഞ്ഞു.

മി. സ്പീക്കർ : യെസ്...........പ്ലീസ്...........

ശ്രീ. ബെന്നി ബെഹനാൻ: ഇൻഡ്യയിൽ നിന്ന് ബ്രിട്ടീഷുകാരെ കെട്ടു കെട്ടിക്കുന്നതിനു വേണ്ടിവന്നാൽ ഒരു മിലിട്ടറി ഉണ്ടാക്കി ജപ്പാൻ സഹായ ത്തോടെ ബർമ്മയിലൂടെ കടന്നുവന്ന് ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ പോരാ ടണമെന്നുപറഞ്ഞ സുഭാഷ് ചന്ദ്രബോസിനെ ഒരിക്കലും ഞങ്ങൾ തള്ളിപ്പറ ഞ്ഞിട്ടില്ല. ആ മാർഗ്ഗം തെറ്റാണെന്ന് പറഞ്ഞു. ആ മാർഗ്ഗം തെറ്റാണെന്ന് അന്ന് മാത്രമല്ല, ഇന്നും ഞങ്ങൾ വിശ്വസിക്കുന്നു. മഹാത്മാഗാന്ധിയുടെ ശരിയായ മാർഗ്ഗത്തിലൂടെ ലോകം തിരിച്ചുവരുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഞാൻ പഠിച്ച ചരിത്രം, സ്വാതന്ത്ര്യ സമരത്തിന്റെ ഏടുകളിൽ ഒരുകാലഘട്ട ത്തിൽ നമ്മളെപ്പോലുള്ള ചെറുപ്പക്കാർക്ക് ഏറ്റവും കൂടുതൽ ആവേശം

പകർന്ന ഒന്നായിരുന്നു 'ക്വിറ്റ് ഇൻഡ്യാ സമരം'. ആ സമരത്തെ തള്ളിപ്പറഞ്ഞുവെന്ന ചരിത്രയാഥാർത്ഥ്യം ഇൻഡ്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലുണ്ട്. അത് നിഷേധിച്ചിട്ടു കാര്യമില്ല.

മി. സ്പീക്കർ: യെസ്...........പ്ലീസ്...........

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. ബാബു എം. പാലിശ്ശേരി, ഞാൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചാണ് പറയുന്നത്. വേറെ സമരത്തെക്കുറിച്ചല്ല.. ......(ബഹളം).......... ശ്രീ. ബാബു എം. പാലിശ്ശേരി ഏത് സമരത്തെക്കുറിച്ചാണ് പറയുന്നത്. ഞാൻ പറയുന്നത്, ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരും എടുത്ത സമീപനം... ശ്രീ. ബാബു എം. പാലിശ്ശേരി, അന്ന് നിങ്ങൾ കമ്മ്യൂണിസ്റ്റുകാരനല്ലായിരുന്നു, വേറെ പാർട്ടിക്കാരനായിരുന്നു. ആ ബാബുവാണ് എന്നോട് ചോദ്യം ചോദിക്കാൻ വരുന്നത്. ആർക്കും ഏത് സമീപനവുമെടുക്കാം. എന്റെ ബഹുമാന്യ സ്നേഹിതൻ ചർക്കയുടെ പ്രാധാന്യം പറഞ്ഞപ്പോൾ ഞാൻ വീണ്ടും ആവർത്തിക്കുന്നു. ആ ചർക്ക സിമ്പോളിക്കാണ്. ആ സിമ്പോളിക്ക് ഇവിടത്തെ പരമ്പരാഗത വ്യവസായത്തെ, ഗ്രാമീണ വ്യവസായത്തെ, ഇന്ത്യയുടെ ആത്മാവിനെ ഗ്രാമങ്ങളിൽ കണ്ടെത്തിയ, ഗ്രാമങ്ങളുടെ ഉദ്ധാരണത്തിലൂടെയാണ് ഇൻഡ്യക്ക് സോഷ്യലിസമുണ്ടാകുമെന്ന് പറഞ്ഞ ഗാന്ധിയൻ കൺസപ്റ്റിന്റെ പ്രതീകമാണ് ചർക്ക. ഞങ്ങളാരും അതിനെ തള്ളിപ്പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: പ്ലീസ് കം ടു ദ ബിൽ ..............

ശ്രീ. ബെന്നി ബെഹനാൻ: അങ്ങ് വരുന്നതിനുമുമ്പ് ആഫ്രിക്കയിലെ ഏതോ സാഹിത്യകാരനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. ഞാൻ

ഇൻഡ്യയിലെ കാര്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഞാൻ ബില്ലിലേയ്ക്ക് വരാം. ഇവിടെ പല കാര്യങ്ങളും പറഞ്ഞല്ലോ. ഇവിടെ പഞ്ചവത്സര പദ്ധതിയെക്കുറിച്ചും നെഹ്റുവിനെക്കുറിച്ചും പറഞ്ഞു. ഇതെല്ലാം നിങ്ങളുടെ കാലഘട്ടത്തിൽ ഉണ്ടായതാണ്. ശ്രീ. വി.എസ്. സുനിൽ കുമാർ ഇവിടെയില്ല, നല്ലയിനം വിത്തുകളൊക്കെ ഇവിടത്തെ കർഷകർ ഉൽപ്പാദിപ്പിച്ചതാണ്. ആ കർഷകന്റെ അത്തരത്തിലുള്ള കർമ്മശേഷിയെ, കാഴ്ച്ചപ്പാടിനെ, അദ്ധ്വാനത്തെ തകർത്തത് ആരാണ്? നമുക്കൊരു കാർഷിക സംസ്കാരം ഉണ്ടായിരുന്നല്ലോ. ആ സംസ്കാരത്തെ പലതിന്റെ പേരിലും ഇവിടെ ഇല്ലാതാക്കിയത് ആരാണ്? ആ സംസ്കാരത്തിന്റെ ഭാഗമായി നാം നേടിയെടുത്ത് വിത്തുകളും കാര്യങ്ങളും നമുക്ക് നശിച്ചുപോയതെങ്ങനെയാണ്? ഇപ്പോൾ ഇതിന്റെയൊക്കെ പേരിൽ കടാശ്വാസ ബില്ലിനെ എതിർക്കുന്നത് തെറ്റാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ബ്രേക്കിംഗ് ന്യൂസിനെക്കുറിച്ചൊക്കെ പറഞ്ഞു. ഇന്നത്തെ ഏറ്റവും വലിയ ബ്രേക്കിംഗ് ന്യൂസ് രണ്ട് കാര്യങ്ങളാണ്. ഗുജറാത്ത് തെരഞ്ഞെടുപ്പും ഹിമാചൽപ്രദേശ് തെരഞ്ഞെടുപ്പും. അതിൽ ഒന്നിൽ കോൺഗ്രസ്സും മറ്റേതിൽ ബി.ജെ.പി.യും ജയിച്ചു. മഹാത്മാഗാന്ധിയുടെ നാടായ ഗുജറാത്തിൽ ബി.ജെ.പി. ജയിച്ചു. ഞങ്ങൾക്ക് കഴിഞ്ഞ പ്രാവശ്യം കിട്ടിയതിനേക്കാൾ ഒരു സീറ്റ് കൂടുതൽ കിട്ടി. നിങ്ങൾക്കെന്ത് കാര്യമാണുള്ളത്? ഗുജറാത്ത് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യും കോൺഗ്രസ്സും കൂടി മത്സരിക്കുമ്പോൾ കിണ്ടിയേയും കിണ്ണത്തേയും എണ്ണത്തിൽ കൂട്ടാറില്ലെന്ന് പണ്ട് പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞതുപോലെ നിങ്ങൾക്കെന്ത് കാര്യം; നിങ്ങളുടെ പാർട്ടി അവിടെയുണ്ടോ? പൂച്ചയ്ക്ക് പൊന്നാരുക്കുന്നിടത്ത് എന്താണ് കാര്യമെന്ന് നമുക്ക് ആലോചിക്കാം. ഹിമാചൽ പ്രദേശിൽ

കോൺഗ്രസ് ജയിച്ചു. ഇവിടെ എന്ത് പോരാട്ടമാണ് നടക്കുന്നത്. ശ്രീ. സി. ദിവാകരനോടും ശ്രീ. കോടിയേരി ബാലകൃഷ്ണനോടും ചോദിക്കുന്നു, ദേശീയതലത്തിൽ.........

ശ്രീ. സി. ദിവാകരൻ: ബി.ജെ.പി. ജയിച്ചതിനെക്കാൾ ശ്രീ. ബെന്നി ബെഹന്നാന് രോമാഞ്ചം ഞങ്ങൾ തോറ്റതിലാണ്. നന്നായിരിക്കട്ടെ.

ശ്രീ. ബെന്നി ബെഹനാൻ: ഇടപെടുന്നതിൽ എനിക്ക് ബുദ്ധിമിട്ടില്ല. പക്ഷെ മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ അങ്ങ് ചോദ്യം ചോദിക്കരുത്. ഞാൻ ബി.ജെ.പി. ജയിച്ചതിയിൽ സന്തോഷിക്കുന്നുവെന്ന് പറഞ്ഞിട്ടില്ല. ദേശീയ തലത്തിൽ കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിലാണ് മത്സരം നടക്കുന്നത്. അങ്ങനെയൊരു മത്സരം നടക്കുമ്പോൾ നിങ്ങൾ ഒരു പക്ഷെ കാഴ്ചക്കാരാകാം. ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. ആ മത്സരത്തിൽ ഞങ്ങൾക്ക് നഷ്ടപ്പെട്ട ഹിമാചൽപ്രദേശ് ഞങ്ങൾ വീണ്ടെടുത്തു എന്നു പറയാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. ശ്രീ. സി. ദിവാകരനെപ്പോലെയുള്ള, ശ്രീ. കോടിയേരിയെപ്പോലെയുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് ആ വിജയത്തിൽ കോൺഗ്രസ്സിനോടൊപ്പമാകും എന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ദേശീയ തലത്തിൽ കാഴ്ചക്കാരായ ഞങ്ങളുടെ പിന്തുണകൊണ്ടാണല്ലോ കുറെ നാൾ ഭരിച്ചത്.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ ചോദിക്കട്ടെ, ഗുജറാത്തിൽ ഞങ്ങൾ തോറ്റെങ്കിലും ഒരു സീറ്റെങ്കിലും കൂടുതൽ നേടാൻ ഞങ്ങൾക്ക് കഴിഞ്ഞു. നമുക്ക് ഒരുമിച്ച് പോരാടാം. പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. ആ തെരഞ്ഞെടുപ്പിൽ പോരാട്ടം നടക്കാൻ പോകുന്നത് ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിലാണ്. എന്റെ സുഹൃത്ത് ശ്രീ. കെ. സുരേഷ് കുറുപ്പ്

ചോദിച്ചു ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ പോരാട്ടം നടക്കുമ്പോൾ നിങ്ങൾ ആരുടെ ഭാഗത്തുനിൽക്കുമെന്ന് നിങ്ങൾ തീരുമാനിക്കണമെന്ന്. ഞങ്ങൾക്ക് ഒരു വിരോധവുമില്ല. ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിലുള്ള പോരാട്ടത്തിൽ നിങ്ങളുടെ സഹകരണമുണ്ടെങ്കിൽ അത് സ്വാഗതം ചെയ്യാൻ എല്ലാ കാലഘട്ടത്തിലും കോൺഗ്രസ് തീരുമാനമെടുത്തിട്ടുണ്ട്. അതായിരുന്നു ഫസ്റ്റ് യു.പി.എ. ഗവൺമെന്റ്. ആ ഫസ്റ്റ് യു.പി.എ.ഗവൺമെന്റിനെ ഏതോ തലത്തിൽ തള്ളിപ്പറഞ്ഞുപോയപ്പോൾ അത് ബുദ്ധിമുട്ടിലേയ്ക്ക് നീങ്ങി. ആഗോളവത്കരണത്തിന്റേയോ കാർഷിക വിരുദ്ധ സമരത്തിന്റേയോ ഒന്നുമല്ല ദേശീയ തലത്തിലും നമുക്കൊരു പോരാട്ടമുണ്ട്. ആ പോരാട്ടം പാർലമെന്റ് തെരഞ്ഞെടുപ്പിൽ വരാൻ പോകുന്നു. ആ തെരഞ്ഞെടുപ്പിൽ ഹിമാചൽപ്രദേശിൽ തോല്പ്പിച്ചതുപോലെ ബി.ജെ.പി.യെ ഒതുക്കി നിറുത്തി കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരും. അപ്പോൾ നമുക്ക് ഒന്നായി യു.പി.എ. പോലെ പ്രിയപ്പെട്ട മാർക്സിസ്റ്റ് കം കോൺഗ്രസ് പാർട്ടി പറയുന്നു നിങ്ങൾ വരുന്നതിൽ സന്തോഷിക്കുന്നു. ഈ ഭേദഗതി അവതരിപ്പിക്കുന്നു.

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ):** സർ, കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതിന് വേണ്ടിയാണ് ഈ ഭേദഗതി ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ അപ്പുറത്തും ഇപ്പുറത്തുമുള്ള ബഹുമാന്യരായ പല അംഗങ്ങളും ഈ ബില്ലിനെ എതിർത്തുകൊണ്ടും അനുകൂലിച്ചുകൊണ്ടും സംസാരിക്കുകയുണ്ടായി. ഈ ഭേദഗതി ബിൽ കൊണ്ടുവരാനുള്ള കാരണം 2007 ജനുവരി മാസം 18-ാം തീയതി നിലവിൽ വന്ന നിയമം എന്നുള്ള നില യിൽ, വരുംകാലങ്ങളിൽ ഈ നിയമം നിലനിൽക്കുമ്പോൾ നുമക്ക് കർഷ

കരെ സഹായിക്കണമെങ്കിൽ പഴയ നിമത്തിന് ഭേദഗതി കൊണ്ടുവന്നാൽ മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ടാണ് വയനാട്ടിലുള്ള കർഷകർക്ക് നേരിട്ട അനുഭവത്തിൽനിന്നും ഗവൺമെന്റ് ഒരു തീരുമാനമെടുത്തത് 2011 ഒക്ടോബർ മാസം ഒന്നുവരെയുള്ള മുഴുവൻ കടങ്ങളെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന്. പക്ഷെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെങ്കിൽ നിമയമ ഭേദഗതി കൊണ്ടുവന്നുവെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. വയനാട്ടിലെ കാര്യം മാത്രമല്ല, ഇവിടെ പല അംഗങ്ങളും പല കാര്യങ്ങളും സൂചിപ്പിച്ചു. നെൽകർഷകർക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഇതിന്റെ പരിധിയിൽ വരുമോ എന്ന് ശ്രീ. തോമസ് ചാണ്ടി ചോദിച്ചു. ഇത്തരം കാര്യങ്ങളൊക്കെ ഇതിനകത്ത് വരുമോയെന്ന്. ഈ നിയമത്തിൽ ഭേദഗതി വരുത്തിയെങ്കിൽ മാത്രമേ ഇത്തരം കാര്യങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയുള്ളൂ. ഈ ഭേദഗതി പ്രാബല്യത്തിൽ വരുന്നതോടുകൂടി സർക്കാരിന് വീണ്ടും നിയമഭേദഗതി വരുത്താതെതന്നെ ഏതെങ്കിലും പ്രത്യേകമായ ദുരന്തബാധിത പ്രദേശത്തെ സംബന്ധിച്ച് ഒരു നിശ്ചിത തീയതിവരെയുള്ള കടബാധ്യതകൾ ഗസറ്റ് വിജ്ഞാപനം വഴി പ്രസ്തുത ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയും അതിനുവേണ്ടിയാണ് ഈ ഭേദഗതി നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അങ്ങയുടെ 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 2(ബി) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

**2-ാം വകുപ്പ്**

ശ്രീ. എം.ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

105. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (vii)-ൽ "പ്രത്യേക ദുരന്തബാധിത പ്രദേശത്തെ" എന്നീ വാക്കുകൾക്കുശേഷം "കാലാവസ്ഥാ വ്യതിയാനം വഴി ഉണ്ടാകുന്ന വിള നാശത്തെ" എന്നീ വാക്കുകൾ ചേർക്കുക.

ഇതിൽ പ്രത്യേക ദുരന്തബാധിത പ്രദേശം എന്നതോടൊപ്പം തന്നെ നമ്മുടെ കാലാവസ്ഥാ വ്യതിയാനം വഴി വരുന്ന ചില പ്രശ്നങ്ങൾ ഉണ്ട്. മഴ

കൂടിയതുകൊണ്ടും മഴ കുറഞ്ഞതുകൊണ്ടുമൊക്കെ വരുന്ന പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾ കൊണ്ടുകൂടി കൃഷി നാശം സംഭവിക്കുന്നവർക്ക് ഇതിന്റെ ഗുണം കിട്ടത്തക്ക രൂപത്തിൽ "കാലാവസ്ഥാ വ്യതിയാനം വഴി ഉണ്ടാകുന്ന വിള നാശത്തെ" എന്നുകൂടിയുള്ള ഒരു പരാമർശമുണ്ടായാൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സ്പിരിറ്റ് അതിൽ ഉൾക്കൊള്ളും. അതുകൊണ്ട് അതു കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഈ ഭേദഗതി കൊണ്ടുവന്നപ്പോൾ ഇതിനകത്ത് ഇതെല്ലാം തന്നെ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. പക്ഷെ അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യം അംഗീകരിക്കാൻ കഴിയില്ല. അത് സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം.ഹംസ അങ്ങയുടെ 105-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സപീക്കർ: ശ്രീ. എം.ഹംസ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**3-ാം വകുപ്പ്**

ഭേദഗതി ഇല്ല.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

ഭേദഗതി ഇല്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**3-ാം വായന**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കൃഷിക്കാരുടെ ആത്മഹത്യ നമ്മുടെ സംസ്ഥാനത്ത് ഒരു തുടർക്കഥയായി മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 70-ഓളം കൃഷിക്കാർ ആത്മഹത്യ ചെയ്തതായിട്ടാണ് റിപ്പോർട്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നതായി കണക്കാക്കാൻ പറയുന്നത് 2012 മെയ് 26-ാം തീയതി മുതലാണ്. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊുമാത്രമേ ഈ നിയമം നടപ്പിലാ

ക്കാൻ കഴിയുകയുള്ളൂ. കൃഷിക്കാർ ആത്മഹത്യചെയ്യുന്ന ഒരു സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു. പല സ്ഥലത്തും ഗവൺമെന്റ് നെൽകൃഷിക്കാരിൽ നിന്നും സംഭരിച്ചിട്ടുള്ള നെല്ലിന്റെ സംഭരണ വില കൊടുത്തിട്ടില്ലായെന്ന വ്യാപകമായൊരാക്ഷേപമു്. പാലക്കാട് ജില്ലയിൽതന്നെ 73 കോടി രൂപ കൊടുക്കാൻ ബാക്കിയാണ്. ഇന്നലെ ആലപ്പുഴ ജില്ലയിലെ മങ്കൊമ്പിൽ നിന്ന് ഒരു കൃഷിക്കാരൻ എന്നെ വിളിച്ചിട്ടു പറഞ്ഞു, ആ കൃഷിക്കാരന് 1,67,000 രൂപ നെല്ല് സംഭരിച്ച വകയിൽ കൊടുക്കാനു് എന്ന്. ഇങ്ങനെ പല സ്ഥലത്തു നിന്നും നെല്ല് സംഭരിച്ചിട്ട് അതിന്റെ വില കിട്ടുന്നില്ല എന്നുള്ള ആക്ഷേപം വരുമ്പോൾ ആ കൃഷിക്കാർ ചോദിക്കുന്നത് ഞങ്ങൾക്ക് ആത്മഹത്യയല്ലാതെ എന്താണൊരു വഴി എന്നാണ്. അങ്ങനെ സർക്കാരിന്റെ നയം തന്നെ ആളുകളെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുമ്പോൾ ഈ കൃഷിക്കാരന്റെ സംഭരണ വില യഥാസമയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നില്ലെങ്കിൽ ഇനിയും സംസ്ഥാനത്ത് ആത്മഹത്യ വർദ്ധിക്കും. പ്രകൃതി ദുരന്തങ്ങൾ ഉാകുമ്പോൾ, മറ്റ് കാർഷികവിളകൾ ഉാകുമ്പോൾ കൃഷിക്കാർക്ക് ഇതിന്റെ ആനുകൂല്യം കിട്ടും എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കിയത്. യഥാർത്ഥത്തിൽ ഈ 2-ാം വകുപ്പിൽ അത്തരത്തിൽ ഒരു കാര്യം നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ദുരന്തബാധിതപ്രദേശമായി പ്രഖ്യാപിച്ച സ്ഥലത്ത് കൊടുക്കാമെന്നുമാത്രമാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. വിളനാശമുായാലോ വരൾച്ചബാധിച്ചാലോ ആനുകൂല്യം കൊടുക്കാനുള്ള വ്യവസ്ഥയില്ല. യഥാർത്ഥത്തിൽ പരിമിതമായ ലക്ഷ്യം മാത്രമേ ഇതുകൊ് നേടുന്നുള്ളൂ. അത്രയെങ്കിലും ചെയ്താൽ നല്ലത്. അതുകൊ് കൃഷിക്കാരൻ അനുഭവിക്കുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ നിയമം കൊ് മാത്രം കഴിയുമെന്ന് തോന്നുന്നില്ല. കൃഷിക്കാർക്ക് കൊടുക്കേ ആശ്വാസ

നടപടി തക്കസമയത്ത് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ലെങ്കിൽ കർഷക ആത്മഹത്യകൾ ഇനിയും വർദ്ധിക്കും. അതിനിടയാക്കാത്ത വിധത്തിൽ അടിയന്തര നടപടി സ്വീകരിക്കണം എന്ന് ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങേയ്ക്ക് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.